4954

IV
5491

M

570
160
58

MARIKAR'S ISLAMIC PUBLICATIONS
PERUMBAVOOR.
KERALA.

1036

4954
59
N/149

ബന്ധുഉമയ്യാ ഖലീഫമാർ

ഗ്രന്ഥകർത്താ:

മൗലാനാമുഹമ്മദ് അസ്ഹലംസാഹിബ്

Professor of History

ഡൽഹി ദേശീയമുസ്ലിം സർവ്വകലാശാല.

പരിഭാഷകൻ:

കെ. സി. കോമുക്കുട്ടി

പ്രസാധകൻ:

A. M. MARIKAR

Perumbavoor.

Banoo Umayya Khaleephamar

(History)

by

Moulana Muhammad Aslam Sahib

Professor of History

National Muslim University, Delhi.

Translated by

K. C. KOMUKKUTTY

ALL RIGHTS RESEVED BY THE PUBLISHER

Printed at

The New Printing House, Perambavoor.

Revised Edition Copies 1000

Published by

A. M. MARIKAR

PERUMBAVOOR.

Price Rs. 2-75

പ്രസ്താവന

ഇസ്‌ലാമിന്റെ നിസർഗ്ഗസുന്ദരമായ സന്ദേശങ്ങൾക്കും സിദ്ധാന്തങ്ങൾക്കും അതിന്റെ സുന്ദരമായ രൂപത്തിൽ വിശുദ്ധ ഖുർആനിന്റെയും ഹദീസുകളുടെയും വെളിച്ചത്തിൽ പ്രകാശം നല്കുന്നതിനും തദ്വാരാ ഇസ്ലാമിന്റെ ആദ്ധ്യാത്മീക സാമ്രാജ്യം ശക്തിമത്താക്കിത്തീർക്കുന്നതിനും കഴിയും വിധം പരിശ്രമിക്കണമെന്നുള്ള ലക്ഷ്യത്തെ മുൻനിറുത്തി ഞാൻ ആരംഭിച്ച പ്രസിദ്ധീകരണവകുപ്പിൽ നിന്നും ഖുർആൻ പരിഭാഷയും അൽഹദീസും പ്രസിദ്ധീകരിച്ചതിനു് ശേഷം ഇസ്ലാമികമായ മറ്റു പലകൃതികളും ഇറക്കുകയുണ്ടായി. ഇസ്ലാമിന്റെ പ്രബോധകനായ റസൂൽ കരീം സല്ലല്ലാഹു അലൈഹിവസല്ലമയുടെ ജീവചരിത്രത്തോടുകൂടി നബിയുടെ കാലം മുതൽ ആധുനിക കാലം വരെയുള്ള ഒരു ഇസ്ലാമിക ചരിത്ര ഗ്രന്ഥാവലിയുടെ പ്രസിദ്ധീകരിക്കേണ്ടതു ഏറ്റവും ആവശ്യമായി തോന്നുകയാൽ ഏതാനും വർഷങ്ങൾക്കു് മുമ്പു് അന്ത്യപ്രവാചകൻ എന്ന പേരിൽ ഒരു നബി ചരിത്രം ഏറ്റവും ശാസ്ത്രീയമായ നിലയിൽ ഞാൻ പ്രസിദ്ധീകരിക്കുകയും മറ്റെല്ലാത്തിനും എന്നപോലെ അതിനും പൊതുജനങ്ങളിൽ നിന്നു് ആശാവഹമായ സ്വീകരണം ലഭിക്കുകയും ചെയ്തു എന്നു പറയാൻ എനിക്കു് സന്തോഷമുണ്ടു്. അതിനെ തുടർന്നു് ഖുലഫാഉർറാഷിദീങ്ങളുടെ ചരിത്രമാണു് ഇറക്കേണ്ടിയിരുന്നതെങ്കിലും അതു മറ്റു ചിലർ പ്രസിദ്ധീകരിച്ചിട്ടുള്ളതു ഇപ്പോൾ നിലവിലുള്ളതുകൊണ്ടു് അതിനു ശേഷമുള്ള ബനൂഉമയ്യാ ഖലീഫമാർ എന്ന ഭാഗമാണു് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നതു്.

ഡൽഹി മുസ്ലിം ദേശീയ സർവ്വകലാശാലയിലെ ഇസ്ലാം ചരിത്രപ്രൊഫസറായ മൗലാനാ മുഹമ്മദ് അസ്‌ലം സാഹിബ് ഉറുദുഭാഷയിൽ എഴുതീട്ടുള്ള താരീഖുൽഉമ്മത്തു് എന്ന ഇസ്ലാം ചരിത്രഗ്രന്ഥം മൂന്നാം ഭാഗത്തിന്റെ പരിഭാഷയാണു് ഈ പുസ്തകം. തുടർന്നു അദ്ദേഹത്തിന്റെ ഗ്രന്ഥത്തിലെ നാലാം ഭാഗമായ അബ്ബാസിയാഖലീഫമാർ എന്ന പുസ്തകത്തിന്റെ പരിഭാഷയും തയ്യാറായിട്ടുണ്ടു്. അടുത്തു തന്നെ അതു പ്രസിദ്ധീകരിക്കാമെന്നാശിച്ചുകൊണ്ടും സഹൃദയലോകത്തിന്റെ അംഗീകാരവും ആശിസ്സും പ്രതീക്ഷിച്ചുകൊണ്ടും ഞാനുമയ്യാഖലീഫമാർ ബഹുജനഹസ്തങ്ങളിൽ സമർപ്പിച്ചുകൊള്ളുന്നു.

എ. എം. മരയ്ക്കാർ,

15–3–1961. പ്രസാധകൻ

N/1491 4954

വിഷയവിവരം.

		പുറം
അമീർമുആവിയ	... ...	6
സമുദായത്തിലെ കക്ഷികൾ	... ...	9
സിയാദ്	... ...	12
മുഗീറത്തുബ്നുശഅ്ബഃ	... ...	20
ഉബൈദുല്ലാഹിബ്നുസിയാദ്	... ...	22
മുആവിയ കീഴടക്കിയ രാജ്യങ്ങൾ	... ...	24
യസീദിന്റെ രാജ്യാവകാശം	... ...	29
ഖിലാഫത്തും രാജത്വവും	... ...	38
ഭരണസമ്പ്രദായം	... ...	41
മുആവിയയുടെ വിയോഗം	... ...	42
യസീദ് ഒന്നാമൻ	... ...	45
കർബലായുദ്ധം	... .	47
ഹർറത്ത് യുദ്ധം	... ...	60
മക്കാരോധനം	... ...	64
യസീദ് കീഴടക്കിയ രാജ്യങ്ങൾ	... ...	66
യസീദിന്റെ വിയോഗം	... ...	68
മുആവിയ രണ്ടാമൻ	... ...	69
അബ്ദുല്ലാഹിബ്നുസുബൈർ	... ...	70
മർവാനുബ്നുഹക്കം	... ...	73
അബ്ദുൽമലിക്കുബ്നുമർവാൻ	... ...	75
തവ്വാബീൻ	... ...	77
മുഖ്ത്താർ	... ...	78
വീണ്ടും മക്കാരോധനം	... ...	81
അബ്ദുല്ലാഹിബ്നുസുബൈർ	... ...	84

			പുറം
ഹജ്ജാജ്	...	...	86
ഇബ്നുഅശ്അദിന്റെ മത്സരം	...	...	91
ഖാരിജികൾ	...	...	95
അബ്ദൽമലിക്കു് കീഴടക്കിയ രാജ്യങ്ങൾ		...	110
കഅബാ നിർമ്മാണം	...	...	112
അബ്ദൽമലിക്കിന്റെ വിയോഗം	...	...	114
വലീദ് ഒന്നാമൻ	...	...	116
ആഭ്യന്തര പരിഷ്കരണം	...	...	117
വലീദ് കീഴടക്കിയ രാജ്യങ്ങൾ	...	...	120
മുഹമ്മദുബ്നുഖാസിം	...	...	120
ഖത്തീബെത്തുബ്നുമുസ്ലിം	...	...	123
മൂസബ്നുനസീർ	...	...	127
മസ്ലമത്തുബനുഅബ്ദിൽമലിക്ക്		...	129
ഹജ്ജാജിന്റെ വിയോഗം	...	...	130
വലീദിന്റെ വിയോഗം	...	...	131
സുലൈമാനുബ്ന അബ്ദിൽമലിക്ക്		...	131
സുലൈമാൻ കീഴടക്കിയ രാജ്യങ്ങൾ		...	133
ഉമറുബ്നുഅബ്ദിൽഅസീസ്	...	...	135
ഭരണപരിഷ്കാരം	...	...	137
യുദ്ധങ്ങൾ	...	...	142
ഉമറിന്റെ വിയോഗം	...	...	149
യസീദ് രണ്ടാമൻ	...	...	152
ഇബ്നുമുഹല്ലബിന്റെ വിപ്ലവം	...	...	153
യസീദ് രണ്ടാമന്റെ വിജയങ്ങൾ	...	...	154
ഹിശാമുബ്നുഅബ്ദിൽമലിക്ക്	...	...	156
ഇമാംസൈദ്	...	...	165
വലീദ് രണ്ടാമൻ	...	...	172
യസീദ് മൂന്നാമൻ	...	...	174

N/1491 4954

പുറം

മർവാൻ രണ്ടാമൻ 177
ബന്തുഉമയ്യാ ഖിലാഫത്തിന്റെ
നാശകാരണങ്ങൾ 181
ബന്തുഉമയ്യാഭരണവും ഇസ്‌ലാമിക
നാഗരീകതയും 194
ഖിലാഫത്ത് 195
ഖലീഫയുടെ തിരഞ്ഞെടുപ്പ് ... 197
സൈന്യം 198
ഉദ്യോഗസ്ഥന്മാർ 202
സാമ്രാജ്യവിഭാഗങ്ങൾ 203
ഭരണകായ്യാലയങ്ങൾ 205
നീതിന്യായവകുപ്പ് 207
ഇസ്ലാം മതപ്രചരണം 207
പ്രജാക്ഷേമവും സമാധാനവും ... 209
വിദ്യകൾ 210
വിദ്യാഭ്യാസം 211
പൊതുമരാമത്തുകൾ 211
നാണയം 213

N
1491
4954

ബന്ധുഉമയ്യാ ഖലീഫമാർ

പീഠിക

ഖുറൈശീഗോത്രത്തിലെ നായകന്മാരിൽ ഒരാളായ ഉമയ്യത്ത് ഇസ്ലാം മതാവിർഭാവത്തിനു മുമ്പ് അതിമഹാനായിരുന്നു. അദ്ദേഹം അബ്ദുമനാഫ് മകൻ അബ്ദുശംസിന്റെ പുത്രനാകുന്നു. ഉമയ്യത്ത് തന്റെ പിതൃസഹോദരപുത്രനായ ഹാശിമുബ്നു അബ്ദുമനാഫുമായി (അബ്ദുമനാഫ് മകൻ ഹാശിം) പദവിയിലും പ്രതാപത്തിലും കിടപിടിച്ചു പോന്നു. അദ്ദേഹം കച്ചവടത്തിലും ഒരു വലിയ പ്രധാനിയായിരുന്നു. അക്കാലത്തു ഖുറൈശീഗോത്രത്തിൽ അദ്ദേഹത്തെപ്പോലെ ധനാഢ്യനായി ഒരാളുമുണ്ടായിരുന്നില്ല. ബന്ധുക്കളും മക്കളും അധികമുണ്ടായിരുന്നതുകൊണ്ടും അദ്ദേഹത്തിനു വളരെ പ്രാബല്യം സിദ്ധിച്ചു. ഹർബ്, അബൂഹർബ്, സുഫ്യാൻ, അബൂസുഫ്യാൻ, അംറ്, അബൂഅംറ്, ആസി, അബുൽആസി, അയ്സ്, അബുൽഅയ്സ് ഇങ്ങിനെ അദ്ദേഹത്തിനു പത്തു പുത്രന്മാരുണ്ടായിരുന്നു.

ആ പത്തുപേരും ഖുറൈശീതറവാട്ടിൽ വലിയ യോഗ്യന്മാരായിത്തീർന്നു. ഹർബ്, ഹിജാർ യുദ്ധത്തിൽ വിവിധ ശാഖകളിൽപ്പെടെയുണ്ടായിരുന്ന ഖുറൈശീഗോത്രക്കാരുടെ സർവ്വസൈന്യാധിപനായിരുന്നു. ആപല്ലുരമായിക്കൊണ്ടിരുന്ന യുദ്ധം കൂടെക്കൂടെ ഗൌരവതരമായിക്കൊണ്ടിരുന്നതു കണ്ടപ്പോൾ അദ്ദേഹം ഇരുകക്ഷികളുടേയും ഇടയിൽ സഖ്യമു

ണ്ടാക്കി. അദ്ദേഹം, കൊല്ലപ്പെട്ട സഹോദരന്മാക്കുവേണ്ടിയും സ്വന്തം വകയായി പിഴ അടച്ചുകൊള്ളാമെന്നു നിശ്ചയിക്കുകയും പിഴ അടയ്ക്കുന്നതുവരേക്കു ഒരു പണയമെന്ന നിലയിൽ തന്റെ മകൻ അബൂസുഫ്യാനെ ശത്രുക്കളുടെ പക്കൽ ഏല്പിച്ചു കൊടുക്കുകയും ചെയ്തു. പ്രശംസനീയമായ ഈ കൃത്യം ഹേതുവായി അദ്ദേഹത്തിന്റെ പേർ നാടെങ്ങും കീർത്തിപ്പെട്ടു.

ഹർബും, ഹാശിംമകൻ അബ്ദുൽമുത്തലിബും പരസ്പരം സഹവസിച്ചു വളർന്നവരായിരുന്നതുകൊണ്ടു ഉറ്റസ്നേഹിതന്മാരായിത്തീർന്നു. അവരുടെ മരണാനന്തരം ഈ സ്നേഹം മക്കളായിരുന്ന അബൂസുഫ്യാനുബ്നുഹർബും അബ്ബാസുബ്നുഅബ്ദുൽമുത്തലിബും തമ്മിലായി.

എന്നാൽ ബന്യഉമയ്യാവംശക്കാരുടേയും ബന്യഹാശിം തറവാട്ടുകാരുടേയും ഇടയിൽ പൂർവികമായിത്തന്നെ വലിയ വെറുപ്പും വിരോധവും ഉണ്ടായിരുന്നുവെന്നു ചില അല്പജ്ഞന്മാക്കൊരു വിശ്വാസമുണ്ട്. അതു ശരിയല്ല. മിക്കവാൻ തറവാട്ടുകളിലേയും വിവിധ ശാഖകളും തമ്മിൽ ഉത്ഭവിക്കാറുള്ള കേവലം കുടുംബപരമായ വഴക്കുകളും മാത്രമേ ഇവരുടെ ഇടയിലും ഉണ്ടായിരുന്നുള്ളു. അബ്ദുമനാഫിൽ നിന്നുത്ഭവിച്ച ബന്യഹാശിം, ബന്യഉമയ്യാ എന്നീ രണ്ടു ശാഖകളുംകൂടി ഖുറൈശീ തറവാട്ടിലെ ഇതരശാഖകളെ അപേക്ഷിച്ചു പദവിയും പ്രതാപവും അധികമുണ്ടായിരുന്നുവെന്നുള്ളതിൽ സംശയമില്ല. നബിക്കു ദൈവ്യം ലഭിച്ച അവസരത്തിൽ ബന്യഹാശിം വംശത്തിൽ ചിലർ ഇസ്ലാംമതം സ്വീകരിച്ചതുപോലെ ബന്യഅബ്ദിശംസ്വംശക്കാരിൽ ചിലരും ആ മതത്തെ അവലംബിച്ചിരുന്നു. പക്ഷെ രക്തബന്ധം നിമിത്തം ബന്യഹാശിം വംശക്കാരായിരുന്ന റസൂൽതിരുമേനിയെ കൂടുതൽ രക്ഷിച്ചു വന്നതു്. തന്നിമിത്തം ആ ബഹുമതി അവക്കു പ്രത്യേകമായി ലഭിച്ചു.

നബിയെ കൊല്ലുന്ന കാര്യത്തിൽ മക്കായിലെ ബഹുദൈവാരാധകന്മാർ ദാറുന്നദ്വായിൽ (സഭാഹാൾ) യോഗം

കൂടി നടത്തിയ ആലോചനയിൽ ഖുറൈശികൾ പൊതുവായി പങ്കുകൊണ്ടിരുന്നു. എങ്കിലും, ബനൂഹാശിംവംശത്തിൽ നിന്നു അബ്ദുലഹബൊഴിച്ചു മറാരും അതിൽ പങ്കെടുത്തിരുന്നില്ല. നബി സ്വദേശം വെടിഞ്ഞു മദീനയിൽ പോയതിന്നുശേഷം ബദ്ർ യുദ്ധം നടന്നപ്പോൾ ഖുറൈശീ സൈന്യത്തിലെ പടനായകൻ അബ്ദുശംസ് മകൻ റബീഅത്തിന്റെ പുത്രനായ ഉത്ബത്തായിരുന്നു. ഈ യുദ്ധത്തിൽ മക്കായിലെ ശത്രുനായകന്മാരിൽ അധികംപേരും കൊല്ലപ്പെട്ടു. അനന്തരം ഖുറൈശികൾ ഹർബ് മകൻ അബൂസുഫ്യാനെ നേതാവായി നിയമിച്ചു. ഉഹ്ദ് യുദ്ധത്തിലും അഹ്സാബ് (ഖന്ദഖ്) യുദ്ധത്തിലും അവരുടെ സേനാനായകത്വം വഹിച്ചതു് അദ്ദേഹമായിരുന്നു.

ഹിജ്റ 8–ൽ റസൂൽതിരുമേനി ഭടന്മാരെയുംകൊണ്ടു്, മക്കാപട്ടണം കീഴടക്കുവാനായി അവിടേക്കു ചെന്ന അവസരത്തിൽ ഹസ്രത്ത് അബ്ബാസ് (റ) അബൂസുഫ്യാനെ പ്രവാചകസന്നിധിയിൽ കൊണ്ടുവരികയും തത്സമയത്തു് അദ്ദേഹം ഇസ്ലാംമതം കൈക്കൊള്ളുകയുമുണ്ടായി. അബൂസുഫ്യാൻ സ്ഥാനമാനതല്പരനായിരുന്നതുകൊണ്ടു്, ഹസ്രത്ത് അബ്ബാസിന്റെ അപേക്ഷയനുസരിച്ചു് തിരുമേനി ഇങ്ങിനെ പരസ്യപ്പെടുത്തി: "ഹറം ദേവാലയത്തിലോ (കഅ്ബഃ) അബൂസുഫ്യാന്റെ ഗൃഹത്തിലോ അഭയം പ്രാപിക്കുന്നവർക്കു് രക്ഷ നൽകുന്നതാണു്". ഇങ്ങിനെ രക്ഷ നൽകുന്ന വിഷയത്തിൽ കഅ്ബയേയും അബൂസുഫ്യാന്റെ ഭവനത്തെയും തിരുമേനി തുല്യമായി ഗണിച്ചതു് അദ്ദേഹത്തിന്നു വളരെ അഭിമാനകരമായിത്തോന്നി. വിവിധ ഖുറൈശീവംശക്കാരും ബനൂഉമയ്യാവംശത്തിലെ മിക്ക അംഗങ്ങളും ഇസ്ലാംമതം കൈക്കൊണ്ടതു അന്നായിരുന്നു. അവരുടെ മതസ്വീകരണം നിമിത്തം നബി അത്യധികം സന്തോഷിച്ചു. തിരുമേനി അവരോടു സൌഹാർദ്ദപൂർവ്വം ഇടപെടുകയും, ബനൂഅബ്ദുശംസ്വംശത്തിലെ ഒരു യുവാവായിരുന്ന ഇത്താബുബ്നു ഉസൈദിനെ മക്കാനഗരത്തിന്റെ ഭരണാധിപനായി നിയമിക്കുകയും ചെയ്തു.


ഹസ്രത്ത് അബൂബക്കറിന്റെ (റ) ഖിലാഫത്തു കാലത്തു അറബികളിൽ അധികംപേരും ഇസ്ലാംമതം ഉപേക്ഷിച്ചു കളഞ്ഞു. തദവസരത്തിൽ മേൽപ്രസ്താവിച്ച ഖുറൈശീനായകന്മാർ, തങ്ങളുടെ ഇസ്ലാംമതസ്വീകരണം പിന്തിപ്പോയതുകൊണ്ടു തങ്ങൾക്കു നേരിട്ട നഷ്ടത്തെ പരിഹരിക്കുവാൻ അത്യുത്സാഹപൂർവ്വം സന്നദ്ധരായി. അവർ സ്വജീവനെപ്പോലും വിലവെക്കാതെ അത്യദ്ഭുതമായ അറബു് രാജ്യമൊട്ടുക്കും ഇസ്ലാംമതത്തെ പുനഃസ്ഥാപിച്ചു. സിറിയായിൽ വെച്ചു റോമക്കാരുമായി നടന്ന യുദ്ധങ്ങളിലും അവർ സസന്തോഷം പങ്കെടുത്തു. ആ സമരങ്ങളിൽ അവർ അനേകം ഉചിതകൃത്യങ്ങൾ നിർവ്വഹിക്കയുണ്ടായി. ആ മഹത്തരങ്ങളായ കൃത്യങ്ങൾ മുമ്പു ഇസ്ലാംമതപ്രചാരത്തെ തടയുവാനായി അവർ ചെയ്തുപോന്നിരുന്ന അപരാധത്തെ പരിഹരിക്കാൻ പര്യാപ്തമായവയായിരുന്നു.

സിറിയായുദ്ധത്തിൽ മഹത്തായ പല കാര്യങ്ങൾ നിർവ്വഹിച്ച ബന്യുഉമയ്യാഗോത്രക്കാരിൽ ഒരാൾ ഹസ്രത്ത് അബൂസുഫ്യാൻ തന്നെയാകുന്നു. അവിടെയുണ്ടായ മിക്ക സമരങ്ങളിലും അദ്ദേഹം പങ്കുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പുത്രനായ യസീദും പ്രസ്തുത സമരങ്ങളിൽ കാര്യമായി പങ്കെടുത്തിട്ടുണ്ടു്. ഹസ്രത്ത് അബൂബക്കർ (റ) സിറിയയിലേക്കയച്ച നാലു സേനകളിൽ ഒന്നിന്റെ സൈന്യാധിപൻ അദ്ദേഹമായിരുന്നു. ദിമിശ്ഖ് (ഡമാസ്കസ്) പട്ടണം മുസ്ലീംകൾക്കു് കീഴടങ്ങിയതിൽപ്പിന്നെ അവിടെ ഭരണകർത്താവായി നിയമിതനായതും യസീദ് തന്നെയായിരുന്നു. ഹസ്രത്ത് ഉമറിന്റെ (റ) ഖിലാഫത്തുകാലത്തും അദ്ദേഹം ഈ ഉദ്യോഗം വഹിച്ചുവന്നു. യസീദിന്റെ സഹോദരനായ മുആവിയത്തുബ്നു അബീസുഫ്യാനെയും, സിറിയയിൽപെട്ട മറെറാരു ജില്ലയിൽ ഹസ്രത്ത് ഉമർ ഭരണകർത്താവായി നിശ്ചയിച്ചു.

യസീദു് പരമഭക്തനും സദാചാരതല്പരനും ധൈര്യവാനും വിവേകമനസ്സുമായ ഒരു മാന്യനേതാവായിരുന്നു.

ഇദ്ദേഹം അമവാസിലുണ്ടായ പ്ലേഗിൽപ്പെട്ട കാലഗതിയടഞ്ഞതിൽപ്പിന്നെ ഹസ്രത്ത്ഉമർ (റ) ദിമിശ്ഖ് ജില്ലയേയും അമീർ മുആവിയയുടെ ഭരണത്തിൻ കീഴിലാക്കി. രാഷ്ട്രീയ പ്രാബല്യം, ഭരണനൈപുണ്യം, വിശ്വസ്തത, സഹനശീലം ആദിയായ സൽഗുണങ്ങളാൽ അമീർമുആവിയായിൽ സവിശേഷം സന്തോഷിച്ചിരുന്നുകൊണ്ട്, ഹസ്രത്ത് ഉമർ (റ) അദ്ദേഹത്തെ കുറിച്ചു സംതൃപ്തനാകുകയും, അദ്ദേഹത്തെ പ്രശംസിക്കുകയും ചെയ്തിരുന്നു. ഹസ്രത്ത്ഉസ്മാന്റെ ഖിലാഫത്ത് കാലത്തു് സിറിയാരാജ്യം മുഴുവനും അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലായി. അവിടേക്കു വേണ്ട ഉദ്യോഗസ്ഥന്മാരെയെല്ലാം അദ്ദേഹം തന്നെയായിരുന്നു നിയമിച്ചിരുന്നതു്. ഖുറൈശീഗോത്രക്കാരും പ്രത്യേകിച്ചു, ബനൂഅബ്ദുശംസ് വംശജന്മാരുമായ അനേകം നായകന്മാർ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നുകൂടുകയും, അവരെ അദ്ദേഹം സൈന്യത്തിൽ ചേർക്കുകയും ചെയ്തു. അവരുടെ സഹായത്തോടുകൂടി അദ്ദേഹം സ്വസൈന്യത്തിൽ അനുസരണവും സ്ഥൈര്യധൈര്യാദി സൽഗുണങ്ങളും ഉളവാക്കി. ഇപ്രകാരം തന്നെ പ്രജകളിലും അനുസരണശീലം വർദ്ധിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അദ്ദേഹം റോമാക്കാരെ പല പ്രാവശ്യം യുദ്ധംചെയ്തു തോല്പിക്കുകയും സൈപ്രസ്സ് ദ്വീപ് (ഖബ്റസ്) കീഴടക്കുകയും ചെയ്തു.

ഇങ്ങിനെ ഇസ്ലാം മതോത്ഭവത്തിനു മുമ്പു തന്നെ മാന്യന്മാരും ശ്രേഷ്ഠന്മാരുമായിരുന്ന ബനൂഉമയ്യാവംശക്കാർ, ഇസ്ലാംമതസ്ഥാപകനു ശേഷവും തങ്ങളുടെ വിലയേറിയ സൽകൃത്യങ്ങളാൽ യശസ്സും യജമാനത്വവും സമ്പാദിച്ചു. ഈ വംശത്തിലെ രണ്ടു ശാഖകളായിരുന്ന ഖിലാഫത്തധികാരംകൊണ്ടു് പ്രസിദ്ധി നേടിയതു്. ഒരു ശാഖ ഹർബിന്റെയും മറേറതു അബുൽആസിയുടേയും സന്തതികളാകുന്നു. ഹർബിന്റെ സന്തതികളിൽ മൂന്നു പേർക്കും അബുൽആസിയുടെ സന്തതികളിൽ പത്തു പേർക്കും ഖിലാഫത്തധികാരം ലഭിച്ചിട്ടുണ്ടായിരുന്നു. താഴെ ചേർത്ത പട്ടികയിൽ നിന്നു അവരുടെ പേരുകൾ മനസ്സിലാക്കാം.



അമീർ മുആവിയ.

ബന്യുഉമയ്യാ ഖിലാഫത്തിന്റെ സ്ഥാപകനായ അമീർ മുആവിയ ഹിജ്റക്കു് പതിനഞ്ചു വർഷം മുമ്പു് മക്കയിൽ ജാതനായി. ഇദ്ദേഹത്തിന്റെ പിതാവായ അബൂസുഫ്യാന്നു്, സഖ്റ്, എന്നും പേരുണ്ടു്. സഖ്റിന്റെ പിതാവു് ഉമയ്യത്തുമകൻ ഹർബും, ഉമയ്യത്തു്, അബ്ദുമനാഫ് മകൻ അബ്ദുശംസിന്റെ പുത്രനുമാകുന്നു.

മുസ്ലിംകൾ മക്കാപട്ടണം കീഴടക്കിയ കാലത്തു് മറ്റു ഖുറൈശി പ്രധാനികളോടുകൂടി അമീർ മുആവിയയും ഇസ്ലാം മതം കൈക്കൊണ്ടു. അന്നു അദ്ദേഹത്തിന്നു 23 വയസ്സു പ്രായമുണ്ടായിരുന്നു. ഇസ്ലാംമത സ്വീകരണത്തിന്നുശേഷം അദ്ദേഹം റസൂൽതിരുമേനിയൊരുമിച്ചു മദീനയിലേക്കു് പോയി. തിരുമേനി അദ്ദേഹത്തെ വഹ്യു് എഴുത്തുകാരിൽ ഒരാളായി

നിയമിച്ചു. ഹസ്രത്ത് അബൂബക്കർ (റ) തന്റെ ഭരണ കാലത്ത്, യസീദുബ്നഅബീസുഫ്യാനെ സഹായിക്കേ ണ്ടതിന്നു ഒരു സേനയുമായി അമീർ മുആവിയായെ സിറിയാ യിലേക്കയച്ചു. സീദാ, അർഖഃ, ജൂബൈൽ, ബൈറൂത്ത് മുതലായ രാജ്യങ്ങൾ മുസ്ലിം സൈന്യം യുദ്ധംചെയ്തു കൈവശ പ്പെടുത്തിയപ്പോൾ ആ സൈന്യത്തിലെ മുൻസൈന്യാധിപൻ അദ്ദേഹമായിരുന്നു. ഹസ്രത്ത് ഉമർ (റ) തന്റെ ഖിലാഫ ത്ത്കാലത്ത് മുആവിയയെ അർദ്ദൻജില്ലയുടെ ഭരണാധിപ നായി നിയമിച്ചു. സഹോദരനായിരുന്ന യസീദ്അബ വാസ് പ്ലേഗിൽപ്പെട്ട മരിച്ചതിൽ പിന്നെ ദിമിശ്ഖ് ജില്ല യുടെ ആധിപത്യവും അദ്ദേഹത്തിന്നു ലഭിച്ചു. ഹസ്രത്ത് ഉസ്മാന്റെ (റ) ഭരണകാലത്ത് സിറിയാരാജ്യം മുഴുവനും അമീർ മുആവിയയുടെ ഭരണത്തിൻകീഴിലായി. അദ്ദേഹം കരസൈന്യത്തെയും നാവികസൈന്യത്തെയും തയ്യാറാക്കി സിറിയയെ ഇസ്ലാമിന്റെ ഏറ്റവും ശക്തിമത്തായ സംസ്ഥാ നമാക്കിത്തീർത്തു.

ഹസ്രത്ത് ഉസ്മാന്റെ വധത്തെത്തുടർന്നു ജനങ്ങൾ ഹസ്രത്ത് അലിയെ (റ) മദീനയിൽവെച്ചു ഖലീഫയായി തിരഞ്ഞെടുത്തപ്പോൾ അദ്ദേഹം ഉടനെത്തന്നെ അമീർ മുആവിയയെ ഉദ്യോഗത്തിൽ നിന്നു നീക്കിയതായി ഉത്തരവു കൊടുത്തു. മുആവിയയാകട്ടെ, അലിയുടെ ഖിലാഫത്തിനെ പ്പോലും സമ്മതിക്കുകയുണ്ടായില്ല. അക്രമമായി ഖലീഫയെ കൊന്നതു നിമിത്തം കുറക്കാരായിത്തീർന്ന ഘാതകന്മാരോടു ആനുകൂല്യം പ്രകടിപ്പിച്ചുവെന്നു, അലിയുടെ പേരിൽ അദ്ദേ ഹം അപരാധം ചുമത്തി. അത്രയുമല്ല, ഹസ്രത്ത് ഉസ്മാനെ കൊന്ന കുറക്കാരെ ശിക്ഷിക്കാത്ത കാരണം പറഞ്ഞുകൊണ്ടു് അദ്ദേഹം രാജദ്രോഹത്തിന്നു സന്നദ്ധനായി. ഇക്കായ്ത്തിൽ സിറിയക്കാർ അദ്ദേഹത്തിന്റെ ഭാഗത്തു ചേർന്നു. ഒട്ട വിൽ കക്ഷികൾ തമ്മിൽ സിഫീൻ പോക്കളത്തിൽവെച്ചു സമരം നടന്നു. അനല്പങ്ങളായ കൊലകളും രക്തപ്രവാഹ ങ്ങളും സംഭവിച്ചതിൽ പിന്നെ, ഈ വഴക്കു സംബന്ധമായി ഖുർആൻ വിധിയനുസരിച്ചു തീരുമാനം ചെയ്യേണ്ടതിന്നു ഇരു

കക്ഷികളും ഓരോ ആൾ വീതം രണ്ടു മദ്ധ്യസ്ഥന്മാരെ നിയമിച്ചു. മദ്ധ്യസ്ഥന്മാർ ഹസ്രത്ത് അലി, അമീർ മുആവിയ എന്നീ രണ്ടു പേരെയും ഖിലാഫത്തധികാരത്തിൽ നിന്നു നീക്കി, പരസ്പരം ആലോചന നടത്തി തങ്ങൾക്കിഷ്ടമുള്ള ആളെ ഖലീഫയായി തിരഞ്ഞെടുത്തുകൊള്ളുവാൻ സമുദായത്തിനു സ്വാതന്ത്ര്യം നല്കണമെന്ന തീരുമാനത്തിൽ എത്തിക്കഴിഞ്ഞിരുന്നുവെങ്കിലും സിറിയക്കാർ അമീർ മുആവിയയെ ഖലീഫയായി സ്ഥിരപ്പെടുത്തിയതിനാൽ അദ്ദേഹം സിറിയായിലും ഹസ്രത്ത് അലി ഇറാഖിലും ഖിലാഫത്തധികാരസ്ഥന്മാരായി. ഹസ്രത്ത് അലിയുടെ ജീവിതകാലം മുഴുവനും ഈ ചരിത്രം നിലനില്ക്കുകയാണു് ഉണ്ടായതു്. അദ്ദേഹം വധിക്കപ്പെട്ടതിനുശേഷം അദ്ദേഹത്തിനു പകരം ഇമാം ഹസനെ (റ) ഇറാഖുകാർ ഖലീഫയാക്കി. അമീർ മുആവിയ അദ്ദേഹത്തിനെതിരിലും യുദ്ധം നടത്തി. ഒന്നാമത്തെ സമരത്തിൽത്തന്നെ ഇറാഖുകാർ വലിയ പരാജയത്തോട്ടുകൂടി തിരിഞ്ഞോടുകയാണു് ചെയ്തതു്. ഹസ്രത്ത് ഹസൻ വീണ്ടും യുദ്ധംചെയ്തു രക്തപ്രവാഹമുണ്ടാക്കുവാൻ തുനിയാതെ, അമീർ മുആവിയയുമായി സന്ധിയായി. ഇങ്ങിനെ ഹിജ്റ 41 റബീഉൽഅവ്വൽ 25–ാംനു അമീർമുആവിയയുടെ ഖിലാഫത്തിനു ഇരുകക്ഷികളുടെയും അനുമതി ലഭിച്ചു. അന്നു മുതല്ക്ക അദ്ദേഹം ഇസ്ലാമിന്റെയും മുസ്ലിംലോകത്തിന്റെയും അനിഷേധ്യ നേതാവായും ഖലീഫയായും സമ്മതിക്കപ്പെട്ടു.

വാസ്തവത്തിൽ ഇക്കാലത്തും അമീർ മുആവിയയുടെ തിരഞ്ഞെടുപ്പു സർവ്വസമ്മതമായിരുന്നില്ല. സിറിയക്കാർ അദ്ദേഹത്തെ ബൈഅത്ത് ചെയ്തിരുന്നതു് മനഃപൂർവ്വവും സന്തോഷസമേതവുമായിരുന്നുവെങ്കിലും ഇറാഖുകാർ നിർബ്ബന്ധിതരായതുകൊണ്ടായിരുന്നു അദ്ദേഹത്തെ ഖലീഫയായി സ്വീകരിച്ചതു്. എന്നാൽ ഒടുവിൽ അവരും അദ്ദേഹത്തിന്റെ ഖിലാഫത്തിൽ സന്തുഷ്ടരായിത്തീരുകയാണു് ഉണ്ടായതു്. ഇങ്ങിനെ ഖാരിജികളൊഴിച്ചു മറ്റു സർവ്വ മുസ്ലിംകളാലും അദ്ദേഹം ഖലീഫയായി സ്വീകരിക്കപ്പെട്ടു.

സമുദായത്തിലെ കക്ഷികൾ.

അമീർമുആവിയക്കു ഖിലാഫത്തധികാരം സിദ്ധിച്ച അവസരത്തിൽ മുസ്ലിംകൾ രാഷ്ട്രീയ വിഷയത്തിൽ മൂന്നു കക്ഷികളായി പിരിഞ്ഞിരുന്നു.

1. ശീആഅലിയുമയ്യഃ (ബന്ധുമയ്യാഗോത്രക്കാരുടെ സംഘം). ഈ സംഘത്തിൽ സിറിയക്കാർ മുഴുവനും, ഇതരദേശക്കാരിൽ ചിലരും ഉൾപ്പെട്ടിരുന്നു.

2. ശീആഅലി (അലിയുടെ സംഘം). ഇറാഖുകാരും ഈജിപ്തുകാരിൽ ചിലരുമായിരുന്ന ഈ സംഘത്തിൽ അധികമായുണ്ടായിരുന്നതു്. ഹസ്രത്ത് അലിക്കും അദ്ദേഹത്തിന്റെ മരണശേഷം സന്തതികൾക്കും മാത്രമേ ഖിലാഫത്തു് വഹിക്കുവാൻ അവകാശമുള്ളുവെന്നായിരുന്നു ഈ കക്ഷികളുടെ വിശ്വാസം.

3. ഖാരിജികൾ. മുൻ പ്രസ്താവിച്ച രണ്ടു കക്ഷികളും ഇസ്ലാംമതത്തിൽ നിന്നു ഭ്രഷ്ടായിട്ടുണ്ടെന്നും, അവരെ കൊല്ലുന്നതു കുറ്റകരമല്ലെന്നുമായിരുന്നു ഇവരുടെ വിശ്വാസം. ഇവർ ഈ വിശ്വാസത്തിൽ അതിരു കവിഞ്ഞവരും കൊലയും രക്തപ്രവാഹവും നടത്തുന്നതിനു യാതൊരു മടിയുമില്ലാത്തവരുമായിരുന്നു.

ഖാരിജികളുടെ അക്രമപ്രവൃത്തികൾ നിമിത്തം ഹസ്രത്ത് അലിയെപ്പോലെ അമീർ മുആവിയക്കും അനേകം ബുദ്ധിമുട്ടുകൾ നേരിട്ടു. തങ്ങളുടെ വിശ്വാസത്തെ നിലനിർത്തുവാനായി പ്രാണപരിത്യാഗം ചെയ്വാൻപോലും അവർ സദാ സന്നദ്ധരായിരുന്നു. ക്രൂഫക്കാർ അമീർ മുആവിയയെ ഖലീഫയായി തിരഞ്ഞെടുത്തതോടുകൂടിത്തന്നെ ഇവരിൽപ്പെട്ട ഫർവത്തുബ്നുനൌഫൽ അശ്ജഈ എന്ന ആൾ അദ്ദേഹത്തോടു മത്സരിക്കുവാൻ തയ്യാറായി. അദ്ദേഹത്തോടു പോരാടുവാനായി അഞ്ഞൂറു ഖാരിജികളേയുംകൊണ്ടു നഖീലഃ എന്നിടത്തു ഫർവത്ത് പാളയമടി

ച്ചു. ഇവരോട്ട നേരിടേണ്ടതിന്നു ഒന്നാമതായിച്ചെന്ന സിറിയൻ സൈന്യം പരാജിതരാകുകയാണുണ്ടായതു്. ആ ഖാരിജികൾ കൂഫക്കാരുടെ ബന്ധുക്കളായിരുന്നതുകൊണ്ടു അവരുടെ അരികെചെന്നു അവരെ ഉപദേശിച്ചു് മടക്കിക്കൊണ്ടുവരേണമെന്നു അമീർ മുആവിയ കൂഫക്കാരോട്ട കല്പിച്ചു. കൂഫക്കാർ അവരെ മടക്കിക്കൊണ്ടുവരുവാൻ പല പരിശ്രമങ്ങളും ചെയ്തുനോക്കിയെങ്കിലും യാതൊരു ഫലവുമുണ്ടായില്ല. "അമീർ മുആവിയ ഞങ്ങൾക്കും നിങ്ങൾക്കും ശത്രുവാണു". അതുകൊണ്ടു അദ്ദേഹവുമായി പോരാടുവാൻ ഞങ്ങളെ അനുവദിക്കണം. വിജയം പ്രാപിക്കുന്ന പക്ഷം രണ്ടു കൂട്ടർക്കും ശത്രുവായ അദ്ദേഹം നശിക്കുമല്ലൊ. അല്ലെങ്കിൽ ഞങ്ങൾ ഇതിലങ്ങു നശിച്ചുകൊള്ളട്ടെ" എന്നായിരുന്നു അവരുടെ മറുപടി.

ഒടുവിൽ അശ്'ജഅ് ഗോത്രക്കാർ തങ്ങളുടെ വംശജനായ ഫർവത്തിനെ ബലാല്ക്കാരേണ പിടിച്ചുകെട്ടി കൂഫയിലേക്കു കൊണ്ടുവന്നു. തന്നിമിത്തം ഖാരിജികൾ ഫർവത്തിന്റെ സ്ഥാനത്തു അബ്ദുല്ലാഹിബ്'നു അബിൽഹൗസാഅ് എന്ന ആളെ നായകനായി നിയമിച്ചു. കൂഫക്കാർ ഇവരുമായി യുദ്ധം ചെയ്തു നായകനായ അബ്'ദുല്ലായെ കൊന്നു. തദവസരത്തിൽ 'ഹൗസറാ അസദി' എന്ന ആൾ ഖാരിജികളുടെ നായകത്വം വഹിച്ചു. ഹൗസറയുടെ കൂടെ ഒട്ടാകെ 150 ഖാരിജികൾ മാത്രമേ ബാക്കിയായിരുന്നുള്ളു.

ഹൗസറയെ ഉപദേശിക്കുവാനായി അയാളുടെ പിതാവായ അബൂഹൗസറയെ അമീർ മുആവിയ അയക്കുകയുണ്ടായി. അബൂഹൗസറ ചെന്നു ഉപദേശിച്ചിട്ടും ഫലമൊന്നും സിദ്ധിച്ചില്ല. ഒടുവിൽ അബൂഹൗസറ തന്റെ മകനോട്ട ഇപ്രകാരം പറഞ്ഞു. "ഞാൻ നിന്റെ കുട്ടിയെ നിന്റെ മുമ്പാകെ കൊണ്ടുവരട്ടെ. അതിനോട്ടുള്ള വാത്സ

ല്യമെങ്കിലും മുആവിയയുമായി യുദ്ധം ചെയ്യുന്നതിൽനിന്നു നിന്നെ വിരമിപ്പിക്കുമെ എന്നറിയാമല്ലോ". കരളിൽകൂടി പുറപ്പെട്ട മുറുറം കടക്കുകയും, പിടച്ചു പിടച്ചു ജീവഹാനി നേരിട്ടുവാനിടവരുത്തുകയും ചെയ്യുന്ന അസ്ത്രമാണു് തന്റെ കൂട്ടിയേക്കാൾ തനിക്കു സന്തോഷകരമായിട്ടുള്ളതു് എന്നായിരുന്നു ഹൗസാ അതിനു മറുപടി പറഞ്ഞതു്.

അബൂഹൗസറ മടങ്ങിവന്നു നടന്നവത്തമാനങ്ങളെല്ലാം അമീർ മുആവിയയെ അറിയിച്ചു. അതുകേട്ടു, അയാളുടെ ഭ്രാന്തു് വളരെ വർദ്ധിച്ചുപോയി എന്നായിരുന്നു അമീർ പ്രസ്താവിച്ചതു്. അവസാനം അയാളോട്ടു പൊരുതുവാൻ വേണ്ടി കൂഫയിൽ നിന്നു തന്നെ അമീർമുആവിയ ഒരു സേനയെ അയച്ചു. ഈ സേന ചെന്ന അവസരത്തിൽ ഹൗസറ ഇങ്ങിനെ പറഞ്ഞു. "ഹേ, അക്രമികളെ, ഇതുവരെ മുആവിയ അക്രമിയാണെന്നു വിശ്വസിച്ചു അദ്ദേഹത്തോടു യുദ്ധം ചെയ്വാൻ സന്നദ്ധരായിരുന്ന നിങ്ങളിപ്പോൾ അദ്ദേഹത്തിനു ഖിലാഫത്തധികാരം നിലനിർത്തികൊടുക്കുവാനായി വാളെടുത്തിരിക്കുകയാണല്ലോ. എന്നാൽ അല്ലാഹു നിങ്ങളുടെ പ്രവൃത്തികൾ അറിയാതിരിക്കുന്നതല്ല".

ഹൗസറയെ കൊല്ലുവാനായി അയാളുടെ പിതാവു് തന്നെ പുറപ്പെട്ടു. "താങ്കൾ മറ്റാരോടെങ്കിലും നേരിട്ടുകൊള്ളുക" എന്നു പറഞ്ഞു ഹൗസറ ഇതര ഭടന്മാരുടെ നേർക്കു തിരിഞ്ഞു. അങ്ങിനെ ബനൂതയ്യ ഗോത്രത്തിൽപ്പെട്ട ഒരാൾ അയാളെ വധിച്ചു. അയാളുടെ നെറ്റിയിൽ സുജൂദിന്റെ അടയാളം വ്യക്തമായി കണ്ടപ്പോൾ ബനൂതയ്യ വംശജനായ ആ യോദ്ധാവിനു അതിയായ വിഷാദമുണ്ടായി.

ഇതുപ്രകാരം തന്നെ ഖാരിജികളിൽ പെട്ട ഇതരസംഘങ്ങളും തുടരെത്തുടരെ കലഹങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതിനാൽ ഇറാഖുകാർ ഭയവിഹ്വലന്മാരായി. ഇറാ

ഖിൽ നല്ല തഴക്കം സിദ്ധിച്ച ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതാണെന്നും അവർ മുഖേന ഇത്തരം പ്രക്ഷോഭണങ്ങൾ നിർത്തൽചെയ്യാമെന്നും അമീർമുആവിയ തീർച്ചപ്പെടുത്തി. അത്തരത്തിൽപ്പെട്ട മുഗീറത്തുബ്നുശഅ്ബഃ, സിയാദുബ്നുസുമയ്യത്ത് എന്നീ രണ്ടു യോഗ്യന്മാരെ അദ്ദേഹം തിരഞ്ഞെടുക്കുകയും ചെയ്തു.

സിയാദ്.

സിയാദ് അലിയുടെ സംഘത്തിൽ ഖിലാഫത്തുകാലത്തു് അദ്ദേഹത്തിന്റെ ഒരാളും അദ്ദേഹത്തിന്റെ കീഴിലായിരുന്ന ഫാരിസ് (പേർഷ്യ) രാജ്യത്തിന്റെ മേധാവിയും ആയിരുന്നു. സിയാദിന്റെ ഭരണപാടവത്തെക്കുറിച്ചു മുആവിയക്കു അറിവുകിട്ടി. അദ്ദേഹത്തിനു മാപ്പുകൊടുത്തിരിക്കുന്നുവെന്നു കാണിച്ചു മുആവിയ ഒരെഴുത്തെഴുതി മുഗീറത്തിന്റെവശം അദ്ദേഹത്തിന്നയച്ചു. ഉടനെ അദ്ദേഹം മുആവിയയുടെ അരികെ വന്നു. മുആവിയ അദ്ദേഹത്തോടു പാരിസിലെ ആയവ്യയക്കണക്കു ഹാജരാക്കുവാനാവശ്യപ്പെടുകയും അദ്ദേഹം ഹാജരാക്കിയ കണക്കു് ആക്ഷേപമെന്യേ പാസ്സാക്കിക്കൊടുക്കുകയും ചെയ്തു.

ഹിജ്റഃ 14–ൽ അമീർമുആവിയ സിയാദിനെ ബസറാ ഗവർണ്ണരായി നിയമിച്ചു. ബസറക്കാർ പൊതുവെ അക്രമികളും തെമ്മാടികളുമാണെന്നും മർദ്ദനംകൊണ്ടുമാത്രമേ അവർ കീഴടങ്ങുകയുള്ളുവെന്നും അവിടെ ചെന്നുനോക്കിയപ്പോൾ സിയാദിനു മനസ്സിലായി. അദ്ദേഹം ബസറയിലെ ജാമിഅ്മസ്ജിദിൽവെച്ചു ഒരു ശക്തിമത്തായ പ്രസംഗം ചെയ്തു. അതിന്റെ സംഗ്രഹം താഴെ ചേർക്കുന്നു:—

"നിങ്ങൾ ദൈവകല്പനയെ അനുസരിക്കാത്തവരായിരിക്കുന്നു. പരലോക ശിക്ഷയെക്കുറിച്ചു നിങ്ങൾക്കു ഭയമില്ല. നിങ്ങളുടെ നന്മകൾ ചുരുക്കവും തിന്മകൾ ആധികവുമാണു്. നിങ്ങൾ മോഷണം നടത്തുകയും അന്യോന്യം പിടിച്ചു

പറുന്നതു കുറമല്ലെന്നു വിശ്വസിക്കുകയും ചെയ്യുന്നു. അവനവന്റെ വീട്ടുകാരും ഗോത്രത്തിൽ പെട്ടവരും തിന്മ ചെയ്യുന്നതിനെ നിങ്ങളിൽ ഓരോരുത്തനും വിരോധിക്കേണ്ടതാണു്. അല്ലാത്ത പക്ഷം കുറ്റം ചെയ്യുവന്റെ അപരാധത്തിനു നിരപരാധിക്കു ഞാൻ ശിക്ഷ നൽകുന്നതും ഓടിപ്പോകുന്നവനുപകരം സ്ഥിരവാസിയെ പിടിച്ചുകെട്ടുന്നതുമാണു്. ഒരുവന്റെ ധനം എത്രതന്നെ കട്ടപോയാലും നഷ്ടത്തിനു ഉത്തരവാദി ഞാനാകുന്നു. രാത്രിയായാൽ സഭവനത്തിൽ നിന്നു ആരും പുറത്തുപോകരുതെന്നും വല്ലവനും പോകുന്നപക്ഷം അവനെ കൊന്നുകളയുന്നതാണെന്നും നിങ്ങളെ അറിയിച്ചുകൊള്ളുന്നു. പരഗൃഹം ചുട്ടുന്നവനെ ഞാൻ കരിച്ചുകളയും. ഭവനഭേദനം ചെയ്യുവരുടെ ഹൃദയങ്ങളെത്തന്നെ ഞാൻ ചീന്തിക്കളയും. ഖബർ തുരന്നു ശവത്തുണി മോഷ്ടിക്കുന്നവരെ അതേ ഖബറിൽത്തന്നെ ജീവനോടെ ഇട്ടുമൂടുന്നതാകുന്നു. ഇസ്ലാമിനു മുമ്പു്, നടപ്പുണ്ടായിരുന്ന ദുഷിച്ച വാദങ്ങൾ വല്ലവന്റെയും നാവിൽനിന്നു പുറപ്പെട്ടുന്നതായാൽ അവന്റെ നാവു് ഞാൻ അരിഞ്ഞെറിഞ്ഞുകളയും.

എന്റെ കല്പനയെ അനുസരിക്കുന്നവരുമായി ഞാൻ ദാസ്നേഹപൂർവ്വം ഇടപെടുന്നതാണു്. എനിക്കു ഇവിടത്തെ ചില ആളുകളോടു വിരോധമുണ്ടായിരുന്നുവെങ്കിലും, ആ വിരോധത്തെ ഞാൻ ഉപേക്ഷിച്ചിരിക്കുന്നു. അതുകൊണ്ടു അവർ ഭയപ്പെടേണ്ട ആവശ്യമില്ല. ദൃണകാംക്ഷികൾക്കു ഞാനും ദൃണകാംക്ഷിയാണു്. എന്നോടു എതിർക്കുവാൻ വരാത്തവനെ, അവന്റെ ഹൃദയത്തിൽ എന്തു ദുരുദ്ദേശവും ഉണ്ടായിക്കൊള്ളട്ടെ, ഞാൻ ഉപദ്രവിക്കയില്ല. ശമ്പളവും നിത്യ ചെലവിന്നായി കൊടുത്തുവരുന്ന സംഖ്യയും ആരുടേതായാലും, ഞാൻ നിർത്തൽ ചെയ്കയില്ല. സഹായത്തിന്നർത്ഥിക്കുന്നവർ എപ്പോൾ വന്നാലും, അവർ വ

രുന്നതു അർദ്ധരാത്രിയായിരുന്നാലും ശരി, സഹായിക്കുവാൻ ഞാൻ തയ്യാറുണ്ട്".

അബ്ദുല്ലാഹിബ്നുഹിസൻ എന്ന ആളെ സിയാദ് ബസറാ പട്ടണത്തിലെ പോലീസധികൃതനായി നിയമിച്ചു. ഇശാനമസ്കാരം കുറെ പിന്തിക്കാറായിരുന്നു സിയാദിന്റെ പതിവു്. നിസ്കരിച്ചതിൽപ്പിന്നെ ജനങ്ങൾ പ്രശാന്തരായി "സൂറത്തുൽബഖറഃ" ഓതിപട്ടണത്തിലേക്കുപോകുന്നതുവരെ അദ്ദേഹം പള്ളിയിൽതന്നെ ഇരിക്കുകയും ജനങ്ങൾ പോയിക്കഴിഞ്ഞാൽ അബ്ദുല്ലാഹിബ്നുഹിസനിനോട്ട പട്ടണം ചുറ്റുവാനായി പുറപ്പെട്ടുകൊള്ളുവാൻ ആജ്ഞാപിക്കുകയും ചെയ്യും. അബ്ദുല്ല പോലീസുകാരെയുംകൊണ്ടു്, പട്ടണത്തിൽ ചുറ്റിനടന്നു കാണുന്നവരെയെല്ലാം കൊല്ലുകയായിരുന്നു പതിവു്. ഒരു രാത്രി ബദവികളിലൊരാൾ തന്റെ ആട്ടുകളെയുംകൊണ്ടു് പട്ടണത്തിന്റെ ഒരു കോണിൽ നിന്നിരുന്നതു് അബ്ദുല്ലയുടെ ദൃഷ്ടിയിൽപ്പെട്ടു. അദ്ദേഹം ആ ബദവിയെ പിടിച്ചു സിയാദിന്റെ അട്ടുക്കൽ ഹാജരാക്കി. "രാത്രിസമയത്തു് പട്ടണത്തിൽ സഞ്ചരിക്കുന്നവരെ കൊന്നുകളയുമെന്നു അമീർ കല്പിച്ചിരുന്നതു് നിങ്ങൾ അറിഞ്ഞിരുന്നില്ലേ?" എന്നു സിയാദ് അയാളോടു ചോദിച്ചു. താൻ തീരെ അറിഞ്ഞിട്ടുണ്ടായിരുന്നില്ലെന്നും സമയം വളരെ വൈകിപ്പോയതിനാൽ അവിടെത്തന്നെ നില്ക്കേണ്ടി വന്നതാണെന്നും അയാൾ സമാധാനം പറഞ്ഞു. "നിങ്ങൾ പറഞ്ഞതു് സത്യമാണെന്നു തോന്നുന്നുണ്ടെങ്കിലും, നിങ്ങളെ കൊല്ലുന്നതുകൊണ്ടു് ജനങ്ങൾക്കു നന്മയുണ്ടു്." എന്നു പറഞ്ഞു സിയാദ് അയാളെ കൊന്നുകളഞ്ഞു.

സിയാദിന്റെ ഇത്തരം മർദ്ദനങ്ങളാൽ ബസറാ പട്ടണത്തിന്റെ സ്ഥിതി കേവലം ഭേദപ്പെട്ടു. ജനങ്ങളുടെ പക്കൽ നിന്നു വല്ല സാധനവും വഴിയിൽ വീണുപോയാൽ ആരും ആ സാധനത്തിന്റെ നേരെ ദൃഷ്ടി പതിച്ചിരുന്നില്ല. ഉടമ

സ്ഥൻ തന്നെ വന്നു അതു് എടുത്തു കൊണ്ടുപോകയായിരുന്നു പതിവു്. പീടികകളുടെയും വീടുകളുടെയും വാതിലുകൾ രാത്രിസമയങ്ങളിൽപ്പോലും ജനങ്ങൾ അടച്ചിരുന്നില്ല. കളവു, കൊള്ള, കലഹം ആദിയായ കുറ്റങ്ങൾ നിശ്ശേഷം നിലച്ചു. വഴികളുടെ സംരക്ഷണത്തിനുവേണ്ടിയും സിയാദ് പാറാവു് ഏർപ്പെടുത്തിയിരുന്നതുകൊണ്ടു് യാത്രക്കാരും കച്ചവടച്ചരക്കുകളുമെല്ലാം കൊള്ളക്കാരുടെ അക്രമത്തിൽ നിന്നു രക്ഷപ്പെട്ടു.

ഖാരിജികളുടെ നേരെ സിയാദ്, മുമ്പു പറഞ്ഞ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രസ്താവിച്ച നയംതന്നെ അനുവർത്തിക്കുകയുണ്ടായി. തന്നോടു എതിർക്കുവാൻ ശ്രമിക്കാതിരുന്ന ഒരാളെയും അദ്ദേഹം ദ്രോഹിച്ചില്ല. ബനൂസഅ്ദ് ഗോത്രത്തിൽപ്പെട്ട ഒരാൾ ഖാരിജികളോടു അനുഭാവമുള്ളവനാണെന്നു ഒരു ദിവസം അദ്ദേഹത്തിനു അറിവു കിട്ടി. ഉടനെത്തന്നെ സിയാദ് അയാളെ ബന്ധനസ്ഥനാക്കിച്ചു. അയാൾ തന്റെ സന്നിധിയിൽ കൊണ്ടുവരപ്പെട്ട അവസരത്തിൽ ഖിലാഫത്തിനെക്കുറിച്ചു അയാളുടെ അഭിപ്രായമെന്താണെന്നു അറിവാനായി സിയാദ് അയാളെ വിചാരണ ചെയ്തു. അയാൾ ഹസ്രത്ത് അബൂബക്കറിനെയും ഉമറിനെയും പുകഴ്ത്തിയെങ്കിലും ഹസ്രത്ത് ഉസ്മാനെക്കുറിച്ചു ഒന്നും പ്രസ്താവിച്ചില്ല. തന്നിമിത്തം സിയാദ് അയാളെ ദ്രോഹിക്കുവാനൊരുങ്ങി. "നിങ്ങളോടു എതിർക്കുവാൻ വരാതിരിക്കുന്ന ഒരാളെ അവൻ സഹൃദയത്തിൽ എത്രത്തന്നെ വിരോധം വച്ചുകൊണ്ടിരുന്നാലും ദ്രോഹിക്കുകയില്ലെന്നു നിങ്ങൾ വാശ്ദാനം ചെയ്തിരിക്കുന്നുവല്ലോ, അതിനു വിരുദ്ധമായി ഈ അവസരത്തിൽ എന്നെ എന്തിനു ശിക്ഷിക്കുന്നു" എന്നു അയാൾ ചോദിച്ചു. അയാൾ പറഞ്ഞതു് ശരിയാണെന്നു സിയാദു സമ്മതിക്കുകയും വസ്തുവും മറ്റും സമ്മാനിച്ചുകൊണ്ടു് അയാളെ വിട്ടയക്കുകയും ചെയ്തു.

സിയാദ് ബസറക്കാരെ അരികെ വിളിച്ചുവരുത്തി അവരുടെ കൂട്ടത്തിൽത്തന്നെ ഇരുന്നുകൊണ്ട് അവരുടെ മനോഗതങ്ങൾ മനസ്സിലാക്കാറുപതിവായിരുന്നു. ധീരനും ബുദ്ധിമാനുമായിരുന്ന അബുൽഖൈർ എന്ന ആൾ ഖാരിജികളുടെ അഭിപ്രായക്കാരനാണെന്നു ഒരവസരത്തിൽ അദ്ദേഹത്തിനു മനസ്സിലായി. തന്നിമിത്തം അദ്ദേഹം അയാളെ വിളിച്ചുവരുത്തി 'ചന്തീസാപൂരി'ന്റെ അധിപനായി നിയമിക്കുകയും നാലായിരം ദിർഹം മാസപ്പടി നിശ്ചയിക്കുകയും ചെയ്തു. അതിനുശേഷം അബുൽഖൈറിന്റെ അഭിപ്രായത്തിനു വലിയ മാറ്റം സംഭവിച്ചു. ഭൂരിപക്ഷക്കാരായ മുസ്ലിംകളുടെ കൂട്ടത്തിൽ നിന്നു പിരിയുന്നതു വമ്പിച്ച അപരാധമാണെന്നു അയാൾ പറഞ്ഞുതുടങ്ങി.

കൂഫാ ഭരണാധികാരിയായിരുന്ന മുഗീറത്തുബ്നുശഅ്ബഃ, ഹിജ്റഃ 51–ൽ നിര്യാതനായതിനാൽ അന്നു മുതൽക്കു കൂഫാപട്ടണത്തെയും അമീർമുആവിയാ സിയാദിന്റെ ഭരണത്തിൻകീഴിലാക്കി. ഇതിൽപിന്നെ സിയാദ് കൊല്ലത്തിൽ ആറുമാസം ബസറയിലും ആറുമാസം കൂഫയിലും താമസിച്ചുവന്നു. ഭരണകർത്താക്കന്മാരെ അവമാനിക്കുകയും ഖലീഫക്കു വിരോധമായി പ്രക്ഷോഭങ്ങൾ നടത്തുകയും ചെയ്യുന്നതിൽ കൂഫക്കാർക്കു വളരെ തഴക്കമുണ്ടായിരുന്നു. സിയാദ് അവിടെയെത്തി ജാമിഅ് മസ്ജിദിൽ പ്രവേശിച്ചു പ്രസംഗം തുടങ്ങിയപ്പോൾ ചിലർ ചരൽ വാരി അദ്ദേഹത്തെ എറിഞ്ഞു. ഇതു കണ്ട അദ്ദേഹം പെട്ടെന്നു പ്രസംഗം നിർത്തി. ഉടനെ പള്ളിയുടെ വാതിലുകൾ അടപ്പിക്കുകയും ഒരു കസേല കൊണ്ടുവരുവാൻ ആജ്ഞാപിക്കുകയും ചെയ്തു. അദ്ദേഹം ആ കസേലമേൽ ഇരുന്നു നന്നാലു ആളുകളെ വീതം തന്റെ അരികെ വിളിച്ചുവരുത്തി, തങ്ങൾ എറിഞ്ഞിട്ടില്ലെന്നു ഓരോരുത്തനോടും സത്യം ചെയ്യാനാവശ്യപ്പെട്ടു. അങ്ങിനെ സത്യം ചെയ്തവരെയെല്ലാം

വിട്ടയക്കുകയും അല്ലാത്തവരെ പിടിച്ചുകെട്ടുകയുമാണ് ഉണ്ടായതു്. സത്യം ചെയ്യാത്തവരായുണ്ടായിരുന്ന 30 പേരുടേയും കൈകൾ അദ്ദേഹം ഛേദിച്ചുകളഞ്ഞു. ഇതിൽ പിന്നെ സിയാദ് കൂഫാപള്ളിയിൽ തനിക്കു് പ്രത്യേകമായി ഒരു മുറി ഉണ്ടാക്കിച്ചു. ഹജറുബ്നുഅദീകിന്ദീ, അംറുബ്നുൽ ഹംഖ് മുതലായ നേതാക്കന്മാരുടെ കീഴിൽ കൂഫയിൽ അലിയുടെ പക്ഷക്കാരായി ഒരു കൂട്ടം ആളുകളുണ്ടായിരുന്നു. അവർ സംഘം ചേർന്നു മുആവിയായെയും ഉദ്യോഗസ്ഥന്മാരെയും ആക്ഷേപിച്ചു വരുന്നുണ്ടെന്നു സിയാദിനു അറിവു് കിട്ടി. തന്നിമിത്തം അദ്ദേഹം വീണ്ടും കൂഫയിൽ ചെന്നു ജാമിഅ് മസ്ജിദിൽ വെച്ചുതന്നെ പ്രസംഗിക്കുകയും അത്തരം നാശകാരികളിൽ നിന്നു കൂഫയെ താൻ ശുദ്ധിയാക്കുന്നതാണെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തു. അനന്തരം മേൽപ്രസ്താവിച്ച ഹജർ എന്ന ആളെ പള്ളിയിലേക്കു വിളിച്ചുകൊണ്ടു വരേണ്ടതിനു ഭടന്മാരെ അയച്ചു. ഹജർ വരുവാൻ കൂട്ടാക്കാതെ ഭടന്മാരെ ശകാരിക്കുകയാണ് ഉണ്ടായതു്. ഈ വർത്തമാനം കേട്ടപ്പോൾ സിയാദ് കൂഫാക്കാരോടു ഇങ്ങിനെ പറഞ്ഞു. ""നിങ്ങൾ പ്രത്യക്ഷത്തിൽ ഖലീഫയെ അനുസരിക്കുന്നുണ്ടെങ്കിലും നിങ്ങളുടെ ഹൃദയങ്ങൾ ഹജറിന്റെ കൂടെയാകുന്നു. ഒന്നുകിൽ അയാളെ നിങ്ങൾ ഉപേക്ഷിക്കണം. അല്ലാത്തപക്ഷം നിങ്ങളെ ഞാൻ കൂഫയിൽ നിന്നു പുറത്താക്കുന്നതാണ്"". തദവസരത്തിൽ, തങ്ങൾ അല്ലാഹുവിങ്കൽ രക്ഷ പ്രാപിക്കുന്നുവെന്നും അനുസരിക്കുവാനല്ലാതെ മറ്റൊന്നിനും തങ്ങൾക്കു് ആഗ്രഹമില്ലെന്നും കൂഫക്കാർ പറഞ്ഞു. അങ്ങിനെയാണെങ്കിൽ താന്താങ്ങളുടെ ഗോത്രത്തിൽപ്പെട്ടവരെ താന്താങ്ങൾ തന്നെ പോയി ഹജറിന്റെ അടുക്കൽ നിന്നു പിരിച്ചു കളയേണ്ടതാണ് എന്നു സിയാദ് കല്പിച്ചു. അവർ കല്പനപ്രകാരം പ്രവർത്തിച്ചതിനുശേഷം, ഹജറിനെയും കൂട്ടുകാരെയും തന്റെ മുമ്പാകെ വിളിച്ചുകൊണ്ടു് വരേണമെന്നും

വരുവാൻ ഒരുക്കമില്ലെങ്കിൽ ബലാല്ക്കാരം ഉപയോഗിച്ചു കൊള്ളേണമെന്നും അദ്ദേഹം ഭടന്മാർക്കു് ഉത്തരവു കൊടുത്തു. ഭടന്മാർ എത്തിയപ്പോഴേക്കു് ഹജറിന്റെ കൂട്ടുകാരിൽ ഏതാനും ആളുകൾ ഓടിക്കളഞ്ഞു. ശേഷമുണ്ടായിരുന്ന പതിമൂന്നു പേരും ഹജറും സിയാദിന്റെ സന്നിധിയിൽ വരുകയും സിയാദ് അവരെ ജയിലിലാക്കുകയും ചെയ്തു.

ഹജർ ഖലീഫയുടെ മേൽ ദോഷാരോപണം ചെയ്യുന്നുണ്ടെന്നും, യുദ്ധത്തിന്നായി ജനശേഖരം ചെയ്തിരുന്നുവെന്നും, ഹസ്രത്തു് അലിയുടെ സന്തതികൾക്കല്ലാതെ ഖിലാഫത്തധികാരത്തിന്നു അവകാശമില്ലാത്തതുകൊണ്ടു് മുആവിയയോടും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാരോടും നിസ്സഹകരണം അനുഷ്ഠിക്കേണ്ടതാണെന്നു വാദിക്കുന്നുണ്ടെന്നും കൂഫക്കാരിൽ അനേകം ആളുകൾ സാക്ഷി പറഞ്ഞു. സിയാദ് ഈ സാക്ഷികളുടെ മൊഴികളെല്ലാം എഴുതിയെടുത്തു, അവയോടുകൂടി കുറെക്കാരെ ഖലീഫയുടെ തലസ്ഥാനമായ ഡമാസ്കസിലേക്കയച്ചു. ഇവർ മറജ്അദ്റാഅ് എന്നിടത്തു് എത്തിയപ്പോൾ അമീർ മുആവിയയുടെ ആജ്ഞപ്രകാരം ഹജർ ഉൾപ്പെടെ എട്ടു പേർ കൊല്ലപ്പെട്ടു. ശേഷമുണ്ടായിരുന്ന ആറു പേർ ഹസ്രത്തു് അലിയുടെ കക്ഷിയിൽപ്പെട്ടവരല്ലെന്നു മൊഴി കൊടുത്തതിനാൽ മോചിതരായി കൂഫയിലേക്കു് മടങ്ങിപ്പോന്നു.

ഹജർ ബന്ധനസ്ഥനായ വിവരം അറിഞ്ഞ ഉടനെ ഉമ്മുൽമുഅ്മിനീൻ ഹസ്രത്തു് ആയിശാ (റ) അയാൾക്കു് വേണ്ടി ശുപാർശ ചെയ്വാനായി, അബ്ദുർറഹ്മാനുബ്നു ഹാരിസ് എന്ന ആളെ അമീർ മുആവിയയുടെ അടുക്കലേക്കയച്ചിട്ടുണ്ടായിരുന്നു. എങ്കിലും അബ്ദുർറഹ്മാൻ ഡമാസ്കസിലെത്തിയപ്പോഴേക്കു് ഹജർ കൊല്ലപ്പെട്ടു പോയി. അയാൾ മഹാനും ഭക്തനുമായിരുന്നതുകൊണ്ടു ഈ വർത്തമാനം അറിഞ്ഞപ്പോൾ ഹസ്രത്തു് ആയിശാക്കു് അതിയായ മനോവേദനയുണ്ടായി.

സിയാദ് ഹിജ്റഃ 53–ൽ പ്ലേഗ് രോഗത്താൽ നിര്യാതനായി. ഇറാഖിൽ അദ്ദേഹം അംഗീകരിച്ചിരുന്ന മർദ്ദനനയം ഒരിക്കലും അഭിനന്ദനീയമല്ല. ഓടിപ്പോയവനു പകരം സ്ഥിരവാസിയേയും അടിമയ്ക്കു പകരം യജമാനനേയും അപരാധിക്കു പകരം നിരപരാധിയേയും അദ്ദേഹം ശിക്ഷിച്ചു. ഇതെല്ലാം ഇസ്ലാമിക നിയമത്തിനു കേവലം വിരുദ്ധമായിരുന്നു. കുറ്റങ്ങൾ വർദ്ധിച്ചു ജനാവലിയുടെ നടപടികൾ തീരെ മോശസ്ഥിതിയിലാകുന്ന അവസരങ്ങളിൽ ചില കഠിന ഹൃദയന്മാരായ ഉദ്യോഗസ്ഥന്മാർ ഈ വിധത്തിലുള്ള ഭരണനയം കൈക്കൊള്ളാറുണ്ടെന്നു സമ്മതിക്കാം. എന്നാൽ സിയാദിന്റെ ഉദ്യോഗകാലത്തു ചുരുക്കം ചില ഖാരിജികൾ മാത്രമേ അക്രമത്തിലേക്കു് മുതിർന്നിരുന്നുള്ളൂ. സിയാദ് ശരിയായ സമാധാനം നിലനിർത്തിയെങ്കിലും, അതിനുവേണ്ടി അദ്ദേഹം ഇസ്ലാമികനിയങ്ങളെ അതിലംഘിക്കുകയും അന്യായമായ രക്തപ്രവാഹങ്ങളുണ്ടാക്കുകയും ചെയ്തുകളഞ്ഞു. നീതിന്യായ നിയമങ്ങളെ ആദരിച്ചുകൊണ്ടു് കുറ്റങ്ങളെ നിർത്തൽ ചെയ്യുന്ന ഭരണസമ്പ്രദായം മാത്രമേ പ്രശംസാർഹമായിരിക്കയുള്ളൂ.

എന്നാൽ അക്രമവും രക്തപ്രവാഹവും എത്ര തന്നെ സിയാദ് നടത്തിയിട്ടുണ്ടായിരുന്നുവെങ്കിലും ഇറാഖുഭരണം കൈയേറ്റ മിക്ക ഉദ്യോഗസ്ഥന്മാരിലും വെച്ചു അദ്ദേഹം നല്ലവനായിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലത്തു് ഇറാഖിൽ സമാധാനത്തിനു പുറമെ നാഗരികതയും വർദ്ധിക്കുകയുണ്ടായി. പ്രജകൾ പൊതുവെ സംതൃപ്തരായി. അദ്ദേഹം കൃത്യസമയത്തു തന്നെ എല്ലാവർക്കും ശമ്പളം കൊടുത്തു. തങ്ങൾക്കിഷ്ടമുള്ള അവസരങ്ങളിലെല്ലാം സാധുക്കൾ അദ്ദേഹത്തെ ചെന്നു കാണുകയും അവർക്കു വേണ്ട സഹായം ചെയ്വാൻ അദ്ദേഹം സന്നദ്ധനാവുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ സത്യസന്ധതയെയും വാഗ്ദാന നിർവ്വഹ

ണത്തെയും കുറിച്ചു സവ്വ ജനങ്ങൾക്കും ദൃഢവിശ്വാസമുണ്ടായിരുന്നു.

ഇറാഖുകാർ കലഹപ്രിയന്മാരായിരുന്നുവെന്ന പരമാർത്ഥത്തെ ചരിത്രം വ്യസനസമേതം പ്രദർശിപ്പിക്കുന്നുണ്ട്. മർദ്ദനം കൊണ്ടും രക്തപ്രവാഹം കൊണ്ടുമല്ലാതെ അവർ സ്വൈ്യപന്ഥാവിനെ അനുഷ്ഠിച്ചിരുന്നില്ല. സൌമ്യശീലന്മാരും ദയാലുക്കളുമായിരുന്ന ഉദ്യോഗസ്ഥന്മാർ ചെന്നാൽ അവരെ ദ്രോഹിക്കുകയായിരുന്നു ഇറാഖുകാർ ചെയ്തിരുന്നതു്.

മുഗീറത്തുബ്നുശഅ്ബഃ

സിയാദിന്റെ ഭരണത്തെ അപേക്ഷിച്ചു വളരെ ശാന്തതയോടു കൂടിയായിരുന്നു മുഗീറത്തുബ്നുശഅ്ബഃ കൂഫാരാജ്യം ഭരിച്ചിരുന്നതു്. ജനങ്ങൾ അദ്ദേഹത്തിന്റെ അരികെ ചെന്നു ഓരോരുത്തനെകുറിച്ചു ശീഇയാണെന്നും ഖാരിജിയാണെന്നും പറഞ്ഞിരുന്നതിനെ അദ്ദേഹം വിലവെച്ചില്ല. ആളുകൾ എല്ലാ കാലങ്ങളിലും ഭിന്നാഭിപ്രായക്കാരായിരിക്കുന്നതാണെന്നു അൽലാഹു തന്നെ പറഞ്ഞിട്ടുണ്ടെന്നും അവരുടെ അഭിപ്രായ ഭേദങ്ങളെ ന്യായവിസ്താരകാലത്തു അവൻ തന്നെ തീർച്ചപ്പെടുത്തുന്നതാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ സമാധാനം. മുഗീറത്തിന്റെ ഇത്തരം അഭിപ്രായങ്ങൾ കേട്ടപ്പോൾ ജനങ്ങൾക്കു അദ്ദേഹത്തെക്കുറിച്ചു ഭയമില്ലാതായി. യഥാർത്ഥ മുസ്ലിംകളോടു പോരാടുവാൻ ഖാരിജികൾ പരസ്പരം കൂടിയാലോചന നടത്തി. അങ്ങിനെ ചെയ്യാതിരിക്കുന്നതു കുറ്റമാണെന്നായിരുന്നു അവരുടെ ധാരണ. അവർ ഹിയാനുബ്നു സബ്നിയാൻ എന്ന ആളുടെ ഭവനത്തിൽ യോഗം കൂടി ഹിജ്റഃ 43 ശവ്വാൽ 1–ാംനു പെരുന്നാൾ ദിവസം പുറത്തിറങ്ങി സവ്വ മുസ്ലിംകളോടും പോർ തുടങ്ങേണമെന്നു തീർച്ചപ്പെടുത്തുകയും മുസ്ത്തൌരിദുബ്നു അൽഖമഃ എന്ന ആളെ നേ

താവായി തിരഞ്ഞെടുക്കുകയും ചെയ്തു. ഈ വർത്തമാനം അറിഞ്ഞപ്പോൾ മുഗീറഃ അവരുടെ നേരെ ഭടന്മാരെ അയച്ചു. ഭടന്മാർ മേൽ പ്രസ്താവിച്ച വീട്ടു വളഞ്ഞു അവിടെ നിന്നു കണ്ടു കിട്ടിയ കുറക്കാരെ പിടിച്ചു കൊണ്ടു വന്നു. മുഗീറഃ അവരെ തടവിലാക്കി. വർത്തമാനം അറിഞ്ഞ ഉടനെ മുസ്തഫരിദ് 300 അനുചരന്മാരെയും കൊണ്ടു കൂഫയിൽ നിന്നു പോയിക്കളഞ്ഞു.

അനന്തരം മുസ്തഫരിദിന്റെ നേരെ ആരെയാണു് അയക്കേണ്ടതെന്നു മുഗീറഃ തന്റെ അനുചരന്മാരോടു് ആലോചിച്ചു. കൂഫയിലെ സർവ്വ നായകന്മാരും അയാളുടെ ശത്രുക്കളാകയാൽ അദ്ദേഹത്തിനിഷ്ടമുള്ള ആളെ അയക്കാവുന്നതാണെന്നും ഒരാളും വിസമ്മതം പ്രദർശിപ്പിക്കയില്ലെന്നും അദിയുബ്നുഹാത്തം അഭിപ്രായപ്പെട്ടു. മുസ്തഫരിദിനോടു യുദ്ധം ചെയ്യേണ്ടതിന്നു, തന്നെ അയക്കേണമെന്നും ജനദ്രോഹിയും നാശകാംക്ഷിയും അഹ്ലുബൈത്തിന്റെ ബദ്ധ വൈരിയുമായ അയാളോടു തനിക്കു കഠിന വിരോധമുണ്ടെന്നും മിഅ്ഖലുബ്നുഖൈസ് എന്ന നായകൻ പ്രസ്താവിച്ചു.

മുഗീറഃ മിഅ്ഖലിന്റെ നായകത്വത്തിൽ 3000 ശീയികളെ (അലിയുടെ പക്ഷം ചേർന്നിരുന്നവർ) തിരഞ്ഞെടുത്തു ഖാരിജികളുടെ നേർക്കയച്ചു. ഈ സൈന്യവും ഖാരിജികളും തമ്മിൽ പല സമരങ്ങളുണ്ടായി. ഖാരിജികൾ എണ്ണത്തിൽ 300 പേർ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും, സർവ്വ സമരങ്ങളിലും അവർ വിജയം പ്രാപിച്ചുകൊണ്ടിരുന്നു. അവസാനം മുസ്തഫരിദിനോടു നേരിടേണ്ടതിന്നു മിഅ്ഖൽ തന്നെ പോർക്കളത്തിലേക്കു ചെന്നു. മുസ്തഫരിദിന്റെ വാൾ മിഅ്ഖലിന്റെ ശിരസ്സിലും, മിഅ്ഖലിന്റെ കുന്തം മുസ്തഫരിദിന്റെ നെഞ്ചത്തും ഏറ്റതിനാൽ ഇരുപേരും ഒരുമിച്ചു പോർക്കളത്തിൽ വീണു മരിച്ചു. മുസ്

തെയ്യരിദിന്റെ മരണത്തോടുകൂടി ഖാരിജികൾ യുദ്ധത്തിൽ തോറ്റു. അഞ്ചു പേരൊഴിച്ചു എല്ലാവരും വധിക്കപ്പെട്ടു.

ഹസ്രത്ത് മുഗീറഃ ഏഴു കൊല്ലവും ഏതാനും മാസങ്ങളും കാലം കൂഫയിൽ ഭരണം നടത്തി. അദ്ദേഹത്തെക്കാൾ ഉത്തമനായി ഒരു ഭരണാധികാരിയും കൂഫാപട്ടണത്തിൽ ചെന്നിരുന്നില്ലെന്നു ഇമാംശഅ്ബീ പ്രസ്താവിച്ചിരുന്നു. അദ്ദേഹം സമാധാന തല്പരനും സദ്വൃത്തനും മുൻഗാമികളായിരുന്ന സജ്ജനങ്ങളിൽ അന്നു ശേഷിച്ചിരുന്ന ഒരു മഹാനുമായിരുന്നു. മുഗീറഃ ഹസ്രത്ത് അലിയേയും ഹസ്രത്ത് ഉസ്മാന്റെ ഘാതകന്മാരെയും എപ്പോഴും അധിക്ഷേപിച്ചു വന്നിരുന്നുവെന്നാണ് ജനങ്ങൾക്കു അദ്ദേഹത്തെക്കുറിച്ചു ഒരാക്ഷേപമുള്ളതു്. ഹിജ്റഃ 51–ലാണു് അദ്ദേഹം നിര്യാതനായതു്.

ഉബൈദുല്ലാഹിബ്നുസിയാദ്.

അമീർ മുആവിയ ഹിജ്റഃ 55–ൽ ഉബൈദുല്ലാഹിബ്നു സിയാദിനെ ബസ്രയിൽ ഗവണ്മെന്റാക്കി. സിയാദിന്റെ പുത്രനാകയാൽ ഇബ്നുസിയാദ് എന്ന പേരിലാണു് അദ്ദേഹം പ്രസിദ്ധനായതു്. ഇബ്നുസിയാദ് ഖാരിജികളെ കഠിനമായി ശിക്ഷിച്ചു. ഹിജ്റഃ 58–ൽ അദ്ദേഹം അനേകം ഖാരിജികളെ പിടിച്ചു കൊന്നുകളഞ്ഞു. കൊലയെ ഭയന്നു ഓടിപ്പോയിരുന്നവരുടെ നേരെ പട്ടാളക്കാരെ അയക്കുകയും ചെയ്തു.

ഒരിക്കൽ ഇബ്നുസിയാദ് കൂതിരപ്പന്തയത്തിൽ ഏർപ്പെട്ടിരുന്ന മദ്ധ്യേ ഉർവത്ത് എന്നു പേരായ ഒരു ഖാരിജി അദ്ദേഹത്തെ ശകാരിക്കുകയുണ്ടായി. ഉർവത്തിന്റെ കൂടെ വേറെയും ആളുകളുണ്ടായിരിക്കുമെന്നും അല്ലാത്ത പക്ഷം അയാൾക്കു അങ്ങിനെ പറവാൻ ധൈര്യമുണ്ടാകുമായിരുന്നില്ലെന്നും വിചാരിച്ചു അദ്ദേഹം പന്തയം ഉപേക്ഷിച്ചു സഭാസതിയിലേക്കു പോയി. ഉർവത്ത് ഭയവിഹ്വലനായി മറ

ഞ്ഞുനിന്നുവെങ്കിലും പട്ടാളക്കാർ അയാളെ തിരഞ്ഞുപിടിച്ചു. ഇബ്നുസിയാദ് അയാളുടെ കൈയും കാലും ഛേദിച്ചുകളഞ്ഞു. ''നീ നശിച്ചുപോകട്ടെ'' എന്നു പറഞ്ഞുകൊണ്ട് ഇബ്നുസിയാദ് ശപിച്ചപ്പോൾ ''എന്റെ ഇഹലോക ജീവിതത്തെ കഷ്ടതരമാക്കുകയും നിങ്ങളുടെ പരലോക സുഖത്തെ നഷ്ടപ്പെടുത്തുകയുമാണു് നിങ്ങൾ ചെയ്തതു്'' എന്നു ഉറ്റുത്ത് മറുപടി പറഞ്ഞു. ഇബ്നുസിയാദ് അയാളെ കൊന്നുകളഞ്ഞു. അനന്തരം ഉറ്റുത്തിന്റെ സോദരിയെയും അദ്ദേഹം കൊല്ലുകയുണ്ടായി. ഉർവത്തിന്റെ സഹോദരൻ മുർദാസ് എന്ന ആളും ഇബ്നുസിയാദിനു കീഴടങ്ങാൻ കൂട്ടാക്കിയില്ല. അയാൾ നാല്പതു സഹചരന്മാരോട്ടു കൂടി അഹ്വാസിൽ പോയി. ഇബ്നുഹിസൻ തമീമി എന്ന പടനായകനോട്ടു കൂടി രണ്ടായിരം ഭടന്മാരെ ഇബ്നുസിയാദ് അവരുടെ നേരെ അയച്ചു. ആ നാല്പതു ഖാരിജികൾ രണ്ടായിരം പടയാളികളടങ്ങിയ ഈ സൈന്യത്തെ തോല്പിച്ചുകളയുകയാണുണ്ടായതു്.

അമീർ മുആവിയയുടെ കീഴിൽ ഈജിപ്തിൽ ഗവണ്ണരായിരുന്നതു് ഹസ്രത്ത് അംറുബ്ന ആസ്സിയായിരുന്നു. അദ്ദേഹം മരിച്ചതിൽപ്പിന്നെ അദ്ദേഹത്തിന്റെ മകൻ അബ്ദുല്ല ആ ഉദ്യോഗം വഹിച്ചു. ഹിജാസിന്റെ ഭരണാധികാരം എപ്പോഴും ബന്ധുമയ്യാ ഗോത്രനായകന്മാക്കും വിശേഷിച്ചു അവരിൽപ്പെട്ട മർവാനുബ്നുൽഹക്കം, സഈദുബ്നുൽ ആസ്സി ഇവക്കുമായിരുന്നു ലഭിച്ചിരുന്നതു്. ഇവർ രണ്ടു പേരും മക്കാ, മദീനാ, എന്നീ പട്ടണങ്ങളെ മാറി മാറി ഭരിച്ചുവന്നു. ഹാജിമാരുടെ നായകത്വം സ്വയം വഹിച്ചുകൊണ്ടു ഹജ്ജിനു വരുന്നതിനു പകരം ഈ രണ്ടു ഉദ്യോഗസ്ഥന്മാരിൽ ഒരാളെ പ്രതിനിധിയായി നിയമിച്ചയക്കുകയാണ് മുആവിയ ചെയ്തിരുന്നതു്.

മുആവിയ കീഴടക്കിയ രാജ്യങ്ങൾ.

അമീർ മുആവിയായുടെ ഭരണകാലത്തു സാമ്രാജ്യത്തിന്റെ കിഴക്കെ അതൃത്തിയിൽ കൂട്ടതൽ രാജ്യങ്ങൾ മുസ്ലിംകൾക്കു് അധീനമായില്ല. ചിലയിടങ്ങളിൽ ഉത്ഭവിച്ചിരുന്ന കലഹങ്ങൾ ഒതുക്കുക മാത്രമാണ് അന്നു ചെയ്തിരുന്നതു്. സിന്ധിന്റെ അതിത്തിയിൽ നിയമിക്കപ്പെട്ടിരുന്ന അബ്ദുല്ലാ ഹിബ്നുസവാർ, ഖീഖാൻ രാജ്യത്തോടു രണ്ടു തവണ യുദ്ധം നടത്തി. രണ്ടാമത്തെ യുദ്ധത്തിൽ ഖീഖാൻകാർ തുർക്കികളെ സഹായത്തിനുകൂട്ടി. അബ്ദുല്ല വധിക്കപ്പെട്ടു. അനന്തരം ഇസ്ലാമിലെ ഒരു വിശ്രുത സേനാനായകനായിരുന്ന മിഹ്ലബുബ്നുഅബീസുഫ്റഃ ആ രാജ്യത്തോടു യുദ്ധം ചെയ്തു. അദ്ദേഹം വിജയം പ്രാപിക്കുകയും ഖാബൂൽ പട്ടണത്തിനും മുൽത്താനും മദ്ധ്യേ സ്ഥിതി ചെയ്യുന്ന "ബനു" എന്ന പ്രദേശം വരെ കൈവശപ്പെടുത്തുകയും ചെയ്തു. ഒരിക്കൽ മിഹ്ലബ് ഏകനായി വഴിയിൽ നിന്നിരുന്നതു് കണ്ട 18 തുർക്കിപ്പടയാളികൾ ഏകോപിച്ചുകൊണ്ടു് അദ്ദേഹത്തെ വളഞ്ഞുവെങ്കിലും അവരെ മുഴുവനും അദ്ദേഹം കൊന്നുകളഞ്ഞ വസ്തുത പ്രത്യേകം പ്രസ്താവയോഗ്യമാണു്. തുർക്കിപ്പട്ടാളക്കാരുടെ ഇടയിൽ കുതിരകളുടെ വാലിൽ നിന്നു രോമം മുറിച്ചുകളയുന്ന സമ്പ്രദായം ഉണ്ടായിരുന്നു. ഈ സമ്പ്രദായം നല്ലതാണെന്നു കണ്ടു മിഹ്ലബ് തന്റെസൈന്യത്തിലും അതു നടപ്പാക്കി.

അമീർ മുആവിയയുടെ ഭരണകാലത്തു റോമക്കാരുടെ നേരെയായിരുന്ന മുസ്ലിംകൾ അധികം ദൃഷ്ടി പതിച്ചിരുന്നതു്. റോമാക്കാരുടെ ശക്തി അന്നും ക്ഷയിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ ഭരണകാലത്തു് കോൺസ്റ്റാണ്ട്യൻ (ഖുസ്ത്തന്തീൻ) ബൂഗാനാത്തസ് ഇങ്ങിനെ രണ്ടു ചക്രവർത്തിമാർ റോമാസാമ്രാജ്യത്തിന്റെ ആധിപത്യം വഹിക്കുകയുണ്ടായി. ആദ്യത്തെ ആൾ ഹിർഖലിന്റെ പുത്രനാകുന്നു. അയാൾ

ക്രിസ്താബ്ദം 641 മുതൽ 668 വരെ രാജ്യംഭരിച്ചു. 668-ൽ സീ ഹാസനാരോഹണം ചെയ്തു. 687 വരെ രാജ്യം ഭരിച്ചതു ബൃഗാനാത്തസായിരുന്നു. ഈ രണ്ടു ചക്രവർത്തിമാരും മുസ്ലീം രാജ്യങ്ങളെ ആക്രമിച്ചു കൊണ്ടിരുന്നു. ഇവരുമായി യുദ്ധം ചെയ്വാൻ വേണ്ടി അമീർമുആവിയ കര സൈന്യത്തെയും നാവിക സൈന്യത്തെയും പ്രത്യേകം തയ്യാറാക്കി സൈനിക ശക്തി വർദ്ധിപ്പിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു ശത്രുക്കളോടു നേരിടത്തക്കവണ്ണം 1700 യുദ്ധക്കപ്പലുകൾ സദാ തയ്യാറായി നിന്നിരുന്നു. നാവിക സൈന്യത്തിന്റെ നായകൻ ജുനാദത്തുബ്നുഅബീഉമയ്യത്ത് എന്ന മഹാനായിരുന്നു. അദ്ദേഹം പല പ്രാവശ്യം സമുദ്രത്തിൽ വെച്ചു പോരാടി റോമക്കാരെ തോല്പിക്കുകയും സൈപ്രസ്, റോഡസ് മുതലായ രാജ്യങ്ങൾ കൈവശപ്പെടുത്തുകയുമുണ്ടായി. നാവിക ഭടന്മാർക്കു മറ്റുള്ളവരേക്കാൾ ശമ്പളം നിശ്ചയിച്ചിരുന്നതുകൊണ്ടു മുസ്ലീംകൾ അതിൽ സന്തോഷസമേതം ചേർന്നിരുന്നു.

കര സൈന്യത്തിൽ ശാത്തിയാ, സായിഫാ ഇങ്ങിനെ രണ്ടു വിഭാഗമുണ്ടായിരുന്നു. ശൈത്യകാലത്തു യുദ്ധത്തിനു പോകുന്ന സൈന്യത്തിനു ശാത്തിയാ എന്നും ഉഷ്ണകാലത്തു പോകുന്ന സൈന്യത്തിനു സായിഫാ എന്നും പേർ. മുആവിയയുടെ കാലത്തു സമുദ്രത്തിലും കരയിലും തുടർച്ചയായി യുദ്ധമുണ്ടായിക്കൊണ്ടിരുന്നു.

ഹിജ്റഃ 47-ൽ അദ്ദേഹം റോമാക്കാരുടെ തലസ്ഥാനമായിരുന്ന കോൺസ്റ്റാണ്ടിനോപ്പിളിനെ ആക്രമിക്കുവാൻ ഒരുങ്ങി. അതിനുവേണ്ടി ഒരു വമ്പിച്ച സൈന്യം ശേഖരിച്ചു സുഫ്യാനുബ്നുഔഫിനെ സേനാനായകനായി നിയമിച്ചു. ഒരു ഉപസേനയുടെ അധിപനായി സ്വപുത്രനായ യസീദിനെയും അദ്ദേഹം അയയ്ക്കുകയുണ്ടായി. തന്റെ സമുദായത്തിൽ നിന്നു ബൈസന്റിന്റെ പട്ടണത്തെ ആക്രമിക്കുന്ന പ്രഥമ ഭടന്മാരുടെ പാപങ്ങളെ അല്ലാഹു പൊറുക്കുന്നതാണു് എന്നു

റസൂൽ തിരുമേനി അരുളിയിട്ടുണ്ടായിരുന്നു. തിരുമേനിയുടെ ഈ വചനത്തെ ഇമാം ബുഖാരി 'സഹീഹി'ൽ ഉദ്ധരിച്ചിരിക്കുന്നു. നബി ഇങ്ങനെ പ്രസ്താവിച്ചതുകൊണ്ടു മദീനയിൽ നിന്നു അബ്ദുല്ലാഹിബ്നുഉമർ, അബ്ദുല്ലാഹിബ്നു സുബൈർ, അബ്ദുല്ലാഹിബ്നുഅബ്ബാസ്, അബൂഅയ്യൂബ് അൻസാരി തുടങ്ങി അനേകം സഹാബികൾ ചെന്നു ഈ സൈന്യത്തിൽ ചേർന്നു. ഇമാം ഹുസൈനും (റ) ചേർന്നിരുന്നതായി ചില ചരിത്രങ്ങളിൽ കാണുന്നുണ്ട്.

സൈന്യം കരവഴിക്കും സമുദ്രവഴിക്കും പോയി കോൺസ്റ്റാണ്ടിനോപ്പിളിനെ വളഞ്ഞു. ഇരു കക്ഷികളുടേയും ഇടയിൽ പല പ്രാവശ്യം കഠിനമായ സമരം നടന്നു. ഈ യുദ്ധത്തിൽത്തന്നെ പ്രാണാപായം നേരിടേണമെന്ന പ്രത്യാശയോടുകൂടി അബ്ദുൽഅസീസുബ്നുസുറാറത്ത് എന്ന മുസ്ലിം ഭടൻ സൈന്യത്തിന്റെ മുന്നണിയിൽ കടന്നു പോരാടിക്കൊണ്ടിരുന്നു. എന്നിട്ടും ആഗ്രഹം സാധിക്കാഞ്ഞതിനാൽ അവസാനം അദ്ദേഹം ശത്രുസൈന്യത്തിന്റെ ഇടയിൽത്തന്നെ പ്രവേശിച്ചു മരിക്കുന്നതിനു ധൈര്യസമേതം പോരാടി. ഈ വർത്തമാനം അറിഞ്ഞ അവസരത്തിൽ അമീർ മുആവിയക്കു വളരെ വ്യസനമുണ്ടായി. ഈ വർത്തമാനം അറിയിച്ചുകൊണ്ട് "അറബികളുടെ ധീര പുരുഷൻ നഷ്ടപ്പെട്ടു"വെന്നാണു് അദ്ദേഹം അബ്ദുൽ അസീസിന്റെ പിതാവായ സുറാറത്തിനോടു പറഞ്ഞതു്. "ഏതു ധീര പുരുഷൻ? എന്റെ മകനോ, അതല്ല, താങ്കളുടെ മകനോ?" എന്നു സുറാറത്തു ചോദിച്ചു. "നിങ്ങളുടെ മകൻ തന്നെ. അദ്ദേഹം പ്രദർശിപ്പിച്ച ധീരോദാത്തതയ്ക്കു അല്ലാഹു നിങ്ങൾക്കു പ്രതിഫലം തരട്ടെ!" എന്നു മുആവിയ മറുപടി പറഞ്ഞു. സുറാറത്തു് തനിക്കുണ്ടായ വ്യസനമെല്ലാം അടക്കിവെച്ചുകൊണ്ടു് മകനുവേണ്ടി പ്രാർത്ഥിച്ചു.

കോൺസ്റ്റാണ്ടിനോപ്പിൾ ഒരു ശക്തിമത്തായ പട്ടണമായിരുന്നതോടുകൂടി പ്രകൃത്യാ സുരക്ഷിതവുമായിരുന്നതിനാൽ അതിനെ കീഴടക്കുവാൻ മുസ്ലിം സൈന്യത്തിന്നു ഈ ആക്രമണം കൊണ്ടു സാധിച്ചില്ല. മുസ്ലിംകളുടെ അനേകം കപ്പലുകൾ റോമക്കാർ അഗ്നിക്കിരയാക്കി. അവിടത്തെ ശൈത്യവും മുസ്ലിംകൾക്കു അസഹനീയമായി. ഇങ്ങിനെ വിവിധ പ്രതിബന്ധങ്ങൾ നേരിട്ടതിനാൽ ഒട്ടധികം നഷ്ടങ്ങളോടുകൂടി മുസ്ലിം സൈന്യം മടങ്ങിപ്പോരേണ്ടി വന്നു. അവർ പട്ടണത്തെ വളഞ്ഞു നിന്നിരുന്നതിനിടയിൽ ഹസ്രത്ത് അബൂഅയ്യൂബ് അൻസാരി കാലഗതിയടഞ്ഞു. റസൂൽ തിരുമേനി സന്ദേശം വെടിഞ്ഞു മദീനയിൽ ചെന്ന കാലത്തു അദ്ദേഹത്തിന്റെ സല്ക്കാരത്തെയായിരുന്നു ഒന്നാമതായി സ്വീകരിച്ചിരുന്നതു്. മുസ്ലിംകൾ അദ്ദേഹത്തെ പട്ടണത്തിന്നു പുറത്തും പട്ടണമതിലോടടുത്തുമുള്ള ഒരു സ്ഥലത്തു മറവു ചെയ്തു. പിന്നീടു ഉസ്മാനിയാ വംശജന്മാരായ തുർക്കികൾ ഈ പട്ടണം കൈവശമാക്കിയ കാലത്തു അദ്ദേഹത്തിന്റെ ഖബറിന്നരികെ ഒരു പള്ളി പണിയിക്കുകയുണ്ടായി. അതു് ജാമിഅ് അബീഅയ്യൂബ് എന്ന നാമധേയത്തിൽ ലോക പ്രസിദ്ധമായിത്തീർന്നിരിക്കുന്നു. ഉസ്മാനിയാ ഖലീഫമാരുടെ കിരീടധാരണം നടത്തപ്പെട്ടിരുന്നതു പ്രസ്തുത പള്ളിയിൽ വെച്ചായിരുന്നു.

ആഫ്രിക്കയിൽ "ബർഖഃ" വരെയുള്ള രാജ്യങ്ങൾ ഹസ്രത്ത് അംറുബ്നുആസ്സി ഈജിപ്ത് ഭരണകർത്താവായിരുന്ന കാലത്തു തന്നെ മുസ്ലിംകൾക്കു കീഴടങ്ങിയിരുന്നു. അമീർ മുഅവിയ, അഖബത്തുബ്ന നാഫിഅ് എന്ന ആളെ അവിടെയൊരു പ്രത്യേക സൈന്യാധിപനായി നിശ്ചയിക്കുകയും അദ്ദേഹത്തെ സഹായിപ്പാനായി പതിനായിരം ഭടന്മാരെ അയക്കുകയും ചെയ്തു. അഖബത്ത് ബർബരീ വർഗ്ഗക്കാരുമായി യുദ്ധംചെയ്തു അവരെ കീഴടക്കി. മുസ്ലിം, സേനാനായ

കന്മാർ പട്ടാളവുമായി ചെല്ലുമ്പോൾ ഇസ്ലാംമതം സ്വീകരിക്കുകയും പിന്നീട് തക്കം കിട്ടുമ്പോൾ ഇസ്‌ലാം മതം ഉപേക്ഷിച്ചു് രാജദ്രോഹത്തിനൊരുങ്ങുകയുമായിരുന്നു അവരുടെ പതിവു്. അതുകൊണ്ടു് അവിടെ ഒരു പ്രത്യേക സൈന്യതാവളം ഏർപ്പെട്ടുത്തുവാൻ അഖബത്ത് തീച്ചപ്പെടുത്തി. അതിന്നായി അദ്ദേഹം കൈറുവാൻ രാജ്യത്തു ജനവാസം ചെയ്യിച്ചു അതിനെ ഒരു പട്ടണമാക്കി തീർപ്പാനുള്ള പ്രവത്തികൾ ആരംഭിച്ചു. ഹിജ്‌റഃ 55–ൽ ആയിരുന്നു ഈ പ്രവത്തി പൂത്തിയായതു്. പട്ടണനിർമ്മാണത്തിന്നിടയിൽ തന്നെ അദ്ദേഹം നാനാഭാഗങ്ങളിലേക്കും പട്ടാളക്കാരെ അയച്ചുകൊണ്ടിരുന്നു. മിക്ക ബർബരീഗോത്രങ്ങളും ഇസ്ലാംമതം കൈക്കൊണ്ടു. മുസ്ലിം ഭടന്മാർ ഇങ്ങിനെ കൈറുവാനിൽ താമസമുറപ്പിച്ചപ്പോൾ നവമുസ്ലിംകൾ സ്ഥിരചിത്തന്മാരും നിർഭയന്മാരുമായി ഇസ്ലാംമതത്തിൽ ഉറച്ചുനിന്നു.

അമീർ മുആവിയയുടെ കീഴിൽ അക്കാലത്തു് ഈജിപ്തും ആഫ്രിക്കയും ഭരിച്ചിരുന്നതു് മസ്‌ലമത്തുബ്‌നുമുഖല്ലദ് എന്ന ആളായിരുന്നു. അദ്ദേഹം കൈറുവാൻ സൈന്യ നായകനായിരുന്ന മേൽ പ്രസ്താവിച്ച അഖബത്തിനെ നീക്കി പകരം തന്റെ അടിമയായിരുന്ന അബുൽമുഹാജിറിനെ നിയമിച്ചു. അബുൽമുഹാജിർ അവിവേകികളായ ചില ഉദ്യോഗസ്ഥന്മാരുടെ പതിവനുസരിച്ചു തന്റെ മുൻഗാമിയെ ആക്ഷേപിക്കുവാൻ തുടങ്ങി. അഖബത്തിന്റെ സ്വപ്രവത്തികളിൽ നിന്നും ദോഷഭാഗങ്ങൾ മാത്രം ഉദ്ധരിച്ചു അദ്ദേഹത്തെ അധിക്ഷേപിക്കുകയായിരുന്നു അബുൽമുഹാജിറിന്റെ പതിവു്.

ഒടുവിൽ അഖബത്ത് തന്നെ സിറിയായിൽ വന്നു അബുൽമുഹാജിറിന്റെ അഴിമതികളെക്കുറിച്ചു അമീർ മുആവിയയോടു് നേരിട്ടു സംസാരിച്ചു. മുആവിയ അദ്ദേഹത്തോടു കുറെ ദിവസംവരെ ക്ഷമിച്ചിരിക്കേണമെന്നു് ഉപദേ

ശിക്കുകയും അദ്ദേഹത്തെത്തന്നെ ആ ഉദ്യോഗത്തിൽ നിയമിക്കാമെന്നു ഏൽക്കുകയും ചെയ്തു.

യസീദിനു രാജ്യാവകാശം.

ക്ലഫാഗവണ്ണ്ണരായിരുന്ന മുഗീറത്തുബ്നുശഅ്ബഃ ഒരിക്കൽ ഡമാസ്കസിൽ ചെന്നപ്പോൾ യസീദുമായി കണ്ടുസംസാരിച്ചു. അവർ തമ്മിൽ നടന്ന സംഭാഷണം താഴെ ചേർക്കുന്നു:—

മുഗീറഃ— നബിയുടെ പ്രധാന സഖാക്കളും ഖുറൈശീ നായകന്മാരുമെല്ലാം മരിച്ചു. ഇനി അവരുടെ മക്കളാണ് ഉള്ളതു്. പദവി, അറിവു്, ഭരണസാമർത്ഥ്യം ആദിയായ കായ്ങ്ങളിലൊന്നുകൊണ്ടും താങ്കൾ അവരുടെ താഴെയല്ല. എന്നിരിക്കെ താങ്കളെ രാജ്യാവകാശിയാക്കുന്നതിനു അമീറുൽ മുഅ്മിനീനു (മുആവിയ) എന്താണു് തടസ്സമെന്നു അറിയുന്നില്ല.

യസീദ്—ഈ ഉദ്യമം സാദ്ധ്യമാകുമെന്നു നിങ്ങൾക്കു് അഭിപ്രായമുണ്ടോ?

മുഗീറഃ—തീർച്ചയായും സാദ്ധ്യമാണു്.

യസീദ്—ആ വർത്തമാനം അമീർ മുആവിയയെ അറിയിച്ചതിനാൽ അദ്ദേഹം മുഗീറയെ വരുത്തി ആലോചന നടത്തി.

മുഗീറഃ—ഹസ്രത്ത് ഉസ്മാന്റെ വധത്തോടുകൂടി ഉണ്ടായിട്ടുള്ള കക്ഷിമത്സരങ്ങളും രക്തപ്രവാഹങ്ങളുമെല്ലാം എന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടു്. അതുകൊണ്ടു് സമുദായത്തെ ഛിദ്രത്തിൽ നിന്നും പരസ്പര കലഹത്തിൽ നിന്നും രക്ഷിക്കുവാനായി താങ്കൾ യദീസിനെ രാജ്യാവകാശിയായി തിരഞ്ഞെടുപ്പിക്കുന്നതു് ഉത്തമമാണെന്നാണു് എന്റെ അഭിപ്രായം.

അല്ലാത്തപക്ഷം താങ്കൾക്കു ശേഷവും മുമ്പത്തെപ്പോലെത്തന്നെ ദുർഘടങ്ങൾ നേരിടുന്നതാണു്.

മുആവിയ—ജനങ്ങൾ യസീദിനെത്തന്നെ സ്ഥാനാവകാശിയായി തിരഞ്ഞെടുത്തു കൊള്ളുമെന്നതിനു എന്താണു് ലക്ഷ്യം?

മുഗീറഃ—കൂഫക്കാരുടെ കായ്യം ഞാൻ ഏറ്റുകൊള്ളാം. ബസറക്കാരെ സിയാദും തൃപ്തിപ്പെടുത്തിക്കൊള്ളുന്നതാണു്. ഇങ്ങിനെ ഇറാഖുകാർ മുഴുവനും തിരഞ്ഞെടുത്താൽപ്പിന്നെ എതിരഭിപ്രായം പ്രകടിപ്പിക്കുവാൻ ആർക്കും കഴിയുന്നതല്ല.

ഒട്ടുവിൽ അമീർ മുആവിയ, മുഗീറയോടു് കൂഫയിൽ പോയി അവിടത്തെ നായകന്മാരുമായി ആലോചിച്ചു തനിക്കു വിവരം കൊടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു് അദ്ദേഹത്തിനെ മടക്കി അയച്ചു. മുഗീറഃ കൂഫയിൽ ചെന്ന ഉടനെ അവിടത്തെ തലവന്മാരെ വിളിച്ചുവരുത്തി വിവരം പറഞ്ഞു. യസീദിനെ സ്ഥാനാവകാശിയായി തിരഞ്ഞെടുത്തുകൊള്ളാമെന്നു അവർ സമ്മതിച്ചു. അനന്തരം മുഗീറഃ സപുത്രനായ മൂസ്സയോടുകൂടി, കൂഫാപ്രധാനികളിൽ നിന്നു ഒരു നിവേദകസംഘത്തെ തിരഞ്ഞെടുത്തു ഡമാസ്കസിലേക്കു അയച്ചു. യസീദിനെ തിരഞ്ഞെടുപ്പിക്കുന്നതു തങ്ങൾക്കു സമ്മതമാണെന്നു് നിവേദകസംഘം മുആവിയയെ അറിയിച്ചു. ഈ അഭിപ്രായത്തിൽ നിന്നു തെറ്റിക്കളയരുതെന്നും അവസരോചിതം തങ്ങൾ ചെന്നു ബൈഅത്തു വാങ്ങിക്കൊള്ളുന്നതാണെന്നും പറഞ്ഞു, നിവേദകസംഘത്തെ മുആവിയ മടക്കിഅയച്ചു. ഈ നിവേദകസംഘത്തിന്റെ ആഗമനത്താൽ അമീർ മുആവിയയുടെ അഭിലാഷം ദൃഢീഭവിച്ചു. ബസറാ പ്രധാനികളുമായി ആലോചന നടത്തേണ്ടതിനു അവിടെ ഗവർണ്ണരായിരുന്ന സിയാദിനും അദ്ദേഹം കത്തെഴുതി. സിയാദ് അവിടത്തെ പ്രധാന നേതാക്കന്മാരിലൊരാളായിരുന്ന "ഉബൈദുബ്

നകഅ്ബ് നമീരി''യെ വരുത്തി മുആവിയയുടെ കത്തു കാണിച്ചുകൊണ്ട് അദ്ദേഹത്തോട്ട് ഇങ്ങിനെ പ്രസ്താവിച്ചു. ''ഈ ഉദ്യമത്തെ തല്ലാലം നിറുത്തിവെക്കേണ്ടതാണെന്ന് മറ്റപടി എഴുതണമെന്നാണ് എന്റെ അഭിപ്രായം. യസീദ് കൃത്യബോധമില്ലാത്ത ഒരു യുവാവും രാവും പകലും നായാട്ടിൽ ഏർപ്പെട്ട വരുന്നവനുമാണെന്ന എല്ലാവക്കും അറിയാം. അതുകൊണ്ട യദീസിനെ ബൈഅത്ത് ചെയ്യുന്നതിന്ന (തിരഞ്ഞെടുക്കുന്നതിന്ന) ജനങ്ങൾ മടിച്ചുകളയുമെന്ന് എനിക്കു ഭയമുണ്ട്''. ഇതിന്ന ഉബൈദ് പറഞ്ഞ മറുപടി ഇപ്രകാരമായിരുന്ന. ''അമീറിന്റെ ആലോചന ശരിയാണെന്നാണ് എന്റെ അഭിപ്രായം. ഞാൻ തന്നെ ഡമാസ്കസിൽ പോയി യസീദുമായി കാണാം. അദ്ദേഹത്തിന്ന സ്ഥാനാവകാശിയായിത്തീരുവാൻ മാറ്റുമുണ്ടെന്നും അദ്ദേഹം നായാട്ടിൽ സമയം നഷ്ടപ്പെട്ടുന്നതിനെക്കുറിച്ചു ജനങ്ങൾക്കു ആക്ഷേപമുണ്ടെന്നും പറഞ്ഞു താമസമെന്യേ നല്ല നടപടിയെ കൈക്കൊള്ളുവാൻ ഉപദേശിക്കുകയും ചെയ്യാം. ഇങ്ങിനെ ചെയ്യുന്നതായാൽ യദീസിന്റെ നടപടി നന്നായത്തീരുന്നതും അമീറിന്റെ അഭിലാഷം എളുപ്പത്തിൽ നിറവേറുന്നതുമാണ്.'' ഇതു കേട്ട സിയാദ് സന്തോഷിക്കുകയും ഉടനെത്തന്നെ അദ്ദേഹത്തെ ഡമാസ്കസിലേക്കു അയക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ചു യദീസ് സദ്വൃത്തനായിത്തീന്നതിനാൽ പിന്നീട ജനങ്ങൾ അദ്ദേഹത്തെ ദുഷിക്കുവാനിടവന്നില്ല.

യസീദിന്ന രാജ്യാവകാശം നൽകുന്നതിനെക്കുറിച്ചു അമീർ മുആവിയ, മദീനാ ഭരണകർത്താവായിരുന്ന മർവാനു ബ്നുഹക്കമിന്ന താഴെ പറയും പ്രകാരം കത്തെഴുതി.

''എനിക്കു വാർദ്ധക്യം വർദ്ധിക്കുകയും എന്റെ അസ്ഥികൾക്കു ബലം കുറയുകയും ചെയ്തു. എന്റെ മരണാന

ന്തരം സമുദായത്തിൽ കലഹമുണ്ടായേക്കുമെന്നു് എനിക്കു് ഭയമുണ്ടു്. അതുകൊണ്ടു് എന്റെ ജീവിതത്തിൽത്തന്നെ എനിക്കുശേഷം ഖലീഫയാകേണ്ടതു് ആരാണെന്നു് നിജപ്പെട്ടത്തണമെന്നു ഞാൻ വിചാരിക്കുന്നു. എങ്കിലും മദീനക്കാരുമായി ആലോചിക്കാതെ അങ്ങിനെ ചെയ്യുന്നതു് യുക്തമാണെന്നു് തോന്നുന്നില്ല. അതുകൊണ്ടു് ഈ കാര്യത്തെക്കുറിച്ചു് അവിടത്തെ യോഗ്യന്മാരുമായി ആലോചിച്ചു അവരുടെ മറുപടി എന്താണെന്നു് എന്നെ അറിയിക്കണം'.

മർവാൻ മദീനയിലെ തലവന്മാരെ വിളിച്ചുവരുത്തുകയും കത്തു വായിച്ചു് അവരെ കേൾപ്പിക്കുകയും ചെയ്തു. അവരെല്ലാവരും അമീറിന്റെ ആലോചന ശരിയാണെന്നു് അഭിപ്രായപ്പെട്ടകയും സമുദായഗുണത്തെ മുൻനിറുത്തി വേണ്ടതുപോലെ ആലോചന നടത്തിയതിന്നുശേഷം ഇഷ്ടമുള്ള ആളെ അദ്ദേഹം രാജ്യാവകാശിയാക്കിക്കൊള്ളട്ടെ എന്നു സമ്മതിക്കുകയും ചെയ്തു. മർവാന്റെ മറുപടി കിട്ടിയതിന്നുശേഷം അമീർ മുആവിയ മറെറാരു കത്തുകൂടി മദീനയിലേക്കു് അയച്ചു. സമുദായക്ഷേമത്തെ മുൻനിറുത്തി നല്ലപോലെ ആലോചിച്ചതിൽപ്പിന്നെ യസീദിനെ താൻ രാജ്യാവകാശിയായി തിരഞ്ഞെടുത്തിരിക്കുന്നുവെന്നായിരുന്നു ആ കത്തിൽ പ്രസ്താവിച്ചിരുന്നതു്. മർവാൻ ഈ കത്തും മദീനക്കാക്കു വായിച്ചു കേൾപ്പിച്ചു. തദവസരത്തിൽ അബ്ദുർറഹ്മാനുബ്നു അബീബക്കർ ഇങ്ങിനെ പറഞ്ഞു. "നിങ്ങൾ സമുദായ ഗുണത്തെ കാംക്ഷിക്കുന്നവരല്ല. ഇസ്ലാമിക ഖിലാഫത്തിനെ റോമാചക്രവർത്തിമാരുടെ രാജത്വം പോലെയാക്കുവാനാണോ നിങ്ങൾ വിചാരിച്ചിരിക്കുന്നതു്. ഒരു ഖൈസർ (ചക്രവർത്തി) മരിക്കുമ്പോൾ അയാളുടെ മകൻ തന്നെ ഖൈസറാകുന്ന പതിവു് അവരുടേതാണു്". ഇമാംഹുസൈൻ, അബ്ദുല്ലാഹിബ്നുഉമർ, അബ്ദുല്ലാഹിബ്നുസുബൈർ

ഇവരും യസീദിനെ രാജ്യാവകാശിയായി തിരഞ്ഞെടുത്തതി നെ പ്രതിഷേധിക്കുകയാണു് ചെയ്തതു്.

യസീദിന്റെ ഗുണങ്ങളെ ജനങ്ങൾക്കു വിവരിച്ചുകൊ ടുക്കണമെന്നും, ഈ വിഷയത്തെക്കുറിച്ചു തനിക്കു് നേരിട്ടു സംസാരിക്കുവാൻ സാധിക്കത്തക്കവണ്ണം അതാതു ദിക്കുകളി ലെ നേതാക്കന്മാരടങ്ങിയ നിവേദക സംഘങ്ങളെ തന്റെ അടുക്കലേക്കു് അയക്കണമെന്നും അമീർ മുആവിയ കീഴിലു ണ്ടായിരുന്ന ഭരണാധിപന്മാക്കു കത്തെഴുതിയിട്ടുണ്ടായിരുന്നു.

അതു പ്രകാരം അമീർ മുആവിയയുടെ അടുക്കൽ ചെന്ന നിവേദകസംഘങ്ങളിൽ മദീനയിൽ നിന്നു 'മുഹമ്മദുബ്നു അംറുബ്നുഹസ്'മും, ബസറയിൽ നിന്നു 'അഹ്നഫുബ് നുഖൈസും' ഉൾപ്പെട്ടിരുന്നു. "താങ്കൾ യസീദിനെ തിരഞ്ഞെ ടുക്കുകയാണെങ്കിൽ ഈ വിഷയകമായി ദൈവസന്നിധിയിൽ താങ്കൾ സമാധാനം പറയേണ്ടി വരുമെന്നുകൂടി ആലോചി ക്കേണ്ടതാണു്" എന്നു മുഹമ്മദുബ്നുഅംറ് അദ്ദേഹത്തോടു പറഞ്ഞു. ഇതു കേട്ടപ്പോൾ അമീർ മുആവിയ മൌനം ദീ ക്ഷിക്കുകയാണു് ഉണ്ടായതു്. പിന്നീടു് അദ്ദേഹം ഒരു ദർ ബ്ബാർ വിളിച്ചുകൂട്ടി. മേൽ പ്രസ്താവിച്ച നിവേദക സംഘാം ഗങ്ങളെയും, രാജ്യനേതാക്കന്മാരേയും, ഉദ്യോഗസ്ഥന്മാരെയും എന്നു വേണ്ട, വിവിധ തരക്കാരായ ആളുകളെയും അതിൽ ക്ഷണിച്ചു കൂട്ടിയിരുന്നു. ഈ ജനക്കൂട്ടത്തിൽ നിന്നുകൊണ്ടു അദ്ദേഹം ഒരു പ്രസംഗം ചെയ്തു. ഒന്നാമതായി ഇസ്ലാംമ തത്തിന്റെ മാഹാത്മ്യം, ഖിലാഫത്തധികാരത്തിന്റെ പരി ശുദ്ധി, ഖലീഫമാരുടെ അവകാശങ്ങൾ, അധികാരസ്ഥന്മാ രെ അനുസരിക്കേണ്ട ആവശ്യകത, ആ വിഷയത്തിൽ സമു ദായത്തിനുള്ള കടമകൾ എന്നിവയെ പ്രതിപാദിച്ചു. അന ന്തരം യസീദിന്റെ ധൈര്യം, ഔദാര്യം, ബുദ്ധി, രാജ്യകാര്യ വ്യുല്പത്തി ആദിയായ ഗുണങ്ങൾ വിവരിച്ചു പറഞ്ഞു. ഒട്ട

വിൽ, അവിടെ കൂടിയിരുന്ന ആളുകളോട് യസീദിനെ രാജ്യാവകാശിയായി ബൈഅത്ത് ചെയ്യാൻ അപേക്ഷിച്ചു. അദ്ദേഹത്തിന്റെ പ്രസംഗം അവസാനിച്ചതിൽ പിന്നെ 'ളഹാക്കുബ്നുഖൈസ്ഫിഹ്രീ' എഴുന്നേറ്റു താഴെ പറയും പ്രകാരം പ്രസ്താവിച്ചു.

"ഹേ, അമീറുൽ മുഅ്മിനീൻ, താങ്കൾക്കു ശേഷം ഖലീഫയാകേണ്ട ആളെ ഇപ്പോൾ തന്നെ നിജപ്പെടുത്തുന്നതു് വളരെ ആവശ്യമായിട്ടുള്ളതാണു്. പരസ്പരസ്നേഹവും ഐകമത്യവും അത്യാവശ്യമാണെന്നും, രക്തപ്രവാഹത്തെ തടയുന്നതിനതുനല്ല മാർഗ്ഗമില്ലെന്നും നാം നല്ലവണ്ണം പരീക്ഷിച്ചറിഞ്ഞിരിക്കുന്നു. പ്രജാക്ഷേമവും നാട്ടിന്റെ സമാധാനവും പൊതുവായ അഭിവൃദ്ധിയുമെല്ലാം സമുദായത്തിന്റെ ഒരേയൊരു കേന്ദ്രത്തെ ആശ്രയിച്ചാണു് സ്ഥിതി ചെയ്യുന്നതു്. ആ കേന്ദ്രമാണു് ഖലീഫ. അമീറുൽ മുഅ്മിനീന്റെ പുത്രനായ യസീദ്, സദാചാരം, ബുദ്ധി, അറിവു്, സഹനം ആദിയായ സദ്ഗുണങ്ങളും സവിശേഷം സമ്മേളിച്ചിട്ടുള്ള ഒരു മഹാനാകുന്നു. അദ്ദേഹത്തിന്റെ വിവേകതയിലും ഭരണപാടവത്തിലും സകല ജനങ്ങൾക്കും വിശ്വാസമുണ്ടു്. ഏതു കാര്യത്തിലും അദ്ദേഹത്തിന്റെ അഭിപ്രായം ശരിയായിരിക്കുന്നതാണു്. ഏതു വിധത്തിൽ നോക്കുന്നതായാലും, ഖിലാഫത്തധികാരത്തിനു അദ്ദേഹത്തിനു അർഹതയുണ്ടു്. അതുകൊണ്ടു് താങ്കൾ അദ്ദേഹത്തെത്തന്നെ സ്ഥാനാവകാശിയായി നിയമിക്കണമെന്നാകുന്നു ഞങ്ങളുടെയും അഭിലാഷം. അദ്ദേഹത്തെ നിയമിക്കുന്നതായാൽ താങ്കൾക്കുശേഷം അദ്ദേഹം ഞങ്ങളുടെ അഭയസ്ഥാനമായിരിക്കുന്നതും ഛിദ്രത്തിൽ നിന്നും കലഹത്തിൽ നിന്നും സമുദായത്തിനു മോചനം ലഭിക്കുന്നതുമാണു്.

ളഹാക്കിനു ശേഷം അദ്ദേഹത്തെ അനുഗമിച്ചു മറ്റു നായകന്മാരും പ്രസംഗിക്കുകയുണ്ടായി. "നിങ്ങൾ ഒന്നും

പറയാതിരിക്കുന്നതു എന്തുകൊണ്ടാണു'' എന്നു അമീർ മുആവിയ അഹ്നഫുബ്നുഖൈസിനോടു് ചോദിച്ചു. അഹ്നഫിന്റെ മറുപടി ഇങ്ങനെയായിരുന്നു. ''അസത്യം പറയുന്നതിനു അല്ലാഹുവിനേയും സത്യം പറയുന്നതിനു താങ്കളേയും ഭയപ്പെടേണ്ടിയിരിക്കുന്നു. യസീദിനെക്കുറിച്ചു ഞങ്ങളെക്കാൾ അറിവുള്ളതു് താങ്കൾക്കാകുന്നുവല്ലോ. അദ്ദേഹത്തെ ബൈഅത്തു് ചെയ്തിക്കുന്നതു അല്ലാഹുവിനും ജനങ്ങൾക്കും തൃപ്തികരമായിരിക്കുമെന്നു് താങ്കൾക്കു അഭിപ്രായമുണ്ടെങ്കിൽ അങ്ങിനെ ചെയ്തുകൊള്ളുക. ആലോചിക്കേണ്ട ആവശ്യമെന്തു്? അദ്ദേഹം ഖിലാഫത്തധികാരത്തിനു അർഹതയുള്ളവനല്ലെങ്കിൽ, അദ്ദേഹത്തിന്റെ ഇഹലോക സുഖത്തിനുവേണ്ടി താങ്കളുടെ പരലോകസുഖത്തെ നഷ്ടപ്പെടുത്തുന്നതു് എന്തിനാണു്?''

അമീർ മുആവിയ സമ്മാനബഹുമതികൾ നൽകി ജനങ്ങളെ സംതൃപ്തരാക്കിയിരുന്നതിനാൽ അദ്ദേഹത്തിന്റെ അഭിലാഷമനുസരിച്ചു എല്ലാവരും ബൈഅത്തു് ചെയ്തു. ഇതിനു ശേഷം അദ്ദേഹം ഇറാഖിൽ പോയി അവിടത്തുകാരോടും ബൈഅത്തു് ചെയ്യിച്ചു. അവസാനം ആയിരം അശ്വഭടന്മാരോടുകൂടി ഹിജാസിലേക്കു പുറപ്പെട്ടു. ഒന്നാമതായി അദ്ദേഹം മദീനയിലാണു് പ്രവേശിച്ചതു്. യസീദിന്റെ ബൈഅത്തിനു വിപരീതാഭിപ്രായക്കാരായിരുന്ന അബ്ദുല്ലാഹിബ്നുഉമർ, അബ്ദുല്ലാഹിബ്നുസുബൈർ, അബ്ദുല്ലാഹിബ്നുഅബ്ബാസു്, ഇമാംഹുസൈൻ (റ) എന്നീ മഹാന്മാർ അദ്ദേഹത്തിന്റെ ആഗമന വർത്തമാനം അറിഞ്ഞ ഉടനെ മക്കയിലേക്കു് പോയി. അമീർ മുആവിയ മദീനക്കാരോടും ഒരു പ്രസംഗം ചെയ്തു. ആ പ്രസംഗത്തിൽ അദ്ദേഹം ഇങ്ങിനെ പ്രസ്താവിച്ചു. ''യസീദിനേക്കാൾ ഖിലാഫത്തിനു അർഹനായി ആരുമില്ല. അവന്റെ വിരോധികളായ ചിലരെ ഞാൻ കാണുന്നുണ്ടു്. അവരെ കഠിനമായി ശിക്ഷി

ക്കുകയും വേരോടെ പറിച്ചു എറിഞ്ഞുകളയുകയും ചെയ്യുമ്പോ ഴല്ലാതെ അവർ തങ്ങളുടെ വിരോധത്തിൽ നിന്നു പിന്മാറുന്ന തല്ല. എന്റെ ഈ മുന്നറിയിപ്പ് അവർ മനസ്സിലാക്കിയെ ങ്കിൽ നന്നായിരുന്നു". അനന്തരം അദ്ദേഹം മക്കയിൽ ചെ ന്നു മേൽ പ്രസ്താവിച്ച നാലു മഹാന്മാരെയും വിളിച്ചുവരുത്തി. അദ്ദേഹവുമായി സംസാരിക്കേണ്ടതിനു അവർ തങ്ങളിൽ നിന്നു അബ്ദുല്ലാഹിബ്നുസുബൈറിനെ തിരഞ്ഞെടുത്തിട്ട ണ്ടായിരുന്നു.

അമീർ മുആവിയ—എന്റെ നടപടി ഇന്ന വിധത്തിലാ ണെന്നു് നിങ്ങൾക്കു അറിയാമല്ലോ. ഞാൻ കുടുംബക്കാരോ ടു് സ്നേഹപൂർവ്വം വർത്തിക്കുന്നവനും അവരുടെ അഭിമാന സംരക്ഷകനുമാണു്. യസീദ് നിങ്ങളുടെ സഹോദരനാകുന്നു. നിങ്ങൾ ഖിലാഫത്തധികാരത്തിനു അവനെ തിരഞ്ഞെടു ക്കണമെന്നും ഉദ്യോഗസ്ഥന്മാരെ നീക്കുക, നിയമിക്കുക, ആയവ്യയങ്ങൾ ക്രമപ്പെടുത്തുക തുടങ്ങി ഖിലാഫത്തു് സം ബന്ധമായ അധികാരങ്ങളെല്ലാം നിങ്ങൾതന്നെ വഹിച്ചു കൊള്ളണമെന്നുമാണു് എന്റെ ആഗ്രഹം. ഈ അധികാര ങ്ങളിലൊന്നിലും അവൻ കൈ കടത്തുന്നതല്ല.

അബ്ദുല്ലാഹിബ്നുസുബൈർ—ഞങ്ങൾ മൂന്നു മാസ്സങ്ങൾ താങ്കൾക്കു പറഞ്ഞു തരാം. അവയിൽ ഇഷ്ടമുള്ള ഒന്നിനെ താങ്കൾ സ്വീകരിച്ചാൽ മതി.

അമീർ—പറഞ്ഞോളിൻ.

ഇബ്നുസുബൈർ—നബി ഒരാളെയും തന്റെ സ്ഥാനാവകാ ശിയായി തിരഞ്ഞെടുത്തിരുന്നില്ല. അതു പ്രകാരം താങ്ക ളും തിരഞ്ഞെടുക്കാതിരിക്കുക. ഒന്നാമത്തെ മാസ്സം ഇതാ കുന്നു.

അമീർ—തിരുമേനിക്കുശേഷം, ജനങ്ങൾ ഐകകണ്ഠ്യേന ഖലീഫയായി തിരഞ്ഞെടുത്ത, അബൂബക്കറിനെപ്പോലെ യുള്ള ആളുകളുണ്ടായിരുന്നു. ജനങ്ങൾ ഐകകണ്ഠ്യേന

സമ്മതിക്കുന്ന അത്തരത്തിലുള്ള ഒരാൾ ഈ അവസരത്തിൽ നമ്മുടെ കൂട്ടത്തിൽ ഇല്ല. അതുകൊണ്ട് ഞാൻതന്നെ ഒരാളെ സ്ഥാനാവകാശിയായി തിരഞ്ഞെടുക്കാതിരിക്കുന്നതായാൽ സമുദായത്തിൽ കഠിനമായ ഭിന്നിപ്പുണ്ടാകും.

ഇബ്നുസുബൈർ—എന്നാൽ ഹസ്രത്ത് അബൂബക്കർ അനുവർത്തിച്ച മാർഗ്ഗത്തെ അവലംബിക്കുക. സ്വഗോത്രത്തിൽപ്പെട്ടവനോ ബന്ധുവോ അല്ലാതിരുന്ന ആളെയായിരുന്നു അദ്ദേഹം തന്റെ പിന്തുടർച്ചാവകാശിയായി നിയമിച്ചത്.

അമീർ—അങ്ങിനെ നിയമിക്കത്തക്കവണ്ണം ഹസ്രത്ത് ഉമറിനെപ്പോലെ ആരെയാണ് ലഭിക്കുക?

ഇബ്നുസുബൈർ—അതിനും താങ്കൾ ഒരുക്കമില്ലെങ്കിൽ ഹസ്രത്ത് ഉമർ അനുവർത്തിച്ച മാർഗ്ഗത്തെ പിൻതുടരുക. തങ്ങളിൽ നിന്നു ഒരാളെ ഖലീഫയായി തിരഞ്ഞെടുത്തുകൊള്ളുവാൻ ആറാളുകൾക്കു അധികാരം നൽകുകയാണല്ലോ അദ്ദേഹം ചെയ്തത്. ആ ആറാളുകളിൽ അദ്ദേഹത്തിന്റെ പുത്രനോ, സോദരനോ, വംശജനോ ആയി ആരും തന്നെ ഉണ്ടായിരുന്നില്ല.

അമീർ—ഈ മാർഗ്ഗങ്ങളല്ലാത്ത ഏവറെ വല്ല മാർഗ്ഗത്തെയും അനുഷ്ഠിക്കുവാൻ സാധിക്കുകയില്ലേ?

ഇബ്നുസുബൈർ—ഇല്ല.

ഇതു കേട്ട അമീർ മുഅവിയ എഴുന്നീറ്റു ഇങ്ങിനെ പറഞ്ഞു: "എനിക്കു നിങ്ങളോട് പറയുവാനുണ്ടായിരുന്നതു ഞാൻ പ്രഞ്ഞുകഴിഞ്ഞു. നിങ്ങൾ സ്വീകരിച്ചാലും, ഇല്ലെങ്കിലും, സംഭവിക്കുവാനുള്ളതു സംഭവിക്കുക തന്നെ ചെയ്യും." അദ്ദേഹം മക്കക്കാരോട് യസീദിനെ ബൈഅത്ത് ചെയ്യിച്ചു. അനന്തരം മദീനയിൽ മടങ്ങിവന്നു അവിടത്തുകാരോടും ബൈഅത്ത് വാങ്ങി. മക്കയിൽനിന്നു മടങ്ങിയ അവസരത്തിൽ

അബ്ദുല്ലാഹിബ്നുഉമർ അദ്ദേഹത്തോട് താഴെ പറയുംപ്രകാരം പ്രസ്താവിച്ചു.

'താങ്കൾക്കുശേഷം ജനങ്ങൾ ഐകകണ്ഠ്യേന ഖലീഫയായി തിരഞ്ഞെടുക്കുന്ന ആളെ ഞാനും ഖലീഫയായി തിരഞ്ഞെടുക്കുന്നതാണെന്നു കരാർ ചെയ്യാൻ ഞാൻ ഒരുക്കമുണ്ട്. ജനങ്ങൾ ഖലീഫയാക്കുന്ന ആൾ ഒരു ഹബ്ശീ അടിമ ആയാൽപ്പോലും ഞാൻ വിരോധം പ്രദർശിപ്പിക്കുകയൊ, ഭൂരിപക്ഷക്കാരുമായി ഭിന്നിക്കുകയൊ ചെയ്യുന്നതല്ലെന്നു് ഞാൻ സത്യംചെയ്തു പറഞ്ഞുകൊള്ളുന്നു'.

ഖിലാഫത്തും രാജത്വവും.

അമീർ മുആവിയയുടെ ഭരണത്തെക്കുറിച്ചു വിചിന്തനം ചെയ്യുന്നതായാൽ, അദ്ദേഹത്തിന്റെ ഭരണകാലത്തുതന്നെ ഖിലാഫത്തധികാരത്തിൽ രാജത്വത്തിന്റെ ഛായ നിഴലിച്ചുകാണ്മാൻ തുടങ്ങിയിരുന്നുവെന്നു് പ്രത്യക്ഷപ്പെടുന്നതാണു്. ഖുലഫാഉർറാശിദീങ്ങളുടെ ഭരണകാലത്തു ഖലീഫമാർക്കുണ്ടായിരുന്ന അതേ സ്വാതന്ത്ര്യം തന്നെ പൊതുജനങ്ങളിൽ ഓരോരുത്തനുമുണ്ടായിരുന്നു. അക്കാലത്തു് ജനങ്ങൾ തമ്മിൽ ഭിന്നിച്ചിരുന്നുമില്ല. സമദായത്തിനു സമത്വത്തെയും സാഹോദര്യത്തെയും പഠിപ്പിക്കുന്ന ഖുർആൻ വചനങ്ങളുടെ കായ്ത്തിൽ അവയുടെ യഥാർത്ഥ സാരം വ്യതിചലിക്കത്തക്ക വ്യാഖ്യാനങ്ങൾക്കു തീരെ പ്രവേശനം ലഭിച്ചിരുന്നില്ല. അമീർ മുആവിയയുടെ ഭരണകാലത്താകട്ടെ ഇപ്പറഞ്ഞ സ്ഥിതി നാശങ്ങളും ആവിർഭവിച്ചു. മുമ്പു സ്വാതന്ത്ര്യം അനുഭവിച്ചുപോന്നിരുന്ന ജനസമുദായം അടിമത്ത ശൃംഖലയാൽ ബന്ധിക്കപ്പെട്ടു. ഏറ്റവും നിസ്സാരമായ കുറ്റങ്ങൾക്കും നിമിത്തവും ചിലപ്പോൾ യാതൊരു കുറ്റവും ഇല്ലാതെ തന്നെയും രക്തപ്രവാഹങ്ങൾക്കും നടത്തപ്പെട്ടു. ബസറാ പട്ടണത്തിന്റെ

ഒരു കോണിൽ രാത്രിസമയം തന്റെ ആട്ടകളേയും കൊണ്ട് നിന്നിരുന്ന ഒരു സാധു ബദവിയെ, അയാളുടെ മൊഴി ശരിയാണെന്നസമ്മതിച്ചതോട്ടുടിത്തന്നെ അവിടെ ഗവണ്മെന്റായിരുന്ന സിയാദ് കൊന്നുകളഞ്ഞ വസ്തുത മുമ്പു പ്രസ്താവിച്ചുവല്ലോ. നീതിവിരുദ്ധമായ ആ കൊലയെ എതിർത്തു ഒരു വാക്കുപോലും സംസാരിക്കുവാൻ ആർക്കും അന്നു ധൈര്യമുണ്ടായില്ല. ജനശേഖരം ചെയ്ത മദീനയിൽ ചെന്നു പല കാര്യങ്ങളെക്കുറിച്ചും ഹസ്രത്ത് ഉസ്മാനെ വിചാരണ ചെയ്കയും യാത്രയിൽ നമസ്കാരം ഖസ്റാക്കിയതിനു (ചുരുക്കി നമസ്കരിച്ചതിനു) അദ്ദേഹത്തോട് കാരണം ചോദിക്കുകയും ചെയ്തിരുന്ന ആളുകൾ ബസറാ പട്ടണത്തിൽ തന്നെ അന്നും ഉണ്ടായിരുന്നു.

ജനങ്ങൾക്ക് സന്മാർഗ്ഗോപദേശം നൽകേണ്ടതിനു റസൂൽകരീം പ്രതിഷ്ഠിച്ച ദേവാലയ പ്രസംഗ പീഠത്തിൽ നിന്നുകൊണ്ടു, ഇഹലോകവാസം വെടിഞ്ഞു തന്റെ രക്ഷിതാവിങ്കൽ ചേർന്ന കഴിഞ്ഞിരുന്ന ഹസ്രത്ത് അലിയെ (ക) പ്രാസംഗികന്മാർ പരസ്യമായി അധിക്ഷേപിച്ചു. തന്നിമിത്തം മുസ്ലിംകൾക്കു പൊതുവായും ശീയികൾക്കു പ്രത്യേകമായും വളരെ മനക്ലേശമുണ്ടായിരുന്നുവെന്നതിനു സംശയമില്ല. എന്തു ഉദ്ദേശത്തോട്ടു കൂടിയായിരുന്നു ഈ കൃത്യത്തെ ഒരു നിർബ്ബന്ധ ചടങ്ങായി ഗണിച്ചതെന്നു മനസ്സിലാകുന്നില്ല.

അവസാനമായി അമീർ മുആവിയ, യസീദിനെ സ്ഥാനാവകാശിയായി തിരഞ്ഞെടുപ്പിക്കുകയും ചെയ്തു. ഈ പ്രവൃത്തി മൂലം ഇസ്ലാമിക പ്രജാധിപത്യത്തിന്റെ അടിത്തറ തന്നെ തകർന്നു. അദ്ദേഹം ഇങ്ങിനെ ചെയ്തതിനെക്കുറിച്ചു പലരും ഒഴികഴിവു പറയുന്നുണ്ട്. അവരുടെ വാദത്തെ ചുവടെ പ്രസ്താവിച്ചു കൊള്ളുന്നു:—

അക്കാലത്തു സാമ്രാജ്യം വളരെ വിസ്തൃതമായിരുന്നതോട്ടുകൂടി രാജ്യങ്ങൾ തമ്മിൽ ഐകമത്യം നിലനിർത്തു

വാൻ നിവൃത്തിയുണ്ടായിരുന്നില്ല. ഖിലാഫത്തധികാരത്തിനു മോഹമുള്ളവർ എത്രകണ്ടു വർദ്ധിക്കുന്നുവോ, അത്രകണ്ടു സമുദായത്തിൽ അനൈക്യവും അസ്വസ്ഥതയും ഉണ്ടായിത്തീരുമെന്നു കഠിനമായ ഭയമുണ്ടായിരുന്നു. ഈ സ്ഥിതിക്കു അമീർ മുആവിയ ഖിലാഫത്തധികാരത്തെ ഒരേ ഗോത്രപരിധിയിൽ അടക്കിക്കളഞ്ഞിട്ടുണ്ടെങ്കിൽ അതു അനുചിതമായിരുന്നില്ല. അക്കാലത്തെ സാമുദായിക നിലയേയും, പൊതുജനങ്ങളുടെ മൂഢതയേയും കുറിച്ചു ചിന്തിക്കുന്നതായാൽ, അവരുടെ അനുസരണത്തെ ഒരേ ഭാഗത്തേക്കു നയിക്കേണ്ടതു് സമുദായനന്മയ്ക്കു് അവശ്യം ആവശ്യമായിരുന്നുവെന്നു ബോദ്ധ്യപ്പെടുന്നതാണു്. അമീർ മുആവിയ യസീദിനെ രാജ്യാവകാശിയാക്കിയതിനെ കൂടുതലായി ആക്ഷേപിക്കുന്നതു ശീഇകളാണല്ലോ. എന്നാൽ ഇമാമത്തു് (ഭരണാധികാരം) ഒരേ വംശപരമ്പരയിൽ സ്ഥിതിചെയ്യേണ്ടതാണെന്നും അതു പിതാവിങ്കൽ നിന്നു പുത്രനും പുത്രനിൽ നിന്നു പൌത്രനും അനന്തരമായി ലഭിക്കുന്നതാണെന്നും തന്നെയാകുന്നു അവരുടെയും അഭിപ്രായം".

എന്നാൽ പ്രജാധിപത്യത്തിന്റെ മഹിമയും സ്വേച്ഛാധിപത്യത്താൽഉളവാകുന്ന ദോഷങ്ങളും തമ്മിലുള്ള അതിഗൌരവമായവ്യത്യാസത്തോടു താരതമ്യപ്പെട്ടുത്തുമ്പോൾ ഈ ഒഴികഴിവു ശ്രദ്ധേയമേ അല്ല. മുസ്ലിംകളുടെ സ്വച്ഛ ശ്രേയസ്സിനും നിദാനമായി സ്ഥിതിചെയ്തിരുന്നതു ഇസ്ലാംമതം വഴിയായി അവരിൽ വേരുറച്ചിരുന്ന സമത്വവും സാഹോദര്യവുമായിരുന്നു. ഇസ്ലാമിക സമഭാവനയും സഹോദരത്വവും സമുദായത്തിലെ ഓരോ അംഗത്തെയും രാജാവിനെപ്പോലെ ആക്കിത്തീർത്തിരുന്നു. അമീർ മുആവിയയുടെ ഈ പ്രവർത്തിമൂലം സ്വച്ഛജനങ്ങളും അടിമകളായിത്തീർന്നു.

ഭ ര ണ സ മ്പ്ര ദാ യ ം.

അമീർ മുആവിയ സൌമ്യശീലനും സമാധാന തല്പരനുമായിരുന്നു. രാജ്യം ഭരിക്കുവാൻ അദ്ദേഹം പ്രാപ്തനായിരുന്നുവെന്നതിനെപ്പറ്റി ആരും എതിരഭിപ്രായം പുറപ്പെട്ടുവിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ഭരണകാലത്തു സർവ്വ സംസ്ഥാനങ്ങളിലും സമാധാനം സുസ്ഥാപിതമായി. ഇസ്ലാമിനു പ്രാബല്യം വർദ്ധിച്ചു. നാവികബലന്മാർ വഴിയായി റോമാക്കാരെ ഒതുക്കുവാൻ അദ്ദേഹത്തിനു ബലം സിദ്ധിച്ചു. അദ്ദേഹം വളരെ ഉൽക്കണ്ഠയോടും ശ്രദ്ധയോടും കൂടി രാജ്യകാര്യങ്ങൾ നിർവ്വഹിച്ചുപോന്നു.

അദ്ദേഹത്തിന്റെ ഭരണകാലത്തു സാമ്രാജ്യം അതിവിശാലമായിത്തീർന്നിരുന്നതിനാൽ ദൂരസ്ഥലങ്ങളിൽ നിന്നു കത്തുകൾ കിട്ടുവാൻ വളരെ കാലതാമസം നേരിട്ടു. തന്നിമിത്തം അദ്ദേഹം സാമ്രാജ്യമൊട്ടുക്കു തപാൽമാർഗ്ഗം ഏർപ്പെടുത്തി. പന്ത്രണ്ടു നാഴിക അകലെയകലെയായി പോസ്റ്റാഫീസുകൾ ഏർപ്പെടുത്തുകയും ഓരോ ആഫീസ്സിൽനിന്നും മറ്റു ആഫീസ്സുകളിലേക്കു കത്തുകൾ കൊണ്ടുപോകുവാനായി ഓരോ കുതിരസവാരിക്കാരനെ നിയമിക്കുകയുമാണു് ചെയ്തിരുന്നതു്. ഈ സവാരിക്കാർ മാർഗ്ഗമായി കത്തുകളുടെ ഭാണ്ഡം എത്രയും വേഗത്തിൽ രാജ്യത്തിന്റെ ഒരറ്റം മുതൽ മറ്റെ അറ്റം വരെ എത്തിക്കൊണ്ടിരുന്നു. ഗവർമ്മെണ്ടു കാര്യാലയങ്ങളിൽ സീൽ ഏർപ്പെടുത്തിയതും അദ്ദേഹമാണു്. ഒരിക്കൽ അദ്ദേഹം "അംറുബ്നുസുബൈർ" എന്ന ആൾക്കു് ഒരു ലക്ഷം ദിർഹമിനു ഒരു ചെക്കു് എഴുതിക്കൊടുത്തു. അംറ് ഒരു ലക്ഷമെന്നെഴുതിയിരുന്നതു രണ്ടു ലക്ഷമാക്കി മാറ്റി ഖജാനയിൽ നിന്നു രണ്ടു ലക്ഷം ദിർഹം വാങ്ങി. ഒട്ടുവിൽ അമീർ മുആവിയയുടെ മുമ്പാകെ കണക്കു ബോധിപ്പി

ക്കപ്പെട്ട അവസരത്തിൽ താൻ ഒരു ലക്ഷത്തിനു മാത്രമായി രുന്നു ചെക്കു് കൊടുത്തിരുന്നതെന്നു അദ്ദേഹം പ്രസ്താവിച്ചു. ഉടനെത്തന്നെ അംറിനെ വരുത്തി തടവിൽ പാർപ്പിക്കുകയും ഒരു ലക്ഷം ദിർഹം അയാളുടെ പക്കൽ നിന്നും മടക്കി വാങ്ങുകയും ചെയ്തു. ആഫീസ്സിൽ നിന്നു പുറപ്പെട്ടുന്ന ഉത്തരവുകളിൽ സീലടിക്കേണ്ടതാണെന്നും അവയുടെ ഓരോ പകർപ്പു ആഫീസ്സിൽ സൂക്ഷിക്കേണ്ടതാണെന്നും അന്നുമുതല്ലു അദ്ദേഹം നിയമമാക്കി. അദ്ദേഹത്തിന്റെ കാലത്തു സിറിയായിൽ റിക്കാഡുകൾ ശരിപ്പെട്ടുത്തിയിരുന്നതു സുരിയാനി ഭാഷയിലായിരുന്നു. ഈ ഉദ്യോഗത്തിൽ സർജ്ജൂൻ എന്നു പേരായ ഒരു റോമക്കാരനെയായിരുന്നു നിയമിച്ചിരുന്നതു്.

മുആവിയയുടെ വിയോഗം.

ഹിജ്റ: 60 ജമാദുൽആഖിർ മാസത്തിൽ അമീർ മുആവിയ രോഗബാധിതനായി. അക്കാലത്തു യസീദ് ഡമാസ്സസിൽ ഉണ്ടായിരുന്നില്ല. രോഗം വർദ്ധിച്ചു ശേഷിക്കുകയില്ലെന്ന ഘട്ടമായപ്പോൾ അദ്ദേഹം ളഹാക്കുബ്നുഖൈസ്, മുസ്ലിമുബ്നുഅഖബ ഇവരോടു യസീദിന്നായി ഒരു ഒസ്യത്തു പത്രം എഴുതിച്ചു. അതിന്റെ ചുരുക്കം താഴെ ചേർക്കുന്നു:—

ഞാൻ നിനക്കു സവ്വ പാതകളെയും കേട്ടു തീർത്തു തന്നിരിക്കുന്നു. അറബികളെ നിന്റെ അനുഗാമികളാക്കുകയും ശത്രുക്കളെ നിനക്കു കീഴടക്കിത്തരികയും ചെയ്തിരിക്കുന്നു. ഹിജാസ് നമ്മുടെ തൊട്ടിലാകയാൽ അവിടത്തുകാരുടെ കായ്ത്തിൽ വേണ്ടതുപോലെ ദൃഷ്ടി പതിക്കണം. ഇറാഖുകാർ ഭരണകർത്താക്കളെ നീക്കുവാൻ എന്നും ആവശ്യപ്പെട്ടുകൊണ്ടിരുന്നാലും അതു സ്വീകരിച്ചുകൊള്ളണം. ഒരു ലക്ഷം വാളുകൾ ഉറയിൽ നിന്നു പുറപ്പെട്ട നിന്റെ നേക്കു വരുന്നതിനെക്കാൾ നല്ലതു ഒരു ഉദ്യോഗസ്ഥനെ നീക്കുകയാണു്. സിറി

യക്കാർ നമ്മെ അനുസരിക്കുന്നവരും നിന്റെ സഹായികളുമാകയാൽ അവരുടെ ആവശ്യങ്ങൾ നിവർത്തിക്കണം. ശത്രുക്കളോട് നേരിടുവാൻ അവരെ ഉപയോഗിക്കണം. അവരെ മറ്റു വല്ല ദിക്കുകളിലേക്കും അയക്കേണ്ടിവന്നാൽ ആവശ്യം കഴിഞ്ഞ ഉടനെ മടക്കി വിളിക്കണം. അല്ലാതിരുന്നാൽ അവരുടെ സ്വഭാവത്തിനു മാറ്റം സംഭവിച്ചേക്കും. അബ്ദുല്ലാഹിബ്നുഉമർ, ഹുസൈനുബ്നുഅലി, അബ്ദുല്ലാഹിബ്നുസുബൈർ, അബ്ദുർറഹ്മാനുബ്നുഅബീബക്കർ എന്നീ നാലു പേരൊഴിച്ചു മറ്റൊരാളും നിന്നോട് മത്സരിക്കുമെന്നു എനിക്കു ഭയമില്ല. എന്നാൽ അബ്ദുല്ലാഹിബ്നുഉമർ സദാചാരനിഷ്ഠയുള്ളവനും ഐഹിക സുഖത്തിൽ ആകാംക്ഷയില്ലാത്തവനുമാകയാൽ, എല്ലാവരും ബൈഅത്ത് ചെയ്താൽ അദ്ദേഹവും ഭ്രരിപക്ഷത്തോട് യോജിക്കാതിരിക്കയില്ല. ഹുസൈനുബ്നുഅലി ചപലഹൃദയനാകുന്നു. ഇറാഖുകാർ അദ്ദേഹത്തെ ഇളക്കിപ്പുറപ്പെടുവിച്ചു നിന്റെ നേർക്കു കൊണ്ടുവരാതിരിക്കുകയില്ല. അങ്ങിനെ സംഭവിക്കുകയും അദ്ദേഹത്തിന്റെ മേൽ നിനക്കു വിജയം സിദ്ധിക്കുകയും ചെയ്താൽ, അദ്ദേഹത്തെ ദ്രോഹിക്കരുത്. അദ്ദേഹം നമ്മുടെ അടുത്ത ചാച്ചക്കാരനും റസൂൽ തിരുമേനിയുടെ മകളുടെ മകനുമാണല്ലോ. അദ്ദേഹത്തോട് നമുക്കു വലിയ ബാദ്ധ്യതയുണ്ട്. എങ്കിലും അബ്ദുല്ലാഹിബ്നുസുബൈർ കുറുനരിയെപ്പോലെ ചതിക്കുകയും സിംഹത്തെപ്പോലെ എതിർക്കുകയും ചെയ്യുന്നവനാണ്. അദ്ദേഹത്തിന്റെ മേൽ വിജയം ലഭിച്ചാൽ അദ്ദേഹത്തെ കഷണം കഷണമായി നുറുക്കിക്കളയേണ്ടതാണ്. രക്തപ്രവാഹം കൂടാതെ കഴിയേണ്ടതിനു സാധിക്കുന്നതെല്ലാം ചെയ്യണം. (അബ്ദുർറഹ്മാനുബ്നുഅബീബക്കർ മുആവിയക്കുമുമ്പായിത്തന്നെ കാലഗതി പ്രാപിച്ചു)

ഹിജ്റഃ 60 റജബ് 1–ാംനു (ക്രിസ്താബ്ദം 680 ഏപ്രിൽ 17–ാംനു) മുആവിയ പരലോകം പ്രാപിച്ചു. ളഹാക്കു ബ്നുഖൈസ് അദ്ദേഹത്തിന്റെ ശവത്തുണി കൈയിൽ പിടിച്ചുകൊണ്ടു പള്ളിയിൽ ചെല്ലുകയും പ്രസംഗപീഠത്തിൽ നിന്നുകൊണ്ടു ജനങ്ങളോടു ഇപ്രകാരം പറയുകയും ചെയ്തു. ''മുആവിയ അറബികളുടെ നേതാവും അവരുടെ ശക്തിക്കും സമ്പത്തിനും നിദാനമായിട്ടുള്ള ആളുമായിരുന്നു. പരിശുദ്ധനായ അല്ലാഹു അദ്ദേഹം മുഖേന സമുദായത്തിൽ നിന്നു ഭിന്നിപ്പിനെ അകറ്റി. അവൻ അദ്ദേഹത്തിനു ഭരണാധികാരവും വിജയങ്ങളും നല്കി. ഇപ്പോൾ അദ്ദേഹം ഈ ലോകവുമായി പിരിഞ്ഞു. അദ്ദേഹത്തിന്റെ ശവത്തുണി ഇതാ എന്റെ കൈയിൽ ഇരിക്കുന്നു. ഇതിൽ പൊതിഞ്ഞു അദ്ദേഹത്തെ മറവു ചെയ്യുന്നതാണു്. ഇനി അദ്ദേഹവും അദ്ദേഹത്തിന്റെ കർമ്മങ്ങളുമെല്ലാം അല്ലാഹുവിങ്കലാണു്''.

അദ്ദേഹത്തിനു വേണ്ടി ഇമാമായി നമസ്കരിച്ചതും ളഹാക്കായിരുന്നു. ഡമാസ്കസിലാണു് അദ്ദേഹം മറവു ചെയ്യപ്പെട്ടതു്. അദ്ദേഹം മരിച്ചു ഏതാനും ദിവസം കഴിഞ്ഞപ്പോഴേക്കു യസീദു് എത്തിച്ചേരുകയും ഖബറിങ്കൽ പോയി മയ്യിത്തു് നമസ്കാരം നിർവ്വഹിക്കുകയും ചെയ്തു.

അമീർ മുആവിയയുടെ പ്രഥമ ഭാര്യ ബഹ്ദലിന്റെ മകളായിരുന്ന 'മൈസൂൻ' ആയിരുന്നു. ഈ ഭാര്യയിലാണു് യസീദു് ജാതനായതു്. 'ഖർസഃ നൊഫലീ' എന്ന ആളുടെ മകളായിരുന്ന 'ഫാഖിത്ത'യായിരുന്നു അദ്ദേഹത്തിന്റെ രണ്ടാമത്തെ ഭാര്യ. അബ്ദുർറഹ്മാൻ, അബ്ദുല്ല ഇങ്ങിനെ രണ്ടു പുത്രന്മാർ ഈ ഭാര്യയിൽ ജനിച്ചു. അബ്ദുർറഹ്മാൻ ശൈശവത്തിൽത്തന്നെ മരിച്ചു പോയി. ഫാഖിത്ത പരേതയായതിൽപ്പിന്നെ അവരുടെ രണ്ടാമത്തെ സോദരിയായിരുന്ന കത്തു

ഹിനെ അദ്ദേഹം വിവാഹം ചെയ്തു. സൈപ്രസ്സ് യുദ്ധകാല ത്തു ഈ ഭാര്യ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. അവി ടെ വെച്ചായിരുന്നു അവർ പരലോകം പ്രാപിച്ചതു്.

യസീദ് ഒന്നാമൻ.

യസീദ് ഹിജ്റഃ 26ൽ ഭൂജാതനായി. അദ്ദേഹത്തിന്റെ ജ നനകാലത്തു അമീർ മുആവിയ ഹസ്രത്ത് ഉസ്മാന്റെ (റ)കീ ഴിൽ സിറിയായിലെ സർവ്വ പ്രദേശങ്ങളുടെയും അധിപനായി രുന്നു. യസീദിന്റെ മാതാവു് ബഹ്ദൽ മകൾ മൈസൂൻ ആയിരുന്നുവെന്നു മുൻ അദ്ധ്യായത്തിൽ നിന്നു അറിഞ്ഞിരിക്കു മല്ലോ. അമീർ മുആവിയ തന്നെയായിരുന്നു അദ്ദേഹത്തെ പോറ്റി വളർത്തിയതു്. മുആവിയ ചെറുപ്പത്തിൽ തന്നെ അ ദ്ദേഹത്തിനു രാജ്യകാര്യങ്ങൾ പഠിപ്പിക്കുകയുണ്ടായി. രണ്ടു പ്രാവശ്യം അദ്ദേഹത്തെ ഹാജിമാരുടെ അമീറായി നിയമിച്ചു. ഒരിക്കൽ അദ്ദേഹത്തെ സായിഫാ സൈന്യത്തിന്റെ നായക നാക്കി റോമാക്കാരുടെ നേർക്കു യുദ്ധത്തിനയച്ചു. കോൺസ്റ്റാ ന്റിനോപ്പിളിലേക്കു മുആവിയ അയച്ചിരുന്ന സൈന്യത്തിലും യസീദ് ഉൾപ്പെട്ടിരുന്നു. കവിതാ വിഷയത്തിൽ യസീദിനു നല്ല പാണ്ഡിത്യം സിദ്ധിച്ചു. നായാട്ടിലും വേട്ടനായ്ക്കളെ വ ളർത്തുന്നതിലും അദ്ദേഹത്തിനു വലിയ താല്പര്യമുണ്ടായിരുന്നു. ഈ വിഷയത്തിലായിരുന്നു ജനങ്ങൾ അദ്ദേഹത്തെ അധി ക്ഷേപിച്ചിരുന്നതു്.

ഖിലാഫത്ത്:—അമീർ മുആവിയ സംസ്ഥാന ഗവർണ്ണർ മാരോടും, പ്രതിനിധിസംഘങ്ങളോടും ആലോചിച്ചു അവരു ടെ ആനുകൂല്യത്തോടു കൂടി യസീദിനെ സ്ഥാനാവകാശിയായി ബൈഅത്ത് ചെയ്യിച്ചുവെന്നും മദീനയിലെ പ്രധാന പൌര പ്രമാണികളായിരുന്ന അബ്ദുല്ലാഹിബ്നുഉമർ, അബ്ദുല്ലാഹി

ബ്നുസുബൈർ, ഇമാംഹുസൈൻ, അബ്ദുല്ലാഹിബ്നു അബ്ബാസ് ഇവർ ആ ബൈഅത്തിനു വിരോധികളായിരുന്നുവെന്നും മുമ്പു പ്രസ്താവിച്ചിരുന്നുവല്ലൊ. അമീർ മുആവിയായുടെ വിയോഗാനന്തരം ഖലീഫയുടെ സ്ഥാനത്തു് ആഗതനായപ്പോൾ പ്രസ്തുത മാന്യന്മാരോടു ബൈഅത്ത് ചെയ്യിക്കുന്നതിലാണു് ഒന്നാമതായിത്തന്നെ യസീദ് ഏർപ്പെടുകയുണ്ടായതു്. അവരെ വിളിച്ചു വരുത്തി താമസമെന്യേ ബൈഅത്ത് വാങ്ങേണമെന്നു്, അബൂസുഫ്യാന്റെ പൌത്രനും മദീനാ ഭരണകർത്താവുമായിരുന്ന വലീദുബ്നു ഉത്ബത്തിനു അദ്ദേഹം ഉത്തരവു കൊടുത്തു.

വലീദ് ഒന്നാമതായി ഇമാംഹുസൈനെ (റ) വിളിച്ചു വരുത്തി യസീദിന്റെ കത്തു കാണിച്ചുകൊണ്ടു അദ്ദേഹത്തോടു ബൈഅത്ത് ചെയ്യാൻ അപേക്ഷിച്ചു. ഹുസൈൻ (റ) അമീർ മുആവിയായുടെ മരണ വൃത്താന്തം അറിഞ്ഞ അവസരത്തിൽ വ്യസനിക്കുകയും അദ്ദേഹത്തെ പ്രശംസിക്കുകയും, അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുവെങ്കിലും യസീദിനെ ഖലീഫയാക്കി, ബൈഅത്ത് ചെയ്യുന്നതിനു അദ്ദേഹം വിസമ്മതിക്കുകയാണു് ഉണ്ടായതു്. "എന്നെപ്പോലെയുള്ളവർ ശ്രദ്ധമായി ബൈഅത്ത് ചെയ്യുന്നതല്ല. നിങ്ങൾ എല്ലാവരേയും ബൈഅത്തിനു വേണ്ടി വിളിച്ചു വരുത്തുകയും എന്നോടും വരുവാൻ ആവശ്യപ്പെടുകയും ചെയ്യുന്ന അവസരത്തിൽ വേണ്ടതു പ്രവർത്തിക്കാം" എന്നു അദ്ദേഹം മറുപടി പറഞ്ഞു. വലീദ് സമാധാന തല്പരനായിരുന്നതിനാൽ അങ്ങിനെ ചെയ്താൽ മതിയെന്നു സമ്മതിച്ചു.

അബ്ദുല്ലാഹിബ്നുസുബൈർ വർത്തമാനം അറിഞ്ഞ ഉടനെ മദീനയെ വിട്ടു മക്കയിലേക്കു പോയി. അനന്തരം ഇമാം ഹുസൈനും കുടുംബസമേതം മക്കയിലേക്കു പുറപ്പെട്ടു. മുഹമ്മദുബ്നുഹനഫിയ്യഃ അദ്ദേഹത്തെ യസീദിന്നെതിരായിക്കൊ

ണ്ടുള്ള ഉദ്യമത്തിൽ നിന്നു പിൻതിരിക്കുവാൻ പരിശ്രമിക്കുകയും അദ്ദേഹത്തോടു വളരെയൊക്കെ ഉപദേശിക്കുകയും ചെയ്യുവെങ്കിലും അദ്ദേഹം പിൻമാറുകയുണ്ടായില്ല. യസീദിന്റെ ഖിലാഫത്തു് പൊതുവിൽ സമ്മതിക്കപ്പെട്ടിരിക്കുന്നുവെന്നു കണ്ടപ്പോൾ അബ്ദുല്ലാഹിബ്നുഉമറും അബ്ദുല്ലാഹിബ്നു അബ്ബാസും ബൈഅത്തു് ചെയ്യുകയാണുണ്ടായതു്.

കർബലായുദ്ധം.

ഇമാംഹുസൈൻ (റ) മക്കയിൽ വന്നപ്പോൾ ജനങ്ങൾ തിക്കിത്തിരക്കി അദ്ദേഹത്തിന്റെ അടുക്കൽ ചെന്നുകൂടി. അബ്ദുല്ലാഹിബ്നുസുബൈർ കഅ്ബയിൽ ചെന്നു പകൽ മുഴുവനും പ്രദക്ഷിണത്തിലും നമസ്കാരത്തിലുമായി കഴിച്ചുകൂട്ടി. ചിലപ്പോൾ ഇമാംഹുസൈന്റെ അടുക്കൽ ചെന്നു അവിടെ നടന്നിരുന്ന ആലോചനയിൽ ഭാഗഭാക്കാകുകയും ചെയ്തിരുന്നു.

അമീർ മുആവിയ കാലഗതി പ്രാപിക്കുകയും യസീദു് ഖലീഫയാകുകയും ചെയ്ത വർത്തമാനം അറിഞ്ഞപ്പോൾ കൂഫക്കാർ ശീഈ നേതാവായിരുന്ന സുലൈമാനുബ്നുസർദിന്റെ വസതിയിൽ യോഗം കൂടി, യസീദിനെ ഖലീഫയായി സ്വീകരിക്കരുതെന്നും ഇമാംഹുസൈനെ ക്ഷണിച്ചു വരുത്തി ഇമാമാക്കേണ്ടതാണെന്നും തീർച്ചപ്പെടുത്തി. അനന്തരം അവർ ഇമാം ഹുസൈന്നു തുടച്ചയായി കത്തയച്ചുകൊണ്ടിരുന്നു. അവരുടെ 150 അപേക്ഷാ കത്തുകൾ കിട്ടിയതിന്നു ശേഷം ഇമാം അവർക്കു ഇപ്രകാരം മറുപടി അയച്ചു. ‘‘നിങ്ങളുടെ അഭിലാഷം ഇന്നതാണെന്നു എനിക്കു മനസ്സിലായി. എന്റെ വിശ്വസ്തസഹോദരനായ മുസ്ലിമുബ്നുഅഖീലിനെ ഇതാ നിങ്ങളുടെ അടുക്കലേക്കു അയക്കുന്നു. അദ്ദേഹം നിങ്ങളുമായി സംസാരിക്കുകയും അവിടത്തെ സ്ഥിതികൾ കണ്ടറിയുകയും

ചെയ്യു എനിക്കു വിവരം തരുന്നതാണു്. ഞാൻ ഇമാമായിരിക്കേണമെന്നു കൂഫയിലെ നേതാക്കന്മാരും കായ്ബോധമുള്ളവരും ആഗ്രഹിക്കുന്നുണ്ടെന്നു അദ്ദേഹം എഴുതി അറിയിക്കുന്ന പക്ഷം ഞാൻ വന്നുകൊള്ളാം. അൽലാഹുവിന്റെ വേദമനുസരിച്ചു പ്രവർത്തിക്കുകയും, സുന്നത്തിനെ മുറുകെ പിടിക്കുകയും ചെയ്യുന്നവൻ മാത്രമേ യഥാർത്ഥ ഇമാമായിരിക്കയുള്ളു"

ഇതിൽ പിന്നെ അദ്ദേഹം മുസ്ലിമുബ്നു അഖീലിനെ കൂഫയിലേക്കയച്ചു. ആക്കും അറിവാൻ കഴിയാത്ത വഴിയിൽക്കൂടി പോകണമെന്നും അവർ അറിയിച്ചതു പ്രകാരം, തന്നെ ഇമാമാക്കുന്ന കായ്ത്തിൽ ജനങ്ങൾ ഏകോപിച്ചിരിക്കുന്നുവെന്നു കാണുന്ന പക്ഷം വേഗം വിവരം അറിയിക്കണമെന്നും അദ്ദേഹത്തോടു ഉപദേശിച്ചു.

മുസ്ലിം കൂഫയിലെത്തിയതോടു കൂടി അദ്ദേഹം മുഖേന ഇമാംഹുസൈനെ ബൈഅത്തു് ചെയ്വാനായി ശീഇകൾ അദ്ദേഹത്തിന്റെ അടുക്കൽ വന്നു വീണു. ഇതു കണ്ടു അദ്ദേഹം ഇമാംഹുസൈനു ഇപ്രകാരം കത്തെഴുതി. "ഇവിടത്തെ സവ്വ ആളുകളും താങ്കൾ ഇമാമാകണമെന്നാഗ്രഹിക്കുന്നവരാണു്. താങ്കൾ വന്നു കൊൾവിൻ".

അക്കാലത്തു് കൂഫയിൽ ഭരണം നടത്തിയിരുന്നതു നുഅ്മാനുബ്നുബശീർ എന്ന ആളായിരുന്നു. കൂഫക്കാർ മുസ്ലിമിന്റെ കൈക്കു ബൈഅത്തു് ചെയ്യുന്നുണ്ടെന്നു അദ്ദേഹത്തിനു വിവരം കിട്ടി. ഉടനെത്തന്നെ അദ്ദേഹം ജാമിഅ്മസ്ജിദിൽ വെച്ചു അവിടെ കൂടിയിട്ടുണ്ടായിരുന്ന സവ്വരെയും അഭിമുഖീകരിച്ചു കൊണ്ടു ഇങ്ങിനെ പറഞ്ഞു. "സമുദായത്തിൽ ഭിന്നിപ്പും കലഹവും ഉണ്ടാക്കുവാൻ നിങ്ങൾ ശ്രമിക്കരുതു്. അങ്ങിനെ ചെയ്താൽ ഉണ്ടാകുന്ന ആപത്തു് ഇന്നതാണെന്നു നിങ്ങൾ പരീക്ഷിച്ചറിഞ്ഞിരിക്കുന്നുവല്ലോ".

നുഅ്മാൻ സദാചാര തല്പരനും ത്യാഗശീലനും ജനക്ഷേമകാംക്ഷിയുമായിരുന്നു. അദ്ദേഹം ഒരു വിധത്തിലും കൂഫ

ക്കാരെ ദ്രോഹിച്ചില്ല. തന്നോട്ട എതിർക്കുവാൻ ചെല്ലുന്ന അവ സരത്തിലല്ലാതെ മുൻകൂട്ടി താൻ യാതൊന്നും പ്രവർത്തിക്കുന്ന തല്ലെന്നു അദ്ദേഹം പറകയുണ്ടായി. അദ്ദേഹത്തിന്റെ ആ ന യം ശരിയല്ലെന്നും അതു നിമിത്തം അദ്ദേഹത്തിനു ബലം കുറഞ്ഞിരിക്കുന്നുവെന്നു ജനങ്ങൾ ധരിക്കുവാനിടവരുമെന്നും ബനൂഉമയ്യാസംഘത്തിൽപ്പെട്ട ഒരാൾ അദ്ദേഹത്തോട്ട പറഞ്ഞ പ്പോൾ ഇലാഹിന്റെ കല്പനയ്ക്കു വിപരീതം പ്രവർത്തിക്കുന്നതി ൽ ബലം കുറഞ്ഞവനായിപ്പോകുന്നതു കൊണ്ടു യാതൊരു ദോ ഷവുമില്ലെന്നും അവനെ അനുസരിക്കുന്നതിലാണു് ബലവാ നായിരിക്കേണ്ടതെന്നും അദ്ദേഹം സമാധാനം പറഞ്ഞു. ഉട നെത്തന്നെ ആ ബനൂഉമയ്യാ സംഘക്കാരൻ യസീദിനു ഒരു കത്തയച്ചു. അതു ഇപ്രകാരമായിരുന്നു. "കൂഫയുടെ സ്ഥിതി ആപല്ക്കരമായിരിക്കുന്നു. ഇമാംഹുസൈന്റെ സഹോദരനായ മുസ്‌ലിമുബ്നുഅഖീൽ ഇവിടെ വന്നിരിക്കുന്നു. ഇവിട ത്തുകാർ ഇമാംഹുസൈനു വേണ്ടി അദ്ദേഹത്തിന്റെ കൈക്കു ബൈഅത്തു് ചെയ്തുവരുന്നു. കൂഫ നിങ്ങളുടെ കൈവശ ത്തിൽത്തന്നെ ആയിരിക്കേണമെന്നു വിചാരമുണ്ടെങ്കിൽ ഈ കുഴപ്പത്തെ പരിഹരിക്കുവാൻ കഴിയുന്ന മറെറാരാളെ ഭരണ കർത്താവാക്കി അയക്കുക. നുഅ്മാനു ഒന്നും ചെയ്യാൻ കഴി കയില്ല". ഈ കത്തനുസരിച്ചു യസീദ് നുഅ്മാനിനെ ഉ ദ്യോഗത്തിൽനിന്നു നീക്കുകയും കൂഫാ പട്ടണവും കൂടി ബസ റാഗവർണ്ണരായിരുന്ന ഇബ്നുസിയാദിനെ ഭാരമേല്പിക്കുകയും വേഗം ബസറയിൽ ചെന്നു മുസ്‌ലിമിനെ പുറത്താക്കുകയോ, കൊല്ലുകയോ ചെയ്യേണമെന്നു അദ്ദേഹത്തിനു ഉത്തരവുകൊ ടുക്കുകയും ചെയ്തു. ഇബ്നുസിയാദ് കൂഫയിൽ എത്തിയ ഉ ടനെ താഴെ പറയുന്ന വിവരം പരസ്യപ്പെടുത്തി: –

"ഞാൻ നിയമത്തെ അനുസരിക്കുന്നവർക്കു ദയാലുവും വിപ്ലവകാരികൾക്കു ശത്രുവുമാണു്. ഓരോ ഗ്രഹനായകനും തന്റെ ഗ്രഹനിവാസികളുടെ പേരെഴുതി എന്റെ അടുക്കൽ

സമർപ്പിക്കേണ്ടതും, അന്യനോ, ഖാരിജിയോ, സംശയിക്കപ്പെടുന്നവനോ ആയി വല്ലവനെയും കണ്ടുകിട്ടിയാൽ അവനെ പിടിച്ചു എന്റെ അടുക്കൽ കൊണ്ടുവരേണ്ടതുമാണു്. എല്ലാ ഓരോരുത്തനും അവനവന്റെ കീഴിലുള്ളവരെക്കുറിച്ചു ഉത്തരവാദപ്പെട്ടവനാണു്. ഏതെങ്കിലും ഒരു ഗൃഹത്തിൽ നിന്നു വല്ല വിപ്ലവകാരിയെയും കണ്ടുകിട്ടിയാൽ ആ ഗൃഹനായകനെ ഗൃഹവാതിലിന്നരികെ വെച്ചു തന്നെ കൊന്നുകളയും"

ഈ വിളംബരത്തെക്കുറിച്ചു വർത്തമാനം കിട്ടിയപ്പോൾ മുസ്ലിം, ഹാനിബ്നുഉർവത്തിന്റെ ഭവനത്തിൽ രക്ഷപ്രാപിച്ചു. തന്മൂലം നേരിട്ടുന്ന ആപത്തു സഹിക്കുവാൻ ഹാനി സന്നദ്ധനായി. ഇബ്നുസിയാദ് വിവരം അറിഞ്ഞു ഹാനിയെ വിളിച്ചുവരുത്തി ഇങ്ങിനെ പറഞ്ഞു. "നിങ്ങളുടെ വീട്ടിൽ ആയുധങ്ങൾ ശേഖരിച്ചുവരുന്നുണ്ടെന്നും വിപ്ലവത്തിന്നു വട്ടം കൂട്ടുന്നുണ്ടെന്നും ഞാൻ കേട്ടിരിക്കുന്നു. നിങ്ങൾ ഖലീഫയുടെ ശത്രുവാണു്. മുസ്ലിമിന്നു നിങ്ങൾ അഭയം നൽകിയിരിക്കുന്നു. അദ്ദേഹത്തെ എന്റെ അടുക്കൽ ഹജരാക്കണം." ഹാനി അപകീർത്തിഭയന്നു് മുസ്ലിമിനെ വിട്ടുകൊടുത്തില്ല. ഇബ്നുസിയാദ് അദ്ദേഹത്തെ പ്രഹരിക്കുകയും തടവിലാക്കുകയും ചെയ്തു.

മുസ്ലിം വർത്തമാനം അറിഞ്ഞപ്പോൾ കൂഫക്കാരെ സഹായത്തിന്നു വിളിച്ചു. അദ്ദേഹത്തിന്റെ കൈക്കു ബൈഅത്തു് ചെയ്തിരുന്ന 18000 ആളുകളിൽ 4000 പേർ മാത്രമായിരുന്നു തദവസരത്തിൽ വന്നുകൂടിയതു്. ഈ നാലായിരം ആളുകൾ അമീറിന്റെ കോട്ട വളഞ്ഞു. തദവസരത്തിൽ ഇബ്നുസിയാദിന്റെ അടുക്കൽ 30 ഭടന്മാരും കൂഫായിലെ ചില പൌരപ്രധാനികളും ബന്ധുമയ്യാ ഗോത്രത്തിലെ ഏതാനും പ്രമാണികളും മാത്രമേ ഉണ്ടായിരുന്നുള്ളു. ഇവരെല്ലാം കൂടി ആകെ അമ്പതിലകം ആളുകൾ മാത്രമാണുണ്ടായിരുന്നതു്. ഇവരിൽ

പ്പെട്ട കൂഫാ പൌരപ്രധാനികളോട്, തങ്ങളുടെ ഗോത്രങ്ങളിൽ നിന്നു മുസ്ലിമിന്റെ ഭാഗത്തു ചേന്നിട്ടുള്ള ആളുകളെ അവരുടെ അടുക്കൽ ചെന്നു ഉപദേശിച്ചു മടക്കി അയക്കേണമെന്നു ഇബ്നുസിയാദ് കല്പിച്ചു. കല്പനപ്രകാരം പ്രധാനികൾ ചെന്നു അവരെ ഭയപ്പെടുത്തുകയും ഉപദേശിക്കുകയും ചെയ്തതിൽപ്പിന്നെ അവർക്കു മാപ്പുകൊടുത്തിരിക്കുന്നുവെന്നതിനു ലക്ഷണമായി കൊടി നാട്ടി. തന്നിമിത്തം ജനങ്ങൾ മുസ്ലിമിന്റെ അടുക്കൽ നിന്നു പിന്മാറിത്തുടങ്ങി. അവസാനം 30 പേർ മാത്രം ബാക്കിയായി. അവർ ഭയവിഹ്വലരായി ഒരു വീട്ടിൽ ചെന്നു ഒളിച്ചു. ഇബ്നുസിയാദ് വിവരം അറിഞ്ഞപ്പോൾ മുഹമ്മദുബ്നുഅശ്അത് എന്ന ആളെ അവരെ ബന്ധനസ്ഥരാക്കുവാനായി അവരുടെ നേരെ അയച്ചു. മുഹമ്മദു വന്നപ്പോൾ മുസ്ലിം അദ്ദേഹത്തോടു് ഇങ്ങിനെ പറഞ്ഞു: "എനിക്കു രക്ഷനൽകുവാൻ നിങ്ങൾക്കു സാധിക്കുകയില്ലല്ലോ. എന്നാൽ എനിക്കുവേണ്ടി ഒരു പ്രവൃത്തി മാത്രം ചെയ്യുവെങ്കിൽ വലിയ ഉപകാരമായിരിക്കുന്നതാണു്. ഇമാംഹുസൈനു എന്റെ വർത്തമാനം അറിയിക്കണം. 'ഒരിക്കലും ഇങ്ങോട്ടു വരരുതു്'. പുറപ്പെട്ടു പോയിട്ടുണ്ടെങ്കിൽ, വഴിയിൽ നിന്നു മടങ്ങിക്കളയണം. കൂഫക്കാർ വിശ്വാസയോഗ്യന്മാരല്ല. അവരുടെ വഞ്ചനയ്ക്കു വംശവദനായി തന്നത്താൻ ആപത്തിൽ പെട്ടുപോകരുതു്" എന്നു അദ്ദേഹത്തെ എഴുതി അറിയിക്കണം." ഈ അപേക്ഷയനുസരിച്ചു തീച്ചയായും താൻ പ്രവർത്തിച്ചു കൊള്ളുന്നതാണു് എന്നു മുഹമ്മദ് സമ്മതിച്ചു. ഇബ്നുസിയാദ് മുസ്ലിമിനെയും അദ്ദേഹത്തിനു രക്ഷ നല്കിയ ഹാനിബ്നുഉർവത്തിനെയും കൊന്നുകളഞ്ഞു.

മുസ്ലിമിന്റെ മുൻപ്രസ്താവിച്ച കത്തു മക്കയിൽ കിട്ടിയതോടുകൂടി ഇമാംഹുസൈൻ കൂഫയിലേക്കു പോകുവാൻ തയ്യാറായിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ഗുണകാംക്ഷികൾ ചെന്നു

അദ്ദേഹത്തോട് വിരോധം പറഞ്ഞുനോക്കി. ഒന്നാമതായി അബ്ദുർറഹ്മാനുബ്നുഹാരിസ് എന്ന ആൾ അദ്ദേഹത്തിന്റെ അരികെ ചെന്നു ഇങ്ങിനെ പറഞ്ഞു: "താങ്കൾ ഇറാഖിലേക്കു പോകുന്നു എന്ന വർത്തമാനം ശ്രുതിപ്പെട്ടിരിക്കുന്നു. താങ്കളുടെ യാത്ര ആപൽക്കരമാണെന്നാകുന്നു എന്റെ അഭിപ്രായം. അവിടെ ഇറാഖ് ഭരണാധിപനും അദ്ദേഹത്തിന്റെ വശം ഭടന്മാരും ദ്രവ്യഭണ്ഡാരവുമുണ്ട്. ജനങ്ങൾ പണത്തിന്റെ അടിമകളായിരിക്കുമെന്നു താങ്കൾക്കു അറിയാമല്ലോ. താങ്കളെ ക്ഷണിച്ചിട്ടുള്ള അതേ ജനങ്ങൾ തന്നെ താങ്കളോട് പോരാടുവാൻ വരുമെന്നുള്ള വസ്തുത ഒരിക്കലും അതിശയകരമല്ല. ഇമാംഹുസൈൻ അദ്ദേഹത്തിന്റെ ഗുണകാംക്ഷകൾ നന്ദിപറഞ്ഞു അദ്ദേഹത്തെ പിരിച്ചയച്ചു. അബ്ദുല്ലാഹിബ്നുഅബ്ബാസും ഇമാംഹുസൈനെ തടയുകയുണ്ടായി. ഇദ്ദേഹവും ഹുസൈനും തമ്മിൽ നടന്ന സംഭാഷണം താഴെ ചേർക്കുന്നു: -

അബ്ദുല്ല-താങ്കൾ കൂഫയിൽ പോകുവാൻ ഉദ്ദേശിക്കുന്നുവെന്നു ഞാൻ കേട്ടു.

ഇമാംഹുസൈൻ—അതെ, ഇന്നോ നാളെയോ പോകുന്നതാണു്.

അബ്ദുല്ല—കൂഫക്കാർ അവിടത്തെ അമീറിനെ പുറത്താക്കി രാജ്യം കൈവശപ്പെടുത്തിയിട്ടുണ്ടോ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. അങ്ങിനെ ചെയ്തിട്ടില്ലെങ്കിൽപ്പിന്നെ അവർ താങ്കളെ വിളിക്കുന്നതു് വാസ്തവത്തിൽ യുദ്ധത്തിനു വേണ്ടിയാകുന്നു. അധികാരസ്ഥന്മാരും ഉദ്യോഗസ്ഥന്മാരും അവിടെ ഉണ്ടായിരിക്കുമ്പോൾ അവരിൽ ഒരാൾക്കും താങ്കളുടെ ഭാഗത്തു ചേരുവാൻ കഴികയില്ല. എന്നു മാത്രമല്ല, താങ്കളുടെ പക്ഷക്കാരായ അക്കൂട്ടർ തന്നെ വാശാന ലംഘനം ചെയ്തു താങ്കളോട് പോരാടുവാൻ വരുമെന്നു എനിക്കു ഭയമുണ്ടു്.

ഇമാംഹുസൈൻ-ഞാൻ അല്ലാഹുവിനോട്ട പ്രാത്ഥിച്ചു കൊള്ളാം.

പിറെറ ദിവസവും അബ്ദുല്ലാഹിബ്നു അബ്ബാസ് ചെന്നു താഴെ പറയും പ്രകാരംപ്രസ്താവിച്ചു:

'എൻെറ മനസ്സിനെ ഞാൻ എത്ര തന്നെ അടക്കിനോക്കിയിട്ടും എനിക്കു ക്ഷമ വരുന്നില്ല. താങ്കൾ ഉദ്ദേശിക്കുന്ന ഈ കായ്ത്തിൽ നിന്നു ഒരു പ്രകാരത്തിലും ജീവരക്ഷ നേടുവാൻ താങ്കൾക്കു സാധിക്കുന്നതല്ല. ഇറാഖുകാർ വാശാനലംഘകന്മാരാണു്. അവരുടെ വഞ്ചനയിൽ പെടാതിരിക്കുവിൻ. പോയേ കഴിയൂ എന്നുണ്ടെങ്കിൽ ആദ്യമായി കൂഫയിലെ അമീറിനെ പുറത്താക്കി അവിടത്തെ ഭടന്മാരെ സ്വാധീനത്തിൽ വെക്കുവാൻ താങ്കളെ ക്ഷണിച്ചിട്ടുള്ളവർക്കു കത്തെഴുതുവിൻ. അവർ അങ്ങിനെ ചെയ്തതിനു ശേഷം മാത്രം പൊയ്ക്കൊൾവിൻ. ഇറാഖിൽ പോകുന്നതിനേക്കാൾ യമനിലേക്കു പോകുകയാണു് താങ്കൾക്കു നല്ലതു്. താങ്കളുടെ പിതൃകക്ഷിയിൽപ്പെട്ട അനേകം ആളുകൾ അവിടെ താമസിക്കുന്നുണ്ടു്. കോട്ടകളും മലകളും അവിടെ ധാരാളം ഉണ്ടു്. അതു വിശാലമായ ഒരു രാജ്യമാകുന്നു. എല്ലാ ഭാഗങ്ങളിലേക്കും പ്രചാരകന്മാരെ അയയ്ക്കുകയും തലവന്മാരുമായി കത്തെടപാടു നടത്തുകയും ചെയ്യിൻ. അവിടെ നിന്നു താങ്കളുടെ അഭിലാഷം സാധിക്കുമെന്നു കൂടുതൽ ആശിക്കാവുന്നതാണു്. എന്നാൽ ഇവിടെത്തന്നെ നില്ക്കുകയാണു് ഏറ്റവും ഉത്തമമായിട്ടുള്ളതു്. ഇവിടത്തുകാർ താങ്കളെ നായകനായി കരുതിവരുന്നു'.

എങ്കിലും ഹുസൈൻ (റ) അദ്ദേഹത്തിൻെറ ഒരു ഉപദേശവും സ്വീകരിക്കാതെ, ഇറാഖിലേക്കു പോകുവാൻ തന്നെ തീച്ചപ്പെടുത്തി. ഒടുവിൽ അബ്ദുല്ലാഹിബ്നുഅബ്ബാസ് ഇങ്ങിനെ പറഞ്ഞു: ''ഈ യാത്രയെ തടയുവാനായി ഞാൻ താങ്കളുടെ ഒട്ടകത്തിനു മുമ്പിൽ കിടക്കുന്നതായാലും താങ്കൾ വി

ലവെക്കുന്നതല്ലെന്നു് എനിക്കറിയാം. ഏതായാലും കുട്ടംബങ്ങളെ ഒരുമിച്ചു കൂട്ടരുതു്. ഹസ്രത്ത്ഉസ്മാൻ (റ) തന്റെ കുട്ടികളുടെ മുമ്പിൽ വെച്ചു വധിക്കപ്പെട്ടതു പോലെയുള്ള ദുരവസ്ഥ താങ്കൾക്കും നേരിടുമെന്നു എനിക്കു ഭയമുണ്ടു്". ഈ ഉപദേശത്തെയും ഇമാംഹുസൈൻ സ്വീകരിച്ചില്ല. അദ്ദേഹം കുട്ടംബസമേതം കൂഫയിലേക്കു പോയി.

വഴിയിൽവെച്ചു അദ്ദേഹം ശ്രുതിപ്പെട്ട അറബി കവിയായിരുന്ന ഫറസ്ദഖിനെ കണ്ടു. അദ്ദേഹം കൂഫയിൽ നിന്നു വരികയായിരുന്നു. ഹുസൈൻ (റ) കൂഫയിലെ വർത്തമാനം ചോദിച്ചപ്പോൾ അദ്ദേഹം "കൂഫക്കാരുടെ ഹൃദയം താങ്കളുടെ നേരെയാണെങ്കിലും വാളുകൾ ബനൂഉമയ്യാ സംഘക്കാരുടെ കൂടെയാണു്" എന്നു പറഞ്ഞു. കുറേ മുന്നോട്ടു ചെന്നപ്പോഴേക്കു മദീനയിൽ നിന്നു അബ്ദുല്ലാഹിബ്നുജഅ്ഫറിന്റെ ഒരു ദൂതൻ ഓടിയെത്തി ഇമാംഹുസൈനു ഒരു കത്തു കൊടുത്തു. ആ കത്തിൽ അബ്ദുല്ല, അദ്ദേഹത്തോടു മടങ്ങണമെന്നു സത്യം ചെയ്യുകൊണ്ടു് അപേക്ഷിച്ചിരുന്നു. "താങ്കൾ മടങ്ങിവന്നു മദീനയിൽ താമസിച്ചുകൊള്ളണം. താങ്കളെ ശിക്ഷിക്കുന്നതല്ല" എന്നു കാണിച്ചു മദീനാ ഭരണകർത്താവു എഴുതിയിരുന്ന ഒരു കത്തും അബ്ദുല്ലയുടെ കത്തോടുകൂടി ഉണ്ടായിരുന്നു. എങ്കിലും ഹുസൈൻ (റ) മടങ്ങുകയുണ്ടായില്ല. കുറെ ദൂരവും കൂടി മുന്നോട്ടു കടന്നപ്പോൾ അബ്ദുല്ലാഹിബ്നുമുത്തീഅ് എന്ന ആളെ കണ്ടു. അദ്ദേഹവും ഇറാഖിൽ നിന്നു മക്കയിലേക്കു വരികയായിരുന്നു. അദ്ദേഹവും മടങ്ങാൻ തന്നെയാണു ഉപദേശിച്ചതു്. "അല്ലാഹുവാണെ, താങ്കൾ മടങ്ങണം. ഇറാഖുകാരുടെ ചതിയിൽ അകപ്പെടരുതു്. ബനൂഉമയ്യാ ഗോത്രക്കാരിൽ നിന്നു ഖിലാഫത്തധികാരം കൈവശപ്പെടുത്തുവാൻ ശ്രമിക്കുന്നതായാൽ അവർ തീർച്ചയായും താങ്കളെ കൊല്ലും. പിന്നീടു് അവർക്കു ഹാശിംവംശജനാകട്ടെ,

അറബിയാകട്ടെ, മുസ്ലിമാകട്ടെ, ഏതൊരാളേയും കൊല്ലുന്നതിനു ഭയമുണ്ടാകുന്നതല്ല. താങ്കൾ താങ്കളെത്തന്നെ അപകടത്തിൽപ്പെടുത്തി ഖുറൈശീഗോത്രത്തിനും അറബികൾക്കും ഇസ്ലാമിനുമുള്ള പദവിയെ നശിപ്പിക്കരുതു്" എന്നിപ്രകാരമുള്ള അബ്ദുല്ലാഹിബ്നുമുത്തീഅ്ന്റെ ഉപദേശത്തേയും ഇമാംഹുസൈൻ ശ്രവിക്കുകയുണ്ടായില്ല.

തഅ്ലബിയ്യ എന്ന സ്ഥലത്തെത്തിയ അവസരത്തിൽ, മുസ്ലിം ഒസ്യത്തു ചെയ്തിരുന്നതനുസരിച്ചു മുഹമ്മദുബ്നുഅശ്അത് അയച്ച കത്തും, മുസ്ലിം വധിക്കപ്പെട്ട വർത്തമാനവും, അദ്ദേഹത്തിനു കിട്ടി. അപ്പോൾ കൂടെയുണ്ടായിരുന്നവരിൽ ചിലർ അദ്ദേഹത്തോടു ഇങ്ങിനെ പറഞ്ഞു: "ഇനി പോകുന്നതുകൊണ്ടു ഫലമില്ല. ഈ അവസരത്തിൽ കൂഫയിൽ നിന്നു യാതൊരു സഹായിയേയും നമുക്കു കിട്ടുന്നതല്ല. എന്നു മാത്രമല്ല, മുസ്ലിമിനു നേരിട്ട ഭയങ്കര ഘട്ടം നമുക്കും നേരിടുമെന്നതന്നെ ഭയപ്പെടേണ്ടിയിരിക്കുന്നു". ഈ വാക്കു ബനീഅഖീൽ വംശക്കാർക്കു (മുസ്ലിമിന്റെ സഹോദരങ്ങൾ) തൃപ്തികരമായില്ല. മടങ്ങിപ്പോകാൻ ഒരിക്കലും സാധിക്കുകയില്ലെന്നും തങ്ങൾ മുസ്ലിമിനെ കൊന്ന ശത്രുക്കളോടു പകരംവീട്ടുകയൊ, അദ്ദേഹത്തെപ്പോലെ സ്വജീവനെ പരിത്യജിക്കുകയൊ ചെയ്യുന്നതാണെന്നും അവർ പറഞ്ഞു. തന്നിമിത്തം പ്രയാണസംഘം വീണ്ടും മുന്നോട്ടുതന്നെ ഗമിച്ചു. ഇതര ഗോത്രക്കാരായ ആളുകൾ ക്രമേണയായി വിട്ടുപോയി. ആത്മപരിത്യാഗത്തിനു സന്നദ്ധരായ സ്വന്തംകുടുംബക്കാർ മാത്രം ഒടുവിൽ ബാക്കിയായി.

ശറാഫ്, എന്ന സ്ഥലംവിട്ടു മുന്നോട്ടു കടന്നപ്പോൾ ആയിരം അശ്വഭടന്മാർ ഈ ചെറു സംഘത്തിന്റെ മുമ്പിൽ ആഗതരായി. തമീംവംശജനായ ഹുർറുബ്നുയസീദ് എന്ന ആളായിരുന്നു അവരുടെ നായകൻ. ഇമാംഹുസൈൻ ആ ഭ

ടന്മാരോട്ട ഇങ്ങിനെ പറഞ്ഞു. ''നിങ്ങൾ ക്ഷണിക്കുകയും നിങ്ങൾക്കു ഒരു ഇമാമുമില്ലെന്നു നിങ്ങൾ കത്തെഴുതുകയും ചെയ്തതനുസരിച്ചാണു ഞാൻ വന്നിട്ടുള്ളതു്. നിങ്ങൾ എനിക്കു കത്തെഴുതിയ അതേകാര്യത്തിൽ നിങ്ങൾ ഉറച്ചു നില്ക്കുന്നുണ്ടെങ്കിൽ ഞാൻ നിങ്ങളുടെ പട്ടണത്തിൽ പ്രവേശിക്കാം. ഇല്ലെങ്കിൽ പോന്ന സ്ഥലത്തേക്കുതന്നെ മടങ്ങിപ്പോകുകയും ചെയ്യാം''. ഇതിനു ആ ഭടന്മാർ യാതൊരു മറുപടിയും പറഞ്ഞില്ല. അദ്ദേഹത്തിന്റെ കൂടെത്തന്നെ നില്ക്കുവാനും അദ്ദേഹത്തിനെ സന്നിധിയിൽ കൂട്ടി കൊണ്ടുചെല്ലുവാനും തങ്ങൾക്കു ഉത്തരവുകിട്ടിയിരിക്കുന്നുവെന്നു ആ ഭടന്മാരുടെ നായകനായ ഹുർറു പ്രസ്താവിച്ചു. അതിനേക്കാൾ നല്ലതു മരിക്കുകയാണു് എന്നു ഹുസൈൻ (റ) മറുപടി പറഞ്ഞു. അനന്തരം ഹുസൈൻ (റ) കൂടെയുണ്ടായിരുന്നവരോട്ട വാഹനം കയറി മടങ്ങിക്കൊള്ളുവാൻ കല്പിച്ചു. അങ്ങിനെ മടങ്ങുവാൻ ശ്രമിച്ചപ്പോൾ ഹുർറു തടസ്സം ചെയ്തു. തന്നിമിത്തം ഇമാംഹുസൈൻ വടക്കുഭാഗത്തേക്കു തന്നെ നടന്നു. ഇങ്ങിനെ നീനവാ എന്നിടത്തു എത്തിയപ്പോൾ മറെറാരു കൂട്ടം ഭടന്മാരെക്കൂടി കണ്ടുമുട്ടി. ആ ഭടന്മാർ അംറുബ്നുസഅ്ദിന്റെ നായകത്വത്തിൻ കീഴിൽ ഇമാംഹുസൈനോട്ടു് നേരിട്ട യുദ്ധം ചെയ്യേണ്ടതിനു ഇബ്നു സിയാദിനാൽ അയക്കപ്പെട്ടവരായിരുന്നു.

ഇബ്നുസഅ്ദു്, ഹുസൈൻ (റ) എന്തു ഉദ്ദേശത്തോടുകൂടിയാണു് ചെന്നിട്ടുള്ളതു എന്നു ഒരു ദൂതൻ മുഖേന അദ്ദേഹത്തോടന്വേഷിച്ചു. കൂഫക്കാർ അനേകം പ്രാവശ്യം കത്തെഴുതിക്ഷണിച്ചതുകൊണ്ടാണു് താൻ ചെന്നിട്ടുള്ളതെന്നും താൻ ചെല്ലുന്നതിൽ ജനങ്ങൾക്കു തൃപ്തിയില്ലെങ്കിൽ മടങ്ങിക്കൊള്ളാമെന്നും അദ്ദേഹം മറുപടി പറഞ്ഞു. ഇബ്നുസഅ്ദു് ഈ വർത്തമാനങ്ങൾ വിശദീകരിച്ചുകൊണ്ടു ഇബ്നുസിയാദിന്റെ അടുക്കലേക്കു കത്തെഴുതി. എങ്കിലും ''നമ്മുടെ

പിടിത്തത്തിൽ അകപ്പെട്ടുകഴിഞ്ഞിട്ടുള്ള സ്ഥിതിക്കു ഇനി വിട്ടുകൂടാ" എന്നായിരുന്നു ഇബ്നുസിയാദിന്റെ മറുപടി.

കൂടാതെ ഇബ്നുസിയാദ്, ഇമാംഹുസൈനോട്ട യസീദിനെ ബൈഅത്ത് ചെയ്വാൻ ആവശ്യപ്പെടണമെന്നും, ബൈഅത്ത് ചെയ്യുന്ന പക്ഷം എന്താണ് പ്രവർത്തിക്കേണ്ടതു എന്നു പിന്നീട് അറിയിക്കാമെന്നും അല്ലാത്തപക്ഷം അദ്ദേഹത്തിനും കൂടെയുള്ളവർക്കും വെള്ളം കിട്ടുവാനുള്ള മാർഗ്ഗത്തെ തടസ്സപ്പെടുത്തണമെന്നും ഇബ്നുസഅ്ദിനു ഉത്തരവു കൊടുക്കുകയും ചെയ്തു. അനന്തരം അദ്ദേഹം ശമ്മർദിൽജൂശൻ എന്ന ആളേയും ഒരു സൈന്യത്തോട്ടകൂടി അയച്ചു. പുറപ്പെട്ട സ്ഥലത്തേക്കുതന്നെ മടങ്ങിപ്പോകുവാനോ വല്ല അന്യത്തിരാജ്യത്തേക്കും കടന്നു പോകുവാനോ തങ്ങളെ അനുവദിക്കണമെന്നു ഇമാംഹുസൈൻ പറഞ്ഞുനോക്കിയെങ്കിലും അതിനു യാതൊരു ഫലവുമുണ്ടായില്ല. തന്റെ കല്പന അനുസരിക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലെന്നായിരുന്നു ഇബ്നുസിയാദിന്റെ കണിശമായ മറുപടി. അദ്ദേഹത്തിന്റെ ആ കല്പന സ്വീകരിക്കുന്നതു ഇമാമിനു ക്ഷന്തവ്യമായതുമില്ല.

ഒടുവിൽ ഹിജ്റഃ 61 മുഹർറം 10–ാംനു കർബലാ മൈതാനത്തു വെച്ചു, ഒരു ഭാഗത്തു ഇമാംഹുസൈന്റെ 80 കൂട്ടാളികളടങ്ങിയ ഒരു ചെറു സംഘവും, മറുഭാഗത്തു കൂഫയിൽ നിന്നു ചെന്നിട്ടുണ്ടായിരുന്ന വമ്പിച്ച ഇറാഖ് സൈന്യവും അണിനിരന്നു പരസ്പരം യുദ്ധം ചെയ്തു. ആ ഇറാഖ് സൈന്യത്തിൽ ഒരൊറ്റ സിറിയക്കാരൻപോലും ഉണ്ടായിരുന്നില്ല. യുദ്ധം താമസമെന്യേ അവസാനിച്ചു. 71 കൂട്ടാളികളോട്ട കൂടി ഇമാംഹുസൈനും ഇബ്നുസഅ്ദിന്റെ സൈന്യത്തിൽ നിന്നു 88 പേരും വധിക്കപ്പെട്ടു.

ഇറാഖുകാർ ഇമാംഹുസൈന്റെ തല ഛേദിച്ചെടുത്തു അതും അദ്ദേഹത്തിന്റെ ഭാര്യയെയും രോഗിയായിരുന്ന

മകൻ അലിയ്യുബ്നുഹുസൈനെയും മറ്റുമെല്ലാം ഇബ്നുസിയാദിന്റെ അട്ടക്കൽ ഹാജരാക്കി. അദ്ദേഹം അവരെ ശമ്മർ മുതലായ ചില ഇറാഖ് നേതാക്കന്മാരോട്ടകൂടി ഖിലാഫത്ത് തലസ്ഥാനമായിരുന്ന ദിമിശ്ഖിലേക്കും അയച്ചു.

അവർ ദിമിശ്ഖിൽ ചെന്ന അവസരത്തിൽ യസീദിന്നു അപാരമായ ദുഃഖമുണ്ടായി. അദ്ദേഹത്തിന്റെ ഇരുനേത്രങ്ങളിലും ബാഷ്പം നിറഞ്ഞു. "നിങ്ങൾ ചെയ്തതു എന്തൊരു കഠിനകൃത്യം! ഹുസൈനെ കൊല്ലേണ്ട ആവശ്യമുണ്ടായിരുന്നില്ല. നിങ്ങൾ കീഴടങ്ങിയിരുന്നുവെങ്കിൽ തന്നെ ഞാൻ തൃപ്തിപ്പെട്ടമായിരുന്നു. ഇബ്നുസിയാദിന്റെ സ്ഥാനത്തു ഞാനായിരുന്നുവെങ്കിൽ ഞാൻ യാതൊരു കലഹവും ഉണ്ടാക്കാതെ കഴിക്കുമായിരുന്നു" എന്നായിരുന്നു ഇറാഖുകാരോട്ട് അദ്ദേഹം പറഞ്ഞതു്. അനന്തരം തന്റെ ദർബ്ബാറിൽ കൂടിയിരുന്നവരോട്ട അദ്ദേഹം താഴെ വരുംപ്രകാരം പ്രസ്താവിച്ചു.

"ഹുസൈൻ ഈ സ്ഥിതിയിൽ ആയിത്തീന്നതു എന്തുകൊണ്ടാണെന്നു നിങ്ങൾക്കു അറിയാമോ? "എന്റെ പിതാവിന്നു യസീദിന്റെ പിതാവിനേക്കാളും മാതാവിന്നു യസീദിന്റെ മാതാവിനെക്കാളും പിതാമഹന്നു യസീദിന്റെ പിതാമഹനെക്കാളും പദവിയുണ്ടു്. ഞാൻ യസീദിനെക്കാൾ ശ്രേഷ്ഠനും ഖിലാഫത്തധികാരത്തിന്നു അവനേക്കാൾ അർഹതയുള്ളവനുമാണു" എന്നു അദ്ദേഹം വാദിച്ചിരുന്നു. എന്നാൽ എന്റെയും അദ്ദേഹത്തിന്റെയും പിതാക്കൾ തമ്മിലുണ്ടായ തർക്കം എങ്ങിനെ തീർന്നുവെന്നു ലോകം അറിഞ്ഞു കഴിഞ്ഞു. അദ്ദേഹത്തിന്റെ മാതാവു് റസൂൽതിരുമേനിയുടെ പുത്രിയായ ഫാത്തിമഃ (റ) ആകുന്നുവല്ലോ. ഒരു സ്ത്രീക്കും അവരുടെ പദവിയെപ്രാപിക്കുവാൻ കഴിയുന്നതല്ല. അദ്ദേഹത്തിന്റെ പിതാമഹൻ റസൂൽതിരുമേനിയണല്ലോ.

തിരുമേനി സ്വപ്ന പ്രവാചകന്മാരിലും വെച്ചു അതിശ്രേഷ്ഠനാകുന്നുവെന്നു ഓരോ മുസ്ലിമും വിശ്വസിക്കുന്നുണ്ട്. എന്നാൽ ഈ നാശങ്ങളെല്ലാം സംഭവിച്ചതു, ആരുടെ പിതാവും പിതാമഹനും സ്വർഗ്ഗശ്രേഷ്ഠന്മാരാണോ അവൻ തന്നെയാണ് ഖലീഫയാകേണ്ടതു എന്നു അദ്ദേഹം കണ്ടുപിടിച്ചതുകൊണ്ടാണു്. "ദൈവമെ, നീ ഉദ്ദേശിക്കുന്നവർക്കു നീ രാജ്യം കൊടുക്കുന്നു" എന്ന ഖുർആൻ വാക്യത്തെ അദ്ദേഹം ഗൌനിച്ചില്ല"

ഇതിനു ശേഷം യസീദ് കർബലയിൽ നിന്നു രക്ഷ പ്രാപിച്ചു തന്റെ അടുക്കൽ എത്തിയിട്ടുള്ളവരും വളരെ കഷ്ടമനുഭവിച്ചവരുമായിരുന്ന അലിയ്യുബ്നുഹുസൈൻ ആദിയായവരെ തന്റെ കൊട്ടാരത്തിൽ താമസിപ്പിച്ചു. കൊട്ടാരത്തിലുണ്ടായിരുന്ന സ്ത്രീകൾ അവരുടെ അടുക്കൽ ചെന്നു കൂടി വളരെയധികം വിലപിക്കുകയും മൂന്നു ദിവസം കഴിയുന്നതുവരെ ദുഃഖം അനുഷ്ഠിക്കുകയും ചെയ്തു. ഏതാനും ദിവസങ്ങൾ കഴിഞ്ഞതിൽപ്പിന്നെ ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുത്തുകൊണ്ടു യസീദ് അവരെ മദീനയിലേക്കു അയച്ചു. അവർക്കു നഷ്ടം വന്ന ധനത്തിന്റെ ഇരട്ടി സംഖ്യ കൊടുക്കുകയും വല്ല ആവശ്യവും നേരിടുമ്പോൾ കത്തെഴുതുന്നതായാൽ താൻ നിവർത്തിച്ചു കൊടുക്കുന്നതാണെന്നു അലിയ്യുബ്നുഹുസൈനോടു പ്രത്യേകം പറയുകയും ചെയ്തു. ഇങ്ങിനെ എതുയും വ്യസനകരമായ രൂപത്തിലാണു് കർബലായുദ്ധം പര്യവസാനിച്ചതു്.

കൂഫക്കാർ വിശ്വാസയോഗ്യന്മാരായിരുന്നില്ല. ഹസ്സത്ത് അലിക്കു (റ) തന്നെ മദീനയെ ഉപേക്ഷിച്ചു കൂഫയെ ഖിലാഫത്തു് തലസ്ഥാനമാക്കിയതോടു കൂടി അവർ നിമിത്തം വളരെ നഷ്ടകഷ്ടങ്ങൾ നേരിട്ടിരുന്നു. ആ അനുസരണമില്ലാത്ത ജനങ്ങളെക്കൊണ്ടു ബുദ്ധിമുട്ടി അദ്ദേഹം ഇങ്ങിനെ പ്രാർത്ഥിച്ചുപോയിരുന്നു. "ദൈവമേ, മരണത്തിലോ വധ

ത്തിലോ അകപ്പെട്ടത്തിയിട്ടെങ്കിലും ഇവരിൽ നിന്നു എനിക്കു മോചനം നൽകണമേ''. ഇമാംഹസനെയും (റ) അവർ ഖലീഫയായി തിരഞ്ഞെടുത്തു. സിറിയൻസൈന്യവുമായി നേരിട്ടപ്പോൾ പ്രഥമയുദ്ധത്തിൽത്തന്നെ അവർ അദ്ദേഹത്തെ ഉപേക്ഷിച്ചു കളഞ്ഞതിനാൽ ഒടുവിൽ അദ്ദേഹത്തിനു അമീർ മുആവിയയുമായി സന്ധിയിലേർപ്പെടേണ്ടിവന്നു. അവരെ മാത്രം വിശ്വസിച്ചുകൊണ്ടായിരുന്നുവല്ലോ ഇമാംഹുസൈൻ (റ) മക്കയിൽ നിന്നു കൂഫയിലേക്കു ചെന്നതു്. അവരുടെ സ്വീകാര്യദാനങ്ങളും അടിസ്ഥാനരഹിതങ്ങളായിരുന്നുവെന്നു കൂഫയെ സമീപിച്ച അവസരത്തിൽ അദ്ദേഹത്തിനു മനസ്സിലായി. തദവസരത്തിൽ അദ്ദേഹം മടങ്ങുവാൻ വിചാരിച്ചു. എന്നാൽ അക്രമിയായ ഇബ്നുസിയാദ് അതിനും സമ്മതിച്ചില്ല. ഇബ്നുസിയാദിന്റെ നിർബന്ധമനുസരിച്ചു യസീദിനെ ബൈഅത്തു് ചെയ്യുന്നതു അദ്ദേഹത്തിനു സമ്മതവുമായില്ല. അവസാനം അദ്ദേഹം ധൈര്യസമേതം പോരാടി ജീവപരിത്യാഗം ചെയ്തു. കൂഫക്കാരുടെ സ്വഭാവം മനസ്സിലാക്കിയിരുന്ന അബ്ദുല്ലാഹിബ്നു അബ്ബാസും മറ്റും ഇങ്ങിനെ സംഭവിക്കുമെന്നു മുമ്പു തന്നെ അറിഞ്ഞിരുന്നു. അതുകൊണ്ടായിരുന്നു അവർ ഇമാമിനെ ഈ ഉദ്യമത്തിൽ നിന്നു പിന്തിരിക്കുവാൻ കഴിയുന്നതെല്ലാം ചെയ്യുനോക്കിയതു്.

ഹർറത്തുയുദ്ധം.

ഖലീഫയായതോടു കൂടി യസീദ് മദീനക്കാരെ ആദരിക്കുന്നതിൽ അത്യുല്ലണാകുലനായി. അവക്കു വലിയവലിയ സമ്മാനങ്ങളും പ്രത്യേകതളും നല്കി. എങ്കിലും അബ്ദുല്ലാഹിബ്നുസുബൈർ ഖിലാഫത്തധികാരം കരസ്ഥമാക്കുവാൻ തീച്ചപ്പെടുത്തി മക്കയിൽ വെച്ചു ജനങ്ങളോടു ബൈഅത്തു് ചെ

യ്യിക്കുവാൻ ആരംഭിക്കുകയാണു് ഉണ്ടായതു്. മദീനക്കാരും ഉടനെത്തന്നെ അദ്ദേഹത്തിന്റെ പക്ഷക്കാരായിത്തീർന്നു. അവർ അബ്ദുല്ലാഹിബ്നു ഹൻസലത്തിനെ തങ്ങളുടെ നേതാവായി നിയമിക്കുകയും യസീദിന്റെ ബൈഅത്തു് ദുർബ്ബലപ്പെടുത്തുകയും ചെയ്തുകൊണ്ടു പരസ്യമായി മത്സരത്തിന്നു പുറപ്പെട്ടു.

യസീദു് വിവരം അറിഞ്ഞപ്പോൾ അവരെ ഉപദേശിക്കേണ്ടതിന്നായി നുഅ്മാനുബ്നുബശീറിനെ അയച്ചു. അദ്ദേഹം ചെന്നു ഒരു ഗുണകാംക്ഷിയുടെ നിലയിൽ മദീനക്കാരോടു പല വിധത്തിലും ഉപദേശിച്ചു. "ഛിദ്രവും കലഹവും ഉണ്ടാക്കുവാൻ നിങ്ങൾ ശ്രമിക്കരുതു്. സമുദായത്തിൽ നിന്നു ഒറപ്പെട്ട നിങ്ങളുടെ മതത്തെയും ഐഹികക്ഷേമത്തെയും നഷ്ടപ്പെടുത്തരുതു്. സിറിയക്കാരോടു നേരിടുവാൻ നിങ്ങൾക്കു ശക്തിയില്ലല്ലോ. എന്നിരിക്കെ എന്തു കണ്ടിട്ടാണു് നിങ്ങൾ കലഹത്തിന്നു പുറപ്പെട്ടന്നതു്?" എന്നുംമറ്റും പറഞ്ഞു അവരെ പിന്തിരിക്കുവാനായി നുഅ്മാൻ കഴിയുന്നത്ര ഉത്സാഹിച്ചു. എങ്കിലും അദ്ദേഹത്തിന്റെ ഉപദേശം തീരെ ഫലപ്പെട്ടില്ല. അവസാനം നുഅ്മാൻ മടങ്ങിപ്പോകേണ്ടിവന്നു.

മദീനക്കാർ അവിടെയുണ്ടായിരുന്ന ബന്യഉമയ്യാ ഗോത്രക്കാരോടെല്ലാം എതിർത്തു. ബന്യഉമയ്യാ ഗോത്രക്കാർ മർവാന്റെ ഭവനത്തിൽ ചെന്നു കൂടി. തദവസരത്തിൽ മദീനക്കാർ ആ വീടു വളഞ്ഞു. ബന്യഉമയ്യാ ഗോത്രക്കാർ ഉടനെത്തന്നെ യസീദിന്റെ അടുക്കലേക്കു ഒരു ദൂതനെ ഓടിച്ചുകൊണ്ടു അദ്ദേഹത്തോടു സഹായത്തിന്നു അഭ്യർത്ഥിച്ചു. അദ്ദേഹം മുസ്ലിമുബ്നുഅഖബത്തിന്റെ നായകത്വത്തിൻ കീഴിൽ 12000 ഭടന്മാരെ അയച്ചു. മുസ്ലിമിനോടു അദ്ദേഹം ഇപ്രകാരം കല്പിച്ചിട്ടുണ്ടായിരുന്നു. "മദീനക്കാരോടു മത്സരത്തിൽ

നിന്നു പിന്മാറുവാൻ മൂന്നു പ്രാവശ്യം ഉപദേശിക്കണം. എന്നിട്ടും അനുസരിക്കാത്തവരോടു യുദ്ധം ചെയ്യണം. മൂന്നു ദിവസം വരെ കൊല നടത്തണം. പക്ഷെ അലിയ്യുബ്നുഹുസൈനു യാതൊരു ദ്രോഹവും നേരിടരുതു്. അദ്ദേഹം ഈ കലാപത്തിൽ മദീനക്കാരുടെ ഭാഗത്തു ചേന്നിട്ടില്ലെന്നു എനിക്കു കത്തയച്ചിട്ടുള്ളതിനാൽ അദ്ദേഹത്തോടു ഔദാര്യപൂർവ്വം വർത്തിക്കേണ്ടതാണു്".

ബന്യുഉമയ്യാ ഗോത്രക്കാരെ വളഞ്ഞു നിന്നിരുന്ന മദീനക്കാർ മുസ്ലിം വരുന്നുണ്ടെന്നറിഞ്ഞപ്പോൾ, മുസ്ലിമിന്റെ ഭാഗത്തു് ചേരുന്നതല്ലെന്നും നാട്ടിൽ നടക്കുന്ന വർത്തമാനങ്ങളെക്കുറിച്ചു അദ്ദേഹത്തിനു അറിവു കൊടുക്കുന്നതല്ലെന്നും കരാർ ചെയ്യിച്ചുകൊണ്ടു അവരെ വിട്ടയച്ചു. അവർ മോചിതരായി വാദിൽഖുറാ എന്നിടത്തു് എത്തിയപ്പോൾ മുസ്ലിമുമായി കണ്ടു. അദ്ദേഹം അവരിലൊരാളും ഹസ്സുത്തുസ്സാന്റെ മകനുമായിരുന്ന അംറിനോടു മദീനയിലെ വർത്തമാനം ചോദിച്ചു. തനിക്കു കരാർ ലംഘിക്കുവാൻ തരമില്ലാത്തതുകൊണ്ടു യാതൊരു വർത്തമാനവും പറവാൻ കഴിയുന്നതല്ലെന്നു അദ്ദേഹം ഉത്തരം കൊടുത്തു. അപ്പോൾ മുസ്ലിം വളരെ കോപത്തോടു കൂടി "നിങ്ങളുടെ പിതാവിനെ ഓർത്തിരുന്നില്ലെങ്കിൽ പിരടി ഞാൻ വെട്ടിക്കളയുമായിരുന്നു" എന്നു അദ്ദേഹത്തോടു പറഞ്ഞു. അനന്തരം അബ്ദുൽമലിക്കുബ്നു മർവാനോടു അനുവാദം ചോദിച്ച അവസരത്തിൽ അദ്ദേഹം എല്ലാ വിവരവും വിശദമായി പ്രസ്താവിച്ചു. കൂടാതെ മുസ്ലിമിനോടു അദ്ദേഹം ഇങ്ങിനെ ഉപദേശിക്കുകയും ചെയ്തു. "ഇന്നു മദീനയ്ക്കു പുറത്തു താമസിക്കുക. രാവിലെ വലത്തു ഭാഗത്തു കൂടി (കിഴക്കോട്ടു) തിരിഞ്ഞു മദീനയുടെ അപ്പുറം കടക്കണം. പിന്നീടു് ഹർറത്തു് എന്നിടത്തു് നിന്നു പടിഞ്ഞാറു ഭാഗത്തേക്കു തിരിഞ്ഞു മദീനയിലേക്കു മടങ്ങണം.

ഇങ്ങിനെ സൂയ്ൻ മദീനക്കാരുടെ മുൻഭാഗത്തും നിങ്ങളുടെ പിൻഭാഗത്തും ആയിത്തീരുന്നതും നിങ്ങളുടെ ഖഡ്ഗപ്രകാശത്താൽ അവരുടെ നേത്രങ്ങൾ മങ്ങുകയും ഹൃദയങ്ങൾ ഭ്രമിക്കുകയും ചെയ്യുന്നതുമാണ്''. മുസ്ലിം ഈ ഉപദേശമനുസരിച്ചു തന്നെ പ്രവർത്തിച്ചു. അദ്ദേഹം മദീനയോടടുത്തു ചെന്നു അവിടത്തെ തലവന്മാരെ വിളിച്ചു വരുത്തി ഇപ്രകാരം പറഞ്ഞു. ''മദീനക്കാർ സമുദായത്തിന്റെ അസ്ഥിവാരമാണെന്നും അവരുടെ രക്തം ഒലിപ്പിക്കുന്നതു തനിക്കു തീരെ അസഹനീയമാണെന്നും അമീറുൽമുഅ്മിനീൻ പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ടു നിങ്ങൾക്കു മൂന്നു ദിവസത്തെ അവധി തരുന്നുണ്ട്. അതിനിടയ്ക്കു അക്രമത്തിൽ നിന്നു പിന്മാറുന്നവർക്കു യാതൊരു ദ്രോഹവും ഏല്പിക്കുന്നതല്ല. പിന്മാറാതിരിക്കുന്നവർ പിന്നെ എന്നെ നിർദ്ദോഷിയായി ഗണിക്കേണ്ടതാണു''.

മദീനക്കാർ ഈ ഉപദേശത്തെ വില വെച്ചില്ല. തന്നിമിത്തം മൂന്നു ദിവസം കഴിഞ്ഞതിൽപ്പിന്നെ യുദ്ധം നടന്നു. യുദ്ധത്തിൽ അവർക്കു പരാജയം നേരിട്ടു. മദീനയിലെ നേതാക്കന്മാരും മാന്യന്മാരുമായിരുന്ന അനേകം പേർ വധിക്കപ്പെട്ടു. മൂന്നു ദിവസം വരെ അവിടം മുഴുവനും കൊലനിലമായി പരിണമിച്ചു. അനന്തരം എല്ലാവരും ചെന്നു ബൈഅത്ത് ചെയ്യേണ്ടതാണെന്നും ബൈഅത്ത് ചെയ്യാതിരിക്കുന്നവരെ കൊന്നു കളയുമെന്നും മുസ്ലിം പരസ്യപ്പെടുത്തി. ഇങ്ങിനെ സർവ്വ ജനങ്ങളും ചെന്നു ബൈഅത്ത് ചെയ്തു. യസീദ് ഉപദേശിച്ചിരുന്നതനുസരിച്ചു, അലിയ്യുബ്നുഹുസൈനോടു മുസ്ലിം വളരെ ഔദാര്യപൂർവ്വം ഇടപെട്ടു. ബൈഅത്തിനെക്കുറിച്ചും അദ്ദേഹത്തോടു യാതൊന്നും പറഞ്ഞിരുന്നില്ല. ഹിജ്റഃ 63 ദുൽഹജ്ജു് മാസാവസാനത്തിലാണു് ഈ യുദ്ധം നടന്നതു്.

യുദ്ധം ചെയ്യാൻ ശക്തിയില്ലാത്തവരും ഇതര രാജ്യ

ക്കാരുടെ സഹകരണം ലഭിക്കാത്തവരുമായിരുന്ന മദീന ക്കാർ യസീദിന്റെ തിരഞ്ഞെടുപ്പു ദുർബ്ബലപ്പെടുത്തുന്നതിൽ അനന്യസാധാരണമായ ധൈര്യം പ്രദർശിപ്പിച്ചതു എങ്ങിനെയെന്നു ചിന്തിക്കുമ്പോൾ അത്ഭുതമാണു് ഉളവാകുന്നതു്. മദീനയുടെ പരിപാവനതപ്രത്തിന്നു ഭംഗംവരുത്തിയതിന്നുള്ള ഉത്തരവാദിത്വം മിക്കവാറും മദീനക്കാരിൽത്തന്നെയാണു് സ്ഥിതി ചെയ്യുന്നതു്. എന്നാൽ മുസ്‌ലിം അനുവർത്തിച്ച നയവും അവിവേകമായിപ്പോയി. അദ്ദേഹം മദീനയെ വളയുകയും പുറമെ നിന്നു മദീനയിലേക്കു ചെല്ലുന്ന വെള്ളം മാത്രം രണ്ടു ദിവസത്തേക്കു തടയുകയും ചെയ്തിരുന്നുവെങ്കിൽത്തന്നെ മദീനക്കാർ അദ്ദേഹത്തിന്റെ കല്പന സ്വീകരിക്കുവാൻ നിർബ്ബന്ധിതരാകുകയും റസൂൽതിരുമേനിയുടെ ആഹറമിനു (മദീന) രക്തപ്രവാഹത്തിൽ നിന്നു മോചനം ലഭിക്കുകയും ചെയ്യുമായിരുന്നു.

മദീനക്കാർ യുദ്ധത്തിന്നു ധൃതി കൂട്ടിയെന്നും അവർ തങ്ങളുടെ രക്ഷക്കായി കഴിച്ചിരുന്ന കിടങ്ങു പോലും ഉപേക്ഷിച്ചു മുന്നോട്ടു ചെന്നു പോർ തുടങ്ങിയെന്നും ചിലർ പറയുന്നുണ്ടു്. എന്നാലും മുസ്‌ലിമിന്റെ മേൽ അപരാധമുണ്ടു്. രാജ്യം കീഴടങ്ങിയതിൽപ്പിന്നെയും കൂട്ടക്കൊല നടത്തിയതിന്റെ ഉദ്ദേശമെന്തു്? യാതൊരു ആവശ്യവും കൂടാതെ മദീനയിൽ ഇപ്രകാരം രക്തപ്രവാഹവും അക്രമവും നടത്തുന്നതിന്നു ആ സിറിയൻ മുസ്‌ലിംകളുടെ സ്വാഭിമാനം അവരെ അനുവദിച്ചതു എങ്ങിനെ? പ്രക്ഷോഭഭ്രാന്തു തലയിൽ കയറുകയും കലഹത്തിൽ രസം വർദ്ധിക്കുകയും ചെയ്യുമ്പോൾ ഭവിഷ്യാവസ്ഥയെ മനുഷ്യർ ആലോചിക്കുന്നില്ല.

മക്കാരോധനം.

മുസ്‌ലിം മദീനയിലെ പ്രവൃത്തി കഴിഞ്ഞതിന്നു ശേഷം അവിടയുണ്ടായിരുന്ന ഹിജാസുകാരോടു് ബൈഅത്തു്

വാങ്ങിക്കൊണ്ട് ഖിലാഫത്തു കൊടി നാട്ടിയിരുന്ന അബ്ദുല്ലാ ഹിബ്നുസുബൈറിനോട് നേരിടുവാനായി മക്കയിലേക്കു പുറപ്പെട്ടുവെങ്കിലും അതിനും സാധിക്കാതെ വഴിയിൽ വെച്ചു മരിക്കുകയാണ് ഉണ്ടായതു്. അനന്തരം യസീദിന്റെ കല്പന അനുസരിച്ചു ഹസീനുബ്നുനമീർ സേനാനായകത്വം വഹിച്ചു. മുഹർറം 26–ാംനു് സൈന്യം മക്കയിലെത്തി. ഇബ്നുസുബൈർ യുദ്ധംചെയ്യാനായി പട്ടണത്തിന്റെ പുറത്തേക്കു ചെന്നുവെങ്കിലും യുദ്ധത്തിൽ പരാജയം നേരിട്ടതിനാൽ മക്കയിലേക്കു തന്നെ മടങ്ങി. സിറിയക്കാർ മക്കാപട്ടണം വളഞ്ഞു കവണ കൊണ്ടു പട്ടണത്തിലേക്കു കല്ലെറിഞ്ഞു. ഇതിന്നിടയിൽ യസീദ് നിഷ്ഠാതനായിരിക്കുന്നുവെന്നു വർത്തമാനം കിട്ടിയതിനാൽ സിറിയക്കാർ മടങ്ങിപ്പോയി. ആ യുദ്ധം അങ്ങിനെ അവസാനിച്ചു.

മേൽ പ്രസ്താവിച്ച മൂന്നു സംഭവങ്ങൾ നിമിത്തം (കർബലാ, മദീന, മക്കാ എന്നീ മൂന്നു യുദ്ധങ്ങൾ) യസീദിന്നു മുസ്ലിംകളുടെ ഇടയിൽ ചീത്തപ്പേർ പരന്നു. അദ്ദേഹത്തെ ശപിക്കുന്നതിന്നു വിരോധമില്ലെന്നു കൂടി, ഈ സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ചിലർ പറഞ്ഞിട്ടുണ്ടു്. എന്നാൽ ഖിലാഫത്തധികാരം തന്നെ വിരോധികൾക്കു വേണ്ടി ഉപേക്ഷിക്കുക, അവരോടു യുദ്ധം ചെയ്യുക എന്നീ രണ്ടു മാർഗ്ഗങ്ങളിൽ ഒന്നിനെ അനുഷ്ഠിക്കാതിരിക്കുവാൻ അദ്ദേഹത്തിന്നു നിവൃത്തിയുണ്ടായിരുന്നില്ല. മുസ്ലിംകൾ പൊതുവെ അദ്ദേഹത്തെ ഖലീഫയായി സമ്മതിച്ചു കഴിഞ്ഞിരുന്ന സ്ഥിതിക്കു ഇമാംഹസനെപ്പോലെ (റ) സ്വാർത്ഥ പരിത്യാഗത്തെ കൈക്കൊണ്ടു ഖിലാഫത്ത് സിംഹാസനത്തിൽ നിന്നു എഴുന്നേറുപോകുകയെന്നതു അദ്ദേഹത്തിന്നു അസഹ്യമായിട്ടാണു് തോന്നിയതു്. അതുകൊണ്ടു രണ്ടാമത്തെ മാർഗ്ഗത്തെത്തന്നെ അദ്ദേഹം അംഗീകരിച്ചു. അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തിന്നു നേരിട്ട

വൈഷമ്യങ്ങളെ വിവേകത്തോടും സഹതാപത്തോടും കൂടി പരിഹരിച്ചില്ലെന്നും നേരെ മറിച്ചു, അനാവശ്യവും അന്യായവുമായ മർദ്ദന നയത്തെ അംഗീകരിച്ചുവെന്നുമുള്ളതിൽ സംശയമില്ല. ആപല്ക്കരങ്ങളായ മുൻസംഭവങ്ങളെക്കുറിച്ചു സൂക്ഷ്മവീക്ഷണം ചെയ്യുമ്പോൾ അവക്കു യസീദിനെ മാത്രം കുറക്കാരനാക്കുന്നതു ന്യായവിരുദ്ധമാണെന്നു പ്രത്യക്ഷപ്പെടുന്നതാണു്.

യസീദ് കീഴടക്കിയ രാജ്യങ്ങൾ.

യസീദിന്റെ ഖിലാഫത്തു് കാലത്തു അഖബത്തുബ്നു നാഫിഅ് രണ്ടാമതും ആഫ്രിക്കാ സേനാനായകനായി നിയമിക്കപ്പെട്ടു. ഈ നിയമനം മൂലം തന്റെ പിതാവായ അമീർ മുആവിയ അഖബത്തിനോടു ചെയ്തിട്ടുണ്ടായിരുന്ന വാശാനത്തെ യസീദ് പൂർത്തീകരിച്ചു. അഖബത്ത് ആഫ്രിക്കാതലസ്ഥാനമായിരുന്ന ഖൈറുവാനിൽച്ചെന്നു തന്റെ വിരോധിയായിരുന്ന അബുൽ മുഹാജിറിനെ ചങ്ങല കൊണ്ടു ബന്ധിച്ചു തടവിലാക്കി. അനന്തരം അദ്ദേഹം ഒരു വലിയ സേനയുമായി ബാഗായ എന്ന പട്ടണത്തിന്നു നേരെ ചെന്നു. അവിടെ റോമക്കാർ സംഘം കൂടി നില്ക്കുന്നുണ്ടായിരുന്നു. ഇരു കൂട്ടരും തമ്മിൽ കഠിന സമരം നടന്നു. റോമക്കാർ തോറ്റു പിന്മാറുകയും കോട്ടയിൽ അഭയം പ്രാപിക്കുകയും ചെയ്തു. അവരെ വളയേണ്ട ആവശ്യമില്ലെന്നു കണ്ടതിനാൽ അനന്തരം അഖബത്ത് നാബ് പ്രദേശങ്ങളെ ആക്രമിച്ചു. അവിടത്തെ ഏറ്റവും വലിയ പട്ടണമായിരുന്ന 'അറബ്' യെ റോമാക്കാരുടെ പക്കൽ നിന്നു അദ്ദേഹം കരസ്ഥമാക്കി. അഖബത്ത് വീണ്ടും മുന്നോട്ടുചെന്നു താഹ്റത്ത് എന്നിടത്തുവെച്ചു റോമൻ സൈന്യത്തോടു നേരിട്ടു. റോമാക്കാരുടെ ഭാഗത്തു് ബർബരികളും (ആഫ്രിക്കാ നിവാസികൾ) ചേർന്നിട്ടു

ണ്ടായിരുന്നു. ശത്രുക്കൾ എണ്ണത്തിൽ അധികമുണ്ടായിരുന്നതിനാൽ മുസ്ലിംകൾക്കു വളരെ ബുദ്ധിമുട്ടുകൾ സംഭവിച്ചു. എങ്കിലും അവർ സ്ഥിരതയോടുകൂടി പരിശ്രമിച്ചതുകൊണ്ട് അല്ലാഹു അവക്കു വിജയം നല്കി. റോമൻ സൈന്യവും ബർബരികളും തോറ്റുപോയതിനാൽ അവരുടെ പക്കൽനിന്നു കണക്കില്ലാത്ത ആയുധങ്ങളും ദ്രവ്യങ്ങളും മുസ്ലിംകൾക്കു കരസ്ഥമായി. അനന്തരം മുസ്ലിംസൈന്യം തഞ്ചയുടെ (ടാഞ്ചീർ) നേരെ ചെന്നു. അവിടത്തെ റോമൻ നായകനായിരുന്ന യലിയാൻ അവക്കു വളരെ സമാനങ്ങൾ നല്കിക്കൊണ്ട് അവരുമായി സന്ധിയിലേർപ്പെട്ടു. ഇതിൽപ്പിന്നെ മുസ്ലിംസൈന്യം തഞ്ചയുടെ പടിഞ്ഞാറു ഭാഗത്തുള്ള 'സൂസ്അദ്നാ' കീഴടക്കിക്കൊണ്ടു അതിന്നപ്പുറത്തുള്ള സൂസ്അഖ്സയിലേക്കു ചെന്നു. അവിടെ അവരുമായി യുദ്ധം ചെയ്യേണ്ടതിന്നു റോമാക്കാരുടേയും ബർബരികളുടെയും ഒരു വമ്പിച്ച സങ്കലിത സേന നില്പുണ്ടായിരുന്നു. മുസ്ലിംകൾ അവരെയും തോല്പിച്ചു അത്ലാന്തിക്കു സമുദ്രംവരെയുള്ള സ്ഥലങ്ങൾ മുഴുവനും കീഴടക്കി. സമുദ്രത്തിന്റെ കരയിൽ എത്തിയ അവസരത്തിൽ അഖബത്തു തന്റെ കുതിരയെ വെള്ളത്തിൽ ഇറക്കുകയും ഇങ്ങിനെ പ്രാത്ഥിക്കുയും ചെയ്തു. "അല്ലാഹുവേ, ഈ സമുദ്രം പ്രതിബന്ധമായിരുന്നില്ലെങ്കിൽ, ഭൂമി എവിടം വരെ കാണുന്നുവോ, അവിടംവരെയും നിന്റെ മാർഗ്ഗത്തിൽ ഞാൻ പോരാട്ടമായിരുന്നു".

പിന്നീട്ട മുസ്ലിം സൈന്യം ഖൈറുവാനിലേക്കു മടങ്ങിപ്പോന്നു. രാജ്യം മുഴുവനും കീഴടങ്ങിയിരുന്നതുകൊണ്ടു പിന്നീട്ട ശത്രുബാധയെ അധികം ഭയപ്പെടേണ്ടതുണ്ടായിരുന്നില്ല. തന്നിമിത്തം അവർ ചെറു വിഭാഗങ്ങളായിപ്പിരിഞ്ഞു വേറെ വേറെ യാത്രചെയ്തു. അഖബത്തിന്റെ കൂടെ നന്നെ ചെറിയ ഒരു സൈന്യം മാത്രമേ ഉണ്ടായിരുന്നുള്ളു. വഴിമദ്ധ്യേ തഹുദാ എന്ന സ്ഥലത്തു വെച്ചു റോമക്കാർ ഈ ചെറു സേനയെ

കണ്ട ആക്രമിക്കാൻ ഒരുങ്ങി. അബുൽമുഹാജിറിന്റെ കൈക്ക ഇസ്ലാംമതം സ്വീകരിച്ച 'കസീല' എന്ന പേരായ ഒരു ബർബരിനായകൻ അഖബത്തിന്റെ ഒരുമിച്ചുണ്ടായിരുന്നു. അഖബത്ത അബുൽമുഹാജിറിന്റെ നേരെ അനുവർത്തിച്ച കഠിനകൃത്യങ്ങളാൽ കസീലക്ക അദ്ദേഹത്തോട വലിയ വിരോധമുണ്ടായി. തനിക്ക കസീലയെക്കുറിച്ചു വലിയ ഭയമുണ്ടെന്നും അയാളെ സൂക്ഷിക്കണമെന്നും അബുൽമുഹാജിർ തന്നെ അഖബത്തിനോട പല പ്രാവശ്യം താക്കീതു ചെയ്തിട്ടുണ്ടായിരുന്നു. പക്ഷെ അഖബത്ത അതു വിലവെച്ചിരുന്നില്ല.

ഈ അവസരത്തിൽ കസീലയും റോമാക്കാരുടെ ഭാഗത്തു ചെന്നു ചേർന്നു. അയാൾ സ്വജനങ്ങളിൽ നിന്നു ഒരു വമ്പിച്ച സൈന്യം ശേഖരിച്ചു മുസ്ലിംകളോട എതിർത്തു. അഖബത്തിന്റെ കൂടെയുണ്ടായിരുന്ന സൈന്യത്തിൽ ഒരാൾക്കുപോലും ശേഷിക്കുവാൻ കഴിഞ്ഞില്ല. അനന്തരം കസീല തന്റെ കൂട്ടുകാരെയുംകൊണ്ട ഖൈറുവാന്റെ നേരെ ചെന്നു. അഖബത്ത അവിടെ ഖൈസുബ്നുസുഹൈർ എന്ന ആളെ തന്റെ പ്രതിനിധിയായി നിറുത്തിയിട്ടുണ്ടായിരുന്നു. അദ്ദേഹം ശത്രുക്കളോട നേരിടുവാൻ ഭാവിച്ചുവെങ്കിലും ഭടന്മാർക്ക ശക്തിയില്ലാതിരുന്നതുകൊണ്ട അവർ യുദ്ധംചെയ്യാൻ ഇഷ്ടപ്പെട്ടില്ല. ഇങ്ങിനെ മുസ്ലിംകൾ ബർഖയിലേക്ക ഓടിപ്പോകുവാൻ നിർബന്ധിതരായി. കസീല ഖൈറുവാൻപട്ടണം കരസ്ഥമാക്കി. അവിടെയുണ്ടായിരുന്ന മുസ്ലിംസ്ത്രീകൾക്കും കുട്ടികൾക്കും അയാൾ അഭയം നല്കി.

യസീദിന്റെ വിയോഗം.

യസീദ ഹിജ്റഃ 64 റബീഉൽഅവ്വൽ 14–ാംനു (ക്രിസ്താബ്ദം 683 നവമ്പർ 10–ാംനു) സിറിയായിൽപ്പെട്ട ഹൂറാൻ പട്ടണത്തിൽ വെച്ചു 39–ാം വയസ്സിൽ ചരമം പ്രാപിച്ചു.

അദ്ദേഹം ഖിലാഫത്തധികാരം വഹിച്ചതു മൂന്നുകൊല്ലവും എട്ടു മാസവും പതിനാല്യ ദിവസവുമായിരുന്നു.

യസീദ് ഒന്നാമതായിത്തന്നെ വിവാഹം ചെയ്തിരുന്നതു ഉത്ത്ബത്തുബ്നു റബീഅത്തിന്റെ പുത്രി ഉമ്മുഹാശിമിനെയായിരുന്നു. മുആവിയ, ഖാലിദ് ഇങ്ങിനെ രണ്ടു പുത്രന്മാർ ഈ ഭാര്യയിൽ ജാതരായി. രണ്ടാമതു അബ്ദുല്ലാഹിബ്നു ആമീറിന്റെ മകൾ ഉമ്മുകുൽതൂമിനെ പരിണയിച്ചു. അറബികളുടെ കൂട്ടത്തിൽ അപ്പെയിത്തിൽ അദ്വിതീയനായിരുന്ന അബ്ദുല്ലാ എന്ന പുത്രൻ ഈ ഭാര്യയിൽ ജനിച്ചു. യസീദിനു അടിമസ്ത്രീകളിലായി അബ്ദുല്ലഅസ്ഗർ, ഉമർ, അബൂബക്കർ, ഉത്ത്ബത്ത്, ഹർബ്, അബ്ദുർറഹ്മാൻ എന്നീ പുത്രന്മാർ ജാതരായി.

മുആവിയ രണ്ടാമൻ.

യസീദിന്റെ വിയോഗാനന്തരം രണ്ടുപേർ ഖിലാഫത്തധികാരസ്ഥന്മാരായി. സിറിയയിൽ മുആവിയത്തുബ്നയസീദും ഹിജാസിൽ അബ്ദുല്ലാഹിബ്നുസുബൈറും ഖലീഫമാരായി. മുആവിയ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ട കാലത്തു അദ്ദേഹത്തിനു 21 വയസ്സു മാത്രമെ പ്രായമുണ്ടായിരുന്നുള്ളു. തിരഞ്ഞെടുപ്പുകഴിഞ്ഞപ്പോൾ അദ്ദേഹം ജനങ്ങളെ അഭിമുഖീകരിച്ചു താഴെ പറയും പ്രകാരം പ്രസംഗിച്ചു:-

'നിങ്ങൾ എന്നെ ഖലീഫയായി തിരഞ്ഞെടുത്തു. എങ്കിലും ഖിലാഫത്തധികാരത്തിന്റെ കടമകൾ പൂർത്തീകരിക്കുവാൻ വേണ്ടുന്ന ശക്തി എന്നിൽ ഞാൻ കാണുന്നില്ല. ഈ അധികാരത്തെ ഭരമേല്പിക്കേണ്ടതിനു ഹസ്രത്ത് ഉമറിനെപ്പോലെയുള്ള ഒരാളെ സമുദായത്തിൽ നിന്നു കിട്ടുമോ എന്നു ഞാൻ തിരഞ്ഞു നോക്കുകയുണ്ടായി. പക്ഷെ ആരെയും കിട്ടിയില്ല. പിന്നീട്, ഹസ്രത്ത് ഉമർ ചെയ്തപോലെ സമുദായത്തിൽ

നിന്നു ഏതാനും യോഗ്യന്മാരെ തിരഞ്ഞെടുക്കാമെന്നും അവർ തങ്ങളിൽ നിന്നു ഒരാളെ ഖലീഫയാക്കിക്കൊള്ളട്ടെ എന്നും ഞാൻ ആലോചിച്ചു. എന്നാൽ അങ്ങിനെയുള്ള യോഗ്യന്മാരെയും എനിക്കു ലഭിക്കുകയുണ്ടായില്ല. അതുകൊണ്ടു നിങ്ങൾക്കിഷ്ടമുള്ള ഒരാളെ നിങ്ങൾതന്നെ തിരഞ്ഞെടുത്തുകൊൾവിൻ. എനിക്കു ഈ അധികാരം ആവശ്യമില്ല'.

ഇങ്ങിനെ പ്രസ്താവിച്ചതിന്നുശേഷം അദ്ദേഹം സ്വവസതിയിലേക്കു പോയിക്കളഞ്ഞു. ഇതിൽപ്പിന്നെ അദ്ദേഹം പുറത്തേക്കു വന്നതേയില്ല. മൂന്നുമാസം കഴിഞ്ഞതിന്നുശേഷം അദ്ദേഹം നിര്യാതനായി. ഈ യുവാവിന്റെ സദുദ്ദേശത്തിന്നും ത്യാഗത്തിന്നും ജനങ്ങൾ അത്യധികം വില കല്പിച്ചുവെന്നു പറയേണ്ടതില്ലല്ലോ.

അബ്ദുല്ലാഹിബ്നുസുബൈർ.

ഇനി അബ്ദുല്ലാഹിബ്നുസുബൈറിന്റെ സ്ഥിതി എന്തായിരുന്നുവെന്നു വിവരിക്കാം. മക്കാപട്ടണം വളഞ്ഞിരുന്ന ഹസീനബ്നുനമീർ യസീദിന്റെ മരണവൃത്താന്തം അറിഞ്ഞപ്പോൾ യുദ്ധം നിറുത്തിയ വിവരം മുമ്പു പ്രസ്താവിച്ചിരിക്കുന്നുവല്ലോ. ഹസീൻ ആയവസരത്തിൽ അബ്ദുല്ലയുടെ അട്ടക്കൽ ചെന്നു അദ്ദേഹത്തോടു താഴെവരുംപ്രകാരം പറഞ്ഞു:-

'ഇനി ഖിലാഫത്തധികാരത്തിന്നു താങ്കളേക്കാൾ അർഹനായി ആരുമില്ലെന്നാണു' എന്റെ അഭിപ്രായം. ഞാൻ താങ്കളെ ബൈഅത്തു ചെയ്വാൻ സന്നദ്ധനാണു. താങ്കൾ സിറിയയിലേക്കു വരണം. എന്റെ കൂടെയുള്ള സൈന്യത്തിൽ സിറിയായിലെ മിക്ക തലവന്മാരുമുണ്ടു. അതിനാൽ സിറിയക്കാരെല്ലാവരും താങ്കളെ ബൈഅത്തു ചെയ്യുമെന്നു എനിക്കു പൂർണ്ണവിശ്വാസമുണ്ടു. എങ്കിലും താങ്കളോടു യുദ്ധം

ചെയ്തിരുന്ന ആളുകൾക്കു താങ്കൾ മാപ്പുകൊടുക്കണം. എന്നാൽ മാത്രമേ അവർക്കു താങ്കളെക്കുറിച്ചു മനഃസ്സമാധാനമുണ്ടാകയുള്ളൂ".

ഹസീൻ അദ്ദേഹത്തോടു ഇങ്ങിനെ പറഞ്ഞതു വളരെ പതുക്കെ ആയിരുന്നു. എങ്കിലും അദ്ദേഹം വളരെ കോപത്തോടും ഉച്ചസ്വരത്തോടുംകൂടി ഇപ്രകാരം മറുപടി പറഞ്ഞു: "ഒരിക്കലും ഞാൻ മാപ്പുകൊടുക്കുകയില്ല. എന്റെ ഭാഗത്തു നിന്നു കൊല്ലപ്പെട്ട ഓരോരുത്തന്റെ പകരം പതുപ്പത്തു സിറിയക്കാരെ നിശ്ചയമായും ഞാൻ കൊല്ലാതിരിക്കുന്നതല്ല". ഇതു കേട്ട ഹസീൻ ഇങ്ങിനെ പ്രസ്താവിച്ചു: "താങ്കൾക്കു ബുദ്ധിയും ആലോചനയുമുണ്ടെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നതു്. ഇപ്പോൾ എന്റെ ആ വിചാരം പിഴവായിരുന്നുവെന്നു പ്രത്യക്ഷപ്പെട്ടതിൽ ഞാൻ വ്യസനിക്കുന്നു. ഞാൻ താങ്കൾക്കു ഖിലാഫത്തധികാരം നല്കുന്നു. താങ്കളോ, കൊലയും രക്തപ്രവാഹവും നടത്തണമെന്നു ശഠിക്കുന്നു. ഞാൻ പതുക്കെ സംസാരിക്കുമ്പോൾ താങ്കൾ ഉച്ചത്തിൽ മറുപടി പറയുന്നു". അനന്തരം ഹസീൻ സൈന്യവുമായി സിറിയായിലേക്കു മടങ്ങി.

ബസറയിൽ യസീദിന്റെ മരണവൃത്താന്തം എത്തിയപ്പോൾ ഇബ്നുസിയാദ് അവിടത്തുകാരെ വിളിച്ചു കൂട്ടി അവരോടു താഴെ പറയും പ്രകാരം പ്രസംഗിച്ചു: -

"ബസറക്കാരെ, ഞാൻ ജനിച്ചു വളർന്നതു ഇതേ പട്ടണത്തിലാണു്. ഇവിടത്തെ ഭരണകർത്താവു് എന്റെ പിതാവായിരുന്നു. അദ്ദേഹത്തിനു ശേഷം ഭരണകർത്തൃത്വം എനിക്കു സിദ്ധിച്ചു. ഞാൻ ഈ സംസ്ഥാനത്തിന്റെ ഭരണം കൈയേറപ്പോൾ സൈന്യത്തിൽ 70000 പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ അവരുടെ സംഖ്യ ഒരു ലക്ഷമായിട്ടുണ്ടു്. അന്നു 90000 ആളുകൾക്കു മാത്രമേ ധനസഹായം ലഭിച്ചിരുന്നുള്ളൂ. ഇപ്പോൾ ഒരു ലക്ഷം പേർക്കു ധനസഹായം ചെയ്യുവരു

ന്നുണ്ട്. ലഹളക്കാരും സമാധാനത്തിന്റെ ഭംഗം വരുത്തിയിരുന്നവരുമെല്ലാം ജയിലുകളിലായി. സകല കുഴപ്പങ്ങളെയും ഞാൻ പരിഹരിച്ചതുകൊണ്ട് സർവ്വത്ര സമാധാനം പരന്നു. രാജ്യക്ഷേമവും പരിഷ്കാരവും വളരെ അഭിവൃദ്ധി പ്രാപിച്ചു. നിങ്ങൾക്കു വല്ല വിധത്തിലും സംശയിക്കത്തക്ക ഒരു ശത്രുവും ഇപ്പോൾ ബാക്കിയില്ല.

യസീദ് ഈ ലോകവുമായി പിരിഞ്ഞുപോയി. സിറിയക്കാർ ഇതുവരെ ആരെയും ഖലീഫയായി തിരഞ്ഞെടുത്തിട്ടില്ല. ഇസ്ലാം രാജ്യങ്ങളുടെ കൂട്ടത്തിൽ ബലം കൊണ്ടും ജനസംഖ്യകൊണ്ടും സർവ്വപ്രധാനമായിട്ടുള്ളതു ഇറാഖാണ്. നിങ്ങൾ ഖലീഫയാക്കുന്ന ആളെ സർവ്വമുമ്പനായി ബൈഅത്ത് ചെയ്യാൻ ഞാൻ തെയ്യാറുണ്ട്. സിറിയക്കാർ ആരെയെങ്കിലും ഖലീഫയായി തിരഞ്ഞെടുത്താൽ തന്നെ അവരുമായി യോജിക്കുകയോ, നിങ്ങൾക്കു പ്രത്യേകമായി ഒരു ഖിലാഫത്ത് സ്ഥാപിക്കുകയോ രണ്ടിലൊന്നു ചെയ്യാൻ നിങ്ങൾക്കു അവകാശമുണ്ട്. നിങ്ങൾക്കു ഇതരസംസ്ഥാനങ്ങളുടെ ആശ്രയമില്ല. നേരെ മറിച്ചു അവ നിങ്ങളെ ആശ്രയിക്കുകയാണ് ചെയ്യുന്നതു"".

ഇറാഖുകാർ അദ്ദേഹത്തോട്ടു ഇങ്ങിനെ പറഞ്ഞു: ""ഖിലാഫത്തധികാരത്തിന്നു താങ്കളേക്കാൾ അർഹനായി ഒരാളെയും ഞങ്ങൾ കാണുന്നില്ല. താങ്കൾ തന്നെ ഖലീഫയായി ഞങ്ങളോട്ടു ബൈഅത്ത് വാങ്ങുവിൻ"". ജനങ്ങൾ ഇങ്ങിനെ ആവശ്യപ്പെട്ടപ്പോൾ ഇബ്നുസിയാദ് നിഷേധിച്ചുവെങ്കിലും അവർ അദ്ദേഹത്തെ നിർബ്ബന്ധിച്ചു. മൂന്നു പ്രാവശ്യം വിസമ്മതിച്ചതിൽപ്പിന്നെയും അവർ നിർബ്ബന്ധിച്ചതിനാൽ ഒടുവിൽ അദ്ദേഹം ബൈഅത്തിന്നുവേണ്ടി കൈ നീട്ടിക്കൊടുത്തു. ഇറാഖുകാർ പ്രത്യക്ഷത്തിൽ ബൈഅത്തു ചെയ്യുവെങ്കിലും ആസ്ഥലത്തുനിന്നു പുറത്തുപോയ ഉടനെത്തന്നെ അവരുടെ കൈ

ചുമരിന്മേൽ ഉരച്ചു വൃത്തിയാക്കുകയും യോജിപ്പുകാലത്തും ഭിന്നിപ്പുകാലത്തും ഒരുപോലെ തങ്ങൾ ഇബ്നുസിയാദിനെ അനുസരിക്കുമെന്നു അദ്ദേഹം വിചാരിക്കുന്നുവോ എന്നു തന്നത്താൻ പറയുകയുമാണു് ചെയ്തിരുന്നതു്.

ബസറക്കാരുടെ ബൈഅത്തു് കഴിഞ്ഞതിൽപ്പിന്നെ ഇബ്നുസിയാദു് കൂഫക്കാരോടു ബൈഅത്തു് ചെയ്യാൻ ആവശ്യപ്പെട്ടു. എങ്കിലും അവർ തിരസ്കരിക്കുകയാണു് ഉണ്ടായതു്. ഈ വർത്തമാനം കേട്ടപ്പോൾ ബസറക്കാർ അവരുടെ ബൈഅത്തു് പിൻവലിച്ചുകളഞ്ഞു. തന്നിമിത്തം ഇബ്നുസിയാദു് ഭയവിഹ്വലനായി. അദ്ദേഹം ഒന്നാമതായി അസ്ദ്വംശജനായിരുന്ന ഹാരിതുബ്നുഖൈസിന്റെയും പിന്നീടു പ്രസ്തുത വംശത്തിലെ നായകനായിരുന്ന മസ്ഊദുബ്ന അംറിന്റെയും അടുക്കൽ അഭയം പ്രാപിക്കുകയും, അതിൽപ്പിന്നെ സിറിയിലേക്കു പോകുകയും ചെയ്തു.

ബസറക്കാർ അന്യോന്യം ആലോചിച്ചുറച്ചുകൊണ്ടു അബ്ദുല്ലാഹിബ്നുഹാരിതിനെ ഭരണകർത്താവാക്കി. ഇതുപ്രകാരം തന്നെ കൂഫക്കാരും ഒരാളെ ഭരണകർത്താവായി തിരഞ്ഞെടുത്തു. അനന്തരം രണ്ടു രാജ്യങ്ങളിലേയും നിവാസികൾ ഓരോ പ്രതിനിധിസംഘങ്ങളെ അയച്ചുകൊണ്ടു അവർ വഴിയായി അബ്ദുല്ലാഹിബ്ന സുബൈറിനെ ബൈഅത്തു് ചെയ്തു അദ്ദേഹത്തെ ഖലീഫയായി സ്വീകരിച്ചു. ഈജിപ്തുകാരും അബ്ദുല്ലയെത്തന്നെ ബൈഅത്തു് ചെയ്തു. ഇങ്ങിനെ സിറിയക്കാരൊഴിച്ചു സർവ്വ മുസ്ലിം രാജ്യങ്ങളും അബ്ദുല്ലാഹിബ്ന സുബൈറിനെ ഖലീഫയായി സ്വീകരിച്ചു.

മർവാനുബ്നുഹക്കം.

ദിമിശ്ഖ് ഭരണകർത്താവായിരുന്ന ളഹാക്കുബ്നുഖൈസ്, ഹിംസ് ഭരണകർത്താവായിരുന്നനുഅ്മാനുബ്നുബശീർ,

ഖിൻസരീൻ ഭരിച്ചിരുന്ന സഫറുബ്നുഹാരിത് ഇവർ മൂന്നു പേരും അബ്ദുല്ലാഹിബ്നുസുബൈറിന്റെ അനുകൂലികളും അദ്ദേഹത്തിനു വേണ്ടി ജനങ്ങളോട് ബൈഅത്ത് ചെയ്യിച്ചിരുന്നവരുമായിരുന്നു. ഫലസ്തീൻ ഭരണകർത്താവായിരുന്ന ഹസ്സാനുബ്നുമാലിക്കു് മാത്രമേ സിറിയായിലും ബന്യുഉമയ്യാപക്ഷക്കാരനായി ഉണ്ടായിരുന്നുള്ളു. തന്നിമിത്തം ബന്യുഉമയ്യാ ഗോത്രത്തിലെ അംഗങ്ങൾ അദ്ദേഹത്തിന്റെ അടുക്കൽചെന്നു കൂടി. അവരിൽ സവ്വ പ്രധാനി മർവാനുബ്നുഹക്കം ആയിരുന്നതുകൊണ്ടു ഹിജ്റഃ 65 ദുൽഖഅദ്മാസത്തിൽ അവർ അദ്ദേഹത്തെ ഖലീഫയായി തിരഞ്ഞെടുത്തു. ഗസ്സാൻ, കൽബ്, സക്കാസിക്കു് മുതലായി അവിടെ ഉണ്ടായിരുന്ന സവ്വ ഗോത്രക്കാരും ഈ തിരഞ്ഞെടുപ്പിൽ പങ്കുകൊണ്ടു. ളഹാക്കു ബ്നുഖൈസ് ഈ വത്തമാനം അറിഞ്ഞ അവസരത്തിൽ ദിമിശ്ഖിൽ നിന്നു സൈന്യവുമായി ഫലസ്തീൻ പട്ടണത്തിനു നേരെ ചെന്നു. ഹിജ്റഃ 65 മുഹർറമാസത്തിൽ മറജ്റാഹിത്ത് എന്ന സ്ഥലത്തുവെച്ചു ഇരുകൂട്ടരും തമ്മിൽ പോർ നടന്നു. ഇരുപതു ദിവസത്തോളം ഘോരമായ യുദ്ധമുണ്ടായി. കഠിനമായ രക്തപ്രവാഹം നടന്നതിൽപ്പിന്നെ ബന്യുഉമയ്യാ ഗോത്രക്കാക്കു ജയം സിദ്ധിച്ചു. ളഹാക്കു വധിക്കപ്പെട്ടു. നുഅ്മാനുബ്നുബശീർ ഈ വത്തമാനം കേട്ട ഹിംസ് വിട്ടു ഓടിയെങ്കിലും അവിടത്തുകാർ പിന്നാലെ ചെന്നു അദ്ദേഹത്തെ കൊന്നുകളഞ്ഞു. സഫറുബ്നുഹാരിത് ഖിൻസരീനിൽനിന്നു പുറപ്പെട്ടു് ഖർഖീസായിലെ കോട്ടയിൽ ചെന്നു പ്രവേശിച്ചു. ബന്യുഉമയ്യാ ഗോത്രക്കാർ അദ്ദേഹത്തെ വളഞ്ഞുവെങ്കിലും അദ്ദേഹം കോട്ടയിൽ നിന്നു പുറത്തുചാടി രക്ഷപ്പെട്ടു. ഇങ്ങിനെ സിറിയാരാജ്യം മുഴുവനും മർവാനു കരസ്ഥമായതോടുകൂടി ഈജിപ്തുകാരും അദ്ദേഹത്തെ ഖലീഫയായി സ്വീകരിച്ചു. മർവാൻ ഹിജ്റഃ 65 റമസാൻ മാസത്തിൽ പരേതനായി. അദ്ദേ

ഹത്തിന്നു അല്പകാലം മാത്രമേ ഖിലാഫത്തധികാരം വഹിക്കുവാൻ അവസരം ലഭിച്ചുള്ളു.

മർവാൻ ഭ്രജാതനായതു ഹിജ്റഃ 2-ാംവർഷത്തിലായിരുന്നു. ഉമയ്യത്ത് മകൻ അബുൽആസ്സിയുടെ പുത്രനായ ഹക്കമാണു് അദ്ദേഹത്തിന്റെ പിതാവു്. ഉമയ്യത്ത് അബ്ദുമനാഫ് മകൻ അബ്ദുശംസിന്റെ പുത്രനാകുന്നുവെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടു്. മർവാന്റെ മാതാവു് സഫ്വാൻ മകൻ അൽഖമത്തിന്റെ പുത്രിയായ ആമിനയാകുന്നു.

ഹസ്രത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലത്തു് മർവാൻ അദ്ദേഹത്തിന്റെ എഴുത്തുകാരനും മന്ത്രിയുമായിരുന്നു. അമീർ മുആവിയയുടെ കാലത്തു അദ്ദേഹം പല പ്രാവശ്യം മദീനാഭരണകർത്താവായി നിയമിക്കപ്പെട്ടു. യസീദിന്റെ മരണത്തോടുകൂടി ഖിലാഫത്തധികാരം ബനൂഉമയ്യാ ഗോത്രക്കാരിൽ നിന്നു ഏകദേശം നീങ്ങിക്കഴിഞ്ഞിരുന്നു. ആ അവസരത്തിൽ അബ്ദുല്ലാഹിബ്നു സിയാദ് ഉപദേശിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തതനുസരിച്ചു അദ്ദേഹം ബൈഅത്തിനു ശ്രമിക്കുവാൻ തയാറായി. മറ്ജ്റാഹിത്തിൽ വച്ചു അദ്ദേഹത്തിനു ലഭിച്ച വിജയത്തോടുകൂടി സിറിയ, ഈജിപ്തു് എന്നീ രണ്ടു സംസ്ഥാനങ്ങളിൽ അദ്ദേഹത്തിനു ഖിലാഫത്തധികാരം ലഭിച്ചു.

അബ്ദുൽമലിക്കുബ്നുമർവാൻ.

മർവാൻ സ്വപുത്രനായ അബ്ദുൽമലിക്കുബ്നുമർവാനെ സ്ഥാനാവകാശിയായി നിയമിച്ചിരുന്നു. അതുകൊണ്ടു അദ്ദേഹത്തിന്റെ മരണാനന്തരം അബ്ദുൽമലിക്കിനു ഖിലാഫത്തധികാരം ലഭിച്ചു. അബ്ദുൽമലിക്കു് ഹിജ്റഃ 26-ൽ മദീനാ പട്ടണത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ മാതാവു മുഗീറത്ത് മകൻ വലീദിന്റെ പുത്രനായ മുആവിയ

മകൾ ആയിശയായിരുന്നു. മുഗീറത്ത് ഉമയ്യത്ത് മകൻ അബുൽആസ്സിയുടെ പുത്രനാകുന്നു.

അബ്ദുൽമലിക്ക് ബുദ്ധിമാനും ദീർഘാലോചനക്കാരനുമായിരുന്നു. അറബി സാഹിത്യത്തിൽ ഒരു പേരെടുത്ത മഹാനുമായിരുന്നു. മദീനയിൽ ഗുരുവയ്യന്മാരായിരുന്ന സയീദ് ബ്നുമുസയ്യബ്, ഉർവത്തുബ്നുസുബൈർ മുതലായവക്കു പാണ്ഡിത്യം കൊണ്ടു സിദ്ധിച്ചിരുന്ന സ്ഥാനം അദ്ദേഹത്തിന്നും കല്പിക്കപ്പെട്ടിരുന്നു. ഇമാംശഅ്ബീ അദ്ദേഹത്തെക്കുറിച്ചു ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്. ""അബ്ദുൽമലിക്കിനെ കഴിച്ചാൽ, എന്റെ ജീവിതത്തിൽ ഞാൻ കണ്ടിട്ടുള്ള സവ്വ ആളുകളിലുംവെച്ചു അധികം അറിവുള്ളവൻ ഞാനാകുന്നു. അബ്ദുൽമലിക്കിന്റെ മുമ്പാകെ പ്രസ്താവിക്കപ്പെട്ട കായ്യങ്ങളിലും പദ്യങ്ങളിലും, എനിക്കു അവയെക്കുറിച്ചുണ്ടായിരുന്ന ജ്ഞാനത്തിന്നു എന്തെങ്കിലും ഒരു വർദ്ധനവു തീർച്ചയായും അദ്ദേഹം നല്കിയിരിക്കുന്നു"".

അബ്ദുൽമലിക്ക് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ട കാലത്തു് ഇസ്ലാം ലോകത്തു് വലിയ അസ്വസ്ഥത വ്യാപിച്ചിരുന്നു. ഹിജാസുകാർ അബ്ദുല്ലാഹിബ്നുസുബൈറിനെയായിരുന്നു ഖലീഫയായി സ്വീകരിച്ചിരുന്നതു്. ഇറാഖിൽ ഇബ്നുസുബൈറിന്റെ പക്ഷക്കാർ, ശീയികൾ, ഖാരിജീകൾ ഇങ്ങിനെ മൂന്നു കക്ഷികൾ ആവിർഭവിച്ചു. ഇവരെല്ലാവരും ബന്യുഉമയ്യാഗോത്രത്തിന്റെ വിരോധികളായിരുന്നു. എങ്കിലും അബ്ദുൽമലിക്കു് സമർത്ഥനും സ്ഥിരചിത്തനുമായിരുന്നതുകൊണ്ടു സവ്വ വൈഷമ്യങ്ങളെയും അദ്ദേഹം പരിഹരിച്ചു. ഇസ്ലാം രാജ്യങ്ങളൊട്ടുക്കും അദ്ദേഹത്തെ ഖലീഫയായി സമ്മതിച്ചു.

മർവാൻ ഇബ്നുസിയാദിനെ ഒരു സേനയുമായി ജസീറയിലേക്കു അയച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം കീഴടക്കുന്ന

രാജ്യങ്ങളിൽ അദ്ദേഹത്തെത്തന്നെ ഭരണകർത്താവായി നിയമിക്കുന്നതാണെന്നു മർവാൻ വാഗ്ദാനം ചെയ്തിരുന്നു. ഇബ്നു സിയാദ് ജസീറയെ കീഴടക്കിയപ്പോഴേക്കു മർവാൻ കാലഗതി പ്രാപിച്ചു. അബ്ദുൽമലിക്കു് മർവാൻ ചെയ്തിട്ടുണ്ടായിരുന്ന ആ വാഗ്ദാനമനുസരിച്ചു അദ്ദേഹത്തെ ഭരണാധികാരിയായി സ്ഥിരപ്പെടുത്തുകയും ഇറാഖിന്റെ നേരെ പോകണമെന്നു അദ്ദേഹത്തിനു ഉത്തരവു കൊടുക്കുകയും ചെയ്തു.

തവ്വാബീൻ.

ഇബ്നുസിയാദ് ഐനുൽവർദഃ എന്നിടത്തു് എത്തിയപ്പോൾ ഒരു കൂട്ടം ഇറാഖുകാർ അദ്ദേഹത്തിന്റെ മുമ്പിൽ ആഗതരായി. അവർ ഏതെങ്കിലും ഒരു ഖിലാഫത്തു് വാദിയാലോ ഉദ്യോഗസ്ഥനാലോ അയക്കപ്പെട്ടവരായിരുന്നില്ല. പ്രസ്തുത ഇറാഖുകാർ ശീയികളിൽപ്പെട്ടവരും ഇമാംഹുസൈനെ കൊന്നവരോടു പകരം വീട്ടുവാൻ തീച്ചപ്പെടുത്തി ഘാതകന്മാരെ തിരഞ്ഞു പുറപ്പെട്ടവരുമായിരുന്നു. ആറായിരം ആളുകൾ ഈ സംഘത്തിൽ ഉൾപ്പെട്ടിരുന്നു. കൂഫാനേതാവായിരുന്ന സുലൈമാനുബ്നുസർദിനെയായിരുന്നു അവർ സേനാനായകനായി തിരഞ്ഞെടുത്തിരുന്നതു്. അവർ, ഇമാംഹുസൈനെ രക്ഷിക്കാതിരുന്നതിനെക്കുറിച്ചു ഖേദിക്കുകയും അദ്ദേഹത്തിന്റെ കൊലക്കു പകരം വീട്ടുന്നതുകൊണ്ടല്ലാതെ തങ്ങളുടെ കുറ്റത്തിനു പരിഹാരം സിദ്ധിക്കുകയില്ലെന്നു വിശ്വസിക്കുകയും ചെയ്തിരുന്നവരാകയാൽ അവർ തവ്വാബീൻ (പാപപരിഹാരകാംക്ഷികൾ) എന്ന നാമധേയം കൈക്കൊണ്ടു. ഇമാംഹുസൈൻ കൊല്ലപ്പെട്ടകാലം മുതല്ക്കുതന്നെ അവർ ഗൂഢമായി യുദ്ധസാമഗ്രികളും ആയുധകളും ശേഖരിക്കുകയും സപക്ഷത്തു ചേരേണ്ടതിനു ജനങ്ങളെ ഉത്സാഹിപ്പിക്കുകയും ചെയ്തുവന്നു. ഹിജ്റഃ 65-ൽ ഇസ്ലാം ലോകത്തുണ്ടായ അസ്വാ

സ്ഥ്യം നിമിത്തം അവക്കു വെളിക്കു വരുവാൻ അവസരം ലഭിച്ചു.

അവർ ഐന്നൽവർദയിൽ ചെന്നു പ്രസ്തുത കൊലപാതകത്തിന്റെ സാക്ഷാൽ ഹേതുഭൂതനായിരുന്ന ഇബ്നുസിയാദുമായി നേരിട്ടു. അവിടെ വെച്ചു നടന്ന ഘോരസമരത്തിൽ സുലൈമാനുബ്നുസർദും അദ്ദേഹത്തിന്റെ കൂട്ടാളികളിൽ മിക്കപേരും വധിക്കപ്പെട്ടു. ചുരുക്കം ചിലർ മാത്രമേ ശേഷിക്കുകയുണ്ടായുള്ളൂ.

മുഖ്താർ.

തവ്വാബീൻ സംഘക്കാരുടെ അന്തർധാനത്തിന്നു ശേഷം കൂഫയിൽ മുഖ്താറുബ്നു അബീഉബൈദ്തഖ്ഫീ എന്ന ആൾ ഹുസൈന്റെ കൊലയ്ക്കു പകരം വീട്ടുവാൻ തയ്യാറായി. മുഹമ്മദുബ്നുഹനഫിയ്യഃ ഇമാംമഹ്ദിയാണെന്നും ആ പ്രതികാരകൃത്യം നിർവ്വഹിക്കുവാൻ അദ്ദേഹം തന്നോടു ആജ്ഞാപിച്ചിരിക്കുന്നുവെന്നും മുഖ്താർ പരസ്യപ്പെടുത്തി. ഇമാംമഹ്ദീ എന്ന പേർ ഒന്നാമതായി ലോകത്തു പ്രത്യക്ഷപ്പെട്ടതു അന്നായിരുന്നു. ധൈര്യവാനും ശ്രുതിപ്പെട്ട ഒരു നായകനുമായിരുന്ന ഇബ്രാഹീമുബ്നുഅശ്തർ എന്ന ആളെ വശത്താക്കണമെന്നു മുഖ്താർ തീർച്ചപ്പെടുത്തി. അദ്ദേഹത്തെ ക്ഷണിച്ചുകൊണ്ടു മുഖ്താർ അയച്ച കത്തിന്നു, തേതുതപം തനിക്കു കൊടുക്കുന്ന പക്ഷം അയാളുടെ ഭാഗത്തു ചെന്നു കൊള്ളാമെന്നും അല്ലാത്ത പക്ഷം സാധിക്കയില്ലെന്നും ഇബ്രാഹീം മറുപടി കൊടുത്തു. മൂന്നു ദിവസം കഴിഞ്ഞതിൽപ്പിന്നെ മുഖ്താർ തന്നെ അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുകയും ഇമാം മഹ്ദിയുടെ (മുഹമ്മദുബ്നുഹനഫിയ്യയുടെ) പേരിൽ ഒരു കള്ളക്കത്തു നിർമ്മിച്ചു അദ്ദേഹത്തിനു കാണിച്ചു കൊടുക്കുകയും ചെയ്തു. "ഹുസൈന്റെ വധ

ത്തിന്നു, പകരം വീട്ടുവാൻ മുഖ്ത്താറിനെ ഞാൻ നിയമിച്ചിരിക്കുന്നു. നിങ്ങൾ അദ്ദേഹത്തെ അനുചരിച്ചുകൊള്ളണം" എന്നായിരുന്നു കത്തിൽ എഴുതിയിരുന്നതു്. തന്റെ അടുക്കൽ മുഹമ്മദുബ്നുഹനഫിയ്യയുടെ കത്തു സാധാരണ വരാറുണ്ടെന്നും ഈ കത്തിൽ എഴുതിയതു പ്രകാരം ഇമാംമഹ്ദീ എന്ന സ്ഥാനപ്പേർ അവയിൽ ഒന്നിലും അദ്ദേഹം എഴുതിയിട്ടില്ലെന്നും ഇബ്റാഹീം പ്രസ്താവിച്ചു. തദവസരത്തിൽ, ഇമാം ആ കത്തു് തങ്ങളുടെ മുമ്പാകെ വെച്ചെഴുതിയതാണെന്നും അതിനെക്കുറിച്ചു സംശയിക്കുവാൻ യാതൊരു ന്യായവുമില്ലെന്നും ചിലർ സാക്ഷിപറഞ്ഞു.

സാക്ഷികൾ പറഞ്ഞതു സത്യമാണെന്നു ഇബ്റാഹീമിനു വിശ്വാസം ജനിച്ചു. ഉടനെ അദ്ദേഹം ഇരിപ്പിടത്തിന്റെ പ്രധാനസ്ഥലത്തു നിന്നു മാറി അവിടെ മുഖ്ത്താറിനെ ഇരുത്തുകയും അദ്ദേഹം അതിന്റെ അരികിൽ ഇരിക്കുകയും ചെയ്തു. അനന്തരം അന്യോന്യം ആലോചിച്ചു എന്നാണു് പകരം വീട്ടുവാൻ പുറപ്പെടേണ്ടതു എന്നു തീർച്ചപ്പെട്ടത്തി. ഇങ്ങിനെ ഹിജ്റഃ 66 റബീഉൽഅവ്വൽ മാസത്തിൽ അവർ പുറത്തിറങ്ങി. അബ്ദുല്ലാഹിബ്നുസുബൈറിന്റെ കീഴിൽ കൂഫയിൽ ഭരണം നടത്തിയിരുന്ന അബ്ദുല്ലാഹിബ്നുമുത്തീയിനെ പുറത്താക്കി പട്ടണം അവർ കൈവശപ്പെട്ടത്തി. അനന്തരം, വിശുദ്ധവേദത്തിന്നും റസൂൽ തിരുമേനിയുടെ മാർഗ്ഗത്തിന്നുമനുസരിച്ചു പ്രവർത്തിക്കുന്നതാണെന്നും ഇമാമിന്റെ ഘാതകന്മാരോടു പകരം വീട്ടുന്നതാണെന്നുമുള്ള നിശ്ചയത്തിന്മേൽ പട്ടണനിവാസികളോടു കരാർ ചെയ്യിച്ചു. ഈ കരാറിൽ ബസറക്കാരും പങ്കു കൊണ്ടു. മുഖ്ത്താർ, ഇമാംഹുസൈനോടു യുദ്ധംചെയ്ത സൈന്യത്തിൽ ചേർന്നിരുന്ന ഉമറുബ്നുസഅ്ദ് മുതലായ കൂഫക്കാരെയെല്ലാം കൊല്ലുകയും അവരുടെ ഭവനങ്ങൾ നശിപ്പിച്ചു കളയുകയും ചെയ്തു. അബ്ദു

ല്ലാഹിബ്നുസുബൈർ ഈ വത്തമാനം അറിഞ്ഞ ഉടനെ മു
ഹമ്മദുബ്നുഹനഫിയ്യയെ ശുഅ്ബഃ എന്ന സ്ഥലത്തു ബന്ധ
നസ്ഥനാക്കി. എങ്കിലും മുഖ്ത്താർ ആളുകളെ അയച്ചു അ
ദ്ദേഹത്തെ മോചിപ്പിച്ചുകളഞ്ഞു.

ഇതിന്നു ശേഷം മുഖ്ത്താർ കൂഫയിൽ നിന്നു ഇബ്റാ
ഹീംഅശ്ത്തറിന്റെ നായകത്വത്തിൽ 'ഇബ്നുസിയാ
ദിന്റെ നേരെ ഒരു സൈന്യത്തെ അയച്ചു. ഇബ്നുസിയാദ്
ഭടന്മാരെയും കൊണ്ടു ഇറാഖിലേക്കു വരുകയായിരുന്നു. ഖാ
സർ ജലാശയത്തിങ്കൽ വെച്ചു ഇരുകൂട്ടരും തമ്മിൽ കഠി
നമായ സമരമുണ്ടായി. സമരത്തിൽ ഇബ്റാഹീം ജയിക്കു
കയും ഇബ്നുസിയാദ് കൊല്ലപ്പെട്ടകയുമാണ് ഉണ്ടായതു്.

മുഖ്ത്താറിന്റെ നേതൃത്വത്തിൽ ഉൽഭൂതമായ ഈ കല
ഹത്തെ ഒതുക്കുവാനായി ഹിജാസിൽ നിന്നു അബ്ദുല്ലാഹിബ്
നുസുബൈർ സ്വ സഹോദരനായ മിസ്അബിനെ സൈന്യ
വുമായി അയച്ചു. അദ്ദേഹം ഒന്നാമതായി ബസറയിൽ വന്നു
ആ പട്ടണം കീഴടക്കി. തദവസരത്തിൽ മുഖ്ത്താറിന്റെ
വിരോധികളായിരുന്ന അനേകം കൂഫക്കാർ അദ്ദേഹത്തിന്റെ
ഭാഗത്തു വന്നു ചേർന്നു. അനന്തരം അദ്ദേഹം ഭടന്മാരോടു
കൂടി കൂഫയിലേക്കു ചെന്നു. മുഖ്ത്താർ നദാർ എന്നിടത്തു
ചെന്നു അദ്ദേഹത്തോടു നേരിട്ടുവെങ്കിലും, ഒടുവിൽ തോറ്റു
പിന്മാറുകയാണ് ഉണ്ടായതു്. മിസ്അബ്അദ്ദേഹത്തെ പി
ന്തുടർന്നു കൂഫയിൽ പ്രവേശിക്കുകയും അദ്ദേഹത്തെയും കൂട്ടുകാ
രെയും കൊല്ലുകയും ചെയ്തു. സ്ത്രീകളെ കൊല്ലുന്നതു സൈനി
കമര്യാദയ്ക്കു വിരുദ്ധമാണെന്നുള്ളതു സർവ്വസമ്മതമാണു്. എങ്കി
ലും നുഅ്മാനുബ്നു ബശീറിന്റെ പുത്രിയായിരുന്ന മുഖ്ത്താ
റിന്റെ ഭാര്യയെയും മിസ്അബ് കൊന്നുകളഞ്ഞു. ആ സ്ത്രീ
മുഖ്ത്താറിന്റെ പ്രവൃത്തിയെ പ്രതിഷേധിക്കാതിരുന്നതാ
ഈ കൊലയ്ക്കുണ്ടായ കാരണം. ഇങ്ങിനെ മുഖ്ത്താറും കൂട്ടാ

ളികളും വധിക്കപ്പെട്ടതോടുകൂടി ഇറാഖ് മുഴുവനും രണ്ടാമതും അബ്ദുല്ലാഹിബ്നുസുബൈറിന്റെ കരസ്ഥമായി.

ഇറാഖുനായകന്മാർക്കു വിശ്വസ്ഥത തീരെ കുറവായിരുന്നു. മേൽ പ്രസ്താവിച്ച പ്രകാരം മിസ്അബിന്റെ കീഴടങ്ങിയതിൽപ്പിന്നെ അവർ ഗൂഢമാർഗ്ഗത്തിൽക്കൂടി അബ്ദുൽമലിക്കുമായി കത്തെടപാട തുടങ്ങി. അവരുടെ ആനുകൂല്യം ലഭിക്കുമെന്നു കണ്ടതിനാൽ അബ്ദുൽമലിക്ക് തന്നെ സൈന്യവുമായി ഇറാഖിന്റെ നേരെ വന്നു. ഇരുകൂട്ടരും തമ്മിൽ നേരിട്ട അവസരത്തിൽ ഇറാഖുകാർ മിസ്അബിനെ യുദ്ധക്കളത്തിൽ ഉപേക്ഷിച്ചു പിന്മാറിക്കളഞ്ഞതിനാൽ മിസ്അബ് കൊല്ലപ്പെട്ടു. അബ്ദുൽമലിക്ക് കൂഫയിൽ പ്രവേശിച്ചു അവിടത്തുകാരോട്ട ബൈഅത്ത് ചെയ്യിക്കുകയും ഇറാഖിൽ ആവശ്യാനുസ്യതം ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയുംചെയ്തു.

ചരിത്രം സംഭവങ്ങളെ ആവർത്തിച്ചുകൊണ്ടിരിക്കുമെന്നുള്ള ശ്രുതിപ്പെട്ട പഴഞ്ചൊല്ല ഇവിടെ സ്മരണീയമാണ്. ഇമാംഹുസൈന്റെ ശിരസ്സ് ഇബ്നുസിയാദിന്റെ മുമ്പാകെ കൊണ്ടുവരപ്പെട്ടിരുന്ന അതേ കൊട്ടാരത്തിൽത്തന്നെ ഇബ്നുസിയാദിന്റെ ശിരസ്സു മുഖ്താറിന്റെ മുമ്പാകെയും, മുഖ്താറിന്റെ ശിരസ്സു മിസ്അബിന്റെ മുമ്പാകെയും, മിസ്അബിന്റേതു അബ്ദുൽമലിക്കിന്റെ മുമ്പാകെയും കൊണ്ടുവരപ്പെട്ടു. ഹിജ്റഃ 61–ാം 71–ാം മദ്ധ്യേ പത്തു കൊല്ലങ്ങൾക്കിടയിലാണ് ഈ പരിവർത്തനങ്ങളെല്ലാം സംഭവിച്ചതു്. പ്രസ്തുത കൊട്ടാരത്തെ ദുഷ്കൃതം പിടിപെട്ടതാണെന്നു കരുതി അബ്ദുൽമലിക്ക് പൊളിപ്പിച്ചു കളഞ്ഞു.

വീണ്ടും മക്കാരോധനം.

ഇറാഖ് കൈവശമായതിൽപ്പിന്നെ അബ്ദുൽമലിക്കിനു കീഴടങ്ങാതിരുന്നതു ഹിജാസ് സംസ്ഥാനം മാത്രമായിരുന്നു.

ആ സംസ്ഥാനവും കൂടി കീഴടക്കുവാനായി അദ്ദേഹം ഹിജ്റ: 72 ജമാദുൽ അവ്വലിൽ കൂഫയിൽ നിന്നു ഹജ്ജാജുബ്നുയൂസുഫ്ത്വഖ്ഫിയുടെ നായകത്വത്തിൻ കീഴിൽ ഒരു സൈന്യത്തെ അയച്ചു. ഈ സൈന്യം ചെന്നു മക്കയെ വളയുകയും പട്ടണത്തിലേക്കു കവണികൊണ്ടു കല്ലെറിഞ്ഞു തുടങ്ങുകയും ചെയ്തു. സൈന്യം അധികകാലം പട്ടണത്തെ വളഞ്ഞു നിന്നതിനാൽ അബ്ദുല്ലാഹിബ്നുസുബൈറിന്റെ ഭാഗത്തുണ്ടായിരുന്ന ആളുകൾ ബുദ്ധിമുട്ടി ഹജ്ജാജിന്റെ അടുക്കൽ ചെന്നു അഭയം പ്രാപിച്ചുതുടങ്ങി. ഇബ്നുസുബൈറിന്റെ പുത്രന്മാരായിരുന്ന ഹംസ, ഖുബൈബ് എന്നിവർപോലും അവസാനം ഹജ്ജാജിന്റെ അടുക്കൽ ചെന്നു ചേർന്നു.

കൂട്ടുകാരെല്ലാം പിരിഞ്ഞുപോയതിൽപ്പിന്നെ അബ്ദുല്ലാഹിബ്നുസുബൈർ അദ്ദേഹത്തിന്റെ മാതാവായ അസ്മത്ത് അസ്മായുടെ അടുക്കൽ ചെന്നു. തദവസരത്തിൽ മാതാവും പുത്രനും തമ്മിൽ നടന്ന സംഭാഷണം താഴെ ചേർക്കുന്നു: -

അബ്ദുല്ല—എന്റെ അനുചരന്മാർ എന്നുവേണ്ട, എന്റെ പുത്രന്മാർ പോലും എന്നെ ഉപേക്ഷിച്ചിരിക്കുന്നു. ഞാൻ കീഴടങ്ങുന്നതായാൽ ശത്രുക്കൾ എനിക്കു ധനം തരുവാൻ തയ്യാറാണു്. അവിടുത്തെ അഭിപ്രായം എന്താണു്?

മാതാവ്—നീ സത്യത്തെയാണു് അവലംബിച്ചതെന്നു നിനക്കു ദൃഢവിശ്വാസമുണ്ടെങ്കിൽ നിന്റെ അനുചരന്മാർ ഏതു മാർഗ്ഗത്തിൽ തങ്ങളുടെ പിരടികൾ ഛേദിക്കപ്പെട്ടുവാൻ സന്നദ്ധരായോ ആ മാർഗ്ഗത്തിൽത്തന്നെ നീയും ജീവപരിത്യാഗം ചെയ്യണം. ബനൂഉമയ്യാ ഗോത്രക്കാരുടെ കീഴിൽ അടിമത്തം നീ ഒരിക്കലും സ്വീകരിക്കരുതു്. എന്നാൽ നീ ഐഹികസുഖത്തിനു വേണ്ടിയായിരുന്നു യുദ്ധം ചെയ്തിരുന്നതെങ്കിൽ നീ ചെയ്തതു വളരെ ചീത്തയായിപ്പോയി. അങ്ങിനെയായിരുന്നുവെങ്കിൽ നീ നിനക്കുതന്നെ നാശം നേരിടീക്കുക

യും നിന്റെ അനുചരന്മാരുടെ ജീവനെ വ്യഥാനഷ്ടപ്പെടുത്തുക യും ചെയ്യും. സത്യത്തിനുവേണ്ടി തന്നെയായിരുന്നു നീ പോരാടിയിരുന്നതെങ്കിലോ, സഹായിക്കുവാൻ ആളില്ലാത്തതുകൊണ്ടു ഇനി ശത്രുക്കൾക്കു കീഴടങ്ങുകയാണു് നല്ലതു എന്നു നീ വിചാരിക്കുന്നുണ്ടെല്ലിൽ ആ വിചാരം യോഗ്യന്മാക്കും മതനിഷ്ഠയുള്ളവക്കും അനുയോജ്യമല്ല. കൊല്ലപ്പെടുകയാണു് അതിനേക്കാൾ ഉത്തമമായിട്ടുള്ളതു്. ഈ ജീവിതം അല്പകാലത്തേക്കു മാത്രമുള്ളതാണു്. എന്നു വരെയാണു് നീ ഈ ലോകത്തു ജീവിച്ചിരിക്കുക?

അബു്ദുല്ല—എന്നെ കൊന്നതിനു ശേഷം സിറിയക്കാർ എന്റെ ദേഹത്തെ കഷണം കഷണമായി മുറിച്ചു കളയുമെന്നു എനിക്കു ഭയമുണ്ടു്.

മാതാവു്—ആട്ടിനെ അറുത്തതിൽപ്പിന്നെ അതിന്റെ തോൽ പൊളിക്കുന്നതു കൊണ്ടു അതിനു വല്ല കഷ്ടതയുമുണ്ടോ? അല്ലാഹുവിൽ മാത്രം വിശ്വസിച്ചു പുറപ്പെട്ടുകൊള്ളുക.

ഇതു കേട്ട അബു്ദുല്ല അദ്ദേഹത്തിന്റെ അന്ധയായ മാതാവിന്റെ ശിരസ്സു ചുംബിച്ചു കൊണ്ടു ഇങ്ങിനെ പറഞ്ഞു: "എന്റെ അഭിപ്രായവും ഇതു തന്നെയാണു്. ഇതേ ഉദ്ദേശത്തോടു കൂടിയാണു് ഇന്നു ഞാൻ പോകുന്നതും. എന്നാൽ എന്റെ അഭിപ്രായം പ്രത്യക്ഷപ്പെടുന്നതിനു മുമ്പായി അവിടുത്തെ അഭിപ്രായം കൂടി അറിയേണമെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നതു്. അവിടുന്നു എന്റെ വിവേകതയെ വർദ്ധിപ്പിക്കുകയും സ്ഥിരനിശ്ചയത്തെ ബലപ്പെടുത്തുകയും ചെയ്തതിനു ഞാൻ അല്ലാഹുവിനെ സ്തുതിക്കുന്നു. ഇന്നു ഞാൻ തീച്ചയായും വധിക്കപ്പെടും. അവിടുന്നു എന്നെക്കുറിച്ചു അധികം ദുഃഖിക്കരുതു്. എന്റെ കായ്യത്തെ [അല്ലാഹുവിങ്കൽ ഭരമേല്പിച്ചു കൊള്ളണം. ഞാൻ ഒരിക്കലും തിന്മയെ ഇഷ്ടപ്പെട്ടി

ട്ടില്ല. ഒരു മുസ്ലിമിനെയും ഞാൻ ദ്രോഹിച്ചിട്ടില്ല. വാശാനം ലംഘിക്കുകയോ, വിശ്വസ്ഥതയ്ക്കു വിഘ്നം വരുത്തുകയോ ചെയ്തിട്ടില്ല. എന്റെ ഉദ്യോഗസ്ഥന്മാരിൽ ആരെങ്കിലും അനീതി ചെയ്തിരുന്നതായി എനിക്കു വിവരം കിട്ടിയിരുന്നപ്പോൾ ആ അനീതിയെ ഞാൻ ഒരിക്കലും തൃപ്തിപ്പെട്ടിരുന്നില്ല. നേരെ മറിച്ചു, അനീതി ചെയ്ത ഉദ്യോഗസ്ഥനെ ഞാൻ താക്കീതു ചെയ്യുകയാണു ഉണ്ടായതു്. ഇലാഹിന്റെ തൃപ്തിയെയല്ലാതെ യാതൊന്നും ഞാൻ ആഗ്രഹിച്ചിട്ടില്ല. അല്ലാഹുവേ, ഇതെല്ലാം ഞാൻ പായുന്നതു ഞാൻ തന്നെ എന്നെ പ്രശംസിച്ചു കൊണ്ടല്ല, നേരെമറിച്ചു എന്റെ മാതാവിനെ സമാധാനിപ്പിക്കുവാൻ വേണ്ടിയാണു"". ദൈവസഹായത്തോടു കൂടി താൻ പൂണ്ണമായ ക്ഷമയെ അവലംബിച്ചു കൊള്ളുന്നതാണെന്നു ഹസ്രത്തു് അസ്മാ സമ്മതിച്ചു.

ഇതിൽപ്പിന്നെ അബ്ദുല്ലാഹിബ്നുസുബൈർ (റ) ശത്രുക്കളുടെ നേരെ ചെന്നു യുദ്ധം ചെയ്തു മരിച്ചു. അദ്ദേഹത്തിന്റെ മൃതശരീരം ഹജ്ജാജു് മൂന്നു ദിവസം വരെ കഴുമരത്തിൽ നാട്ടുകയും അനന്തരം ഹസ്രത്തു് അസ്മായുടെ അടുക്കലേക്കു അയയ്ക്കുകയും ചെയ്തു. അവർ അദ്ദേഹത്തെ മറവു ചെയ്തിച്ചു. മകന്റെ വധം മുതൽ 20 ദിവസം കഴിഞ്ഞതിൽപ്പിന്നെ അവരും പരലോകം പ്രാപിച്ചു.

അബ്ദുല്ലാഹിബ്നുസുബൈർ.

അബ്ദുല്ലയുടെ പിതാവു് റസൂൽ തിരുമേനിയുടെ ഒരു പ്രത്യേക സഖാവായിരുന്ന സുബൈറുബ്നുൽ അവ്വാമും (റ) മാതാവു് ഹസ്രത്തു് അബൂബക്കറിന്റെ പുത്രിയായ അസ്മായുമായിരുന്നു. ഹസ്രത്തു് അസ്മായ്ക്കു് ദാത്തുന്നിത്താഖൈനി എന്നും പേരുണ്ടായിരുന്നു. മുസ്ലിംകൾ സ്വദേശം വെടിഞ്ഞു മദീനയിൽ ചെന്നതിൽപ്പിന്നെ ഇസ്ലാമിൽ ഒന്നാമതായി

ജനിച്ച സന്താനം അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ ജനനം മുസ്ലിംകൾക്കു ശുഭകരവും സന്തോഷജനകവുമായിത്തീർന്നു. മക്കാ പട്ടണം വിട്ട മദീനയിൽ പോയതിന്നു ശേഷം മുസ്ലിംകളിൽ ഒരാൾക്കും കൂടെ കാലത്തേക്കു സന്താനം ജനിച്ചിരുന്നില്ല. തന്നിമിത്തം തങ്ങളുടെ ആരാധ്യവസ്തുക്കൾക്കു വിരോധികളായ മുസ്ലിംകൾക്കു സന്താനമുണ്ടാകുന്നതല്ലെന്നു മക്കയിലെ ബഹു ദൈവാരാധകന്മാർ പറഞ്ഞു പരത്തി. എന്നാൽ അബ്ദുല്ല ജാതനായതിന്നു ശേഷം അവർക്കു അങ്ങിനെ പറവാൻ സാധിച്ചില്ല.

അദ്ദേഹം സഹാബികളുടെ (നബിയുടെ സഖാക്കൾ) മക്കളിൽ വെച്ചു ധൈര്യം, ത്യാഗം, മതാചാരതല്പരത എന്നീ ഗുണങ്ങൾ സവിശേഷം സമ്മേളിച്ചിരുന്ന ഒരു മഹാനായിരുന്നു. ഖുലഫാഉർറാശിദുകളുടെ കാലത്തുണ്ടായ പലയുദ്ധങ്ങളിലും അദ്ദേഹം പങ്കുകൊണ്ടിട്ടുണ്ട്. അമീർ മുആവിയയുടെ കാലത്തു് കോൺസ്റ്റാൻറിനോപ്പിളിനെ ആക്രമിച്ചപ്പോൾ അതിലും അദ്ദേഹം പങ്കുചേരുകയുണ്ടായി. കാസ്പ്യൻ കടൽ തീരങ്ങളും ആഫ്രിക്കയും കൈവശപ്പെടുത്തിയ കാലത്തും അദ്ദേഹം മഹത്തായ പല കൃത്യങ്ങൾ നിർവ്വഹിച്ചിരുന്നു.

യസീദ് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ട അവസരത്തിൽ അബ്ദുല്ലയും ഇമാംഹുസൈനും ബൈഅത്തു് ചെയ്തില്ല. അവർ രണ്ടുപേരും മക്കയിലേക്കു പോന്നു. ഇമാംഹുസൈൻ (റ) കൂഫയിലേക്കു പുറപ്പെടുകയും കർബലായിൽ വെച്ചുനടന്ന ഭയങ്കരസമരത്തിൽ വധിക്കപ്പെടുകയുമാണല്ലോ ഉണ്ടായതു്. കർബലാസംഭവത്തിന്നു ശേഷം അബ്ദുല്ല ഹിജാസിൽ വെച്ചുഖിലാഫത്തധികാരത്തിന്നു ബൈഅത്തു് വാങ്ങുവാൻ തുടങ്ങി. യസീദ് അദ്ദേഹത്തിന്റെ നേരെ ഭടന്മാരെ അയച്ചു. ആ ഭടന്മാർ അദ്ദേഹത്തെ വളഞ്ഞു നിന്നിരുന്ന മദ്ധ്യേ യസീദ് കാലഗതിയടഞ്ഞ വർത്തമാനം കിട്ടിയതിനാൽ മടങ്ങിപ്പോയി. ഹിജ്റഃ 64–ൽ സിറിയയൊഴിച്ചു എല്ലാ ഇസ്ലാം രാജ്യങ്ങളും അദ്ദേഹത്തെ ഖലീഫയായി സ്വീകരിച്ചു. ഒമ്പതു വർഷം

ഖിലാഫത്തധികാരം വഹിച്ചതിൽപ്പിന്നെ ഹിജ്റഃ 72–ൽ അബ്ദുല്ല വധിക്കപ്പെട്ട.

ഹജ്ജാജ്.

അബ്ദുല്ലാഹിബ്നുസുബൈറിന്റെ വധത്തിന്നു ശേഷം ഖലീഫയായ അബ്ദുൽമലിക്കു് ഹജ്ജാജിനെയായിരുന്നു ഹിജാസ് ഗവണ്മെന്റായി നിയമിച്ചതു്. അതിൽപ്പിന്നെ ഇറാഖുകാരുടെ അക്രമപ്രവൃത്തികൾ വർദ്ധിച്ചു. അബ്ദുൽമലിക്കു് പരവശനായതിനാൽ അവയെ നിർത്തൽ ചെയ്യാനായി അദ്ദേഹം ഹജ്ജാജിനെ ഹിജാസിൽ നിന്നു മടക്കി വിളിച്ചു. അദ്ദേഹത്തെ ബസറയും കൂഫയും ഉൾപ്പെടെയുള്ള ഇറാഖിന്റെ ഭരണാധികാരിയായി നിയമിച്ചു. ഹജ്ജാജ് പന്ത്രണ്ടു അശ്വഭടന്മാരെ മാത്രം ഒരുമിച്ചുകൂട്ടിക്കൊണ്ടു് കൂഫയിൽ പ്രവേശിച്ചു. തദവസരത്തിൽ അദ്ദേഹം ഒരു ചുവന്ന പട്ടു വസ്ത്രം തലയിൽ കെട്ടുകയും അതേമാതിരി വസ്ത്രം കൊണ്ടു തന്നെ മുഖം മൂടിക്കെട്ടുകയും ചെയ്തിരുന്നു. അദ്ദേഹം ജാമിഅ്മസ്ജിദിൽ ചെന്നു പ്രസംഗപീഠത്തിൽ കയറി നിന്നപ്പോഴേക്കു കൂഫക്കാർ ഒരു വലിയ സംഘമായി വന്നു കൂടി. അവിടെ ചെല്ലുന്ന ഭരണാധികാരികളെ പുച്ഛിക്കുകയും നിന്ദിക്കുകയും ചെയ്യുന്നതു അവരുടെ പതിവായിരുന്നതിനാൽ അവരിൽ ചിലർ അമ്പും വില്ലുമായും ഒട്ടധികം ആളുകൾ ഹജ്ജാജിനെ എറിയുവാനായി ചരൽ വാരി കൈയിൽ പിടിച്ചു കൊണ്ടുമായിരുന്ന പള്ളിയിൽ ഹാജരായിരുന്നതു്. ഹജ്ജാജ് മുഖം തുറന്നു ഭയാനകമായ ഒരു പ്രസംഗം ചെയ്തു. ജനങ്ങൾ ഭയം നിമിത്തം ഇരിപ്പിടങ്ങളിൽ നിന്നെഴുന്നേറ്റുപോയി. അവരുടെ കൈയിലുണ്ടായിരുന്ന അമ്പും വില്ലും ചരലുമെല്ലാം താഴെവീണുപോകുകയാണു് ഉണ്ടായതു്. പ്രസംഗത്തിന്റെ ചുരുക്കം താഴെ ചേർക്കുന്നു:–

ഇവിടെ സന്നിഹിതരായ ജനങ്ങളെ, ഞാൻ ഇവിടെ അനേകം തലകൾ കാണുന്നുണ്ട്. അവയെ ഛേദിച്ചു കളയേണ്ട അവസരം സമീപിച്ചിരിക്കുന്നു. വളരെ തലക്കെട്ടുകളും താടികളും ഞാൻ കാണുന്നുണ്ട്. അവ രക്തത്തിൽ പിരണ്ടു പോകുന്നതാണു്. അമീറുൽമുഅ്മിനീൻ തന്റെ അസ്ത്രശാലയിലുള്ള സർവ്വ അസ്ത്രങ്ങളെയും പരിശോധിച്ചതിനു ശേഷം അവയിൽവെച്ചു സർവ്വോപരി കഠോരവും തുളഞ്ഞു ചെല്ലുന്നതുമായ അസ്ത്രത്തെ നിങ്ങളുടെ നേരെ വിട്ടിരിക്കുകയാണു്. സൂക്ഷിച്ചുകൊള്ളുക. ആ അസ്ത്രമാണു് ഞാൻ. നിങ്ങളുടെ സർവ്വ അക്രമ പ്രവൃത്തികളെയും ഞാൻ നിറുത്തിക്കളയുന്നതും ശക്തിയെല്ലാം നശിപ്പിക്കുന്നതുമാണു്. നിങ്ങൾ കലഹവിരിപ്പിൽ കിടന്നുരുളുവാനും ദുർമ്മാർഗ്ഗത്തെയും കക്ഷിമത്സരത്തെയും സ്വപ്നം കാണുന്ന ശയന മുറിയിൽ നിദ്രപ്രാപിക്കുവാനും തുടങ്ങിയിട്ടു കാലം കുറെയായി. ഞാൻ നിങ്ങളുടെ നേത്രങ്ങൾ തുറക്കുകയും ശരിയായ മാർഗ്ഗത്തെ നിങ്ങൾക്കു കാണിച്ചുതരുകയും ചെയ്യുന്ന സമയം ഇതാ ആഗതമായിരിക്കുന്നു. ''അവർ മനസ്സമാധാനത്തോടുകൂടി കഴിഞ്ഞുകൂടുകയും എല്ലാ ഭാഗങ്ങളിൽ നിന്നും അവർക്കു ആഹാരം ലഭിക്കുകയും ചെയ്തിരുന്നു. പക്ഷെ അവർ അല്ലാഹുവിനോടു കൃതഘ്നത കാണിച്ചതിനാൽ അവർക്കു ശിക്ഷയായി വിശപ്പും ഭയവും അവരുടെ നേരെ അയയ്ക്കപ്പെട്ടു''. എന്നു ഖുർആനിൽ ഏതു രാജ്യക്കാരെക്കുറിച്ചു പറഞ്ഞിരിക്കുന്നുവോ, ആ രാജ്യക്കാരെപ്പോലെയാണു് നിങ്ങൾ.

നിങ്ങളുടെ ശമ്പളം തരുവാൻ അമീറുൽമുഅ്മിനീൻ കല്പിച്ചിരിക്കുന്നു. ഖാരിജികളോടു യുദ്ധംചെയ്യേണ്ടതിനു നിങ്ങൾ ഉടനെത്തന്നെ മുഹല്ലബുബ്നുഅബീസഫ്റയുടെ അടുക്കലേക്കു പോകേണ്ടതാണു്. ശമ്പളം കൊടുത്താൽപ്പിന്നെ നാലു ദിവസം കഴിയുന്നതിനിടയ്ക്കു വല്ലവനും മുഹല്ലബിന്റെ അടുക്കൽ പോകാതിരിക്കുകയും അവനെ കൂഫയിൽ കാണുകയും

ചെയ്യുന്നതായാൽ അവന്റെ പിരടി വെട്ടിക്കളയുന്നതാണെന്നു ഞാൻ പരസ്യമായി നിങ്ങളെ അറിയിച്ചു കൊള്ളുന്നു. ഞാൻ നാവുകൊണ്ടു എന്തുപറയുന്നുവോ അതു പൂർത്തീകരിക്കാതിരിക്കുന്നതല്ലെന്നും നിങ്ങളെ ഉൽബോധിപ്പിച്ചു കൊള്ളുന്നു.

പ്രസംഗത്തിൽ നിന്നു വിരമിച്ചതിൽപ്പിന്നെ ഹജ്ജാജ് "അമീറുൽമുഅ്മിനീന്റെ ആജ്ഞ ജനങ്ങൾക്കു വായിച്ചു കേൾപ്പിക്കുക" എന്നു തന്റെ വടുകനോടു കല്പിച്ചു. വടുകൻ അതു ഇങ്ങിനെ വായിച്ചു തുടങ്ങി. "അബ്ദുൽമലിക്കു കൂഫക്കാരെ അറിയിക്കുന്നതു്. അസ്സലാമു അലൈക്കും". അവിടെ ഹാജരായിരുന്ന കൂഫക്കാരിൽ ഒരാളും ഖലീഫയുടെ ഈ സലാമിനു പകരമായി സലാം പറഞ്ഞില്ല. തന്നിമിത്തം ഹജ്ജാജ് വടുകനോടു വായന നിർത്തിക്കുകയും ഭയങ്കരസ്വരത്തോടുകൂടി ഇങ്ങിനെ പറയുകയും ചെയ്തു. "അമീറുൽമുഅ്മിനീൻ നിങ്ങൾക്കു സലാം പറയുന്നു. നിങ്ങളുടെ വായിൽ നിന്നു മറുപടി പുറപ്പെടുന്നില്ല. ഇവിടെ ഭരണകർത്താവായിരുന്നവർ ഇങ്ങിനെയാണോ നിങ്ങളെ പഠിപ്പിച്ചിട്ടുള്ളതു്? ഞാൻ നിങ്ങളെ നന്നാക്കുകതന്നെ ചെയ്യും". ഇതു കേട്ട ജനങ്ങൾ മുഴുവനും ഒരേ ശബ്ദത്തോടുകൂടി സലാം മടക്കി.

അനന്തരം ഹജ്ജാജ് ശമ്പളം കൊടുക്കുവാനാരംഭിച്ചു. വയോവൃദ്ധനും വിറപിടിപ്പെട്ടവനുമായിരുന്ന ഒരാൾ ശമ്പളം വാങ്ങിയതിന്നുശേഷം അദ്ദേഹത്തോടു ഇപ്രകാരം അപേക്ഷിച്ചു. "എനിക്കു ഇപ്പോൾ യുദ്ധം ചെയ്വാൻ ശക്തിയില്ല. എനിക്കു പകരം എന്റെ മകനെ അയച്ചുകൊൾവിൻ". ഹജ്ജാജ് അയാളുടെ അപേക്ഷ സ്വീകരിച്ചുവെങ്കിലും, ആരോ ഒരാൾ അദ്ദേഹത്തോടു ഇങ്ങിനെ പറഞ്ഞു: "ആ വൃദ്ധൻ ആരാണെന്നു് താങ്കൾക്കു അറിയാമോ? ഹസ്രത്ത് ഉസ്മാൻ വധിക്കപ്പെട്ടതിന്നുശേഷം അദ്ദേഹത്തിന്റെ വസതിയിൽ ചെന്നു അദ്ദേഹത്തിന്റെ നെഞ്ചത്തു് കയറി രണ്ടു വാരിയെല്ലു് മുറിച്ചുകളയുകയും ആ 'വീരകൃത്യത്തെ'ക്കുറിച്ചു അഭിമാന

പുരസ്സരം പദ്യം ചൊല്ലുകയും ചെയ്തിരുന്ന ആളാണതു്". ഹജ്ജാജ് ആ വൃദ്ധനെ മടക്കി വിളിപ്പിച്ചു് അയാളോട്ട ഇപ്രകാരം ചോദിച്ചു: "ഹേ, വൃദ്ധാ, ദ്രോഹിതനായ ഖലീഫയുടെ വാരിയെല്ല മുറിക്കുവാൻ മറെറാരാളെ പകരം നീ എന്തുകൊണ്ടു അയച്ചില്ല?" അനന്തരം തൻെറ മുമ്പിൽവെച്ചുതന്നെ അയാളെ കൊലപ്പെടുത്തിച്ചു. ജനങ്ങൾ അദ്ദേഹത്തിന്നു പൂർണ്ണമായി കീഴടങ്ങി. അവർ ശമ്പളം വാങ്ങി താന്താങ്ങളുടെ ബന്ധുക്കൾവശം കൊടുക്കുകയും തങ്ങളുടെ ആയുധങ്ങൾ നന്നാക്കിച്ചു മുഹല്ലബിൻെറ അടുക്കലേക്കു അയയ്ക്കുവാൻ അവരെ ഏല്പിച്ചു യാത്ര പറയുകയുമാണു ചെയ്തിരുന്നതു്.

ഹജ്ജാജ് മദ്ദ്നത്തേയും ദ്രോഹത്തെയുമാണു് അംഗീകരിച്ചിരുന്നതെന്നു അദ്ദേഹത്തിൻെറ പ്രസംഗത്തിൽ നിന്നും പ്രവൃത്തികളിൽ നിന്നും ഗ്രാഹ്യമാകുന്നുണ്ടു്. ഈ ഭരണസമ്പ്രദായം മൂലം യഥാർത്ഥ സമാധാനം ഒരിക്കലും ഉണ്ടാകുന്നതല്ല. ജ്വലിക്കുന്ന അഗ്നിയിൽ മണ്ണിട്ട നോക്കാമെങ്കിലും കാറടിക്കുമ്പോൾ ആ അഗ്നി വീണ്ടും പാളുന്നതാണു്.

ഇറാഖുകാർ എന്തുമാത്രം നീചന്മാരായിരുന്നുവെന്നുള്ളതിന്നു മേൽ പ്രസ്താവിച്ച സംഭവങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ടു്. ഹജ്ജാജ് പന്ത്രണ്ടു കുതിരപ്പടയാളികളോട്ട കൂടി മാത്രമായിരുന്നുവല്ലൊ അവരുടെ പട്ടണത്തിൽ പ്രവേശിച്ചതു്. ആ സ്ഥിതിയിൽ അവിടത്തെ വലിയ വലിയ നേതാക്കന്മാരുടെയും യോദ്ധന്മാരുടെയും സദസ്സിൽ വെച്ചു അദ്ദേഹം അവരെ ഭയപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. ന്യായവിരുദ്ധമായ നിലയിൽ പല പ്രകാരത്തിലും അവരെ മർദ്ദിക്കുകയും ശകാരിക്കുകയുമുണ്ടായി. അവർ ഒന്നും മിണ്ടാതെ പോത്തുകളെപ്പോലെ തല താഴ്ത്തിക്കൊടുക്കുകയും ദ്രോഹങ്ങളെല്ലാം സഹിക്കുകയുമാണു് ഉണ്ടായതു്. കലഹവും കുഴപ്പവും നേരിട്ടിരുന്ന അശ്രുഭഘട്ടങ്ങളിൽ പുലികളെപ്പോലെ

ശൂരന്മാരായി കാണപ്പെട്ടിരുന്നവരും അവർ തന്നെയായിരുന്നു. എന്നാൽ അവരുടെ ഈ അടക്കവും താല്ക്കാലികമായിരുന്നുവെന്നും കക്ഷിതാത്പര്യത്തിനു തക്കം കിട്ടിയപ്പോൾ അവർ മുമ്പത്തെപ്പോലെതന്നെ അവരതിൽ പങ്കെടുത്തിരുന്നുവെന്നും പുറകെ തെളിയുന്നതാണു്.

ഹജ്ജാജു് ബസറയിലും പോയി കൂഫയിൽ വെച്ചു നടത്തിയ പോലെയുള്ള ഒരു പ്രസംഗം നടത്തി. അവിടെ നിന്നു ഒരാൾ അദ്ദേഹത്തിന്റെ അടുക്കൽ വന്നു, തനിക്കു കിട്ടിയ ശമ്പളം മടക്കിക്കൊടുത്തുകൊണ്ടു ഇങ്ങിനെ പറഞ്ഞു. "എനിക്കു ആന്ത്രവീക്കം പിടിപെട്ടിരുന്നതു കൊണ്ടു മുമ്പു ഭരണാധിപനായിരുന്ന ബിശ്റുബ്നുമർവാൻ എന്നെ സൈനിക പ്രവൃത്തിയിൽ നിന്നു ഒഴിവാക്കിയിരുന്നു. താങ്കളും എന്നെ ഒഴിവാക്കിത്തരണം". ഹജ്ജാജു് അയാളെ കൊന്നുകളയുകയാണു് ഉണ്ടായതു്. തന്നിമിത്തം ബസറക്കാർ ഭയഭരിതരായി. അവർ എത്രയും വേഗത്തിൽ റാംഹുർമുസിൽ എത്തി മുഹല്ലബിന്റെ സൈന്യത്തിൽ ചേർന്നു.

സീസ്താൻ ഭരണകർത്താവായിരുന്ന റത്ബീൽ എന്ന ആൾ രാജദ്രോഹിയായിത്തീർന്നു് അനേകം മുസ്ലിംകളെ കൊന്നിട്ടുണ്ടായിരുന്നു. ഹജ്ജാജു് ഹിജ്റഃ 72–ൽ അബ്ദുല്ലാഹിബ്നുഅബീബക്രയെ സൈന്യവുമായി അവിടേക്കയച്ചു. അബ്ദുല്ലയും ഭടന്മാരും ചെന്നു അവരെ കീഴടക്കാൻ ശ്രമിച്ചു. അവർ രാജ്യത്തിന്റെ അകത്തു് കടന്നു സഞ്ചരിച്ചിരുന്ന അവസരത്തിൽ ശത്രുക്കൾ അവരെ വളഞ്ഞു. തന്നിമിത്തം സൈന്യത്തിനു വളരെ നഷ്ടം നേരിട്ടു.

ഹജ്ജാജു് 20000 ഭടന്മാരെ ബസറയിൽ നിന്നും, അത്രതന്നെ ഭടന്മാരെ കൂഫയിൽ നിന്നുമായി ധാരാളം യുദ്ധസാമഗ്രികളോടു കൂടി അബ്ദുർറഹ്മാനുബ്നുഅശ്അദിന്റെ സൈന്യാധിപത്യത്തിൻ കീഴിൽ വീണ്ടും സീസ്താനിലേക്കു

യച്ചു. അബ്ദുർറഹ്മാൻ അവിടെച്ചെന്നു രാജ്യങ്ങൾ ഓരോന്നോരോന്നായി കൈവശപ്പെടുത്തി. കീഴടങ്ങിയ രാജ്യങ്ങളുടെ ഭരണത്തിനു പൂർണ്ണമായ ഏർപ്പാടുകൾ ചെയ്തതിനു ശേഷമായിരുന്നു അദ്ദേഹം മുന്നോട്ടു ഗമിച്ചിരുന്നതു്. ഇങ്ങിനെ ഒട്ടധികം രാജ്യങ്ങൾ കൈവശമായപ്പോൾ ഇനി കിട്ടിയ സ്ഥലം സുരക്ഷിതമാക്കുകയാണു് വേണ്ടതെന്നും അടുത്ത വർഷത്തിൽ മുന്നോട്ടു കടക്കാമെന്നും തീർച്ചപ്പെടുത്തിക്കൊണ്ടു അദ്ദേഹം ആക്രമണം നിറുത്തിയതിനാൽ ഹജ്ജാജ് അദ്ദേഹത്തിനു താഴെ പറയും പ്രകാരം ഉത്തരവു കൊടുത്തു.

"നിങ്ങൾക്കു ഈ അഭിപ്രായം ഉണ്ടായതു ബലക്ഷയം കൊണ്ടും അലസതകൊണ്ടുമാണു്. നിങ്ങളുടെ ശത്രുക്കൾ കരാർ ലംഘിക്കുകയും അതിർത്തിപ്രദേശങ്ങളെ മുടിച്ചു കളയുകയും മുസ്ലിംകളെ കൊന്നു അവരുടെ ഭാര്യമാരെയും മക്കളെയും കൊണ്ടുപോകുകയും ചെയ്തിരിക്കുന്നു. നിങ്ങൾ അവരുടെ കോട്ടകൾ തകർത്തുകളയേണ്ടതും അവരുടെ രാജ്യം കൈവശപ്പെടുത്തി അവരെ ശിക്ഷിക്കേണ്ടതുമാണു്. ഇങ്ങിനെ ചെയ്യാൻ നിങ്ങൾക്കു സാധിക്കുകയില്ലെങ്കിൽ നിങ്ങളുടെ സോദരപുത്രനായ ഇസ്ഹാഖുബ്നുമുഹമ്മദുബ്നുഅശ്അദിനെ സേനാനായകത്വം ഭരമേല്പിച്ചു നിങ്ങൾ എന്റെ അടുക്കലേക്കു മടങ്ങി വരേണ്ടതാണു്."

ഇബ്നുഅശ്അദിന്റെ മത്സരം.

അബ്ദുർറഹ്മാനുബ്നുഅശ്അദിന്റെ കീഴിലുണ്ടായിരുന്ന ഭടന്മാർ മുഴുവനും ഇറാഖുകാരായിരുന്നു. മേൽ പ്രസ്താവിച്ച ഉത്തരവു അദ്ദേഹത്തിനു കിട്ടിയപ്പോൾ ഭടന്മാർ അതു ഐകകണ്ഠ്യേന നിരാകരിച്ചു കളഞ്ഞു. തങ്ങൾ ഹജ്ജാജിനെ ഗവണ്മെന്റായി സ്വീകരിക്കുന്നില്ലെന്നു പറഞ്ഞുകൊണ്ടു അവർ ഇബ്നുഅശ്അദിനെ ഗവണ്മെന്റായി തിരഞ്ഞെ

ട്ടത്തു. അനന്തരം ഈ സൈന്യം റത്ത്ബീലുമായി സന്ധിയായി ഹജ്ജാജിനെ പുറത്താക്കുവാനായി ഇറാഖിലേക്കു മടങ്ങിച്ചെന്നു. കവിതകൾ ചൊല്ലി ഹജ്ജാജിനെ അധിക്ഷേപിക്കുകയും അബ്ദുർറഹ്മാനുബ്നുഅശ്അഅിനെ പ്രശംസിക്കുകയും ചെയ്തുകൊണ്ട്, അഅ്ശാ എന്നു പേരായ കവി സൈന്യത്തിന്റെ മുന്നിൽ ഉണ്ടായിരുന്നു. ഫാരിസിൽ എത്തിയതിനു ശേഷം, "ഹജ്ജാജിനെ നാം ഗവർണ്ണരായി സ്വീകരിക്കാത്ത സ്ഥിതിക്കു് അബ്ദുൽമലിക്കു് നമ്മുടെ ഖലീഫയുമല്ല. അതുകൊണ്ടു അബ്ദുർറഹ്മാനെത്തന്നെ ഖലീഫയാക്കേണ്ടതുമാണു്" എന്നു ചിലർ പറഞ്ഞതനുസരിച്ചു സൈന്യം ഏകോപിച്ചുകൊണ്ടു അദ്ദേഹത്തെ ഖലീഫയായും ബൈഅത്തു് ചെയ്തു.

ഈ വർത്തമാനങ്ങളെല്ലാം ഹജ്ജാജു്, അബ്ദുൽ മലിക്കിനെ അറിയിച്ചു. അദ്ദേഹം സഹായത്തിനായി ഭടന്മാരെ അയയ്ക്കുകയും ഹജ്ജാജു് അവരെയും കൊണ്ടു തസ്ത്തറിലേക്കു പുറപ്പെട്ടുകയും ചെയ്തു. തസ്ത്തറിൽ വെച്ചു യുദ്ധം ഉണ്ടായപ്പോൾ ഇറാഖുകാർ ഹജ്ജാജിന്റെ മുൻ സൈന്യത്തെ തോല്പിച്ചു. തന്നിമിത്തം അദ്ദേഹം അവിടെ നിന്നു പിൻവാങ്ങി സാവിയ എന്നിടത്തു് വന്നു പാളയമടിച്ചു. അബ്ദുർറഹ്മാൻ ബസറാ പട്ടണം കൈവശമാക്കിയതിനു ശേഷം അവിടെ നിന്നു ഭടന്മാരെയും കൊണ്ടു സാവിയയിലേക്കു പുറപ്പെട്ടു. ഇങ്ങിനെ സാവിയായിൽ വെച്ചു നടന്ന സമരത്തിൽ അനവധി രക്തം പ്രവഹിച്ചു. ആരംഭത്തിൽ സിറിയാ സൈന്യം തോറ്റു പിന്മാറിയിരുന്നുവെങ്കിലും ഹജ്ജാജു് പോക്കത്തിൽ നിന്നു തെറ്റാതിരുന്നതു കൊണ്ടു അവർ വീണ്ടും എതിർത്തു ഇറാഖുകാരുടെ വലസൈന്യത്തെ തോല്പിച്ചു. അബ്ദുർറഹ്മാൻ പോക്കളം ഉപേക്ഷിച്ചു കൂഫയിലേക്കു പോകുകയും ഗവർണ്ണർമാരുടെ വസതിയായിരുന്ന അവിട

കത്ത കൊട്ടാരം കൈവശപ്പെടുത്തുകയും ചെയ്തു. ഹജ്ജാജ് അദ്ദേഹത്തെ പിൻതുടർന്നു ദൈർഖുറഃ എന്നിടത്തു തമ്പടിച്ചു.

ഇറാഖുകാരെ സന്തോഷിപ്പിച്ചു സമാധാനമുണ്ടാക്കാമെന്നു വെച്ചു അബ്ദുൽമലിക്കു്, മുഹമ്മദുബ്നുമർവാനെ ഇറാഖിലേക്കു അയയ്ക്കുകയും ''ഹജ്ജാജിനോടു നിങ്ങൾക്കു വിരോധമുണ്ടെങ്കിൽ അദ്ദേഹത്തെ നീക്കി പകരം സഹോദരനെ ഇതാ ഗവർണ്ണരായി അയയ്ക്കുന്നു'' എന്നു ഇറാഖു നായകന്മാർക്കു കത്തെഴുതുകയും ചെയ്തു. തങ്ങൾ ഹജ്ജാജിനെ ഗവർണ്ണരായും അദ്ദേഹത്തെ ഖലീഫയായും സ്വീകരിക്കുന്നില്ലെന്നായിരുന്നു ഇറാഖുകാർ ആ കത്തിനു മറുപടി കൊടുത്തതു്. ഈ കലഹ പ്രിയന്മാർ ഒന്നുകൊണ്ടും തൃപ്തിപ്പെടുന്നതല്ലെന്നും, അതുകൊണ്ടു അദ്ദേഹം തന്നെ ഉദ്യോഗം സ്വീകരിച്ചു കഴിയുന്നപ്രകാരത്തിൽ കഴപ്പത്തെ പരിഹരിക്കണമെന്നും മുഹമ്മദുബ്നുമർവാൻ ഹജ്ജാജിനോടു പറഞ്ഞു.

അബ്ദുർറഹ്മാന്റെയും ഹജ്ജാജിന്റെയും സൈന്യങ്ങൾ തമ്മിൽ ദൈർജമാജിമിൽ വെച്ചു തുടച്ചയായി യുദ്ധം ഉണ്ടായിക്കൊണ്ടിരുന്നു. നൂറു ദിവസം പൂർത്തിയായതിൽപ്പിന്നെ അബ്ദുർറഹ്മാൻ പരാജിതനായി. അതു ഹിജ്റഃ 83 ജമാദുൽആഖിർ 14-ാംനു-യായിരുന്നു. ഓടുന്നവരെ പിന്തുടരുന്നതല്ലെന്നും, മടങ്ങിവരികയോ റയ്യിൽ ചെന്നു ഖത്തീബത്തിന്റെ സൈന്യത്തിൽ ചേരുകയോ ചെയ്യുന്നവർക്കു മാപ്പുകൊടുക്കുന്നതാണെന്നും ഹജ്ജാജ് പരസ്യം ചെയ്തു. വിജയത്തിനുശേഷം അദ്ദേഹം കൂഫയിൽ പ്രവേശിച്ചു അബ്ദുൽമലിക്കിനെ ഖലീഫയായി വീണ്ടും ബൈഅത്ത് ചെയ്യേണ്ടതിനു ജനങ്ങളെ വിളിച്ചു വരുത്തി. ജനങ്ങൾ വന്നു ചേർന്ന അവസരത്തിൽ, തങ്ങൾ മതഭ്രഷ്ടരായിപ്പോയിരിക്കുന്നുവെന്നു ഓരോരുത്തനോടും ഒന്നാമതായി സമ്മതിപ്പിച്ചതിനുശേഷമായിരുന്നു അദ്ദേഹം ബൈഅത്തു് ചെയ്യിച്ചിരുന്നതു്.

അങ്ങിനെ മതഭ്രഷ്ട് സമ്മതിക്കാതിരുന്നവരെ അദ്ദേഹം കൊന്നുകളഞ്ഞു.

ബന്ധനസ്ഥന്മാരുടെ കൂട്ടത്തിൽ മുൻ പ്രസ്താവിച്ച അഅ്ശാകവിയും ഉൾപ്പെട്ടിരുന്നു. അയാൾ ലഹളക്കാരെ ക്ഷോഭിപ്പിച്ചിട്ടുണ്ടായിരുന്ന, കവിതകളൊന്നു ചൊല്ലിക്കേൾപ്പിക്കുവാൻ ഹജ്ജാജ് അയാളോട് കല്പിച്ചു. അയാൾ ഹജ്ജാജിനെ സ്തുതിച്ചുകൊണ്ടു സരസവും ചാതുര്യസമ്പൂർണ്ണവുമായ ഒരു കവിതയാണ് ചൊല്ലിയതു്. അതു കേട്ടപ്പോൾ ഹജ്ജാജ് ഒരു പക്ഷെ അയാൾക്കു മാപ്പു കൊടുക്കുമെന്നു ജനങ്ങൾ വിചാരിച്ചിരുന്നു. അദ്ദേഹമാവട്ടെ ആ കവിയെ തന്റെ മുമ്പിൽ വെച്ചു തന്നെ കൊല്ലിക്കുകയാണ് ചെയ്തതു്.

അബ്ദുർറഹ്മാന്റെ നേതൃത്വത്തിൽ നടന്ന ഈ കലഹം ഇറാഖുകാർ നടത്തിയ കലാപങ്ങളിൽ അവസാനത്തേതായിരുന്നു. ഇതിൽ അവർക്കു അപാരമായ കഷ്ടനഷ്ടങ്ങൾ നേരിട്ടു. യോഗ്യന്മാരായിരുന്ന നായകന്മാർ മിക്കവാറും കൊല്ലപ്പെട്ടു. ഇതിനുശേഷം അവർക്കു ഒരു കലാപത്തിനും കെൽപുണ്ടായിരുന്നില്ല.

അബ്ദുർറഹ്മാൻ ഓടി റത്ബീലിന്റെ അട്ടക്കൽ ചെന്നു അഭയം പ്രാപിച്ചു. കുറക്കാരനെ തങ്ങളുടെ അട്ടക്കലേക്കു അയച്ചുകൊടുക്കണമെന്നും അല്ലാത്ത പക്ഷം തങ്ങൾ അങ്ങോട്ടു ചെല്ലുന്നതാണെന്നും ഹജ്ജാജ് റത്ബീലിനെ എഴുത്തുമൂലം അറിയിച്ചു. അവസാനം മോചനത്തിനു യാതൊരു മാർഗ്ഗവുമില്ലെന്നു കണ്ടപ്പോൾ അബ്ദുർറഹ്മാൻ മാളികയിൽ നിന്നു ചാടിആത്മഹത്യചെയ്തു. റത്ബീൽ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നവരുടെ തലകൾ ഛേദിച്ചു് ഹജ്ജാജിന്റെ അട്ടക്കലേക്കു അയച്ചുകൊടുത്തു.

ഹിജ്റ: 64 മുതൽ 86 വരെ 22 സംവത്സരക്കാലം മുസ്ലിം സമുദായത്തിനു പരസ്പരമത്സരത്തിലും കലഹത്തിലു

മായി നഷ്ടപ്പെട്ട. നേതാക്കന്മാരായിരുന്ന ആളുകൾ ഖിലാഫത്ത് വാദവുമായി പുറപ്പെട്ടുകൊണ്ടിരുന്നതിനാൽ മുസ്ലിംകൾ ഭിന്നിക്കുകയും പരസ്പരം രക്തപ്രവാഹം നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു.

സ്വാർത്ഥതല്പരതയേയും, സമുദായത്തിൽ ഭിന്നിപ്പും കലഹവും ഉണ്ടാക്കിത്തീർക്കുന്നതിനേയും കഠിനമായി ആക്ഷേപിച്ചിട്ടുള്ള വിശുദ്ധ ഖുർആൻ വേദത്തെ ഇക്കൂട്ടർ വായിച്ചിരുന്നില്ലേ? പരസ്പരം കലഹിച്ചു സാമുദായികശക്തിയെ നശിപ്പിക്കുന്നതിന്റെ ഭവിഷ്യത്തു് എന്താണെന്നു മനസ്സിലാക്കുവാൻപോലും സാധിക്കാതിരിക്കത്തക്കവണ്ണം ആലോചനാശൂന്യന്മാരായിരുന്നുവോ ഇവർ? സ്വന്തകാര്യത്തിനായി മുസ്ലിംകളുടെ രക്തം പ്രവഹിപ്പിക്കുവാൻ യാതൊരു മടിയും ഉണ്ടാകാതിരുന്ന ഇക്കൂട്ടർക്കു പരലോകശിക്ഷയെക്കുറിച്ചു ഭയമുണ്ടായിരുന്നില്ലേ? ആകയാൽ ഇവരുടെ സ്ഥിതി അത്ഭുതകരമാണെന്നേ പറയേണ്ടതുള്ളൂ.

ഇങ്ങനെ അനൈക്യമുളവാക്കിയ അപരാധത്തിൽ നിന്ന ആ കാലങ്ങളിലെ ഖലീഫമാർക്കും മോചിതരാവാൻ കഴിയുന്നതല്ല. ജനങ്ങളെ കീഴടക്കുവാനായിട്ടല്ല, നേരെ മറിച്ചു അടിമകളാക്കിത്തീർക്കുവാനായി അവർ മർദ്ദനപരമായ ഭരണസമ്പ്രദായം കൈക്കൊണ്ടു. ജനങ്ങൾക്കു തങ്ങളുടെ നേരെ സ്നേഹവും സഹതാപവും ജനിക്കത്തക്ക യാതൊരു മാർഗ്ഗത്തെയും അവർ അംഗീകരിച്ചില്ല. തന്നിമിത്തം ഖലീഫയോടു മത്സരിക്കുന്ന ആരെയെങ്കിലും കണ്ടുകിട്ടുമ്പോൾ അവന്റെ ഭാഗത്തു ചേരുവാൻ അവർ സന്നദ്ധരായിക്കൊണ്ടിരുന്നു.

ഖാരിജികൾ.

യസീദിന്റെ ഭരണകാലത്തു് സിറിയാസൈന്യം മക്കാപട്ടണം വളഞ്ഞപ്പോൾ അബ്ദുല്ലാഹിബ്നുസുബൈർ തങ്ങ

ളുടെ അഭിപ്രായത്തോട്ട യോജിക്കുന്ന പക്ഷം അദ്ദേഹത്തെ സഹായിക്കാമെന്നു കരുതി ഒരു സംഘം ഖാരിജികൾ മക്കയിൽ ചെല്ലുകയുണ്ടായി. നജ്ദത്തുബ്നു ആമീർ, നാഫിഉ ബ്നുഅസ്റഖ് എന്നിവർ പ്രസ്തുത സംഘത്തിലെ നേതാക്കന്മാരായിരുന്നു. അന്നു ഇവരും അബ്ദുല്ലാഹിബ്നുസുബൈറും തമ്മിലുണ്ടായ സംഭാഷണം താഴെ ചേർക്കുന്നു: –

ഖാരിജികൾ–ശൈഖൈനിയെ സംബന്ധിച്ചു (അബൂബക്കർ, ഉമർ ഇവരെപ്പറ്റി) താങ്കളുടെ വിശ്വാസമെന്താണു?

അബ്ദുല്ലാഹിബ്നുസുബൈർ–അവർ ഏറ്റവും നല്ല ഖലീഫമാരായിരുന്നു.

ഖാരിജികൾ–ഹസ്രത്ത് ഉസ്മാനെക്കുറിച്ചു താങ്കൾ എന്തു വിശ്വസിക്കുന്നു? ഇസ്ലാംമതത്തിന്നും നീതിക്കും വിരുദ്ധമായ പ്രവൃത്തികൾ അദ്ദേഹം ചെയ്തിട്ടുള്ളതുകൊണ്ടു അദ്ദേഹത്തിന്റെ തിരഞ്ഞെടുപ്പു ദുർബ്ബലപ്പെടുകയും ഇമാമത്തധികാരം നിയമവിരുദ്ധമായിത്തീരുകയും ചെയ്തിരിക്കുന്നുവല്ലോ. അദ്ദേഹം ഖിലാഫത്തധികാരം വഹിച്ച അവസാനത്തെ ആറുകൊല്ലക്കാലത്തു് അദ്ദേഹത്തിന്നു കൊലശിക്ഷ നൽകേണ്ടതു സമുദായത്തിന്നു ഒഴിച്ചുകൂടാത്ത കടമയായിത്തീർന്നിരുന്നുവെന്നതു ശരിയല്ലേ?

കൂടാതെ അദ്ദേഹത്തിന്നുശേഷം ജനങ്ങളുടെ ബൈഅത്ത് വാങ്ങുകയും അല്ലാഹുവിന്റെ വിധിയിൽ മനുഷ്യർക്കു മദ്ധ്യസ്ഥം നൽകുകയും ചെയ്ത ആളെക്കുറിച്ചു (ഇമാം അലിയെക്കുറിച്ചു) താങ്കൾ എന്തുപറയുന്നു? ഇതിന്നുംപുറമെ താങ്കളുടെ പിതാവിനേയും ഹസ്രത്ത് തൽഹത്തിനെയും സംബന്ധിച്ചു് താങ്കളുടെ അഭിപ്രായമെന്താണു്? അവർ ഒരാളെ ഖലീഫയായി സ്വീകരിച്ചതിന്നുശേഷം ഐഹികേച്ഛകളെ മാത്രം മുൻനിറുത്തി അയാളോടുതന്നെ പോരിന്നു പുറപ്പെട്ടിരു

ന്നുവല്ലോ. റസൂൽ തിരുമേനിയുടെ ഭാര്യമാരോട്ട് സ്വഭവനങ്ങളിൽത്തന്നെ ഇരിക്കണമെന്നു അല്ലാഹു വ്യക്തമായി ആജ്ഞാപിച്ചിരിക്കെ, ഹസ്രത്ത് ആയിശയേയും അവർ കൂടെ കൊണ്ടുപോയി പോക്കളത്തിൽ നിറുത്തി. താങ്കൾ ഈ കാര്യങ്ങളിലെല്ലാം ഞങ്ങളുടെ അഭിപ്രായത്തോട്ട് യോജിക്കുന്ന പക്ഷം അതിനു അല്ലാഹു താങ്കൾക്കു പ്രതിഫലം തരുന്നതിനുംപുറമെ ഞങ്ങൾ താങ്കളെ സഹായിക്കുവാൻ ഒരുക്കമുള്ളവരുമാണു്. അല്ലാത്തപക്ഷം താങ്കൾ ഇഹത്തിലും പരത്തിലും നീചനായിത്തീരും.

അബ്ദുല്ല–ഫിർഔനിനോട്ടപോലും സൌമ്യമായി സംസാരിക്കണമെന്നു് മൂസാ, ഹാറൂൻ (അ) എന്നിവരോട്ട് അല്ലാഹു കല്പിച്ചിരുന്നു. ''മരിച്ചവരെ ദുഷിച്ചുകൊണ്ടു് ജീവിച്ചിരിക്കുന്നവരെ ദ്രോഹിക്കരുതു'' എന്നു നബി (സ) അരുൾ ചെയ്തിട്ടുണ്ടു്. അബൂജഹലിനെ അധിക്ഷേപിക്കുന്നതായാൽ അയാളുടെ മകൻ ഇക്രിമത്തിനു ദുഃഖം നേരിടുമെന്നു കരുതി ആ അധിക്ഷേപത്തെ തിരുമേനി വിരോധിച്ചിരുന്നു. ഫിർഔൻ, അബൂജഹൽ ഇവരെപ്പോലെയുള്ളവരെള്ളടി അധിക്ഷേപിക്കുവാൻ അനുവാദമില്ലാത്തസ്ഥിതിക്കു്, ആ മഹാന്മാരേയും വിശേഷിച്ചു, എന്റെ പിതാവിനേയും നിന്ദയോട്ടുകൂടി സ്മരിക്കുവാൻ എനിക്കു എങ്ങിനെയാണു് സാധിക്കുക? പിതാവിനു മക്കളുടെ പക്കൽനിന്നും ലഭിക്കേണ്ടതായ അവകാശങ്ങൾ ഇന്നിന്നവയാണെന്നു നിങ്ങൾക്കു തന്നെ അറിയാമല്ലോ.? എങ്കിലും അക്രമികളോട്ടു് എനിക്കു യാതൊരു ബന്ധവുമില്ലെന്നു് തുറന്നുപറവാൻ ഞാൻ തയ്യാറുണ്ടു്. അവർ ആരെല്ലാമാണെന്നു ഞാൻ വ്യക്തമാക്കുന്നതല്ല. അക്രമി ആരായിരുന്നാലും ഈ വാക്കിൽ ഉൾപ്പെട്ടുന്നതാണു്.

ഖാരിജികൾ രണ്ടാംദിവസവും അദ്ദേഹത്തിന്റെ അട്ടക്കൽചെന്നു അഭിപ്രായം വ്യക്തമാക്കണമെന്നു അദ്ദേഹ

ത്തോട്ട ആവശ്യപ്പെട്ട. തദവസരത്തിൽ അദ്ദേഹം എഴുന്നേറ്റു യുക്തിയുക്തമായ ഒരു പ്രസംഗംചെയ്തു. അദ്ദേഹം ഹസ്രത്ത്ഉസ്മാൻ, സുബൈർ, തൽഹത്ത് ഇവരെ പ്രശംസിക്കുകയും ഖാരിജികളുടെ സകല ആക്ഷേപങ്ങൾക്കും മറുപടി കൊടുക്കുകയുമുണ്ടായി. ഈ പ്രസംഗം നിമിത്തം ഖാരിജികൾ നിരാശപ്പെട്ട. അവർ രണ്ട സംഘമായിപ്പിരിഞ്ഞു ഒരു സംഘം യമാമയിലേക്കു പോയി. മറവർ നാഫിഉബ്നുഅസ്റഖിന്റെ കൂടെ അഹ്വാസിൽ ചെന്നു ഖലീഫയുടെ കീഴിൽ അവിടെ ഭരണം നടത്തിയിരുന്ന ഉദ്യോഗസ്ഥനെ പുറത്താക്കി ഗവൺമെൻറിലേക്കു കിട്ടാനുണ്ടായിരുന്ന കരങ്ങൾ പിരിക്കാൻ തുടങ്ങി.

ഇതിനു മുമ്പ് ഖാരിജികളുടെ ഇടയിൽ ഭിന്നിപ്പുണ്ടായിരുന്നില്ല. മേൽ പ്രസ്താവിച്ച നാഫിഅ്നിമിത്തമായിരുന്നു അവരുടെ ഇടയിൽ കക്ഷിതപം ആവിർഭവിച്ചതു്. സവ്വ മുസ്ലിം രാജ്യങ്ങളേയും അയാൾ യുദ്ധപ്രദേശങ്ങളായി പ്രഖ്യാപിച്ചു. അയാളുടെ പ്രബോധനം ഇങ്ങിനെയായിരുന്നു. ""അവരുടെ (സാധാരണ മുസ്ലിംകളുടെ) കുട്ടികളെ കൊല്ലാവുന്നതും അനാമത്തു് മുതലുകൾ പിടിച്ചടക്കാവുന്നതുമാണു്. അവരുമായി വിവാഹസംബന്ധം നടത്തുകയോ, അവർ അറുത്ത വസ്തുക്കളുടെ മാംസം തിന്നുകയോ ചെയ്യാൻ പാടുള്ളതല്ല. മതരക്ഷയ്ക്കായി വാളെടുക്കുന്നവർ മാത്രമാണു് മുസ്ലിംകൾ. അല്ലാത്തവരെല്ലാം അമുസ്ലിംകളാകുന്നു. യുദ്ധഭീതി കുറേകരമാണു്. യുദ്ധത്തിൽ പങ്കുകൊള്ളാതെ വേർപിരിഞ്ഞു നിൽക്കുകയും വാളെടുത്തു ഇസ്ലാമിനു ശുശ്രൂഷ ചെയ്യാൻ സന്നദ്ധരാകാതിരിക്കുകയും ചെയ്യുന്നവർ അമുസ്ലിംകളോടു തുല്യവാന്മാരാണു"".

ഖാരിജികളുടെ മറെറ നേതാവായിരുന്ന നബ്ദത്തു ബ്നുആമിർ നാഫിഇന്റെ ഈ അഭിപ്രായത്തെ പ്രതിഷേധിച്ചു. അങ്ങനെഅവർ തമ്മിൽ എഴുത്തുമൂലം തർക്കം നടന്നുകൊ

ണ്ടിരുന്നു. ഖാരിജികളുടെ മറ്റു തലവന്മാരായിരുന്ന ഹൈസമു ബ്നുജാബിർ, അബ്ദുല്ലാഹിബ്നുഇബാസ് ഇവരും നാ ഫിഇന്റെ അഭിപ്രായത്തോട് യോജിച്ചില്ല. ''റസൂൽ തിരു മേനിയുടെ വിരോധികളെപ്പോലെ തന്നെ നമ്മുടെ വിരോ ധികളും സത്യത്തിനു ശത്രുക്കളാകുന്നു. എങ്കിലും ഒരു വ്യ ത്യാസമുണ്ട്. ഇക്കൂട്ടർ അല്ലാഹുവിന്റെ ഏകത്വത്തിലും വേദ ത്തിലും വിശ്വസിക്കുന്നുണ്ട്. അതുകൊണ്ടു ഇവരുമായി വിവാ ഹകർമ്മവും മറ്റും നടത്തുന്നതു തെറ്റല്ല'' എന്നായിരുന്നു പ്രസ്തുത നായകന്മാരുടെ അഭിപ്രായം. മറ്റൊരു ഖാരിജി തലവനായിരു ന്നഅബ്ദുല്ലാഹിബ്ന സഫാറിന്റെ അനുഗാമികളും 'സഫ രിയ്യാ' എന്നു നാമധേയം ധരിച്ചവരുമായിരുന്ന ഖാരിജികൾ, കലാപത്തിൽ സംബന്ധിക്കാതെ പിന്മാറി നില്ക്കുന്നവർ തെ റ്റുകാരാണെന്നു പറഞ്ഞിരുന്നില്ല. മേൽ പറഞ്ഞ ഓരോ അ ഭിപ്രായക്കാരും വേറെ വേറെ സംഘങ്ങളായി പിരിഞ്ഞു.

ഖാരിജികളിൽ വെച്ചു ഏറ്റവും അക്രമി നാഫിഉബ് നുഅസ്റഖായിരുന്നു. അയാൾക്കു അഹ്വാസ് മുതൽ ബ സറയുടെ സമീപ പ്രദേശം വരെയുള്ള രാജ്യങ്ങൾ കീഴടങ്ങി യിരുന്നു. സലീമുബ്നുഅബീസിന്റെ നേതൃത്വത്തിൽ പതി നായിരം ബസറക്കാർ അയാളുടെ നേരെ യുദ്ധത്തിനു ചെ ന്നു. ദുലാബ് എന്നിടത്തു വെച്ചുണ്ടായ സമരത്തിൽ നാഫിഉം സലീമും കൊല്ലപ്പെട്ടു. അനന്തരം ഖാരിജികൾ ഉബൈദുല്ലാ ഹിബ്നുബശീറിനെയും, ബസറക്കാർ റബീഉബ്നുഅംറിനെ യും സേനാനായകന്മാരാക്കി. ഒരു മാസത്തോളം യുദ്ധം നടന്നു. ഒടുവിൽ ബസറക്കാർ തോറ്റോടുകയാണു ഉണ്ടായതു്.

ഈ പരാജയ വൃത്തമാനം കേട്ടപ്പോൾ ബസറാ നിവാ സികൾക്കു വലിയ പരിഭ്രമമുണ്ടായി. അവിടത്തെ നായകന്മാർ ഏകോപിച്ചു മുഹല്ലബിന്റെ അട്ടക്കൽ ചെന്നു, അദ്ദേഹവും കൂടി തങ്ങളുടെ കൂട്ടത്തിൽ ചേർന്നാലല്ലാതെ ഖാരിജികളെ ഒരു

ക്കുവാൻ കഴിയുന്നതല്ലെന്നു അദ്ദേഹത്തെ അറിയിച്ചു. താഴെ പറയുന്ന മൂന്നു നിബന്ധനകൾ സ്വീകരിക്കുന്ന പക്ഷം അവരുടെ ഭാഗത്തു ചേർന്നുകൊള്ളാമെന്നു അദ്ദേഹം സമ്മതിച്ചു.

1. അവരുടെ (ഖാരിജികളുടെ) പക്കൽ നിന്നു ഞാൻ കീഴടക്കുന്ന രാജ്യങ്ങളുടെ ഭരണാധികാരം എനിക്കു നല്കണം.

2. യുദ്ധത്തിനു വേണ്ടുന്ന ആയുധങ്ങളും സാമഗ്രികളും ഗവർമ്മെൻറു ഭണ്ഡാരത്തിൽ നിന്നു തരേണ്ടതാണു്.

3. നേതാക്കന്മാരും ധീരന്മാരുമായ ബസറക്കാരിൽ നിന്നു ഞാൻ തിരഞ്ഞെടുക്കുന്ന ആളുകൾ എന്റെ കൂടെ വരണം.

ഈ മൂന്നു നിബന്ധനകളും ബസറക്കാർ സ്വീകരിച്ചതുകൊണ്ടു മുഹല്ലബു് ഖാരിജികളുടെ നേരെ യുദ്ധത്തിനു പുറപ്പെട്ടു. അദ്ദേഹം അവരെ ഓരോ സ്ഥലത്തു നിന്നും പിന്നോട്ടു ഓടിച്ചുകൊണ്ടു അഹ്വാസു് വരെ ചെന്നു. അഹ്വാസിൽ അവർ ഉറച്ചു നിന്നു പോരാടുകയാണു് ഉണ്ടായതു്. അഹ്വാസു് യുദ്ധത്തിൽ ബസറക്കാർ അവരോടു എതിർത്തു നില്ക്കുവാൻ സാധിക്കാതെ പോക്കളത്തിൽ നിന്നു ഓടിക്കളഞ്ഞു. എങ്കിലും മുഹല്ലബു് പിന്മാറാതെ പൊരുതുന്നതു കണ്ടപ്പോൾ അവർ വീണ്ടും മടങ്ങിച്ചെന്നു. അനന്തരമുണ്ടായ സമരത്തിൽ ഖാരിജികളുടെ നായകൻ വധിക്കപ്പെട്ടു. അതോടുകൂടി മറ്റുള്ളവർ തോറ്റോടുകയാണു് ഉണ്ടായതു്. മുഹല്ലബിന്റെ ഭടന്മാർ അവരെ പിൻ തുടർന്നു അനേകം പേരെ കൊല്ലുകയുണ്ടായി. ശേഷിച്ചവർ കർമാൻ എന്നിടത്തു് വന്നു നിന്നു. മുഹല്ലബു് സൈന്യവുമായി അവരുടെ പിന്നാലെ തന്നെ ഗമിച്ചുകൊണ്ടിരുന്നു.

അബ്ദുല്ലാഹിബ്നുസുബൈറിന്റെ സഹോദരൻ മിസ്അബു് ഇറാഖു് ഗവർണ്ണരായി വന്നപ്പോൾ അദ്ദേഹം മുഹല്ലബിനെ മൂസൽ ഭരണ കർത്താവാക്കി അയയ്ക്കുകയും അദ്ദേഹ

ത്തിന്റെ പകരം ഖാരിജികളോട്ട പോരാടേണ്ടതിന്റെ ഉബൈദുല്ലാഹിബ്നുമിഅ്മറിന്റെ പുത്രനായ ഉമറിനെ നിയമിക്കുകയും ചെയ്തു. തദവസരത്തിൽ ഖാരിജികൾ അദ്റാൻ എന്നിടത്തു സംഘം കൂടി നില്ക്കുകയായിരുന്നു. സുബൈറുബ്നു അലി എന്ന ആളായിരുന്നു അവരുടെ നായകൻ. ഉമർ അവിടെ എത്തി അവരെ തോല്പിച്ചതിനാൽ അവർ ഇസ്ഫഹാനിലേക്കു പോന്നു.

ഉമർ ഭടന്മാരോട്ട കൂടി സാബൂറിൽ താമസിച്ചു. ശത്രുക്കൾ പിന്നിൽക്കൂടി വന്നടുക്കാതിരിക്കുവാനായി മുഹല്ലബ് രാത്രി സമയം കാവൽ ഭടന്മാരെ നിർത്തുക പതിവായിരുന്നുവെന്നു മാലിക്കുബ്നുഹസ്സാൻ അദ്ദേഹത്തോട്ട പറഞ്ഞു. "മരണം നിശ്ചിതസമയത്തല്ലാതെ നേരിട്ടുകയില്ലെന്നു നിങ്ങൾ ഗ്രഹിക്കുന്നില്ല" എന്നായിരുന്ന അദ്ദേഹം അതിന്നു സമാധാനം പറഞ്ഞതു്. ആകസ്മികമായി അന്നു രാത്രി തന്നെ ഇരുൾ മൂടിയ സമയത്തു് ശത്രുക്കൾ വന്നു എതിർത്തു. എങ്കിലും അവസാനം അവർ പരാജയത്തോടെ മടങ്ങുകയാണു് ഉണ്ടായതു്. തദവസരത്തിൽ ഉമർ "ഇപ്പോൾ കണ്ടോ?" എന്നു മാലിക്കിനോട്ട ചോദിച്ചു. "അതെ, എങ്കിലും മുഹല്ലബിനോട്ട ഇങ്ങിനെ എതിർക്കുവാൻ അവക്കു ധൈര്യമുണ്ടായിരുന്നില്ല" എന്നു മാലിക്കു് സമാധാനം പറഞ്ഞു.

ഖാരിജികൾ ഇസ്ഫഹാൻ മുതൽ അഹ്വാസ് വരെയും അവിടം മുതൽ ഇസ്തഖർ വരെയും ചുറ്റി നടന്നു കൊലയും കൊള്ളയും നടത്തിക്കൊണ്ടിരുന്നു. തന്നിമിത്തം മിസ്അബ് മുഹല്ലബിനെ മൂസലിൽ നിന്നു മടക്കി വിളിച്ചു് ഖാരിജികളോട്ട നേരിടേണ്ടതിന്നു അദ്ദേഹത്തെത്തന്നെ നിയമിച്ചു. അന്നു ഖാരിജികളുടെ നായകത്വം വഹിച്ചിരുന്നതു മുത്തറിബ്നുൽഫുജാത്ത് എന്ന ആളായിരുന്നു. ഖാരിജികൾ അയാളെ അമീറുൽമുഅ്മിനീൻ എന്നായിരുന്നു വിളിച്ചു വന്നതു്.

മുഹല്ലബും ഭടന്മാരും അഹ്വാസിൽ എത്തിയപ്പോഴേക്കു ഖാരിജികൾ അവിടെ നിന്നു റാംഹർമ്മുസിലേക്കു പോയി. ഇതിനിടയിലായിരുന്ന മുൻ പ്രസ്താവിച്ച പ്രകാരം മിസ്അബ് കൊല്ലപ്പെട്ടകയും ഇറാഖ്സംസ്ഥാനം അബ്ദുൽമലിക്കിനു കീഴടങ്ങുകയും ചെയ്തു. മുഹല്ലബും സൈന്യവും അറിയുന്നതിനു മുമ്പായി ഖാരിജികൾ ഈ വർത്തമാനം അറിഞ്ഞതിനാൽ അവർ മുഹല്ലബിന്റെ സൈന്യത്തോടു "മിസ്അബിനെക്കുറിച്ചു നിങ്ങൾ എന്തു വിശ്വസിക്കുന്നു" എന്നു വിളിച്ചു ചോദിച്ചു. "അദ്ദേഹം സന്മാർഗ്ഗദർശിയായ നേതാവാണു" എന്നു അവർ സമാധാനം പറഞ്ഞു. പിന്നീടു, "അബ്ദുൽമലിക്കിനെ സംബന്ധിച്ചോ" എന്നു ചോദിച്ചതിനു ദുർമ്മാർഗ്ഗിയും ദുർമ്മാർഗ്ഗപ്രേരകനുമാണു എന്നും അവർ മറുപടി കൊടുത്തു.

രണ്ടു ദിവസം കഴിഞ്ഞപ്പോൾ മുഹല്ലബിന്റെ അടുക്കലും വർത്തമാനം എത്തി. "മിസ്അബിനെ സംബന്ധിച്ചു എന്തു വിശ്വസിക്കുന്നു" എന്നു ഖാരിജികൾ അപ്പോഴും വിളിച്ചു ചോദിച്ചു. ഈ ചോദ്യത്തിനു മുഹല്ലബിന്റെ ഭാഗത്തു നിന്നു ഒരു സമാധാനവും കൊടുക്കുകയുണ്ടായില്ല. അനന്തരം ഖാരിജികൾ അബ്ദുൽമലിക്കിനെപ്പറ്റി ചോദ്യം ചെയ്തപ്പോൾ "സന്മാർഗ്ഗദർശിയായ ഇമാമാണു" എന്നു മുഹല്ലബിന്റെ ഭടന്മാർ മറുപടി കൊടുത്തു. തദവസരത്തിൽ ഖാരിജികൾ ഇങ്ങിനെ വിളിച്ചു പറഞ്ഞു. "ഇന്നലെ ദുർമ്മാർഗ്ഗിയും ദുർമ്മാർഗ്ഗപ്രേരകനുമായിരുന്ന ആൾ ഇന്നു സന്മാർഗ്ഗദർശിയായ ഇമാമായി. ഹേ, ലോകത്തിന്റെ അടിമകളെ, ദൈവം നിങ്ങളെ ശപിക്കട്ടെ".

അബ്ദുൽമലിക്കു് ബസറാ ഭരണാധികാരിയായി നിയമിച്ചതു ഖാലിദുബ്നുഅബ്ദുല്ല എന്ന ആളെയായിരുന്നു. ഖാലിദു്, മുഹല്ലബിനെ സേനാനായകത്വത്തിൽ നിന്നുനീക്കി കപ്പം

പിരിക്കുന്ന ഉദ്യോഗസ്ഥനായി നിയമിക്കുകയും സ്വസഹോദരനായ അബ്ദുൽഅസീസിനെ അദ്ദേഹത്തിന്റെ പകരം സേനാനായകനായി നിശ്ചയിക്കുകയും ചെയ്തു. മുഹല്ലബ് അഹ്വാസിൽ ഉള്ളതുകൊണ്ടാണ് ബസറയിൽ സമാധാനം നിലനില്ക്കുന്നതെന്നും അദ്ദേഹത്തെ നീക്കിയാൽ ഖാരിജികൾ ആക്രമിക്കുന്നതാണെന്നും ബസറക്കാർ ഖാലിദിനോട് പറഞ്ഞുവെങ്കിലും അദ്ദേഹം അതു വില വെച്ചില്ല. ദറാബ്ജർദിൽ വെച്ചു, ഖാരിജികളുമായി നേരിട്ടപ്പോൾ അബ്ദുൽഅസീസിന്റെ കഠിനമായ പരാജയം നേരിട്ടു. തന്നിമിത്തം അബ്ദുൽമലിക്ക് ഖാലിദിന്റെ താഴെ പറയും പ്രകാരം കത്തെഴുതി.

"നിങ്ങളുടെ പക്കൽ നിന്നുണ്ടായ പിഴവു മൂലമാണ് ഈ നഷ്ടം നേരിട്ടത്. ധൈര്യവാനും ഖഡ്ഗപ്രയോഗത്തിൽ തഴക്കമുള്ള സേനാനായകനുമായ മുഹല്ലബിനെ മാറ്റി അബ്ദുൽഅസീസിനെ സൈന്യാധിപനാക്കിയതു ഒരിക്കലും നന്നായില്ല. ഇനി നിങ്ങൾ തന്നെ സൈന്യവുമായി പുറപ്പെടേണ്ടതും മുഹല്ലബുമായി ആലോചിച്ചു ഖാരിജികളോട്ട നേരിടേണ്ടതുമാണ്. ക്രൂരാ ഭരണകർത്താവായ എന്റെ സഹോദരൻ ബിശ്റുബ്നുമർവാന്റെ ഞാൻ ഉത്തരവു കൊടുത്തിട്ടുള്ളതുകൊണ്ടു അദ്ദേഹവും നിങ്ങളെ സഹായിക്കുവാൻ ഭടന്മാരെ അയയ്ക്കുന്നതാണ്".

ഈ കല്പന പ്രകാരം ഖാലിദ് മുഹല്ലബിനോട്ട കൂടി അഹ്വാസിലേക്ക പോയി. 4000 അശ്വഭടന്മാർ സഹായത്തിന്നായി ക്രൂഫയിൽ നിന്നും എത്തുകയുണ്ടായി. ഖാരിജികൾ എതിർക്കുവാൻ ശക്തിയില്ലായിരുന്നതുകൊണ്ടു അവിടെനിന്നു പിന്മാറിയപ്പോൾ ഖാലിദിന്റെ സൈന്യം അവരെ പിന്തുടർന്നു. എങ്കിലും വഴി വളരെ ദുർഘടമായിരുന്നതിനാൽ ഭടന്മാരുടെ കുതിരകൾ മിക്കവാറും ചത്തു പോയി. ഇങ്ങനെ അശ്വഭടന്മാരിൽ അധികം പേരും കാൽ നടയായി മടങ്ങേണ്ടിവന്നു.

ഇക്കാലത്തു് തന്നെ ബഹറൈനിൽ അബൂഫുദൈക്കു് എന്ന പേരായ ഒരു ഖാരിജിയും ഖലീഫയുടെ വിരോധിയായി ചമഞ്ഞു. അയാളുടെ നേരെയും ഖാലിദ് ഭടന്മാരെ അയച്ചു. എന്നാൽ ഭടന്മാർ തോല്ക്കുകയാണു് ഉണ്ടായതു്. തന്നിമിത്തം ഖലീഫയായ അബ്ദുൽമലിക്കു് ഖാലിദിനെ ഗവണ്ണർ സ്ഥാനത്തു നിന്നു നീക്കിക്കളഞ്ഞു. അദ്ദേഹത്തിനു പകരം കൂഫാ ഗവണ്ണരായിരുന്ന ബിശ്റിനെയായിരുന്നു അദ്ദേഹം നിയമിച്ചതു്. ഖാരിജികളോടു നേരിടുന്നതിനെ സംബന്ധിച്ച സർവ്വ സൂത്രങ്ങളും മുഹല്ലബിനെ ഭരമേല്പിക്കണമെന്നും അദ്ദേഹത്തിന്റെ ധൈര്യത്തെയും യുദ്ധസാമർത്ഥ്യത്തെയും ഗുണകാംക്ഷയേയും സംബന്ധിച്ചു തനിക്കു വിശ്വാസമുണ്ടെന്നും നല്ല ഭടന്മാരെ തിരഞ്ഞെടുത്തു അദ്ദേഹത്തിന്റെ കൂടെ നിർത്തണമെന്നും കാണിച്ചു, അബ്ദുൽമലിക്കു് ബിശ്റിനു കത്തെഴുതി.

ഇങ്ങനെ ഖലീഫ തന്നെ മുഹല്ലബിനെ സേനാനായകനായി നിയമിച്ചതു ബിശ്റിനു രസമായില്ല. അസൂയാലുവും സമുദായ ദോഷകാംക്ഷിയുമായിരുന്ന ആ ഭരണാധികാരി മുഹല്ലബിന്റെ അടുക്കലേക്കു ഭടന്മാരെ അയച്ച അവസരത്തിൽ അവരുടെ നായകനായിരുന്ന അബ്ദുർറഹ്മാനുബ്നുമിഹ്നഫിനോടു ഇങ്ങിനെ ഉപദേശിച്ചു. "നിങ്ങൾ സ്വാഭിപ്രായമനുസരിച്ചു പ്രവർത്തിച്ചു കൊള്ളണം. മുഹല്ലബിന്റെ കല്പന അനുസരിക്കേണ്ട യാതൊരു ആവശ്യവും നിങ്ങൾക്കില്ല. നിങ്ങൾ യോഗ്യനും ധീരനുമായതുകൊണ്ടു് നായകത്വം നിങ്ങൾക്കു തരണമെന്നു ഞാൻ വിചാരിച്ചിരുന്നു. പക്ഷെ ഖലീഫാ യാതൊന്നും ആലോചിക്കാതെ ആ പദവി മുഹല്ലബിനു കൊടുത്തുകളഞ്ഞു." ഈ ഭടന്മാർ റാം ഹർമ്മുസിൽ എത്തിയപ്പോൾ ഖാരിജികൾ എതിർക്കുവാൻ വന്നു. യുദ്ധം നടന്നുകൊണ്ടിരുന്ന മദ്ധ്യേ ബിശ്ർ നിഷ്പ്രയാസനായിരിക്കുന്നുവെന്നു വർത്തമാനം കിട്ടി. തദവസരത്തിൽ കൂഫക്കാരും

ബസറക്കാരുമായിരുന്ന അനേകം ആളുകൾ പോക്കളത്തിൽ നിന്നു മടങ്ങിക്കളഞ്ഞു. ബിശ്റിന്റെ മരണം നിമിത്തം ഖാലിദുബ്നു അബ്ദുല്ല തന്നെ വീണ്ടും ഗവണ്ണരായി നിയമിക്കപ്പെട്ടിരുന്നു. വീണ്ടും ചെന്നു യുദ്ധത്തിൽ പങ്കുകൊള്ളണമെന്നും ഖലീഫയുടെ കല്പന നിരാകരിക്കരുതെന്നും പറഞ്ഞുകൊണ്ട്, അദ്ദേഹം, മടങ്ങിക്കളഞ്ഞ ആ ഭടന്മാരോട്ട കഴിയുന്നത്ര ഉപദേശിച്ചു നോക്കി. പക്ഷെ ഒരാളും യുദ്ധത്തിനു പോകുകയുണ്ടായില്ല. അവർ ഇങ്ങനെ കല്പന നിരാകരിക്കുന്നവരായതുകൊണ്ടായിരുന്നു അവരുടെ രാജ്യമായ ഇറാഖിലേക്കു അബ്ദുൽമലിക്ക് ഹജ്ജാജ്ബ്നുയൂസുഫിനെ ഗവണ്ണരായി നിയമിച്ചയച്ചതു്. ഹിജ്റഃ 75–ൽ അദ്ദേഹം ഹജ്ജാജിനെ ഇറാഖിലേക്കയക്കുകയും തന്നിമിത്തം കൂഫക്കാരും ബസറക്കാരും ഭയപ്പെട്ട വീണ്ടും മുഹല്ലബിന്റെ അട്ടക്കൽ ചെന്നുചേരുകയും ചെയ്ത വിവരം മുമ്പു എഴുതിയിരിക്കുന്നുവല്ലോ.

മുഹല്ലബ് സാബൂരിലായിരുന്നു താമസിച്ചിരുന്നതു്. അവിടെ വെച്ചു ഒരു കൊല്ലത്തോളം അദ്ദേഹം ഖാരിജികളോട്ട പോരാടിക്കൊണ്ടിരുന്നു. ഖാരിജികൾ കമ്മാൻ രാജ്യം കീഴടക്കിയിരുന്നതുകൊണ്ടു അദ്ദേഹം ആ ഭാഗത്തേക്കു തന്നെ എതിർത്തുകയറി. ഫാരിസ് രാജ്യത്തും ഏകദേശം ഒരു കൊല്ലക്കാലം തുടർച്ചയായി യുദ്ധം നടന്നുകൊണ്ടിരുന്നു. ഹജ്ജാജ് അദ്ദേഹത്തെ സഹായിക്കുവാനായി ബർറാഉബ്നുഖംബീസയുടെ നായകത്വത്തിൽ ഒരു സൈന്യത്തെ അയയ്ക്കുകയും ഈ യുദ്ധം വളരെ ദീർഘിച്ചുപോയതുകൊണ്ടു ഇനി വേഗം അവസാനിപ്പിക്കേണ്ടതാണെന്നു കാണിച്ചു അദ്ദേഹത്തിനു കത്തെഴുതുകയും ചെയ്തു.

മുഹല്ലബ് ഈ എഴുത്തുകിട്ടിയപ്പോൾ ഖാരിജികളോട്ട പോരാടുവാൻ വേണ്ടി എല്ലാ ഭടന്മാരെയും അണി നിരത്തി. അദ്ദേഹത്തിന്റെ ഏഴു പുത്രന്മാരെയും ഓരോ സൈന്യവകുപ്പിനു നായകന്മാരായി നിയമിച്ചതിൽപ്പിന്നെ അദ്ദേഹം ഒരു

കുന്നിന്മേൽ കയറിനിന്നു ഭടന്മാരെ നയിച്ചുകൊണ്ടിരുന്നു. ആ ദിവസം കഠിന യുദ്ധം നടന്നു. രാത്രിയായപ്പോൾ സൈന്യം പോക്കളത്തിൽ നിന്നു മടങ്ങിപ്പോന്നതിൽപ്പിന്നെ ബർറാഅ് എന്ന ആൾ അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു. "താങ്കളുടെ പുത്രന്മാരെപ്പോലെയുള്ള ധൈര്യശാലികളെയും കുതിരപ്പടയാളികളെപ്പോലെയുള്ള പടയാളികളെയും ഞാൻ ഇതുവരെ കണ്ടിട്ടില്ല. ഇതു വമ്പിച്ച ഒരു യുദ്ധവും ഇതിനു മുമ്പ് എന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല. എന്നാൽ ജയം ആകാശത്തിൽ നിന്നു ഇറങ്ങുകയാണ് ചെയ്യുന്നതു്. അതു മനുഷ്യന്റെ അദ്ധ്വാനത്തെ ആശ്രയിച്ചു സ്ഥിതിചെയ്യുന്നതല്ല".

അനന്തരം ബർറാഅ് അവിടെ നിന്നും മടങ്ങി യഥാർത്ഥ വിവരം ഹജ്ജാജിനെ അറിയിച്ചു. മുഹല്ലബിന്റെയും സൈന്യത്തിന്റെയും കുറവു കൊണ്ടല്ല ജയം സിദ്ധിക്കാത്തതെന്നും നേരെമറിച്ചു ഖാരിജികൾ ജീവപരിത്യാഗം ചെയ്വാനും തല ഉപേക്ഷിക്കുവാനും ഒരുക്കമുള്ളവരാകയാൽ അവരോട് നേരിട്ട നല്ല പേർ സമ്പാദിക്കുകയെന്നതു എളുപ്പമായിട്ടുള്ളതല്ലെന്നും ബർറാഅ് അദ്ദേഹത്തോട് പ്രസ്താവിച്ചു.

മുഹല്ലബ് യുദ്ധം ചെയ്തുകൊണ്ടു പതിനെട്ടു മാസക്കാലം അവിടെ കഴിച്ചുകൂട്ടി. ഖാരിജികളെ തോല്പിക്കുവാൻ എന്നിട്ടും അദ്ദേഹത്തിനു സാധിച്ചില്ല. ഒടുവിൽ ഖാരിജികളുടെ ഇടയിൽ, അവർ ഒരിക്കലും ഓർത്തിട്ടുണ്ടാകുവാൻ ഇടയില്ലാത്ത ഒരു സംഭവം നടന്നു. അവരുടെ കൂട്ടത്തിൽ ഒരു ശ്രുതിപ്പെട്ട യോദ്ധാവായിരുന്ന മുഖഅ്ത്തർ എന്ന ആൾ ഒരു വഴക്കു കാരണമായി സ്വസമുദായത്തിൽപ്പെട്ട ഒരാളെ കൊന്നുകളഞ്ഞു. കൊല്ലപ്പെട്ട ആളുടെ അനന്തരക്കാർ ഖാരിജീ നേതാവായിരുന്ന ഖുത്തരിയുടെ അടുക്കൽ ചെന്നു കൊലപാതകിയെ തങ്ങളുടെ വശം ഏല്പിച്ചുകൊടുക്കണമെന്നു അപേക്ഷിച്ചു. അയാൾ ആ അപേക്ഷയെ തിരസ്കരിക്കുകയാണു് ഉണ്ടായതു്. മുഖഅ്ത്തർ മഹാനും മതനിഷ്ഠയുള്ളവനുമാണെ

ന്നും അദ്ദേഹം മതത്തെ മുൻനിറുത്തിക്കൊണ്ടാണു് അയാളെ കൊന്നതെന്നും അദ്ദേഹത്തിന്റെ പക്കൽ നിന്നു തെറ്റുണ്ടായിട്ടുണ്ടെന്നു വെക്കുന്നതായാൽത്തന്നെ, നിയമത്തെ വ്യാഖ്യാനിച്ചതിൽ പിഴവു വന്നു പോയി എന്ന കുറ്റം മാത്രമേ എത്ര കവിഞ്ഞാലും അദ്ദേഹത്തിന്റെ മേൽ സ്ഥാപിതമാകുകയുള്ളുവെന്നും, അതുകൊണ്ടു അദ്ദേഹത്തെ ശിക്ഷിക്കേണ്ടതാണെന്നു താൻ വിചാരിക്കുന്നില്ലെന്നും അയാൾ വിധിപറഞ്ഞു. ഈ വിധിനിമിത്തം ഖാരിജികൾ ഭിന്നിച്ചു. ഒരു കൂട്ടർ ഖുത്ത്‌രിയുടെ തിരഞ്ഞെടുപ്പു റദ്ദാക്കി അബ്ദുറബ്ബുൽകബീർ എന്ന ആളെ നേതാവാക്കി. ഇങ്ങിനെ രണ്ടു സംഘമായി പിരിഞ്ഞു ഖാരിജികൾ തമ്മിൽത്തന്നെ സമരം തുടങ്ങി. ഈ സമരം ഒരു മാസത്തോളം നീണ്ടു നിന്നു.

മേൽ പ്രസ്താവിച്ചതു പ്രകാരം അവർ തമ്മിൽ കലഹിച്ചിരുന്ന ആ അവസരത്തിൽത്തന്നെ അവരോടു യുദ്ധം ചെയ്യേണ്ടതാണെന്നായിരുന്നു ഹജ്ജാജിന്റെ അഭിപ്രായം. പക്ഷെ അങ്ങിനെ ചെയ്‌വാൻ മുഹല്ലബിനു ഇഷ്ടമുണ്ടായില്ല. അദ്ദേഹം അടങ്ങിക്കളയുകയാണു് ഉണ്ടായതു്. രണ്ടു കൂട്ടരും ശരിക്കു പോരാടിയതിന്റെ ഫലമായി ഖുത്ത്‌രീ തോറ്റു അനുചരന്മാരെയും കൊണ്ടു തബറസ്താനിലേക്കു പോയി. ഇതിനുശേഷം മുഹല്ലബ് അബ്ദുറബ്ബുയുടെ നേരെ പട്ടാളത്തെ നയിച്ചു അയാളുടെ സംഘക്കാരെ കൊന്നൊടുക്കി.

ഇങ്ങിനെ ഖാരിജികളുടെ മേൽ പൂർണ്ണ വിജയം നേടിയതിനുശേഷം മുഹല്ലബ് കൂഫയിലേക്കുപോന്നു. തദവസരത്തിൽ ഹജ്ജാജ് ഒരു വലിയ ദർബ്ബാർ നടത്തുകയും തന്റെ ആസനത്തോടു തുല്യമായ ഒരു ആസനത്തിൽ അദ്ദേഹത്തെ ഇരുത്തുകയും ചെയ്തു. കവികൾ അദ്ദേഹത്തെ പ്രശംസിച്ചുകൊണ്ടു കവിതകൾ ചൊല്ലി. ഖാരിജികളുമായി നേരിട്ട അവസരത്തിൽ പ്രത്യേക ധൈര്യം പ്രദർശിപ്പിച്ച ആളുകൾക്കു് ഹജ്ജാജ് സമ്മാനം കൊടുത്തു, അവരുടെ കൂട്ടത്തിൽ സവ്വു

മുമ്പന്മാർ മുഹല്ലബിന്റെ പുത്രന്മാർ തന്നെയായിരുന്നു. അവർക്കു കൊല്ലത്തിൽ 2000 ദിർഹം കൂട്ടത്തൽ ശമ്പളം കൊടുക്കുവാൻ ഹജ്ജാജ് തീർച്ചപ്പെട്ടുത്തി. റുഖാദ് എന്ന പേരായ ഒരു പൊക്കമേറിയ ആളും ഈ യുദ്ധത്തിൽ കീർത്തി പ്രാപിച്ചിരുന്നു. ഹജ്ജാജ് അദ്ദേഹത്തെ വിളിച്ചു സംസാരിച്ച അവസരത്തിൽ അദ്ദേഹം ഇങ്ങിനെ പറഞ്ഞു. ''ഞാൻ മുമ്പ് അനേകം യുദ്ധങ്ങളിൽ പങ്കുകൊണ്ടിട്ടുണ്ട്. അവയിൽ ഒരു സാധാരണ കുതിരപ്പടയാളിയുടെ നിലയിൽ മാത്രമേ ഞാൻ അറിയപ്പെട്ടിരുന്നുള്ളൂ. ഖാരിജികളുമായി നേരിട്ടപ്പോൾ മുഹല്ലബിന്റെയും പുത്രന്മാരുടെയും ധീരത കണ്ടു എനിക്കു ധൈര്യം കൂടുകയും മറ്റു യുദ്ധങ്ങളിൽ സാധിക്കാതിരുന്ന കൃത്യനിർവ്വഹണത്തിന്നു എനിക്കു സാധിക്കുകയും ചെയ്തു''.

ഖുത്തു്രിയുടെ നേരെയും ഹജ്ജാജ് ഒരു സൈന്യത്തെ അയക്കുകയുണ്ടായി. തബറസ്താനിൽവെച്ചു ഇരുകൂട്ടരും പരസ്പരം നേരിട്ടു. ഒരു കുന്നിന്മേൽ കയറിയ അവസരത്തിൽ ഖുത്തു്രി കുതിരപുറത്തുനിന്നു വീണു മരിച്ചുപോയി. അതോടുകൂടി അയാളുടെ കൂട്ടാളികൾ തോറ്റോടി. ഹജ്ജാജിന്റെ സൈന്യം അവരുടെ പിന്നാലെ ഖുമസ്വരെ ചെല്ലുകയും അവിടെവെച്ചു അവരെ കൊന്നൊടുക്കുകയും ചെയ്തു.

കുറെ കാലത്തോളം സമുദായത്തിൽ യുദ്ധവും കൊലപാതകങ്ങളും സംഭവിക്കുവാൻ ഇടവരുത്തുകയും, സമുദായത്തിന്റെ നാനാവിധ ക്ഷേമത്തെ നഷ്ടപ്പെടുത്തുകയും ചെയ്തവരും നാഫിഉബ്നുഅസ്രഖിനെ അനുഗമിച്ചതിനാൽ അസാരിഖ എന്ന നാമധേയം സിദ്ധിച്ചവരുമായിരുന്ന ഈ ഖാരിജീസംഘവും യാതൊരു നേട്ടത്തിന്നും സംഗതി വരാതെ ഹിജ്റഃ 77–ൽ നിശ്ശേഷം നശിച്ചു.

മറ്റു കക്ഷികളായിരുന്ന ഖാരിജികളിൽ സാലിഹുബ്നു മുസർറഹും അയാളുടെ സ്നേഹിതനായിരുന്ന ശബീബുബ്നുയസീദും ഹിജ്റഃ 76–ൽ മൂസലിൽ തലപൊക്കി. ജസീറാ

ഭരണകർത്താവായിരുന്ന മുഹമ്മദുബ്നുമർവാൻ അവരുടെ നേരെ ആയിരം അശ്വഭടന്മാരെ അയച്ചു. ആ ഭടന്മാരെ ഖാരിജികൾ എതിർത്തു ഓടിച്ചു കളഞ്ഞതിനാൽ മുഹമ്മദുബ്നുമർവാൻ 3000 പട്ടാളക്കാരെ വീണ്ടും അയച്ചു. ഈ പ്രാവശ്യം നടന്ന യുദ്ധത്തിൽ ഖാരിജികളുടെ തലവനായിരുന്ന സാലിഹ് കൊല്ലപ്പെട്ടു. അനന്തരം അവർ ഏകോപിച്ചുകൊണ്ടു വളരെ ഭക്തനും ത്യാഗിയുമായിരുന്ന ശബീബിനെ നായകനാക്കി. അയാൾ അവരേയും കൊണ്ടു മദായിനിലേക്കു പോയി.

ഹജ്ജാജ് അവരുടെ പിന്നാലെ മുറയ്ക്കു പട്ടാളക്കാരെ അയച്ചുകൊണ്ടിരുന്നു. ആയിരത്തിൽ പരം അംഗങ്ങളടങ്ങിയിരുന്ന ആ ഖാരിജീസംഘം ഒരു രാജ്യത്തുനിന്നു മറെറാരു രാജ്യത്തേക്കായി മാറിക്കൊണ്ടിരുന്നു. അവസാനം ശബീബ് അവരെ ഒരുമിച്ചു കൂട്ടിക്കൊണ്ടു ധൈര്യത്തോടെ കൂഫയിൽ പ്രവേശിക്കുകയും ഏതാനും ദിവസങ്ങളോളം അവിടെ താമസിക്കുകയും പട്ടണ നിവാസികളെ കഠിനമായി മർദ്ദിക്കുകയും അനേകംപേരെ കൊല്ലുകയും ചെയ്തു. ഹജ്ജാജ് ഉദ്യോഗസ്ഥന്മാരേയും ഗോത്രനായകന്മാരേയും ഒരുമിച്ചുകൂട്ടി അവരോട്ടു നേരിടുവാൻ ഒരുങ്ങിയപ്പോൾ അവർ അവിടെ നിന്നു പോയിക്കളഞ്ഞു. ആക്രമം അവരെ അനുഗമിക്കുവാൻ കഴിഞ്ഞില്ല.

ഇതിൽപ്പിന്നെ അവരെ നശിപ്പിച്ചു കളയുവാനായി ഹജ്ജാജ് 50000 ഇറാഖുകാരെ അയച്ചു. എങ്കിലും 1000 പേർ മാത്രം അടങ്ങിയിരുന്ന ആ ഖാരിജീസംഘം ഈ അമ്പതിനായിരം ഇറാഖുകാരേയും തോല്പിച്ചു വീണ്ടും കൂഫയിൽ പ്രവേശിച്ചു. തദവസരത്തിൽ അവിടെ 4000 സിറിയൻ പട്ടാളക്കാരുണ്ടായിരുന്നു. അവർ കുന്തവുമായി നാനാഭാഗങ്ങളിൽ നിന്നും ഖാരിജികളെ വളഞ്ഞു. ശബീബിന്റെ സഹോദരൻ മസാദും മറെറനേകം ഖാരിജികളും കൊല്ലപ്പെട്ടു. ശേഷമുണ്ടായിരുന്നവർ ഓടിപ്പോയപ്പോൾ സിറിയക്കാർ പിന്തുടർന്നു അമ്പാർ എന്നിടത്തു വെച്ചു അവരെ വളഞ്ഞു. ശബീബ്

അവിടത്തെ ഒരു തോട്ടിൽ മുങ്ങി മരിക്കുകയാണു് ഉണ്ടായതു്. അയാളുടെ കൂടെയുണ്ടായിരുന്നവരെ സിറിയൻ ഭടന്മാർ കൊന്നുകളഞ്ഞതിനാൽ ഖാരിജികളുടെ ഈ സംഘവും നിശ്ശേഷം നശിച്ചു.

അബ്ദുൽമലിക്കു് കീഴടക്കിയ രാജ്യങ്ങൾ.

അബ്ദുൽമലിക്കിന്റെ ഖിലാഫത്തു് കാലത്തു് ആഭ്യന്തരകലഹങ്ങൾ അടിക്കടിഉണ്ടായിക്കൊണ്ടിരുന്നതിനാൽ വിദേശങ്ങളുടെ നേരെ തിരിയുവാൻ അദ്ദേഹത്തിന്നു അവസരം ലഭിച്ചിരുന്നില്ല. എങ്കിലും അക്കാലത്തു് യുദ്ധത്തിലും രാജ്യങ്ങൾ കീഴടക്കുന്നതിലും സമുദായത്തിന്നു അതിയായ ഉത്സാഹമുണ്ടായിരുന്നതു കൊണ്ടു ചുരുക്കം ചില രാജ്യങ്ങൾ അന്നും കീഴ്പ്പെട്ടുകയുണ്ടായി.

ഖാരിജികളുമായി നടന്ന യുദ്ധം അവസാനിച്ചതിൽപ്പിന്നെ മുഹല്ലബ് കിഴക്കൻ പ്രദേശങ്ങളിലേക്കു് തിരിഞ്ഞു. ഹിജ്റഃ 80–ൽ അദ്ദേഹം ജൈഹൂൻ നദിയിൽക്കൂടിച്ചെന്നു കിസ്സു് എന്ന പട്ടണത്തിൽ പാളയമടിച്ചു. തുർക്കിസ്ഥാനിലെ ഒരു നായകനായിരുന്ന സബൽ എന്ന ആൾ അദ്ദേഹത്തിന്റെ നേരെ വന്നപ്പോൾ, അദ്ദേഹത്തിന്റെ മകൻ യസീദ് യുദ്ധം ചെയ്തു അയാളെ തോല്പിച്ചു. തോറ്റ അവസരത്തിൽ അയാൾ കോട്ടയിൽ പ്രവേശിക്കുകയും പിന്നീടു് മുഹല്ലബിന്നു ചില സമ്മാനങ്ങൾ കാഴ്ചവെച്ചുകൊണ്ടു് സഖ്യത്തിലേർപ്പെട്ടുകയുമാണു് ചെയ്തതു്.

ബുഖാറയിലെ രാജാവും 40000 ഭടന്മാരോടുകൂടി മുഹല്ലബിന്റെ നേർക്കു പുറപ്പെട്ടു. മുഹല്ലബിന്റെ രണ്ടാമത്തെ പുത്രനായ ഹബീബായിരുന്ന അവരുടെ നേരെ ചെന്നതു്. ഇരുകൂട്ടരും തമ്മിൽ പല പ്രാവശ്യം സമരം നടന്നുവെങ്കിലും ജയം ഇരുകൂട്ടർക്കുമുണ്ടായില്ല. മുഹല്ലബ് രണ്ടുകൊല്ലം അവിടെ

താമസിച്ചു. ഇതിന്നിടയിൽ അദ്ദേഹത്തിന്റെ പുത്രന്മാരിൽ ഒരാളായിരുന്ന മുഗീറഃ പരലോകം പ്രാപിച്ചു. അദ്ദേഹത്തിന്റെ കീഴിൽ മുറൂരാജ്യം ഭരിച്ചിരുന്നതു ഈ പുത്രനായിരുന്നു. മുഗീറയുടെ വിയോഗം നിമിത്തം ദുഃഖിതനായ മുഹല്ലബ് മുറൂവിലേക്കു വന്നു. ഹിജ്റഃ 84 ദുൽഹജ്ജു് മാസത്തിൽ അദ്ദേഹവും അവിടെ വെച്ചു കാലഗതി പ്രാപിച്ചു.

മുഹല്ലബിന്റെ മരണാനന്തരം അദ്ദേഹത്തിന്റെ മകൻ യസീദിനെ അബ്ദുൽമലിക്കു് ഖുറാസാൻ ഗവർണ്ണരായി നിയമിച്ചു. കുറെ ദിവസങ്ങൾക്കുശേഷം ഹജ്ജാജു് യസീദിനെ നീക്കി ആ സ്ഥാനത്തു് അദ്ദേഹത്തിന്റെ സഹോദരനായിരുന്ന മുഫസ്സലിനെ നിശ്ചയിച്ചു. മുഫസ്സൽ ബാദ്ഗീസ് എന്ന രാജ്യം കൈവശപ്പെട്ടത്തി. ഇതിൽപ്പിന്നെ ഹജ്ജാജു് മുഫസ്സലിനെയും നീക്കി ഖത്തീബത്തുബ്നുമുസ്ലിം ബാഹിലിയെ നിയമിച്ചയച്ചു.

ആഭ്യന്തരകലഹം ഉണ്ടായിക്കൊണ്ടിരുന്ന ഇക്കാലത്തു സാമ്രാജ്യത്തിന്റെ വടക്കെ അതിർത്തിയിൽ റോമക്കാരുടെ ശല്യങ്ങൾ വർദ്ധിച്ചിരുന്നു. മിസ്അബുമായി നേരിടേണ്ടതിന്നു അബ്ദുൽമലിക്കു് സിറിയയിൽ നിന്നു ഇറാഖിലേക്കു പോന്നിരുന്ന തക്കം നോക്കി റോമക്കാർ സിറിയയെ ആക്രമിച്ചു. തന്നിമിത്തം 1000 ദീനാർ കപ്പം കൊടുക്കാമെന്ന നിശ്ചയത്തിന്മേൽ അവരുമായി ഉടമ്പടി ചെയ്വാൻ അബ്ദുൽമലിക്കു് നിർബ്ബന്ധിതനായി. അന്തഃഛിദ്രങ്ങളെല്ലാം അവസാനിച്ചതിൽപ്പിന്നെ സിറിയായിൽ ശാത്തിയാ, സായിഫാ എന്നീ പേരുകളിൽ രണ്ടു സൈന്യങ്ങൾ രൂപീകരിക്കപ്പെട്ടു. ഇതിൽപ്പിന്നെ ഖൈസാരിയാ എന്നിടത്തു വച്ചു റോമക്കാരും മുസ്ലിംകളും തമ്മിൽ ഒരു വമ്പിച്ച സമരമുണ്ടായതിൽ റോമക്കാർ പരാജിതരായി. അബ്ദുൽമലിക്കിന്റെ പുത്രനായ അബ്ദുല്ല ഹിജ്റഃ 81-ൽ ഖാലീഖലാനും 84-ൽ മസീസയും അവരുടെ പക്കൽ നിന്നു കരസ്ഥമാക്കി.

കഅബാനിർമ്മാണം.

നബിയുടെ ജൌത്യത്തിനു മുമ്പു ഖുറൈശികൾ കഅബാ ദേവാലയം നന്നാക്കിയ അവസരത്തിൽ പണം മതിയാകാതെ വന്നതിനാൽ വടക്കു ഭാഗത്തെ ഭിത്തിയുടെ ഉയരം ആറു വാര ചുരുക്കിയിട്ടുണ്ടായിരുന്നു. യസീദിന്റെ ഭരണകാലത്തു ഹുസൈൻ എന്ന സേനാനായകൻ മക്കയെ വളഞ്ഞു കവണി കൊണ്ടു കല്ലെറിഞ്ഞതിനാൽ കഅബയുടെ ഭിത്തിക്കു അവിടവിടെ കേടുപറ്റി. തന്നിമിത്തം അബ്ദുല്ലാഹിബ്നുസുബൈർ ഹിജ്റഃ 65–ൽ അതു പൊളിപ്പിച്ചു പുതുക്കുകയുണ്ടായി. മക്കക്കാർ നവമുസ്ലിംകളായിരുന്നില്ലെങ്കിൽ കഅബയെ താൻ പൊളിപ്പിച്ചു ഇബ്രാഹീംനബി പണിതിരുന്ന സമ്പ്രദായത്തിൽ വീണ്ടും പണിയിക്കുമായിരുന്നുവെന്നു നബി പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ഈ തിരുവചനം കേട്ടിട്ടുണ്ടായിരുന്നതുകൊണ്ടു അദ്ദേഹം അതു പഴയ സമ്പ്രദായത്തിൽ പണിയുകയും വടക്കെ ഭിത്തിക്കു ആറു വാര ഉയരം കൂട്ടുകയും ചെയ്തു.

അബ്ദുല്ലാഹിബ്നുസുബൈർ കൊല്ലപ്പെട്ടതിൽപ്പിന്നെ ഹജ്ജാജ് മക്കാഭരണകർത്താവായ കാലത്തു് അദ്ദേഹം കഅബയെ, ഖുറൈശികൾ പണിതിരുന്ന ആകൃതിയിൽ വീണ്ടും രൂപാന്തരപ്പെടുത്തി. അതിനാൽ ഇപ്പോഴത്തെ കഅബാ എട്ടുപ്പ് ഏതാണ്ടു ഭാഗം ഇബ്നുസുബൈർ നിർമ്മിച്ചതും ബാക്കി ഹജ്ജാജു് പണിയിച്ചതുമാകുന്നു.

ഹജ്ജു്: അബ്ദുല്ലാഹിബ്നുസുബൈറിന്റെ ഖിലാഫത്തു് കാലത്തു് ഹാജിമാരുടെ നേതൃത്വം അദ്ദേഹം തന്നെ വഹിച്ചു വന്നു. ഹിജ്റഃ 68–ൽ സമുദായത്തിൽ ഛിദ്രമുണ്ടായി,അബ്ദുല്ലാഹിബ്നുസുബൈറും, മുഹമ്മദുബ്നുഹനഫിയ്യയും,ഖാരിജികളുടെ നേതാവായ നജ്ദത്തുബ്നു ആമിറും, ബനൂഉമയ്യാക്കളും വേറെവേറെ ഭരണംസ്ഥാപിച്ചിരുന്നതുകൊണ്ടു, നാലു കൊടികൾ ഒരേ അവസരത്തിൽ അറഫാ മൈതാനത്തു് നാട്ടപ്പെട്ടു. എന്നാൽ അന്നു അവിടെ വെച്ചു പരസ്പരം

സമരം നടക്കാതിരുന്നതു വലിയ ഒരനുഗ്രഹമായി വിചാരിക്കാം. അബ്ദുല്ലാഹിബ്നുസുബൈറിന്റെ വിയോഗം വരെ അദ്ദേഹവും അനന്തരം ബനൂഉമയ്യാ ഗോത്രക്കാരും ഹജ്ജ്യാത്രക്കാരെ നിയന്ത്രിച്ചുപോന്നു.

സ്ഥാനാവകാശം. മർവാൻ സപുത്രന്മാരായ അബ്ദുൽമലിക്ക്, അബ്ദുൽഅസീസ് എന്നീ രണ്ടു പേരെ സ്ഥാനാവകാശികളായി നിശ്ചയിച്ചിരുന്നു. ഒന്നാമത്തെ അവകാശിയായിരുന്ന അബ്ദുൽമലിക്ക്. അദ്ദേഹം ഹിജ്റഃ 85-ൽ അബ്ദുൽഅസീസിന്റെ അവകാശം ദുർബ്ബലപ്പെടുത്തി സപുത്രനായ വലീദിനെ സ്ഥാനാവകാശിയാക്കുവാൻ വിചാരിച്ചു. ഇതിനെക്കുറിച്ചു ഖബീസത്തുബ്നുദുഐബുമായി ആലോചിച്ചപ്പോൾ അദ്ദേഹം അനുകൂലിച്ചില്ല. അങ്ങിനെ ചെയ്യുന്നതായാൽ ജനങ്ങൾക്കു അദ്ദേഹത്തിന്റെ മേൽ വിശ്വാസമുണ്ടാകയില്ലെന്നായിരുന്നു ഖബീസത്ത് പറഞ്ഞതു്. ഇതിന്നിടയിൽ സ്ഥാനാവകാശിയായ അബ്ദുൽഅസീസ് നിര്യാതനായി.

അനന്തരം അബ്ദുൽമലിക്ക് തനിക്കുണ്ടായിരുന്ന അഭിപ്രായമനുസരിച്ചു് വലീദ്, സുലൈമാൻ എന്നീ രണ്ടു പുത്രന്മാക്കും, വഴിക്കുവഴിയായി ഖിലാഫത്ത് വഹിച്ചുകൊള്ളുവാൻ അവകാശം നൽകി. മദീനയിലെ സുപ്രസിദ്ധ പണ്ഡിതനായിരുന്ന സഈദുബ്നുമുസയ്യബൊഴിച്ചു സർവ്വ ജനങ്ങളും ഈ സ്ഥാനാവകാശികൾക്കായി നടന്ന ബൈഅത്തിൽ പങ്കുകൊണ്ടു. അദ്ദേഹം ബൈഅത്ത് ചെയ്യാതിരുന്നതിനാൽ അവിടെ ഭരണകർത്താവായിരുന്ന ഹിശാമുബ്നുഇസ്മായീൽ അദ്ദേഹത്തെ അടിക്കുകയും ജയിലിൽ പാർപ്പിച്ചു വിവരം ജനങ്ങളുടെ ഇടയിൽ പരസ്യപ്പെടുത്തുകയും ചെയ്തു. അബ്ദുൽമലിക്ക് ഈ വർത്തമാനം അറിഞ്ഞപ്പോൾ ഹിശാമിനെ ആക്ഷേപിക്കുകയാണു് ഉണ്ടായതു്. അദ്ദേഹം ചെയ്തതു വളരെ ചീത്തയായിപ്പോയെന്നും ബൈഅത്ത് ചെയ്തിട്ടില്ലെങ്കിലും

സയീദിന്റെ പക്കൽ നിന്നു യാതൊരു പ്രതിഷേധവുമുണ്ടാക യില്ലായിരുന്നുവെന്നും കാണിച്ചു അബ്ദുൽമലിക്ക് ഹിശാമി ന്നു കത്തെഴുതി.

അബ്ദുൽമലിക്കിന്റെ വിയോഗം.

ഹിജ്റഃ 86 ശവ്വാൽ 15–ാംനു (ക്രിസ്താബ്ദം 705 ഒക്ടോ ബർ 19–ാംനു) വ്യാഴാഴ്ച അബ്ദുൽമലിക്ക് അദ്ദേഹത്തിന്റെ 60–ാം വയസ്സിൽ ദിമിശ്ഖിൽവെച്ചു കാലഗതി പ്രാപിച്ചു. അദ്ദേഹത്തിന്റെ ഖിലാഫത്ത്കാലം 21 കൊല്ലവും ഒരു മാ സവും 15 ദിവസവുമാണു്.

അദ്ദേഹം അറിവിലും സ്ഥൈര്യധൈര്യാദി ഗുണങ്ങളി ലും അസാധാരണനായിരുന്നു. സ്ഥിരോത്സാഹത്തോടുകൂടി സമുദായത്തിലെ സർവ്വ ഭിന്നതകളേയും അകറ്റിക്കൊണ്ടു ഹി ജ്റഃ 74–ൽ അദ്ദേഹം രണ്ടാമതും ഏകകൊടിയിൻ കീഴിൽ യോജിപ്പിച്ചു. ഖിലാഫത്തധികാരം കയ്യേൽക്കുവാനുള്ള ശ ക്തി തനിക്കൊഴിച്ചു ഒരാൾക്കും താൻ കാണുന്നില്ലെന്നും അ ദ്ദേഹം പറയാറുണ്ടായിരുന്നു. അബ്ദുല്ലാഹിബ്നുസുബൈർ വലിയ നമസ്കാരക്കാരനും ഭക്തനും ത്യാഗിയുമാണെങ്കിലും പ്ര കൃത്യാ ലുബ്ധനാകയാൽ അദ്ദേഹം ഖിലാഫത്തധികാരത്തി ന്നു അർഹനല്ലെന്നായിരുന്നു അബ്ദുൽമലിക്കിന്റെ അഭിപ്രാ യം. സ്വാഭിലാഷങ്ങൾ പൂർത്തീകരിക്കുവാനായി അദ്ദേഹം ഇങ്ങിനെ പറഞ്ഞിരുന്നു. "നമുക്കു നേരിടേണ്ടിവന്ന ജന ങ്ങളെപ്പോലെ അജ്ഞാനികളും അക്രമികളുമായ ഒരു കൂട്ടരുമാ യി നേരിടേണ്ടിവന്നതു് ഹസ്രത്ത് അബൂബക്കറിനും ഉമറി നും (റ) ആയിരുന്നുവെങ്കിൽ അവരും നാം പ്രവർത്തിച്ചതു ത ന്നെ പ്രവർത്തിക്കുമായിരുന്നു."

അഭയം നൽകിയതിൽപ്പിന്നെ അതിനു വിപരീതമാ യി അംറുബ്നുസഈദിനെ കൊന്നുകളഞ്ഞുവെന്നാണു് അദ്ദേ ഹത്തിന്റെ മേലുള്ള ഏറ്റവും വലിയ അപരാധം. ഇസ്ലാ

മിൽ ഒരു ഖലീഫയുടെ പക്കൽനിന്നുണ്ടായ ഒന്നാമത്തെ ചതി ഇതായിരുന്നു. ഒരിക്കൽ അദ്ദേഹം മിമ്പറിൽ നിന്നുകൊണ്ടു പ്രസംഗിച്ചിരുന്ന മദ്ധ്യേ ഇപ്രകാരം പറയുകയുണ്ടായി. "ഇന്നുമുതല്ല ഈ സ്ഥലത്തുവെച്ചു "അല്ലാഹുവിനെ ഭയപ്പെടുക" എന്നു ആർ എന്നോടു പറയുന്നുവോ അവനെ ഞാൻ കൊന്നുകളയും." ഇതും അദ്ദേഹത്തിന്റെ മേൽ സ്ഥാപിതമായ ഒരു കുറമാകുന്നു. ഇതിനെക്കുറിച്ചു ജനങ്ങൾ അദ്ദേഹത്തോടു ചോദ്യം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇങ്ങിനെയായിരുന്നു. "മിക്ക ജനങ്ങളും തങ്ങൾക്കു പേരെടുക്കുവാനായി എന്റെ പ്രസംഗത്തെ തടയുന്നുണ്ടു്. അതുകൊണ്ടു അത്തരക്കാരെ വിരോധിക്കുകമാത്രമാണു് ഞാൻ ചെയ്തിട്ടുള്ളതു" ഇതു ന്യായപൂർവ്വമായ ഒരു സമാധാനമല്ല.

ഭാര്യമാരും മക്കളും: അബ്ദുൽമലിക്കു് താഴെ പറയുന്ന ഒമ്പതു സ്ത്രീകളെ വിവാഹം ചെയ്തിട്ടുണ്ടായിരുന്നു.

1. അബ്ബാസു് മകൾ വലാദത്തു്. വലീദു്സുലൈമാൻ, മർവാൻ, അബ്ദുൽ എന്നീ മൂന്നു പുത്രന്മാർ ഈ ഭാര്യയിൽ ജാതരായി.

2. യസീദു് ഒന്നാമന്റെ മകളായ ആത്തിക്ക. യസീദു്, മർവാൻഅസ്ഗർ, മുആവിയ, ഉമ്മുകൽതും ഇങ്ങിനെ നാലു മക്കൾ ഈ സ്ത്രീയിലാണു് ജനിച്ചതു്.

3. ഹിശാമുബ്നുഇസ്മായീലിന്റെ പുത്രിയായ ഉമ്മുഹിശാം. ഈ ഭാര്യയിൽ ഹിശാം എന്നുപേരായ ഒരു പുത്രൻ മാത്രമെ ഉണ്ടായിരുന്നുള്ളു.

4. മൂസബ്നുതൽഹത്തിന്റെ മകളായ ആയിശ. ഈ ഭാര്യയിൽ ബക്കാർ എന്നുപേരായ ഒരു സന്താനം മാത്രമുണ്ടായി.

5. അംറുബ്നുഉസ്മാൻ മകൾ ഉമ്മുഅയ്യൂബു്. ഇവരായിരുന്നു ഹക്കമിന്റെ മാതാവു്.

6. മുഗീറത്തുബ്നുഖാലിദിന്റെ മകൾ. ഇവരിൽ ഫാത്തിമ എന്നപേരായ ഒരു മകൾ ജനിച്ചു.

7. സൽമത്ത്തായിയുടെ മകളായ ശഅ്റാഅ്.

8. ഹസ്സത്ത് അലിയ്യുബ്നുഅബീതാലിബിന്റെ ഒരു മകൾ.

9. അബ്ദുല്ലാഹിബ്നുജഅ്ഫറിന്റെ മകൾ.

ഇവക്കു പുറമെ അടിമസ്ത്രീകളിലായി അബ്ദുല്ല, സൽമഃ, മുൻദിർ, ഉത്ത്ബത്ത്, മുഹമ്മദ്, സയീദുൽഖൈർ, ഹജ്ജാജ് എന്നീ മക്കളും അദ്ദേഹത്തിനു ജാതരായി.

വലീദ് ഒന്നാമൻ.

അബ്ദുൽമലിക്കിന്റെ പുത്രനായ വലീദ് ഹിജ്റഃ 50–ൽ ജ്യേഷ്ഠനായി. അബ്ബാസ്ഈസായുടെ മകൾ വലാദത്താകുന്ന അദ്ദേഹത്തിന്റെ മാതാവ്. അബ്ദുൽമലിക്ക് അദ്ദേഹത്തെ സ്ഥാനാവകാശിയായി നിയമിച്ചിരുന്നുവെന്നു മുമ്പു പ്രസ്താവിച്ചിരുന്നുവല്ലോ. അദ്ദേഹം പിതാവിന്റെ ശവസംസ്കാരം കഴിഞ്ഞു മടങ്ങി വന്നതിനുശേഷം ദിമിശ്ഖിലെ ജാമിഅ്മസ്ജിദിൽവെച്ചു ഒരു പ്രസംഗം നടത്തുകയും ജനങ്ങൾ അദ്ദേഹത്തെ ഖലീഫയായി തിരഞ്ഞെടുക്കുകയും ചെയ്തു. വലീദിന്റെ ഭരണകാലം വളരെ സമാധാനത്തോടുകൂടി കഴിഞ്ഞുകൂടി. ഖാരിജികളുടെ പ്രാബല്യം നശിക്കുകയും ശീയികൾ കേവലം കീഴടങ്ങുകയും ചെയ്തിരുന്നതിനാൽ ആരുംതന്നെ മത്സരത്തിനു പുറപ്പെട്ടിരുന്നില്ല. പ്രക്ഷോഭം എങ്ങും നടന്നിരുന്നുമില്ല. അദ്ദേഹം സാമ്രാജ്യത്തിന്റെ ആഭ്യന്തരസ്ഥിതികൾ പരിഷ്കരിച്ചു. അദ്ദേഹത്തിന്റെ കാലത്തു് പല സേനാനായകന്മാർ പ്രസിദ്ധി സമ്പാദിക്കുകയും വിദേശങ്ങളിലായി യുദ്ധം നടത്തി മഹത്തായ വിജയം നേടുകയും ചെയ്തു.

ആഭ്യന്തര പരിഷ്ക്കരണം

വലീദിന്റെ പ്രജാക്ഷേമത്തിൽ അതിയായ ഉത്സാഹമുണ്ടായിരുന്നു. അദ്ദേഹം സാമ്രാജ്യത്തിൻ കീഴിലുണ്ടായിരുന്ന എല്ലാ സംസ്ഥാനങ്ങളിലും നിരത്തുകൾ വെട്ടിക്കുകയും പുഴകളുടേയും തോട്ടകളുടേയും മീതെ അവിടവിടെ പാലങ്ങൾ കെട്ടിക്കുകയും വഴികൾ നന്നാക്കിക്കുകയും അവയിൽ ആവശ്യമെന്നു കണ്ട ഇടങ്ങളിൽ കിണറുകൾ കുഴിപ്പിക്കുകയും ചെയ്തു. ഗതാഗതമാർഗ്ഗങ്ങളെ അദ്ദേഹം സർവ്വ ആപത്തുകളിൽ നിന്നും സുരക്ഷിതങ്ങളാക്കിത്തീർത്തു. ഗതാഗത സംരക്ഷണത്തിനും പ്രജകളുടെ ക്ഷേമത്തിനും വേണ്ടുന്ന ഏർപ്പാടുകളെല്ലാം ചെയ്യണമെന്നു എല്ലാ ഭരണാധിപന്മാർക്കും അദ്ദേഹം ഉത്തരവയച്ചു.

രോഗികൾക്കും അംഗഭംഗംസംഭവിച്ച ആളുകൾക്കും വേണ്ടി ചികിത്സാലയങ്ങളും ധർമ്മമന്ദിരങ്ങളും കുഷ്ഠരോഗികൾക്കു താമസിക്കുവാൻ പ്രത്യേകം ഭവനങ്ങളും അദ്ദേഹം പണിയിച്ചു. അവിടങ്ങളിൽവെച്ചു അവരെ ചികിത്സിക്കുകയും ഓരോരുത്തന്നും ഭക്ഷണവും വസ്ത്രവും കൊടുത്തുവരികയും ചെയ്തിരുന്നു. അശക്തന്മാരെ ശുശ്രൂഷിക്കുവാനും കൂടെന്മാർക്കു വഴിതിരിച്ചുകൊടുക്കുവാനുമായി ഓരോരുത്തന്നും ഓരോ ദാസനെ നിയമിച്ചുകൊടുത്തിരുന്നു. മദീനയിൽ വെള്ളത്തിന്നു ക്ഷാമം നേരിട്ടിരുന്നതിനാൽ ഉറവിടത്തിൽ നിന്നു വെള്ളം കൊണ്ടുപോകുവാനായി അദ്ദേഹം വെള്ളച്ചാൽ പണിയിച്ചു. ഇതുനിമിത്തം അവിടെ വെള്ളത്തിന്നു ക്ഷാമമില്ലാതായി.

എടുപ്പുകൾ നിർമ്മിക്കുന്നതിൽ വലീദിന്നു വലിയ പ്രതിപത്തിയുണ്ടായിരുന്നു. ദിമിശ്ഖ് പള്ളി അതിരമണീയമായി പണിയിച്ചതു അദ്ദേഹമായിരുന്നു. ഈ പള്ളിയുടെ പണി തീർന്ന ഉടനെ അദ്ദേഹം ഒരു വലിയ ആഘോഷം നടത്തുകയു

ണ്ടായി. മദീനയിലെ മസ്ജിദുന്നബവി വലുതാക്കുവാനും നബിയുടെ ഭാര്യമാർ താമസിച്ചിരുന്ന വീടുകൾ പള്ളിയോട് ചേർക്കുവാനും ഹിജ്റഃ 85-ൽ അദ്ദേഹം മദീനയിലേക്കു ഉത്തരവുകൊടുത്തു.

പല ഭാഗങ്ങളിൽ നിന്നും ജനങ്ങൾ മദീനാ സന്ദർശനത്തിനു ചെല്ലുമ്പോൾ, തങ്ങളുടെ പ്രവാചകൻ എത്ര ആഡംബരരഹിതമായ ജീവിതമായിരുന്നു ഈ ലോകത്തു നയിച്ചിരുന്നതെന്നു അവർക്കു കണ്ടറിയത്തക്കവണ്ണം, റസൂൽ തിരുമേനിയുടെ ആ വീടുകൾ പൂർവ്വസ്ഥിതിയിൽത്തന്നെ ശേഷിച്ചിരിക്കണമെന്നായിരുന്നു മദീനക്കാരുടെ ആഗ്രഹം. എങ്കിലും അവരുടെ ആഗ്രഹത്തെയും അപേക്ഷയേയും ആരും ശ്രദ്ധിച്ചില്ല. ആയിശഃ (റ) താമസിച്ചിരുന്നതും ബഖുകൾ സ്ഥിതിചെയ്തിരുന്നതുമായ ഒരു മുറിയൊഴിച്ചു മറ്റു മുറികളെല്ലാം പള്ളിയോട് ചേർക്കുകയാണു് ഉണ്ടായതു്.

മസ്ജിദുന്നബവി പണിയിക്കുവാനായി വലീദ്, റോമാചക്രവർത്തിയോടും സഹായം ആവശ്യപ്പെട്ടു. ചക്രവർത്തി ഒരു ലക്ഷം സ്വർണ്ണനാണയവും 40 ഒട്ടകങ്ങൾ വഹിക്കുന്നതു വിവിധ വർണ്ണത്തിലുള്ള ഇഷ്ടികകളും അലങ്കരിക്കുവാനായി മറ്റു വില പിടിച്ച സാമാനങ്ങളും അയച്ചുകൊടുത്തു.

റസൂൽ തിരുമേനിയുടേയും അബൂബക്കർ, ഉമർ എന്നീ മഹാന്മാരുടേയും ഖബുകൾ ഹസ്രത്ത് ആയിശാ താമസിച്ചിരുന്ന മുറിയിലാണു് സ്ഥിതിചെയ്യുന്നതു്. ആ മുറിയുംകൂടി പള്ളിയിൽ ഉൾപ്പെട്ടുന്നതായാൽ പ്രസ്തുത ഖബുകൾ നമസ്കരിക്കുന്നവരുടെ മുന്നിലായിത്തീരുന്നതു കൊണ്ടു അതു പള്ളിയുമായി വേർപെടുത്തേണ്ടതാണെന്നു ജനങ്ങൾ അപേക്ഷിച്ചിരുന്നു. ആ ദോഷത്തെ പരിഹരിക്കേണ്ടതിനു അക്കാലത്തു മദീനാ ഭരണകർത്താവായിരുന്ന ഹസ്രത്ത് ഉമറുബ്നു അബ്ദുൽഅസീസ് ഒരു മാർഗ്ഗം കണ്ടുപിടിച്ചു. അദ്ദേഹം പള്ളിയുടെ വടക്കേ അംശത്തെ മുക്കോണാകൃതിയിൽ പണിയി

ച്ചതുനിമിത്തം ആ മുറി നമസ്കരിക്കുന്നവരുടെ മുൻഭാഗത്തു് പെടുവാനിടയായില്ല. അതു പള്ളിയുടെ അടുത്തു ഒരു കോണിലായിട്ടാണു് സ്ഥിതിചെയ്യുന്നതു്.

പള്ളിയുടെ പണി പൂർത്തിയായതിന്നുശേഷം അതു സന്ദർശിക്കുവാനായി ഹിജ്റഃ 91–ൽ വലീദ് തന്നെ വരുകയുണ്ടായി. ഉമറുബ്നുഅബ്ദുൽ അസീസ് അദ്ദേഹത്തിൻെറകൂടെത്തന്നെ ഉണ്ടായിരുന്നു. വലീദ് പള്ളിയിൽ പ്രവേശിച്ച അവസരത്തിൽ ഉദ്യോഗസ്ഥന്മാർ പള്ളിയിലുണ്ടായിരുന്ന സാധുജനങ്ങളോടും പുറത്തു പോകുവാൻ കല്പിച്ചു. എങ്കിലും മദീനയിലെ പണ്ഡിതനേതാവായിരുന്ന സയീദുബ്നുൽമുസയ്യബ് പതിവുപ്രകാരം സ്വസ്ഥാനത്തു് ഇരിക്കുകയാണു് ഉണ്ടായതു്. ഒരാൾ അദ്ദേഹത്തിൻെറ അടുക്കൽ ചെന്നു "താങ്കൾ ഈ അവസരത്തിൽ പുറത്തുപോകണം" എന്നു് അദ്ദേഹത്തോടു ആവശ്യപ്പെട്ടപ്പോൾ താൻ ദിനംപ്രതി എഴുന്നേറ്റു പോകുന്ന സമയത്തിനു മുമ്പായി പോകുന്നതല്ലെന്നു അദ്ദേഹം മറുപടി പറഞ്ഞു. അനന്തരം അയാൾ അദ്ദേഹത്തോടു ഇങ്ങിനെ പറഞ്ഞു. "ഖലീഫ പള്ളിയിൽ വന്നിട്ടുണ്ടു്. എഴുന്നേറ്റു അദ്ദേഹത്തിനു സലാം ചൊല്ലുവിൻ" ഇതും അദ്ദേഹം കൂട്ടാക്കിയില്ല. അദ്ദേഹം സ്വസ്ഥാനത്തു അടങ്ങിയിരുന്നു പതിവു പ്രകാരമുള്ള സ്തോത്രങ്ങളിൽ ഏർപ്പെട്ടു.

വലീദ് അദ്ദേഹത്തെ കണ്ടെത്തിയാൽ അദ്ദേഹത്തിൻെറമേൽ കഠിനമായ വല്ല വിധിയും കല്പിച്ചേക്കുമെന്നു കരുതി ഉമറുബ്നുഅബ്ദുൽഅസീസ് വലീദിനെയുംകൊണ്ടു് അദ്ദേഹവുമായി വിട്ട സ്ഥലങ്ങളിൽക്കൂടി പള്ളിയിൽ ചുറ്റിക്കൊണ്ടിരുന്നു. അവസാനം ഖലീഫ മിമ്പറിന്നരികെവന്നപ്പോൾ അദ്ദേഹത്തെ കണ്ടെത്തി. "ഇദ്ദേഹമാണോ ശൈഖ് യസീദ്?" എന്നു ഖലീഫ ചോദിച്ചു. ഉമറുബ്നുഅബ്ദുൽ അസീസ് അതെ എന്നു സമ്മതിക്കുകയും അദ്ദേഹത്തെ പ്രശംസിച്ചുകൊണ്ടു, "പ്രായാധിക്യം നിമിത്തം അദ്ദേഹത്തിനു കാ

ഴ്ചകുറഞ്ഞുപോയിരിക്കുന്നു. അല്ലാത്ത പക്ഷം അദ്ദേഹം താങ്കൾക്കു സലാം ചൊല്ലുകയും താങ്കളുമായി കാണുകയും ചെയ്യുമായിരുന്നു" എന്നു് പ്രസ്താവിക്കുകയും ചെയ്തു. തദവസരത്തിൽ താൻ തന്നെ അദ്ദേഹത്തിനു സലാം ചൊല്ലി അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തിക്കൊള്ളാം എന്നുപറഞ്ഞുകൊണ്ടു് വലീദ് അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു സലാം ചൊല്ലി. ശൈഖ് സലാം മടക്കുകയും അദ്ദേഹത്തോടു വർത്തമാനം ചോദിക്കുകയും ചെയ്യുവെങ്കിലും ഇരുന്ന സ്ഥലത്തുനിന്നു അനങ്ങിയില്ല. വലീദ് അദ്ദേഹത്തോടു സുഖവർത്തമാനം ചോദിച്ചു മടങ്ങിപ്പോകയും, "അദ്ദേഹം മുൻഗാമികളായ മഹാന്മാരുടെ ഒരു സ്മാരകപുരുഷനാണു" എന്നു ഉമറിനോടു പ്രശംസിച്ചു പറയുകയുമാണു് ഉണ്ടായതു്.

വലീദ് കീഴടക്കിയ രാജ്യങ്ങൾ

വലീദിന്റെ ഭരണകാലത്തു മുഹമ്മദ്തഖ്ഫിയുടെ മകനായ മുഹമ്മദുബ്നുഖാസിം, ഖത്തീബത്തുബ്നുമുസ്ലിം ബാഹിലീ, മൂസാബ്നുനസീർ, വലീദിന്റെ സഹോദരനായ മസ്ലമത്തുബ്നുഅബ്ദുൽമലിക്ക് എന്നീ നാലു സേനാനായകന്മാർ വളരെ പദവി പ്രാപിച്ചവരും കീർത്തിനേടിയവരുമായിരുന്നു. ഇവരുടെ മഹാകൃത്യങ്ങൾ യഥാക്രമം താഴെ വിവരിക്കുന്നു.

മുഹമ്മദുബ്നുഖാസിം

സിലോണിലെ (സറാൻദീപ്) രാജാവ് അവിടെ നിന്നു മരിച്ച മുസ്ലിംകളുടെ ശേഷക്കാരായിരുന്ന കുറെ അനാഥക്കുട്ടികളെയും വിധവകളെയും കപ്പലിൽ കയറ്റി ചില വിലപിടിച്ച സാമാനങ്ങളോടുകൂടി ഹജ്ജാജിന്റെ അടുക്കലേക്കു അയച്ചിട്ടുണ്ടായിരുന്നു. ഇവർ ദേബൽ എന്ന തുറമുഖത്തിനു

നേരെ എത്തിയപ്പോൾ സിന്ധുരാജാവായിരുന്ന ദാഹിറി ന്റെ പട്ടാളക്കാർ കപ്പലുകൾ പിടിച്ചടക്കുകയും സ്ത്രീകളെയും കുട്ടികളെയും ബന്ധനസ്ഥരാക്കുകയും ചെയ്തു. ഹജ്ജാജ് ഈ വിവരം അറിഞ്ഞപ്പോൾ ദാഹിർരാജാവിനു, അയാളുടെ ഭട ന്മാർ പിടിച്ചുനിത്തിയിട്ടുള്ള ആ ആളുകളെ തന്റെ അടുക്ക ലേക്കു അയച്ചുകൊടുക്കണമെന്നു കാണിച്ചു കത്തെഴുതി. അ ദ്ദേഹം തന്നെ വന്നു വിട്ടുവിച്ചുകൊള്ളേണ്ടതാണെന്നായിരു ന്നു രാജാവിന്റെ മറുപടി.

തന്നിമിത്തം ഹജ്ജാജ് ഖലീഫയുടെ അനുവാദത്തോടു കൂടി അബ്ദുല്ല അസ്ലമീ എന്ന ആളുടെ നായകത്വത്തിൽ 6000 പട്ടാളക്കാരെ അയച്ചു. ഈ പട്ടാളക്കാരെ ദാഹിറിന്റെ ഭട ന്മാർ എതിർത്തുതോല്പിച്ചു. സേനാനായകനായിരുന്ന അബ്ദു ല്ല വധിക്കപ്പെടുകയുണ്ടായി. ഹജ്ജാജ് വിവരം അറി ഞ്ഞപ്പോൾ 4000 ഭടന്മാരെ വീണ്ടും അയച്ചു. അവരും പ രാജിതരാകുകയാണു ഉണ്ടായതു്. ഇതിനുശേഷം ഹജ്ജാ ജ് തന്റെ സഹോദരപുത്രനായ മുഹമ്മദുബ്നുഖാസിമിനെ 6000സിറിയൻഭടന്മാരോടുകൂടിഅയച്ചു. ഇബ്നുഖാസിംഅന്നു പതിനേഴു വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ഒരു യുവാവായി രുന്നു. മുസ്ലിംകളുടെ പക്കൽനിന്നു ദാഹിർ രാജാവിന്റെ സൈന്യം കരസ്ഥമാക്കിയിരുന്ന മക്രാൻരാജ്യം ആദ്യമായിത്ത ന്നെഇബ്നുഖാസിം കീഴടക്കി. അനന്തരം അദ്ദേഹം സിന്ധു അതിത്തിയിലേക്കു് വന്നു. തനിക്കും ഇബ്നുഖാസിമിനും മു മ്മൂന്നു ദിവസങ്ങൾകൂടുമ്പോൾ പരസ്പരം കത്തുകൾ കിട്ട ത്തക്കവണ്ണം ഹജ്ജാജ് ഏർപ്പാടുചെയ്തിട്ടുണ്ടായിരുന്നു.

മുഹമ്മദുബ്നുഖാസിം, ദേബൽ പട്ടണം വളയുകയും ഒരു ദിവസം ശത്രുക്കൾ എതിർക്കുവാനായി അണിനിരന്ന പ്പോൾ അവരെ തോല്പിക്കുകയും ചെയ്തു. അദ്ദേഹം കോട്ട കൈവശപ്പെടുത്തി അവിടെ ഒരു പള്ളി പണിയിച്ചു. അന ന്തരം 4000 പട്ടാളക്കാരെ മേലധികാരിയുടെ അടുക്കൽ നിന്നു

എഴുതി വരുത്തി അവിടെ നിയമിച്ചതിൽപ്പിന്നെ മുന്നോട്ടുക ടന്നു. വിദേശനിവാസികളിൽപലരും അദ്ദേഹവുമായി ഉടമ്പ ടി ചെയ്തു. അദ്ദേഹം സിന്ധുനദിയെ സമീപിച്ചപ്പോൾ സ റേബ്ദസിലെ തലവന്മാർ അദ്ദേഹത്തിന്റെ അടുക്കൽ ചെ ന്നു കപ്പം കൊടുക്കാമെന്ന നിശ്ചയപ്രകാരം അദ്ദേഹവുമായി കരാർചെയ്തു. അനന്തരം അദ്ദേഹം സഹ്വാനിൽ ചെന്നു ആ രാജ്യം കൈവശപ്പെടുത്തി. തദവസരത്തിൽ ദാഹിർ രാ ജാവുതന്നെ ഭടന്മാരെ ശേഖരിച്ചു എതിർക്കുവാൻ ചെന്നു. അ തിഘോരമായ സമരം നടന്നു. രാജാവിന്റെ സൈന്യത്തിലു ണ്ടായിരുന്ന ആനകളെക്കണ്ടു ഭയപ്പെട്ട അറബിക്കുതിരകളെ പോക്കളത്തിൽ അടക്കിനിർത്തുവാൻ മുസ്ലിംകൾക്കു സാധി ച്ചില്ല. അവസാനം മുസ്ലിംകൾ നിലത്തിറങ്ങി യുദ്ധംചെയ്തു കയാണുണ്ടായതു്. സന്ധ്യാസമയമായപ്പോൾ ദാഹിർരാജാവ് കൊല്ലപ്പെടുകയും അയാളുടെ സൈന്യം തോറ്റോടുകയുമുണ്ടാ യി. ഓടിപ്പോയ സൈന്യം ബ്രഹ്മനാബാദിൽ ചെന്നു സം ഘംകൂടി നിന്നതിനാൽ മുഹമ്മദുബ്നുഖാസിമും അങ്ങോ ട്ടുചെന്നു. ആദ്യം റാവുർ എന്നിടത്തു വെച്ചാണു് യുദ്ധം നട ന്നതു്. ഇബ്നുഖാസിം ആ രാജ്യം കീഴടക്കിയതിൽ പി ന്നെ ബ്രഹ്മനാബാദിൽ ചെന്നു ശത്രുക്കളെ തോല്പിച്ചു. അ വിടെ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചതിന്നു ശേഷം അദ്ദേ ഹം സാമന്തരീ എന്ന രാജ്യം വളഞ്ഞു. അവിടത്തെ നിവാ സികൾ അദ്ദേഹത്തോടു രക്ഷതേടുകയാണു് ഉണ്ടായതു്. പി ന്നീടു് ബസ്മദിലെയും റോറിലെയും തലവാന്മാർ അദ്ദേഹവു മായി കരാറെഴുതി. മുഹമ്മദുബ്നുഖാസിം, റോറിലും ഒരു പ ള്ളി പണിയിക്കുകയുണ്ടായി. അനന്തരം അദ്ദേഹം നദി കട ന്നു മുൽത്താൻ രാജ്യം വളഞ്ഞു അതും കൈവശപ്പെടുത്തി. അവിടെ നടന്ന സമരത്തിൽ അദ്ദേഹത്തിന്നു ശത്രുക്കളുടെ പ ക്കൽനിന്നു ഒട്ടധികം ധനം കരസ്ഥമായി. പിന്നീടു് അദ്ദേ ഹം മുൽത്താനിൽ നിന്നു പല ഭാഗങ്ങളിലേക്കും ഭടന്മാരെ അ

യച്ചു. കുറഞ്ഞ കാലത്തിനുള്ളിൽ സിന്ധുരാജ്യം മുഴുവനും അദ്ദേഹം കീഴടക്കി.

ഖത്തീബത്തുബ്നുമുസ്ലിം

ഖത്തീബത്തിനെ ഹിജ്റഃ 86–ൽഹജ്ജാജ് ഖുറാസാൻ ഭരണാധിപനായി നിയമിച്ചു. അദ്ദേഹം അവിടെ ചെന്ന ഉടനെ യുദ്ധത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചു ഭടന്മാരോട്ടു ഹൃദയാവജ്ജകമായ ഒരു പ്രസംഗം ചെയ്തു. അനന്തരം മുറൂവിൽ ഒരു പ്രതിനിധിയെ നിയമിച്ചുകൊണ്ടു ഭടന്മാരെ ഒരുമിച്ചുകൂട്ടി താലിഖാൻ എന്നിടത്തേക്കു പുറപ്പെട്ടു. അദ്ദേഹം ജൈഹൂൻ നദികടന്ന അവസരത്തിൽ സഗാനിയായിലെ രാജാവ് അദ്ദേഹത്തിന്റെ അടുക്കൽ ഹാജരായി പല സാധനങ്ങൾം കാഴ്ചവെച്ചു. അവിടെ നിന്നു മുന്നോട്ടു ഗമിച്ചപ്പോൾ കഫ്ത്താൻ, തഖാറസ്താൻ എന്നിവിടങ്ങളിലെ രാജാക്കന്മാരും വന്നു സഖ്യമുടമ്പടിചെയ്തു. അനന്തരം ഖത്തീബത്തു സേനാനായകനായി ഒരു പ്രതിനിധിയെ നിയമിച്ചു മുറുവിലേക്കു മടങ്ങിപ്പോന്നു.

ഇങ്ങിനെ മടങ്ങിപ്പോന്നതിനെക്കുറിച്ചു ഹജ്ജാജ് അദ്ദേഹത്തെ ആക്ഷേപിക്കുകയുണ്ടായി. സൈന്യത്തെ ഉപേക്ഷിച്ചുപോന്നുകളയുന്നതു സൈന്യാധിപന്റെ മുറയ്ക്കു യോജിച്ചതല്ലെന്നും അവരെ വല്ലേടത്തേക്കും അയയ്ക്കുന്നതായാൽ അവരുടെ മുന്നിലും, മടങ്ങിവരുമ്പോൾ പിന്നിലും അദ്ദേഹം ഉണ്ടായിരിക്കേണ്ടതാണെന്നും ഹജ്ജാജ് അദ്ദേഹത്തിനു എഴുതി അറിയിച്ചു.

ഹിജ്റഃ 87–ൽ തുറാനിലെ നേതാവായിരുന്ന നീസക്ക് അദ്ദേഹത്തിന്റെ അടുക്കൽ വന്നു ഉടമ്പടി ചെയ്തു. നീസക്കിന്റെ അടുക്കൽ ഒട്ടധികം മുസ്ലിം തടവുകാർ ഉണ്ടായിരുന്നു. അവരെ മുഴുവനും അയാൾ വിട്ടയച്ചു. ജൈഹൂൻനദിയുടെ സമീപത്തു സ്ഥിതിചെയ്യുന്ന ബേക്കന്ത് പട്ടണത്തിലെ നായകൻ സഫ്ദുകാരുടെ സഹായത്തോടുകൂടി അനേകം ആളുക

ളെ ശേഖരിച്ചു നിർത്തിയിരുന്നതിനാൽ ഖത്തീബത്ത് അങ്ങോട്ടുചെന്നു. അദ്ദേഹം പട്ടണത്തിലേക്കുണ്ടായിരുന്ന ഗതാഗതമാർഗ്ഗങ്ങളെയെല്ലാം തടസ്സപ്പെടുത്തി. ഇങ്ങിനെ രണ്ടു മാസം കഴിയുന്നതുവരെ അദ്ദേഹം മുറയ്ക്കു യുദ്ധം നടത്തിക്കൊണ്ടിരുന്നു. ഇക്കാലത്തു ഖത്തീബത്തിന്റെ യാതൊരു വർത്തമാനവും ഹജ്ജാജിനു കിട്ടിയിരുന്നില്ല. തന്നിമിത്തം അദ്ദേഹത്തിനു വലിയ പരിഭ്രമമുണ്ടായി.

ഒരു ദിവസം മുസ്ലിംകൾ ധൈര്യസമേതം ശത്രുക്കളോടു പോരാടി. അന്നത്തെ സമരംകൊണ്ടു ജയമോ പരാജയമോ രണ്ടിലൊന്നു സംഭവിക്കണമെന്നു മുസ്ലിംകൾ തീർച്ചപ്പെടുത്തിയിരുന്നു. ദൈവാനുഗ്രഹത്താൽ അന്നുതന്നെ അവർക്കു വിജയം സിദ്ധിച്ചു. പട്ടണത്തിൽ ഓടിയെത്തി രക്ഷപ്രാപിക്കണമെന്നായിരുന്നു ശത്രുക്കളുടെ വിചാരം. എങ്കിലും ഖത്തീബത്ത് അവരുടെ മാർഗ്ഗത്തെ തടസ്സപ്പെടുത്തിയതിനാൽ അവർ ഇരുഭാഗങ്ങളിലേക്കുമായി ചിതറിപ്പോവാൻ നിർബ്ബന്ധിതരായി. പട്ടണനിവാസികൾ ഖത്തീബത്തുമായി ഉടമ്പടിചെയ്തു. അദ്ദേഹം അവിടെ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു മുറവിലേക്കു മടങ്ങിയ അവസരത്തിൽ അവിടത്തുകാർ ഉടമ്പടി ലംഘിച്ചിരിക്കുന്നുവെന്നും അവിടത്തെ ഉദ്യോഗസ്ഥനെയും മുസ്ലിംകളെയും കൊന്നിരിക്കുന്നുവെന്നും വഴിമദ്ധ്യേ അദ്ദേഹത്തിനു വിവരം കിട്ടി. തന്നിമിത്തം അദ്ദേഹം വീണ്ടും ചെന്നു പട്ടണം കൈവശപ്പെടുത്തുകയും കുറെക്കാരെ ശിക്ഷിക്കുകയും ചെയ്തു. ഇതിൽപ്പിന്നെ അദ്ദേഹം മുറവിലേക്കുതന്നെ മടങ്ങിപ്പോന്നു.

ഖത്തീബത്ത് സൈന്യത്തിനു വസന്തകാലത്തേക്കു വേണ്ടുന്ന സാമഗ്രികൾ തയ്യാറാക്കിയതിനുശേഷം, ബുഖാറയോടു ചേർന്നുകിടക്കുന്ന നൌമഷ്കത്തിനെ ആക്രമിച്ചു കീഴടക്കിക്കൊണ്ടു മുന്നോട്ടു ചെന്നു. വഴിയിൽവെച്ചു സഗ്ദികൾ, ഫർഗാനികൾ, തുർക്കികൾ എന്നീ മൂന്നു വർഗ്ഗക്കാർ ഏകോപി

ച്ചുകൊണ്ട അദ്ദേഹത്തോട്ട പോരാടിയെങ്കിലും പരാജിതരാകുകയാണു് ഉണ്ടായതു്. നീസക്ക്നായകൻ ഇസ്ലാംമതം സ്വീകരിച്ചിട്ടുണ്ടായിരുന്നില്ലെങ്കിലും യുദ്ധത്തിൽ പങ്കുകൊണ്ടു് മുസ്ലിംകളുടെ ഭാഗത്തു സൈനികസാമർത്ഥ്യം പ്രത്യക്ഷപ്പെട്ടത്തി. ഈ വിജയാനന്തരം ഖത്തീബത്തു് തിർമദ വഴിക്കു പുഴ കടന്നു മുറുവിൽ എത്തിച്ചേന്നു.

ഏതാനും മാസങ്ങൾ കഴിഞ്ഞതിൽപ്പിന്നെ ഖത്തീബത്തു് ബുഖാറയെ വളഞ്ഞു. എങ്കിലും ഉദ്ദേശം സാധിക്കാതെ മടങ്ങേണ്ടിവരികയാണു് ഉണ്ടായതു്. ഈ വർത്തമാനം കേട്ടപ്പോൾ ഹജ്ജാജു് ബുഖാറയുടെ ഒരു ഭൂപടം തയ്യാറാക്കി അയയ്ക്കുവാൻ ഖത്തീബത്തിനു കത്തെഴുതി. അദ്ദേഹം പടം അയച്ചു കൊടുത്തതിൽപ്പിന്നെ ഇന്ന ഭാഗത്തുകൂടി ഭടന്മാരെ നയിക്കണമെന്നു ഹജ്ജാജു് എഴുതി അറിയിച്ചു. ഇങ്ങിനെ ഹിജ്റഃ 90-ൽ, ഹജ്ജാജിന്റെ നിർദ്ദേശമനുസരിച്ചു് ഖത്തീബത്തു് വീണ്ടും ബുഖാറയെ ആക്രമിച്ചു. ബുഖാറയിലെ ഭരണകർത്താവു് തുർക്കികളോടും സഗ്ദികളോടും സഹായത്തിനുവേണ്ടി അപേക്ഷിച്ചിരുന്നു. അവർ പുറമെ നിന്നു വന്നതോടുകൂടി ബുഖാറക്കാർ പട്ടണത്തിന്റെ അകത്തുനിന്നും പുറപ്പെട്ടു. ഇങ്ങിനെ പട്ടണം വളഞ്ഞിരുന്ന മുസ്ലിംകൾ ഇരുകൂട്ടരുടേയും മദ്ധ്യത്തിൽ അകപ്പെട്ടുപോയതിനാൽ അവർക്കു അധികനേരം എതിർത്തുനില്ക്കുവാൻ സാധിച്ചില്ല. ഈ കഷ്ടപ്പാടിന്നിടയിൽ ശത്രുക്കൾ മുസ്ലിംകളുടെ മദ്ധ്യസൈന്യത്തിലേക്കു പാഞ്ഞുകയറി. അങ്ങിനെ വീണ്ടും മുന്നോട്ടുകുതിച്ചു പിൻസൈന്യത്തെ മുറിച്ചു കടന്നു മുസ്ലിം സ്ത്രീകൾ നിന്നിരുന്ന സ്ഥലത്തെത്തി. തദവസരത്തിൽ ആ അറബിസ്ത്രീകൾ ഓടിക്കൊണ്ടിരുന്ന മുസ്ലിം ഭടന്മാരെ തടസ്സപ്പെടുത്തുകയും നിലവിളിക്കുകയും ചെയ്തതിനാൽ ഭടന്മാർ വീണ്ടും മടങ്ങിവന്നു. "ഇന്നു ഈ ശത്രുക്കളോടുപൊരുതി അവരെ പിന്തിരിക്കുവാൻ കെൽപുള്ള ഗോത്രക്കാരായി ആരുണ്ടു്." എന്നു ഖത്തീബത്തു് വിളിച്ചുചോദിച്ചു.

ഇതിന്നു ആരും മറുപടി പറഞ്ഞില്ല. ഒടുവിൽ ബന്യതമീം ഗോത്രനായകനായിരുന്ന വക്കീഅ് സന്നദ്ധനായി. അദ്ദേഹം സ്വഗോത്രത്തിലെ ആളുകളെയുംകൊണ്ട് മറെറാരു ഭാഗത്തുകൂടി നദികടന്നു. ബന്യതമീം ഗോത്രത്തിൽ മറെറാരു നേതാവായിരുന്ന ഹരീം എന്ന ആൾ കുറെ അശ്വഭടന്മാരോടുകൂടി അദ്ദേഹത്തെ അനുഗമിച്ചു. മരിക്കുവാൻ ആഗ്രഹമുള്ളവർ മാത്രം തന്നെറ കൂടെ ചെന്നാൽ മതിയെന്നും അല്ലാത്തവർ ചെല്ലരുതെന്നും, നദികടന്ന അവസരത്തിൽ വക്കീഅ് പറഞ്ഞിട്ടുണ്ടായിരുന്നു. 800 ഭടന്മാരായിരുന്ന അദ്ദേഹത്തെ അനുഗമിച്ചതു്. അദ്ദേഹം പിൻഭാഗത്തുകൂടി ചെന്നു പ്രാണഭയം കൂടാതെ ശത്രുക്കളോടു പൊരുതിയതുകൊണ്ടു ശത്രുക്കൾക്കു സ്വസ്ഥാനത്തു ഉറച്ചുനില്ക്കുവാൻ കഴിഞ്ഞില്ല. ശത്രുരാജാവിന്നും അയാളുടെ മകനും മുറിവു പററി. അനന്തരം ഖത്തീബത്ത് സധീരം പൊരുതിക്കൊണ്ടു പട്ടണത്തിൽ പ്രവേശിച്ചു. ഇങ്ങിനെ ബുഖാറാപട്ടണം മുസ്ലിംകൾക്കു കരസ്ഥമായി. മുസ്ലിംകൾക്കു സിദ്ധിച്ച ഈ മഹത്തായ വിജയം നിമിത്തം സമീപസ്ഥന്മാരായിരുന്ന രാജാക്കന്മാർ ഭയവിഹ്വലരായി. അവരെല്ലാവരും ഖത്തീബത്തിനെറ അരികെ വന്നു, ജിസ്യഃ കൊടുക്കാമെന്ന നിശ്ചയപ്രകാരം ഉടമ്പടി ചെയ്തു.

ഹിജ്റഃ 83-ൽ ഖത്തീബത്ത് ഖവാറസം കൈവശപ്പെടുത്തി. അനന്തരം അദ്ദേഹം സമർഖന്തിനെ ആക്രമിച്ചു. തദവസരത്തിൽ ബുഖാറയിലും ഖവാറസമിലുമുണ്ടായിരുന്ന അമുസ്ലിംകളും മുസ്ലിംകളുടെ ഭാഗത്തുചേർന്നു. സമർഖന്ത് കരസ്ഥമായപ്പോൾ ഖത്തീബത്ത് അവിടെ ഒരു പള്ളി പണിയിക്കുകയും അതിൽവെച്ചു നമസ്കാരം നടത്തുകയും ചെയ്തതിന്നുശേഷം സ്വസഹോദരനായ അബ്ദുല്ലയെ ഭരണാധിപനായി നിയമിച്ചു മുറുവിലേക്കുപോന്നു.

ഹിജ്റഃ 94-ൽ ഖത്തീബത്ത് ശാസ്, ഫർഗാന എന്നീ രാജ്യങ്ങൾ കൈവശപ്പെടുത്തി. അനന്തരം അദ്ദേഹം

ഖജന്ത്, കശാൻ എന്നീ പ്രദേശങ്ങൾവരെ കീഴടക്കി. ഹിജ്റഃ 96–ൽ അദ്ദേഹം ക്വാശ്ഗറും കരസ്ഥമാക്കി. അവിടെനിന്നു അദ്ദേഹം മുശ്മരിജ്കിലാബീ മകൻ ഹുബൈറത്തിനെ ഏതാനും ആളുകളോടുകൂടി ചീനരാജാവിന്റെ അടുക്കലേക്കു പ്രതിനിധിയായി അയച്ചു.

ഹുബൈറത്തും ചീനരാജാവും തമ്മിൽ നടന്ന സംഭാഷണമദ്ധ്യേ രാജാവു ഇങ്ങിനെ പറഞ്ഞു. "ഖത്തീബത്തിന്നു, സൈന്യം ദുർല്ലഭവും മോഹം അധികവുമാണ്. തിരിച്ചുപോകണമെന്നും അല്ലാത്തപക്ഷം അദ്ദേഹത്തേയും കൂടെയുള്ളവരേയും നിശ്ശേഷം സംഹരിച്ചുകളയുന്നവരായ എന്റെ പടയാളികളെ ഞാൻ അയയ്ക്കുമെന്നും എനിക്കുവേണ്ടി അദ്ദേഹത്തോടു പറയണം".

ഇതിന്നു ഹുബൈറത്ത് ഇപ്രകാരം മറുപടി കൊടുത്തു. "ഒരു തല നിങ്ങളുടെ രാജ്യത്തോടും മറ്റെ തല സിറിയായുടെ അതിർത്തിയോടും തൊട്ടുകിടക്കുന്ന ആ സൈന്യത്തിന്റെ എണ്ണം എത്രയാണെന്നു നിങ്ങൾക്കു എങ്ങിനെ അറിവാൻ കഴിയും? ലോകം തനിക്കു കരസ്ഥമായിട്ടും അതു ഉപേക്ഷിച്ചുകളഞ്ഞിട്ടുള്ള ആ മനുഷ്യൻ മോഹിയാണെന്നു നിങ്ങൾക്കു എങ്ങിനെയാണു പറവാൻ സാധിക്കുക?" ഒടുവിൽ ചീനരാജാവു അദ്ദേഹത്തെ സന്തോഷിപ്പിക്കുകയും പല സമ്മാനങ്ങളും കൊടുത്തുകൊണ്ടു മടക്കി അയയ്ക്കുകയുമാണു ചെയ്തതു.

മൂസബ്നനസീർ

മൂസബ്നനസീർ ഐറുവാൻ ഭരണകർത്താവായിരുന്നു. സ്പെയിൻരാജ്യം ആക്രമിക്കുവാൻ അനുവാദം കൊടുക്കണമെന്നു വലീദിനോടു അദ്ദേഹം അപേക്ഷിച്ചു. ആദ്യമായി പരീക്ഷാർത്ഥം ഒരു ചെറുസൈന്യത്തെ അയച്ചു അവിടത്തെ സ്ഥിതി മനസ്സിലാക്കണമെന്നു വലീദ് മറുപടി കൊടു

ത്തു. ഈ മുപടിയനുസരിച്ചു മൂസ 400 ഭടന്മാരെ നാലു കപ്പലുകളിലായി സ്വന്ത അടിമയായിരുന്ന തരീഫിന്റെ നായകത്വത്തിൽ സ്പെയിനിലേക്കു അയച്ചു. തരീഫ് സ്പെയിൻരാജ്യത്തിന്റെ തെക്കെ അഡ്ദീപിന്റെ പടിഞ്ഞാറെ കരയിൽ സ്ഥിതിചെയ്യുന്ന സ്ഥലത്തു ചെന്നിറങ്ങി. അദ്ദേഹത്തിന്റെ പേരായ തരീഫ് എന്ന നാമധേയത്തിലാണ് ആ സ്ഥലം ഇന്നും അറിയപ്പെട്ടുന്നതു്. അദ്ദേഹം കുറെ മുന്നോട്ടു ചെന്നു ആൻഹസ്രാ എന്ന രാജ്യത്തോടു യുദ്ധം ചെയ്യുകയും യുദ്ധത്തിൽ കിട്ടിയ ധനത്തോടുകൂടി തിരിച്ചുപോരുകയും ചെയ്തു.

ഹിജ്റഃ 91–ൽ മൂസ തന്റെ മറ്റൊരു അടിമയായിരുന്ന താറുബ്നുസിയാദിനെ 7000 ഭടന്മാരോടുകൂടി സ്പെയിനിലേക്കു അയച്ചു. ഈ ഭടന്മാരിൽ അധികപേരും ബർബരികളായിരുന്നു. ഇവർ കടലിടുക്കു് കടന്നു മേൽ പ്രസ്താവിച്ച ദ്വീപിന്റെ കിഴക്കുഭാഗത്തു കടൽക്കരയിൽ സ്ഥിതിചെയ്യുന്ന ഒരു പാറക്കുന്നു് കൈവശപ്പെടുത്തി. ഈ കുന്നു് അദ്ദേഹത്തിന്റെ പേരോടുകൂടി ജബലുത്താറഖ് (ജിബ്റാൾട്ടർ) എന്ന നാമധേയത്തിൽ ശ്രുതിപ്പെട്ടിരിക്കുന്നു. സൈന്യം കുന്നിന്മേൽ നിന്നു താഴെ ഇറങ്ങി മുൻപ്രസ്താവിച്ച ആൻഹസ്രായെ കീഴടക്കി. സ്പെയിൻ രാജാവായിരുന്ന റാഡ്റക്ക് വിവരം അറിഞ്ഞപ്പോൾ ഒരു ലക്ഷം ഭടന്മാരോടുകൂടി എതിക്കുവാൻ പുറപ്പെട്ടു. താറഖ് ഈ വിവരത്തിന്നു മൂസക്കു കത്തെഴുതുകയും സഹായസൈന്യം അയയ്ക്കുവാൻ അദ്ദേഹത്തോടു അപേക്ഷിക്കുകയും ചെയ്തു. മൂസ 5000 ഭടന്മാരെ വീണ്ടും അയച്ചു. ഭടന്മാരുടെ സംഖ്യ 12000 പൂർത്തിയാക്കി. ഏറ്റവും വലിയ യുദ്ധത്തിലും 12000 ഭടന്മാരുണ്ടായാൽ ജയം പ്രാപിക്കാമെന്നായിരുന്നു അന്നത്തെ മുസ്ലിംകൾ എല്ലായ്പോഴും വിചാരിച്ചുവന്നിരുന്നതു്.

റാഡ്രിക്ക് രാജാവുമായി നേരിട്ടപ്പോൾ കഠിന സമരം

നടന്നു. മുസ്ലിംകൾ മടങ്ങിപ്പോകണമെന്ന വിചാരം ഉപേക്ഷിച്ചു ആദ്യമായിത്തന്നെ തങ്ങളുടെ കപ്പലുകൾ ചുട്ടുകളഞ്ഞിരുന്നതു കൊണ്ടു മരണമോ, വിജയമോ രണ്ടിലൊന്നു തങ്ങൾക്കു സംഭവിക്കുമെന്നു അവർ തീച്ചപ്പെടുത്തിയിരുന്നു. അവർ പ്രാണഭയം കൂടാതെ പൊരുതിയതിനാൽ ഒടുവിൽ പോക്കളം അവർക്കു കരസ്ഥമായി. റാഡ്രിക്ക് രാജാവു, ശത്രുനക്കു സമീപം സ്ഥിതിചെയ്യുന്ന ലക്കാ എന്ന നദിയിൽ മുങ്ങി ആത്മഹത്യചെയ്കയാണു ഉണ്ടായതു്.

ഈ വിജയവൃത്താന്തം അറിഞ്ഞതിൽപ്പിന്നെ, ഹിജ്റഃ 92-ൽ മൂസ തന്നെ ഭടന്മാരെ കൊണ്ടുപോയി സ്പെയിൻ രാജ്യം മുഴുവനും കീഴടക്കി. അദ്ദേഹം ഖുർത്തുബഃ (കർഡോവാ)പട്ടണത്തെ തലസ്ഥാനമാക്കി തന്റെ മകൻ അബ്ദുൽ അസീസിനെ അവിടെ ഭരണകർത്താവായി നിയമിച്ചു. കിഴക്കെ സ്പെയിനിൽ സ്ഥിതിചെയ്യുന്ന ബർശലൂന കൈവശപ്പെടുത്തിയതിന്നുശേഷം, മദ്ധ്യ യൂറോപ്പിൽക്കൂടി ഗമിച്ചു കോൺസ്റ്റാൻറിനോപ്പിൾ പട്ടണം കീഴടക്കുകയും ആ വഴിക്കു ഖലീഫയുടെ തലസ്ഥാനത്തേക്കു മടങ്ങുകയും ചെയ്യണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിലാഷം. അദ്ദേഹം ഈ അഭിലാഷം വലീദിനെ അറിയിച്ചപ്പോൾ വഴിമദ്ധ്യേ നേരിട്ടേക്കാവുന്ന പ്രയാസങ്ങളെ ഓർത്തു വലീദ് അനുവാദം നൽകിയില്ല. ആഫ്രിക്കാ മാഗ്രമായിത്തന്നെ തന്റെ അടുക്കലേക്കു ചെല്ലണമെന്നു വലീദ് അദ്ദേഹത്തോടു ആവശ്യപ്പെട്ടു. തന്നിമിത്തം അദ്ദേഹം വലീദിനു സമ്മാനിക്കുവാനായി അനേകം സമ്മാനങ്ങളോടുകൂടി ദിമിശ്ഖിലേക്കു പുറപ്പെട്ടു. എങ്കിലും അദ്ദേഹം ദിമിശ്ഖിൽ എത്തിയപ്പോഴേക്കു വലീദ് മരിച്ചുപോയിരുന്നു.

മസ്ലമത്തുബ്നുഅബ്ദുൽമലിക്ക്

മസ്ലമത്ത് എല്ലായ്പോഴും റോമാക്കാരോടായിരുന്നു എതിർത്തിരുന്നതു്. അദ്ദേഹം വർഷംതോറും അവരോടു യുദ്ധം

ചെയ്യ അവരുടെ പക്കൽ നിന്നു വലിയ കോട്ടകൾ കൈവശ പ്പെട്ടത്തി വന്നു. തവാന, അംവാന, മർഖല, ഖമൂനിയാ, സത്ത്യ, തർസൂസ് മുതലയാവ അദ്ദേഹം കൈവശപ്പെട്ട ത്തിയ കോട്ടകളാകുന്നു.

ഹജ്ജാജിന്റെ വിയോഗം

ഹജ്ജാജ് ഹിജ്റഃ 95-ൽ 54-ാം വയസ്സിൽ പരേത നായി. അദ്ദേഹം മൂന്നു വർഷം മക്കായുടെ അധിപനായും അതിന്നുശേഷം 20 കൊല്ലം തികച്ചും, കൂഫയും ബസറയും ഉൾപ്പെടെയുണ്ടായിരുന്ന കിഴക്കൻ രാജ്യങ്ങളിൽ ഖലീഫയു ടെ പ്രതിനിധിയായും ഭരണംനടത്തി. അദ്ദേഹം ലൌകികസു ഖപ്രമത്തനും സ്ഥാനമാന തല്പരനും രക്തം പ്രവഹിപ്പിക്കു വാൻ മടിയില്ലാത്തവനും അക്രമിയുമായ ഒരു ഭരണകർത്താവാ യിരുന്നുവെന്നതിൽ സംശയമില്ല. രക്തം പ്രവഹിപ്പിക്കുന്ന തിൽ അതിർകവിയുന്നആളുകളെക്കുറിച്ചു "ഹലാക്കോ" എ ന്നു പറയുംപ്രകാരം "ഹജ്ജാജ്" എന്നും ജനങ്ങൾ പറയാ റുണ്ട്. താൻ വലിയ അസൂയാലുവാണെന്നു ഹജ്ജാജ് തന്നെ പറയാറുണ്ടായിരുന്നു. എന്നാൽ ഈ ദുർഗുണങ്ങളോട് കൂടി ചില സദ്ഗുണങ്ങളും അദ്ദേഹത്തിന്നുണ്ടാകാതിരുന്നില്ല. അ ദ്ദേഹം ഒരു നല്ല പ്രാസംഗികനും വാഗ്മിയുമായിരുന്നു. ഖു ർആൻ മനഃപാഠം അറിഞ്ഞിരുന്ന ആളുകളിൽ ഇമാംഹസൻ ബസരിയൊഴിച്ചു മറെറാരാളും അദ്ദേഹത്തോട് കിടപിടിച്ചി രുന്നില്ല. ധൈര്യം, സ്ഥൈര്യം, സത്യം, പരിശ്രമശീലം എ ന്നീ ഗുണങ്ങളിലും അദ്ദേഹം അസാധാരണനായിരുന്നു. അ ദ്ദേഹം സ്വന്ത കരബലത്താൽ ഇറാഖിലെങ്ങും സമാധാനം നിലനിർത്തി. എന്നാൽ അതിന്നായി അദ്ദേഹം അപാരമാ യ രക്തം പ്രവഹിപ്പിച്ചതു ഓർക്കുമ്പോൾ അതൊരു സ്തുത്യർഹമാ യ പ്രവൃത്തിയായിരുന്നുവെന്നു പറയാൻ നിവൃത്തിയില്ല.

സ്ഥാനാവകാശം: അബ്ദുൽമലിക്ക് അദ്ദേഹത്തി

ന്റെ വലീദ്, സുലൈമാൻ എന്നീ രണ്ടു പുത്രന്മാരെയും വ
ഴിക്കുവഴിയായി ഖിലാഫത്ത് വഹിക്കത്തക്കവണ്ണം സ്ഥാ
നാവകാശികളായി നിയമിച്ചിരുന്നുവെന്നു് മുമ്പു പറഞ്ഞു
വല്ലോ. വലീദ് ഖലീഫയായപ്പോൾ സുലൈമാനു പകരം
സ്വന്തം മകനായ അബ്ദുൽഅസീസിനെ സ്ഥാനാവകാശി
യാക്കണമെന്നു അദ്ദേഹം വിചാരിച്ചു. ഇതിനെക്കുറിച്ചു
അദ്ദേഹം തന്റെ ഉദ്യോഗസ്ഥന്മാരുമായി ആലോചിച്ച
പ്പോൾ ഖത്തീബെത്തും ഹജ്ജാജുമൊഴിച്ചു ഒരാളും അദ്ദേഹ
ത്തോടു യോജിക്കുകയുണ്ടായില്ല. സ്വാഭിലാഷ സാദ്ധ്യത്തി
നു വല്ല മാർഗ്ഗവും ഉണ്ടാക്കണമെന്നു പിന്നെയും അദ്ദേഹം
ആലോചിച്ചുകൊണ്ടിരുന്നു. ഇതിന്നിടയിൽ അദ്ദേഹം നി
യ്ശ്ചതനായതിനാൽ സുലൈമാൻ തന്നെ ഖിലാഫത്ത് സ്ഥാ
നത്തു ആഗതനായി.

വലീദിന്റെ വിയോഗം

ഹിജ്റഃ 96 ജമാദുൽആഖിർ 15–ാംനു (ക്രിസ്താബ്ദം
715 ഫിബ്രുവരി 25–ാംനു) സിറിയായിൽപ്പെട്ട ദൈറമറാൻ
എന്നിടത്തു വെച്ചു വലീദ് ചരമം പ്രാപിച്ചു. തദവസര
ത്തിൽ അദ്ദേഹത്തിന്നു 64 വയസ്സു പ്രായമുണ്ടായിരുന്നു. അ
ദ്ദേഹം ഖിലാഫത്തധികാരം വഹിച്ചതു 9 കൊല്ലവും 3 മാസ
വുമാണു്. അദ്ദേഹത്തിന്നു 19 മക്കളുണ്ടായിരുന്നു.

സുലൈമാനുബ്നുഅബ്ദുൽമലിക്ക്

സുലൈമാൻ ഭ്രജാതനായതു ഹിജ്റ 54-ാം വർഷത്തി
ലായിരുന്നു. വലീദ് ചരമം പ്രാപിച്ച അവസരത്തിൽ അ
ദ്ദേഹം റംലഃ എന്നിടത്താണു് ഉണ്ടായിരുന്നതു്. ഹിജ്റഃ
96 ജമാദുൽആഖിറിൽ അദ്ദേഹം ഖലീഫയായി തിരഞ്ഞെട
ക്കപ്പെട്ടു. സുലൈമാനെ സ്ഥാനാവകാശത്തിൽ നിന്നു നീക്കു

ന്നതിനെ സംബന്ധിച്ചു, ഹജ്ജാജ് വലീദിന്റെ അഭിപ്രായത്തോട് യോജിച്ചിരുന്നതു കൊണ്ട് അദ്ദേഹം ഹജ്ജാജിനും അദ്ദേഹത്തിന്റെ സംഘത്തിനും കഠിന വിരോധിയായിരുന്നു. ഹജ്ജാജിന്റെ ശത്രുവായിരുന്ന വലീദുബ്നുമുഹല്ലബിനെ അദ്ദേഹം ആപ്തമിത്രമായി സ്വീകരിച്ചിരുന്നു. വലീദിന്റെ മരണാനന്തരം സുലൈമാന്റെ അധികാരത്തിനു താൻ കീഴ്പെട്ട പോകുന്നതായാൽ അദ്ദേഹം തന്നോട് നീചമായ വിധത്തിൽ ഇടപെടുമെന്നു വിചാരിച്ചു ഹജ്ജാജ് വളരെ ഭയപ്പെട്ടിരുന്നു. പക്ഷെ വലീദിന്റെ വിയോഗത്തിനു ഒരു വർഷം മുമ്പു അദ്ദേഹം മരിച്ചുപോയതുകൊണ്ട് അങ്ങിനെ സംഭവിക്കാൻ ഇടയായില്ല.

സുലൈമാൻ ഖലീഫയായതിനു ശേഷം ഒന്നാമതായിത്തന്നെ ചെയ്ത കൃത്യം എത്രയും നീചമായിരുന്നു. അദ്ദേഹം യസീദുബ്നുഅബീകബ്ശയെ സിന്ധു ഭരണാധികാരിയായി നിയമിച്ചയയ്ക്കുകയും മുഹമ്മദുബ്നുഖാസിമിനെ ബന്ധനസ്ഥനാക്കി സ്വസന്നിധിയിൽ അയക്കണമെന്നു അദ്ദേഹത്തോട് കല്പിക്കുകയും ചെയ്തു. അസൂയാലുവായ ഈ ഖലീഫ ആയുവസേനാ നായകന്റെ മഹത്തരങ്ങളായ കൃത്യങ്ങൾക്കു ലേശവും വില കല്പിച്ചില്ല. മുഹമ്മദുബ്നുഖാസിം ഹജ്ജാജിനാൽ സ്നേഹിക്കപ്പെട്ടിരുന്നുവെന്ന ഏക കാരണത്താൽ തനിക്കുണ്ടായ പ്രതികാരേച്ഛയെ തണുപ്പിക്കുവാനായി സുലൈമാൻ അദ്ദേഹത്തെ കൊന്നു, സമുദായത്തിനുംഖിലാഫത്തിന്റെ പ്രതാപത്തിനും നഷ്ടം വരുത്തി. ഇബ്നുഖാസിമിനെപ്പോലെയുള്ള യോദ്ധാക്കളുടെ ശുശ്രൂഷയ്ക്കു ഇത്തരം പ്രതിഫലം നല്കുന്ന ഒരു ഭരണത്തിൻ കീഴിൽ നിന്നു കൊണ്ടു, വല്ല മഹാകൃത്യവും നിർവ്വഹിക്കാൻ ആർക്കെങ്കിലും ആഗ്രഹമുണ്ടാകുമോ?

ഖുറാസാൻ ഭരണകർത്താവും, ബുഖാറയും തുർക്കിസ്ഥാനും കീഴടക്കിയ ആളുമായിരുന്ന ഖത്തീബത്തുബ്നുമുസ്ലിംബാഹിലീ, മുഹമ്മദുബ്നുഖാസിമിനു നേരിട്ട ആപത്തു തനിക്കും

നേരിട്ടമെന്നു വിചാരിച്ചു ഭയവിഹ്വലനായി. തന്നിമിത്തം അദ്ദേഹം, കീഴിലുണ്ടായിരുന്ന ഭടന്മാരെയെല്ലാം ഒരുമിച്ചുകൂട്ടി സുലൈമാന്റെ ഖിലാഫത്തിനെ പ്രതിഷേധിക്കണമെന്നു അവരോടു ആവശ്യപ്പെട്ടു. എങ്കിലും ബന്ധുതമീം ഗോത്രത്തിനേതാവായിരുന്ന വക്കീഅ് അദ്ദേഹത്തോടു അനുകൂലിച്ചില്ല. ഒടുവിൽ അവർ തമ്മിൽ ഭിന്നിപ്പു വർദ്ധിച്ചതിന്റെ ഫലമായി വക്കീഅ് ഖത്തീബത്തിനെ കൊന്നുകളഞ്ഞു.

സ്പെയിൻ കീഴടക്കിയ മൂസബ്നുനസീറിനോടൊപ്പം ഇങ്ങിനെത്തന്നെയായിരുന്നു സുലൈമാൻ വർത്തിച്ചതു്. വലീദിന്റെ ഭരണകാലത്തു അദ്ദേഹം തലസ്ഥാനത്തേക്കു് ക്ഷണിക്കപ്പെടുകയും അദ്ദേഹം ദിമിശ്ഖിലെത്തിയപ്പോഴേക്കു വലീദു് കാലഗതി പ്രാപിക്കുകയും ചെയ്ത വിവരം മുമ്പു പ്രസ്താവിച്ചുവല്ലോ. സുലൈമാൻ തനിക്കു് അദ്ദേഹത്തിന്റെ മേലുണ്ടായ സംശയത്തെ ആസ്പദമാക്കി അദ്ദേഹത്തെ ജയിലിൽ പാർപ്പിക്കുകയും കൊടുത്തു വീട്ടുവാൻ കഴിയാത്ത സംഖ്യ അദ്ദേഹത്തിന്റെ മേൽ പിഴ ചുമത്തുകയും ചെയ്തു. അദ്ദേഹം അറബിപ്രമാണികളോടു ഇരന്നു വാങ്ങിയിട്ടായിരുന്നു ആ സംഖ്യ കൊടുത്തു വീട്ടിയതു്. ഇസ്ലാമിന്റെ സംരക്ഷകന്മാരും പല രാജ്യങ്ങൾ കീഴടക്കിയവരുമായിരുന്ന മേൽ പ്രസ്താവിച്ച പ്രസിദ്ധ നായകന്മാരോടു് സുലൈമാൻ തന്റെ ഭരണാരംഭത്തിൽത്തന്നെ, അനുവർത്തിച്ച അന്യായമായ പെരുമാറ്റം സമുദായത്തിനു ഒരു അവലക്ഷണമായി പരിണമിച്ചുവെന്നു പറയാതെ നിവൃത്തിയില്ല.

സുലൈമാൻ കീഴടക്കിയ രാജ്യങ്ങൾ.

സുലൈമാൻ, ഖത്തീബത്തിന്റെ സ്ഥാനത്തു ഖുറാസാൻ ഗവർണ്ണരായി നിയമിച്ചതു് യസീദുബ്നുമുഹല്ലബിനെയായിരുന്നു. അദ്ദേഹം ദഹസ്താൻ രാജ്യം വളഞ്ഞു കീഴടക്കിയതിൽപ്പിന്നെ ജൂർജ്ജാനിലേക്കു് പോയി. അവിടത്തെ നി

വാസികൾ അദ്ദേഹവുമായി ഉടമ്പടി ചെയ്തു. അനന്തരം അദ്ദേഹം തബറസ്ഥാന്റെ നേരെ ചെന്നു. അവിടെയുണ്ടായിരുന്ന ശത്രു സേനാനായകൻ കോട്ടയിൽ പ്രവേശിച്ചതിനാൽ അദ്ദേഹം കോട്ട വളഞ്ഞു. ഇങ്ങിനെ വളഞ്ഞു നിന്നിരുന്ന കാലത്ത് ജൂർജ്ജാൻകാർ ഉടമ്പടി ലംഘിക്കുകയും അവിടെ ഉണ്ടായിരുന്ന മുസ്ലിംകളെ കൊല്ലുകയും ചെയ്തിരിക്കുന്നുവെന്ന വർത്തമാനം കിട്ടിയതിനാൽ, യസീദുബ്നു മുഹല്ലബ് വീണ്ടും അവിടെ പോയി ആ രാജ്യം കീഴടക്കി. അവിടത്തെ കുറക്കാരെ ശിക്ഷിച്ചതിനു ശേഷം തബറസ്ഥാനിനെയും അദ്ദേഹം കരസ്ഥമാക്കി. തബറസ്ഥാനിൽ നിന്നു ശത്രുക്കളുടെ പക്കൽ നിന്നു അദ്ദേഹത്തിനു കരസ്ഥമായ ധനത്തിന്റെ അഞ്ചിലൊരംശം അറുപതു ലക്ഷം ദിർഹമുണ്ടായിരുന്നു.

സുലൈമാൻ ഹിജ്റഃ 98-ൽ സ്വസഹോദരനും, റോമക്കാരുടെ നേരെ നിയോഗിതനുമായിരുന്ന മസ്‌ലമത്തിനെ ഒരു വമ്പിച്ച സൈന്യവുമായി കോൺസ്റ്റാന്റിനോപ്പിളിലേക്കയച്ചു. മസ്‌ലമത്ത് ഒരു കൊല്ലം വരെ പട്ടണം വളഞ്ഞു നിന്നു. ഇതിന്നിടയിൽ സുലൈമാൻ പരേതനായിരിക്കുന്നുവെന്നു മസ്‌ലമത്തിനു വിവരം കിട്ടി.

സ്ഥാനാവകാശം:- സുലൈമാൻ ഒന്നാമതായി അദ്ദേഹത്തിന്റെ പുത്രൻ അയ്യൂബിനെ സ്ഥാനാവകാശിയായി നിയമിച്ചു. എങ്കിലും അയ്യൂബ് സുലൈമാന്റെ ജീവിതകാലത്തു തന്നെ മരിച്ചതിനാൽ, ഉമറുബ്നുഅബ്ദുൽ അസീസിനെ സ്ഥാനാവകാശിയായി നിയമിക്കുന്നതിനെക്കുറിച്ചു റജാഉബ്നുഹയാത്ത് എന്ന ആളുമായി അദ്ദേഹം ആലോചിച്ചു. റജാഅ് അനുകൂലിച്ചതനുസരിച്ചു അദ്ദേഹത്തെത്തന്നെ സ്ഥാനാവകാശിയാക്കുകയും ചെയ്തു. എങ്കിലും പ്രജകളെക്കൊണ്ടു് ബൈഅത്ത് ചെയ്യിച്ച അവസരത്തിൽ ഇന്ന ആളാണു് സ്ഥാനാവകാശിയെന്നു അദ്ദേഹം വ്യക്തമാക്കിയില്ല. അദ്ദേഹം ഉമറുബ്നുഅബ്ദുൽ അസീസിനെ സ്ഥാനാവകാ

ശിയായി നിയമിച്ച നിയമനപത്രം ഗ്രഥമായി എഴുതി ഒരു ലക്കോട്ടിലാക്കി മുദ്ര വെക്കുകയും കൂട്ടംബക്കാരെയെല്ലാം വിളിച്ചു കൂട്ടി, അതിൽ പ്രസ്താവിക്കപ്പെട്ട ആളെ ഖലീഫയാക്കിക്കൊള്ളാമെന്നും, അവരോട് സമ്മതിപ്പിക്കുകയുമാണ് ഉണ്ടായതു്.

വിയോഗം: ഹിജ്റഃ 99 സഫർ 21–ാംനു വെള്ളിയാഴ്ച ഖിൻസരീന്നടുത്തുള്ള ദാബിഖ് എന്നിടത്തു വെച്ചു തന്റെ 45–ാം വയസ്സിൽ സുലൈമാൻ നിര്യാതനായി. അദ്ദേഹത്തിന്റെ ഖിലാഫത്തുകാലം രണ്ടു വർഷവും എട്ടു മാസവും അഞ്ചു ദിവസവുമായിരുന്നു.

ഉമറുബ്നുഅബ്ദുൽഅസീസ്

ഹസ്രത്തു് ഉമറുബ്നുഅബ്ദുൽഅസീസ് ഹിജ്റഃ 62–ൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവായിരുന്ന അബ്ദുൽഅസീസ്, മർവാന്റെ മകനും അബ്ദുൽമലിക്കിന്നു ശേഷം ഖിലാഫത്തവകാശിയുമായിരുന്നു. എങ്കിലും അബ്ദുൽമലിക്കിന്റെ ജീവിതകാലത്തു് തന്നെ നിര്യാതനായിപ്പോയതിനാൽ അദ്ദേഹം ഖലീഫയാകുവാനിടയായില്ല. അദ്ദേഹത്തിന്റെ മാതാവു് ഹസ്രത്തു് ഉമർഫാറൂഖിന്റെ പുത്രനായ ആസിമിന്റെ മകളായിരുന്നു. ശൈശവകാലത്തു് പിതാവ് അദ്ദേഹത്തെ മദീനയിലേക്കു അയച്ചതിനാൽ അവിടെ നിന്നായിരുന്നു അദ്ദേഹം വളർന്നതു്. അവിടത്തെ കർമ്മശാസ്ത്രപണ്ഡിതന്മാരുടെയും മറ്റു വിദ്വാന്മാരുടെയും അടുക്കൽ നിന്നു അദ്ദേഹം വിദ്യാഭ്യാസം ചെയ്തു. ഉദ്യോഗത്തിലും ഖിലാഫത്തിലും ഏർപ്പെട്ടിരുന്നില്ലെങ്കിൽ അദ്ദേഹം അനുകരണീയന്മാരായ മഹാപണ്ഡിതന്മാരിൽ ഒരാളായി ഗണിക്കപ്പെട്ടുമായിരുന്നു. അതിനു തക്ക മതപാണ്ഡിത്യം അദ്ദേഹത്തിനു സിദ്ധിച്ചിട്ടുണ്ടായിരുന്നു. ഉമറുബ്നുഅബ്ദുൽഅസീസിന്റെ മുമ്പിൽ, അദ്ദേഹത്തിന്റെ ശിഷ്യന്മാരായിട്ടാണ് സകല

വിദ്വാന്മാരും കാണപ്പെട്ടിരുന്നതെന്നു മൈമൂനബ്നു മഹ്റാനും ഉമറുബ്നുഅബ്ദുൽഅസീസ് തങ്ങളുടെ പക്കൽ നിന്നു വല്ലതും പഠിക്കുമെന്നു കരുതിക്കൊണ്ടാണു് തങ്ങൾ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നിരുന്നതെങ്കിലും തങ്ങൾക്കു അദ്ദേഹത്തിന്റെ പക്കൽ നിന്നു പഠിക്കേണ്ടി വരികയാണു് ഉണ്ടായതു എന്നു മുജാഹിദും, അദ്ദേഹത്തെക്കുറിച്ചു പ്രസ്താവിച്ചിരിക്കുന്നു.

ഉമറുബ്നുഅബ്ദിൽഅസീസിന്റെ സൌശീല്യാദി ഗുണങ്ങൾ അവണ്ണനീയങ്ങളാണു്. വ്യാജം മനുഷ്യനു നാശകരമാണെന്നു അറിഞ്ഞതു മുതൽ ഒരിക്കലും താൻ വ്യാജം പറഞ്ഞിട്ടില്ലെന്നു അദ്ദേഹം തന്നെ പറഞ്ഞിരിക്കുന്നു. വലീദിന്റെ കാലത്തു് അദ്ദേഹം ഒരു ഉദ്യോഗസ്ഥനായി നിയമിക്കപ്പെട്ടു. അക്കാലത്തു് വിദ്വാന്മാരും സദാചാര നിരതരുമായി മദീനയിലുണ്ടായിരുന്ന ആളുകൾ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നിരിക്കുക പതിവായിരുന്നു. മദീനാ ഭരണ കർത്താവായിരുന്ന കാലത്തു പലപ്രാവശ്യം ഹാജിമാരുടെ നേതാവായി അദ്ദേഹം നിശ്ചയിക്കപ്പെട്ടു.

ഖിലാഫത്തു്: ഹിജ്റഃ 99–ൽ സുലൈമാൻ പരേതനായ അവസരത്തിൽ റജാഉബ്നുഹായ്ത്തു്, ബനൂഉമയ്യാഗോത്രക്കാരെ ദാബിഖ് പള്ളിയിൽ ഒരുമിച്ചു കൂട്ടി. വലീദിന്റെ നിയപനപത്രത്തിൽ പറയപ്പെട്ട ആളെ സ്ഥാനാവകാശിയായി സ്വീകരിച്ചു കൊള്ളാമെന്നു ഒരിക്കൽ കൂടി അവരോടു കരാർ ചെയ്യിച്ചതിനുശേഷം വലീദിന്റെ മരണവൃത്താന്തം അവരെ അറിയിച്ചു. ഇതിൽപ്പിന്നെ അദ്ദേഹം, മുദ്രവെച്ചു സൂക്ഷിക്കപ്പെട്ടിരുന്ന ആ നിയമന പത്രം തുറന്നു വായിച്ചു. അതിൽ ഉമറുബ്നു അബ്ദുൽഅസീസിന്റെ പേർ എഴുതപ്പെട്ടിരുന്നതു കൊണ്ടു് അദ്ദേഹത്തെ എഴുന്നേല്പിച്ചു പ്രസംഗപീഠത്തിൽ ഇരുത്തി. ഈ ഭാരം തന്റെ തലയിൽ വന്നു വീണല്ലോ എന്നോർത്തു് 'ഇന്നാലില്ലാഹ്' (ആപത്തുസമയത്തു് ഉച്ചരിക്കുന്ന

ഖുർആൻ വചനം) ഉച്ചരിക്കുകയാണു് അദ്ദേഹം ചെയ്തിരുന്നതു്. എന്നാൽ അതേ അവസരത്തിൽത്തന്നെ, ഖിലാഫത്തധികാരം കിട്ടാതിരുന്നതുകൊണ്ടു് ഹിശാമുബ്നുഅബ്ദുൽമലിക്കും ഇന്നാലില്ലാഹ് ഉച്ചരിച്ചിരുന്നു. തിരഞ്ഞെടുപ്പു നടന്നപ്പോഴേക്കു ഖലീഫയുടെ പ്രത്യേക വാഹനം എത്തിക്കഴിഞ്ഞു. എന്നാൽ ആ പദവിയും ബഹുമതിയും അനുഭവിക്കുവാൻ അദ്ദേഹത്തിനു ഇഷ്ടമുണ്ടായില്ല. തന്റെ കുതിരപ്പുറത്തു തന്നെയായിരുന്ന അദ്ദേഹം കയറിയതു്. ജനങ്ങൾ അദ്ദേഹത്തെ ഖിലാഫത്തു് കൊട്ടാരത്തിലേക്കു കൊണ്ടുപോകുവാൻ ഒരുങ്ങിയപ്പോൾ, അവിടെ അയ്യൂബിന്റെ ഭാര്യയും മക്കളും ഉള്ളതുകൊണ്ടു് അവർ ജീവിച്ചിരിക്കുന്ന കാലത്തോളം സ്വന്ത വസതിയിൽ തന്നെയാണു് താൻ താമസിക്കുന്നതെന്നു അദ്ദേഹം പ്രസ്താവിച്ചു.

ഭരണപരിഷ്കാരം

ഉമറുബ്നുഅബ്ദുൽഅസീസു് മുസ്ലിം സമുദായത്തിൽ പ്രജാധിപത്യഭരണത്തിനു വീണ്ടും ജീവൻ നൽകി. അദ്ദേഹം ഭരണസമ്പ്രദായത്തെ നവീകരിച്ചു യഥാർത്ഥ ഇസ്ലാംമത ശാസനയ്ക്കനുയോജ്യമാക്കി. തന്നിമിത്തം ഇസ്ലാംമത പണ്ഡിതന്മാർ അദ്ദേഹത്തെ ഖുലഫാഉർറാശിദുകളിൽ ഉൾപ്പെടുത്തുകയും രണ്ടാം നൂറ്റാണ്ടിലെ മുജദ്ദിദായി (പരിഷ്കാരിയായി) ഗണിക്കുകയും ചെയ്തിരിക്കുന്നു.

സ്വാർത്ഥതല്പരന്മാരായ ഭരണകർത്താക്കന്മാരും ഉദ്യോഗസ്ഥന്മാരും ഇസ്ലാംരാജ്യങ്ങളിൽ നിന്നു കാഴ്ചകളുടെ രൂപത്തിലും മറ്റു അക്രമമായ വിധത്തിലും ധനം കരസ്ഥമാക്കിവന്നിരുന്ന സമ്പ്രദായത്തെ അദ്ദേഹം പെട്ടെന്നു നിർത്തൽചെയ്തു. ജനദ്രോഹികളായിരുന്ന സർവ്വ ഉദ്യോഗസ്ഥന്മാരെയും അദ്ദേഹം പിരിച്ചുകളഞ്ഞു. പ്രത്യേകിച്ചും മദ്യനാസക്തന്മാരായിരുന്ന

ഹജ്ജാജ് വംശജന്മാരെ സർവ്വ ഉദ്യോഗങ്ങളിൽ നിന്നും നീക്കി യമനിലേക്കയയ്ക്കുകയും അവരെ പലയിടങ്ങളിലായി പരസ്പരം അകറ്റി താമസിപ്പിക്കുകയും ചെയ്തു.

താൻ രണ്ടുകോടി ദിർഹം പിരിച്ചെടുത്തിരിക്കുന്നുവെന്നു ഖുറാസാൻ ഭരണകർത്താവായിരുന്ന യസീദുബ്നുമുഹല്ലബ്, മുമ്പ് ഖലീഫയായിരുന്ന സുലൈമാനെ എഴുത്തുമൂലം അറിയിച്ചിട്ടുണ്ടായിരുന്നു. തന്നിമിത്തം ഉമറുബ്നുഅബ്ദുൽ അസീസ് അദ്ദേഹത്തെ വിളിച്ചുവരുത്തി അദ്ദേഹത്തോട് കണക്കു ചോദിച്ചു. കീർത്തിക്കുവേണ്ടിയായിരുന്നു താൻ അങ്ങിനെ എഴുതിയിരുന്നതെന്നും സുലൈമാൻ തന്നോട് സംഖ്യ ചോദിക്കുന്നതല്ലെന്നു തനിക്കു ഉറപ്പുണ്ടായിരുന്നുവെന്നും അദ്ദേഹം മറുപടി പറഞ്ഞു. ആ സംഖ്യ മുസ്ലിംകളുടെ ധനമാകയാൽ കിട്ടാതെ കഴികയില്ലെന്നു ഖലീഫ പ്രസ്താവിച്ചു. എന്നിട്ടും സംഖ്യ കൊടുക്കാതിരുന്നതുകൊണ്ട് യസീദിനെ അദ്ദേഹം തടവിലാക്കുകതന്നെ ചെയ്തു.

സമർഖന്ത് നിവാസികളായിരുന്ന ദിമ്മികളിൽ നിന്നു (മുസ്ലിം ഭരണത്തിനു കീഴടങ്ങിയ ഇതരമതസ്ഥന്മാർ) ഒരു നിവേദകസംഘം അദ്ദേഹത്തിന്റെ അടുക്കൽ വരികയും, ഖത്തീബത്തുബ്നുമുസ്ലിം തങ്ങളുടെ ചിലഭൂസ്വത്തുക്കൾ അന്യായമായി കരസ്ഥമാക്കി മുസ്ലിംകൾക്കു കൊടുത്തിട്ടുള്ളതുകൊണ്ട്, അവയെക്കുറിച്ചു ന്യായമായ ഒരു തീരുമാനമുണ്ടാക്കിക്കൊടുക്കണമെന്നു അദ്ദേഹത്തോട് അപേക്ഷിക്കുകയും ചെയ്തു. അതനുസരിച്ചു അദ്ദേഹം അവിടത്തെ ഭരണകർത്താവായിരുന്ന സുലൈമാനുബ്നുഅബിസ്സരീ എന്ന ആൾക്കു ഇപ്രകാരം ഉത്തരവുകൊടുത്തു. "ഖത്തീബത്ത് അന്യായമായി പ്രവർത്തിച്ചുവെന്നു സമർഖന്തുകാർ എന്റെ അടുക്കൽ സങ്കടം ബോധിപ്പിച്ചിരിക്കുന്നു. ഇതിന്റെ വാസ്തവം നല്ലപോലെ അന്വേഷിച്ചറിഞ്ഞു വിധി പറയുവാനായി ഒരു ന്യായാധിപനെ

നിയമിക്കുക. അവരുടെ സ്വത്തു് അന്യായമായി വല്ല പട്ടാള ക്കാക്കും കൊടുത്തുപോയിട്ടുണ്ടെങ്കിൽ ആ പട്ടാളക്കാരെ പ ട്ടണത്തിൽനിന്നു സൈന്യത്തിലേക്കു വിളിച്ചുവരുത്തുകയും സ്വത്തു് ഉടമസ്ഥന്മാക്കു വിട്ടുകൊടുക്കുകയും ചെയ്യുക"

ഇതിനെക്കുറിച്ചു വിധി പ്രസ്താവിക്കുവാൻ ജുമീഉബ്നു ഹാസിർ എന്ന ന്യായാധിപനെ സുലൈമാൻ അധികാരപ്പെട്ടു ത്തി. ഖത്തീബത്തു് പ്രവർത്തിച്ചതു ന്യായവിരുദ്ധമായിരുന്നു വെന്നും അതുകൊണ്ടു് ഉടമ്പടി ദുർബ്ബലപ്പെടുത്തേണ്ടതും അ വിടെയുള്ള സൈന്യം പട്ടണംഉപേക്ഷിച്ചു മറ്റു ഭടന്മാരുടെഅ ടുക്കലേക്കു പോരേണ്ടതും പിന്നീടു് രാജ്യം കൈവശപ്പെടുത്തു കയൊ പുതുതായി ഉടമ്പടി നടത്തുകയൊ ചെയ്യേണ്ടതുമാണെ ന്നും ന്യായാധിപൻ വിധി പ്രസ്താവിച്ചു. എന്നാൽ രണ്ടാമ തൊരു യുദ്ധമൊ, കരാറൊ നടത്തുന്നതു അനുചിതമാണെന്നു കരുതി സമർഖന്തുകാർ അന്യായം പിൽവലിക്കുകയാണു് ഉ ണ്ടായതു്.

കൊല്ലുക, കൈമുറിക്കുക എന്നിവ ഇസ്ലാമിക ശിക്ഷക ളാണെങ്കിലും ചില പ്രത്യേക കുറ്റങ്ങളിൽ മാത്രമെ ഇവയെ ഉപയോഗപ്പെടുത്തുവാൻ പാടുള്ളു. എന്നാൽ അക്രമികളായ ഉദ്യോഗസ്ഥന്മാർ സ്വൽ കുറ്റക്കാക്കും ഈ ശിക്ഷകൾതന്നെ നല്കിവന്നു. തന്നിമിത്തം, തന്നെ അറിയിച്ചല്ലാതെ ഇത്തരം ശിക്ഷകൾ ആക്കും നല്കുവാൻ പാടില്ലെന്നു സ്വൽ ഉദ്യോഗസ്ഥ ന്മാക്കും ഉമറുബ്നുഅബ്ദുൽ അസീസ് ഉത്തരവുകൊടുത്തു.

ഖലീഫയായതിനുശേഷം അദ്ദേഹം യൂസുഫുകളെയും മറ്റു ഗോത്രക്കാരെയും വിളിച്ചുകൂട്ടി അവരോടു ഇപ്രകാരം പ റഞ്ഞു. "ഫിദക്കു് (ഒരു തോട്ടം) റസൂൽ തിരുമേനിയുടെ അ ധീനത്തിലാണു് സ്ഥിതിചെയ്തിരുന്നതു്. തിരുമേനിക്കുശേ ഷം അബൂബക്കറും അദ്ദേഹത്തിനുശേഷം ഉമറും അതിനെ ശരിയായ മാർഗ്ഗത്തിൽ ഉപയോഗപ്പെടുത്തി. ഒടുവിൽ

മർവാൻ അതു തന്റെ സ്വന്ത സ്വത്താക്കി എടുത്തു. ഇപ്പോൾ അതു എന്റെ വശം കിട്ടിയിരിക്കുന്നു. ഞാൻ ആ സ്വത്തിനെ നബിയുടെകാലത്തു വിനിയോഗിച്ചിരുന്ന മാഗ്രത്തിലേക്കു മടക്കിയിരിക്കുന്നുവെന്നു നിങ്ങളെ സാക്ഷ്യപ്പെടുത്തി പറഞ്ഞുകൊള്ളുന്നു." ഇതിൽപ്പിന്നെ അദ്ദേഹം മുസാഹിം എന്ന തന്റെ അടിമയോടു ഇങ്ങിനെ പറഞ്ഞു: "എനിക്കു കരസ്ഥമായിട്ടുള്ള സ്വത്തുക്കൾ, എനിക്കു സമ്പാദിച്ചു തന്നിട്ടുള്ളവരാരോ അവർക്കു അതുകൾ തിരുവാനും എനിക്കു വാങ്ങുവാനും അവകാശമുണ്ടായിരുന്നില്ല. അതുകൊണ്ടു അവയെ കൈവിട്ടുകളയുവാൻ ഞാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു." "കുട്ടംബങ്ങൾക്കു പിന്നെ എന്താണു് ഉണ്ടാകുക?" എന്നു മുസാഹിം ചോദിച്ചു. അദ്ദേഹം ഇരുനേത്രങ്ങളിൽ നിന്നും കണ്ണുനീർ പൊഴിച്ചുകൊണ്ടു, അവരെ താൻ അല്ലാഹുവിങ്കൽ ഭരമേല്പിച്ചിരിക്കുന്നുവെന്നു സമാധാനം പറഞ്ഞു. മുസാഹിം അവിടെനിന്നു പുറപ്പെട്ട ഖലീഫയുടെ ചെറുപ്രായക്കാരനായിരുന്ന അബ്ദുൽമലിക്കു് എന്ന പുത്രനോടു ഇപ്രകാരം പറഞ്ഞു. "അമീറുൽമുഅ്മിനീൻ തന്റെ സ്വത്തുക്കൾ മടക്കിക്കൊടുക്കുകയായിരുന്നു. ഞാൻ നിങ്ങളെ വിചാരിച്ചു അദ്ദേഹത്തെ അതിനു സമ്മതിച്ചില്ല." അബ്ദുൽമലിക്കു പിതാവിന്റെ ഗുണങ്ങളോടുകൂടിയ ഒരു ബാലനായിരുന്നു. "നിങ്ങൾ ഖലീഫയുടെ ഉപദേഷ്ടാവാണു്" എന്നായിരുന്ന ആ ബാലൻ മുസാഹിമിനോടു മറുപടി പറഞ്ഞതു്. ബാലൻ തന്നെ ഉമറുബ്നുഅബ്ദുൽ അസീസിന്റെ അടുക്കൽച്ചെന്നു താൻ മുസാഹിമിന്റെ പക്കൽ നിന്നു കേട്ട വർത്തമാനം അദ്ദേഹത്തെ അറിയിച്ചതിൽപ്പിന്നെ അദ്ദേഹം എന്താണു് ചെയ്വാൻ വിചാരിക്കുന്നതെന്നു ചോദിച്ചു. അന്നു വൈകുന്നേരത്തിനു മുമ്പായി ആ കൃത്യം താൻ നിർവ്വഹിക്കുന്നതാണെന്നു അദ്ദേഹം പറഞ്ഞപ്പോൾ ബാലൻ ഇപ്രകാരം അപേക്ഷിച്ചു. "വേഗം ചെയ്യേ

ണ്ടതാണു്. രാത്രി എന്താണു് സംഭവിക്കുകയെന്നു അറിഞ്ഞുകൂടല്ലോ. താങ്കളുടെ മനസ്സിൽ മറ്റു വല്ല വിചാരവും ഉണ്ടായിത്തീരുവാൻ ഇടവരും." ഉമർ പുത്രന്റെ സദുദ്ദേശം അറിഞ്ഞു ഇങ്ങനെ പ്രസ്താവിച്ചു. "മതകാര്യത്തിൽ എന്നെ സഹായിക്കുന്ന സന്താനങ്ങളെ എനിക്കു പ്രദാനംചെയ്ത അല്ലാഹുവിനെ ഞാൻ സ്തുതിക്കുന്നു." അദ്ദേഹം അതേ അവസരത്തിൽത്തന്നെ സ്വന്ത കൈവശത്തിലും പുത്രകളത്രാദികളുടെ പക്കലുമുണ്ടായിരുന്ന സ്വത്തുക്കളും അവയുടെ അവകാശികൾക്കു മടക്കിക്കൊടുത്തു. തന്റെ കുടുബക്കാരുടെ (ബന്ധുമിത്രാഗോത്രക്കാരുടെ) പക്കലുണ്ടായിരുന്നതും അവർ അക്രമമായി കൈവശം വെച്ചിരുന്നതുമായ സ്വത്തുക്കളും അവരുടെ പക്കൽ നിന്നു വാങ്ങി അവയുടെ യഥാർത്ഥ അവകാശികൾക്കു അദ്ദേഹം കൊടുക്കുകയുണ്ടായി.

ബന്ധുമിത്രാഗോത്രക്കാർക്കു ഖലീഫയുടെ ഈ കൃത്യം അസഹനീയമായി ഭവിച്ചു. അവർ അദ്ദേഹത്തെ ഉപദേശിക്കുവാനായി അദ്ദേഹത്തിന്റെ പിതൃസഹോദരിയും മർവാന്റെ മകളുമായിരുന്ന ഫാത്തിമത്തിനെ അദ്ദേഹത്തിന്റെ അടുക്കലേക്കു കൊണ്ടുവന്നു. ഫാത്തിമത്തിനോട്ട അദ്ദേഹത്തിന്നു വലിയ ഭക്തിയുണ്ടായിരുന്നു. ആ സ്ത്രീ വന്ന അവസരത്തിൽ ഉമുബ്നുഅബ്ദുൽ അസീസ് ഇപ്രകാരം പ്രസ്താവിച്ചു. "പരിശുദ്ധനായ അല്ലാഹു ലോകത്തിനു അനുഗ്രഹമായി അയച്ചിരുന്ന പ്രവാചകവര്യൻ ലോകത്തിന്നു ഒരു ജലാശയത്തെ പ്രദാനം ചെയ്തിരിക്കുന്നു. തിരുമേനിയുടെ കാലത്തു അതിൽ നിന്നു വെള്ളംകുടിക്കുവാൻ എല്ലാവർക്കും ഒരുപോലെ അവകാശമുണ്ടായിരുന്നു. അനന്തരം ഖലീഫയായ അബൂബക്കറും ആ ജലാശയത്തെ മുൻസ്ഥിതിയിൽ നിലനിറുത്തി. ഉമറും അദ്ദേഹത്തെ പിന്തുടരുകയാണു് ഉണ്ടായതു്. അതിൽപ്പിന്നെ യസീദ്, മർവാൻ, അബ്ദുൽമലിക്ക്, വലീദ്, സുലൈമാൻ ഇവർക്കു ആ ജലാശയം കരസ്ഥമായ

പ്പോൾ ഇവർ അതിൽ നിന്നു വിവിധ തോട്ടകൾ വെട്ടിച്ചതിനാൽ അതു വരണ്ടുപോയിരിക്കുന്നു. അതിനെ പൂർവ്വസ്ഥിതിയിൽ തന്നെ ആക്കിത്തീർക്കുന്ന കാലത്തല്ലാതെ ജനങ്ങൾക്കു അതിൽ നിന്നു ദാഹം തീർക്കുവാൻ കഴിയുന്നതല്ല".

ഇതു കേട്ടപ്പോൾ ഫാത്തിമഃ "നിങ്ങളുടെ സഹോദരന്മാർ നിർബ്ബന്ധിച്ചതുകൊണ്ടു നിങ്ങളോടുപദേശിക്കുവാൻ വേണ്ടിയായിരുന്നു ഞാൻ വന്നതു്. എന്നാൽ നിങ്ങളുടെ അഭിപ്രായം ഇങ്ങിനെയാണെങ്കിൽ ഞാൻ ഒന്നും പറയുന്നില്ല" എന്നു പറഞ്ഞു മടങ്ങിപ്പോന്നു. അനന്തരം ഫാത്തിമഃ ബനൂഉമയ്യാഗോത്രക്കാരെ വിവരം അറിയിച്ചു. "എല്ലാം ചെയ്തതു നിങ്ങൾ തന്നെയാണു്. ഉമറുബ്നുൽ ഖത്താബിന്റെ പൌത്രിയുമായി നിങ്ങൾ വിവാഹബന്ധം സ്ഥാപിച്ചുവല്ലൊ. ആ മാതൃവഴിക്കനുസരിച്ച മക്കളാണു് ഇപ്പോൾ ഉണ്ടായിട്ടുള്ളതു്" എന്നു ആ സ്ത്രീ പ്രസ്താവിച്ചു.

ഉദ്യോഗസ്ഥനായിരുന്ന കാലത്തു വളരെ പദവിയിലായിരുന്ന ഉമറുബ്നുഅബ്ദുൽ അസീസ് ജീവിതം നയിച്ചിരുന്നതു്. എങ്കിലും ഖലീഫയായതിൽപ്പിന്നെ ദിനംപ്രതി രണ്ടു ദിർഹം (8ണ) മാത്രമേ അദ്ദേഹം സ്വന്തചിലവിന്നു വിനിയോഗിച്ചിരുന്നുള്ളു. ഹസ്രത്ത" ഉമറിനെപ്പോലെതന്നെ രുചി കുറഞ്ഞ ആഹാരംകൊണ്ടും വിലചുരുങ്ങിയ വസ്ത്രംകൊണ്ടും അദ്ദേഹം തൃപ്തിപ്പെട്ടു.

യുദ്ധങ്ങൾ.

ഉമറുബ്നുഅബ്ദുൽ അസീസിന്റെ ഭരണകാലത്തു ശത്രുക്കൾ ആദർബീജാൻ രാജ്യത്തെ ആക്രമിക്കുകയും അവിടത്തെ മുസ്ലിംകളെ കൊല്ലുകയും അവരുടെ ധനം കൊള്ളയിടുകയും ചെയ്തതിനാൽ അദ്ദേഹം ഇബ്നുഹാത്തം ബാഹിലിയെ സൈന്യവുമായി അവിടേക്കയച്ചു. ഇബ്നുഹാ

ത്തം ചെന്നു ശത്രുക്കളെ ശിക്ഷിച്ചു അവിടെനിന്നു പുറത്താക്കി. അദ്ദേഹം സ്പെയിനിലേക്കും യുദ്ധസാമഗ്രികളോടുകൂടി സഹായ സൈന്യത്തെ അയച്ചു. സുലൈമാന്റെ ഭരണകാലം മുതൽക്കു കോൺസ്റ്റാൻറിനോപ്പിൾ പട്ടണം വളഞ്ഞു നിന്നിരുന്ന മുസ്ലിം ഭടന്മാരുടെ സ്ഥിതി തൃപ്തികരമായിരുന്നില്ല. അവക്ക് അവിടെ പല ബുദ്ധിമുട്ടുകൾ നേരിട്ടതിനാൽ അദ്ദേഹം സേനാനായകനായിരുന്ന മസ്ലമത്തിനോടു അവരെയും കൊണ്ടു മടങ്ങിപ്പോരുവാൻ കല്പിച്ചു. റോമക്കാർ തന്ത എന്ന രാജ്യത്തെ ആക്രമിച്ചു കൊണ്ടിരുന്നതിനാൽ അവിടെയുണ്ടായിരുന്ന ഭടന്മാരെ അദ്ദേഹം മടക്കിവിളിക്കുകയും സൈന്യപാളയം പൊളിപ്പിക്കുകയും ചെയ്തു.

ഖാരിജികൾ: ഉമറുബ്നു അബ്ദുൽ അസീസ് നീതിതല്പരനായ ഖലീഫയാണെന്നു കണ്ടു, ഖാരിജികൾ അദ്ദേഹത്തോടു മത്സരിച്ചില്ല. അന്നത്തിലുള്ള സഹൃദയന്മാരായ ഖലീഫമാരോടു നേരിടുന്നതു നിഷ്ഫലമാണെന്നു അവർ പറയാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് ഇറാഖിൽ മാത്രം ഒരു ഖാരിജീസംഘം തലപൊക്കി. ഉമറുബ്നുഅബ്ദുൽ അസീസ് അവിടത്തെ ഉദ്യോഗസ്ഥനു ഇപ്രകാരം ഉത്തരവു കൊടുത്തു. "അവർ (ഖാരിജികൾ) വല്ല കലഹവും ഉണ്ടാക്കിയെന്നുവരാം. അവരെക്കുറിച്ചു അന്വേഷിച്ചുകൊണ്ടിരിക്കേണ്ടതിനു ഒരു നല്ല നേതാവിന്റെ കീഴിൽ ഒരു സേനയെ നിയമിക്കണം. അവർ ആരെയെങ്കിലും കൊലപ്പെടുത്തിയാലല്ലാതെ അവരെ ദ്രോഹിക്കരുതെന്നു ആ നേതാവിനോടു പറയണം". ഈ ഉത്തരവനുസരിച്ചു അബ്ദുല്ലാബ്നുജലിയുടെ പുത്രനായ മുഹമ്മദുബ്നുജുറൈറും രണ്ടായിരം ഭടന്മാരും നിയമിതരായി. ഖാരിജികളുടെ നേതാവായിരുന്ന ബസ്ത്താംയശ്കരി എന്ന ആൾക്കു ഉമറുബ്നു അബ്ദുൽ അസീസ് തന്നെ ഒരു കത്തെഴുതി. അതു ഇപ്രകാരമായിരുന്നു. "നിങ്ങൾ അല്ലാഹുവിന്റെയും റസൂൽ

തിരുമേനിയുടെയും മതത്തെ രക്ഷിക്കുവാനായി പുറപ്പെട്ടവരാണെന്നു ഞങ്ങൾ അറിഞ്ഞിട്ടുണ്ട്. ആ കൃത്യത്തിനു നിങ്ങളേക്കാൾ അവകാശമുള്ളവർ ഞങ്ങളാകുന്നു. നാം തമ്മിൽ ഒരു വാദപ്രതിവാദം നടത്തുവാനായി നിങ്ങൾ ഞങ്ങളുടെ അടുക്കലേക്കു വരുവിൻ. ഞങ്ങളാണു് സത്യമാർഗ്ഗത്തിലെങ്കിൽ, നിങ്ങൾ ഞങ്ങളുടെ കൂട്ടത്തിൽ ചേരണം. നിങ്ങളുടെ മാർഗ്ഗമാണു് സത്യമായിട്ടുള്ളതെന്നു തെളിയുന്ന പക്ഷം, നിങ്ങൾ പറയും പ്രകാരം ഞങ്ങൾ സമ്മതിച്ചുകൊള്ളാം''. ബസ്ത്താം അങ്ങിനെ ചെയ്യാമെന്നു സമ്മതിച്ചുകൊണ്ടു തന്റെ ഭാഗത്തു് വാദം നടത്തുവാനായി രണ്ടുപേരെ അയയ്ക്കുകയുണ്ടായി. വാദപ്രതിവാദം താഴെ ഉദ്ധരിക്കുന്നു:

ഉമറുബ്നുഅബ്ദുൽ അസീസ്: നിങ്ങൾ എന്തിനാണു് സമുദായത്തിൽ നിന്നു പിരിഞ്ഞുകളഞ്ഞതു്. ഞങ്ങളുടെ പ്രവൃത്തികളിൽ ഏതാണു് നിങ്ങൾക്കു തൃപ്തികരമല്ലെന്നു തോന്നുന്നതു്?

ഖാരിജീ: താങ്കൾ നീതിമാനും സന്മാർഗ്ഗിയുമാണു്. താങ്കളെ സംബന്ധിച്ചു വ്യക്തിപരമായ യാതൊരു ആക്ഷേപവും ഞങ്ങൾക്കില്ല. എങ്കിലും താങ്കൾ ഖലീഫയായതു സമുദായത്തിന്റെ ആനുകൂല്യത്തോടു കൂടിയൊ, അതല്ല ബലപ്രയോഗത്താലൊ എന്നു പറഞ്ഞാൽ കൊള്ളാം.

ഉമർ: ഞാൻ ഖിലാഫത്തധികാരം ആഗ്രഹിക്കുകയാകട്ടെ, ബലപ്രയോഗത്താൽ അതു കരസ്ഥമാക്കുകയാകട്ടെ, ചെയ്തിട്ടില്ല. എനിക്കു മുമ്പുണ്ടായിരുന്ന ഖലീഫ എന്നെ സ്ഥാനാവകാശിയായി നിശ്ചയിക്കുകയും അതു ഞാൻ സ്വീകരിക്കുകയുമാണു് ഉണ്ടായിട്ടുള്ളതു്. നിങ്ങളൊഴിച്ചു ആരും തന്നെ എന്നോടു മത്സരത്തിനു പുറപ്പെട്ടിട്ടില്ല. നീതിമാനും നിഷ്പക്ഷപാതിയുമായ ഒരു മുസ്ലിം, ഖലീഫയാകുന്നതിൽ നിങ്ങൾക്കു വിരോധമില്ലല്ലൊ. അതുകൊണ്ടു എന്നോടു നിങ്ങൾ മത്സരിക്കരുതു്. ഞാൻ നീതിയേയും നിഷ്പക്ഷപാ

തിത്വത്തെയും കൈക്കൊള്ളുന്നതായാൽ, ദോഷമില്ലല്ലൊ. അല്ലാത്തപക്ഷം നിങ്ങൾ എന്നെ അനുസരിക്കേണ്ടതില്ല.

ഖാരിജീ: ഞങ്ങൾക്കു ഒരു അപേക്ഷമാത്രമേയുള്ളു. താങ്കളുടെ മുൻഗാമികളായിരുന്ന ബനൂഉമയ്യാ ഗോത്രക്കാർ അന്യായമായും അക്രമമായും ധനം കൈക്കലാക്കിയതിനു 'മസാലിം' (അക്രമപ്രവൃത്തികൾ) എന്നു നാമകരണം ചെയ്ത ആ മുതലുകൾ താങ്കൾ, അവകാശികൾക്കു മടക്കിക്കൊടുത്തുവല്ലൊ. അതിനു അല്ലാഹു താങ്കൾക്കു പ്രതിഫലം നല്കട്ടെ! എന്നാൽ താങ്കൾ സന്മാർഗ്ഗത്തിലും അവർ ദുർമ്മാർഗ്ഗത്തിലും ആയിത്തീർന്ന സ്ഥിതിക്കു അവരെ താങ്കൾ ശപിക്കേണ്ടതാണു്.

ഉമർ: ഇഹലോകത്തിനു വേണ്ടിയല്ല, നേരെ മറിച്ചു പരലോകത്തിനു വേണ്ടിയാണു്, നിങ്ങൾ സമുദായവുമായി അകന്നു കളഞ്ഞതെന്നു എനിക്കു പൂർണ്ണവിശ്വാസമുണ്ടു്. എങ്കിലും നിങ്ങൾ അംഗീകരിച്ചിട്ടുള്ളതു പിഴച്ച മാർഗ്ഗമാണു്. അതിനെക്കുറിച്ചു ഞാൻ വ്യസനിക്കുന്നു. ''ഞാൻ ശപിക്കുവാൻവേണ്ടി നിയോഗിതനായിട്ടുള്ളവനല്ല'' എന്നു റസൂൽ തിരുമേനി അരുളിയിട്ടുണ്ടെന്നു നിങ്ങൾക്കു അറിയാമല്ലൊ. ഹസ്രത്ത് ഇബ്രാഹീം നബി(അ) പറഞ്ഞിരുന്നതായി, അദ്ദേഹത്തിന്റെ കഥയിൽ അല്ലാഹു ഉദ്ധരിച്ചിട്ടുള്ളതു ഇപ്രകാരമാണു്. ''വല്ലവനും എന്നെ അനുഗമിക്കുന്നതായാൽ അവൻ എന്റെ സംഘത്തിൽപ്പെട്ടവനും ആരെങ്കിലും അനുസരിക്കാതിരിക്കുന്നപക്ഷം, (ദൈവമെ) നീ മാപ്പുകൊടുക്കുന്നവനും ദയാലുവുമാണു്''. ഈ പ്രവാചകന്മാരെ അനുകരിക്കേണ്ടതു മുസ്ലിംകളുടെ കടമയല്ലേ? എന്റെ മുൻഗാമികളുടെ പ്രവൃത്തികളെ ഞാൻ അക്രമങ്ങളായി ഗണിച്ചതു തന്നെ അവക്കു വേണ്ടതു അപമാനകരമായിട്ടുണ്ടു്. കുറക്കാരെ ശപിച്ചേ കഴിയൂ എന്നു വല്ല വിധിയുമുണ്ടോ? നിങ്ങൾ

ഫിർഔനിനെ ശപിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിച്ചു കൊള്ളുന്നു.

ഖാരിജീ: അവനെ വല്ലപ്പോഴും ശപിച്ചിട്ടുണ്ടോ എന്നു ഞാൻ ഓർക്കുന്നില്ല.

ഉമർ: ജനങ്ങളിൽ വെച്ചു ദുർമ്മാർഗ്ഗിയും അല്ലാഹുവിന്റെ മതത്തിനു കഠിനശത്രുവുമായിരുന്ന ഫിർഔനിനെ നിങ്ങൾ ശപിക്കാത്ത സ്ഥിതിക്കു മുസ്‌ലിംകളും മതാനുസാരികളുമായിരുന്ന എന്റെ മുൻഗാമികളെ ഞാൻ ശപിക്കണമെന്നു നിങ്ങൾ നിർബ്ബന്ധിക്കുന്നുവല്ലോ.

ഖാരിജീ: അക്രമപ്രവൃത്തികൾ ചെയ്തതു കൊണ്ടു അവർ അമുസ്‌ലിംകളായിപ്പോയിരിക്കുന്നു.

ഉമർ: ഒരിക്കലുമില്ല. ഇസ്ലാംമതം പ്രബോധം ചെയ്തതു റസൂൽ തിരുമേനിയാണു്. അദ്ദേഹത്തിന്റെ പ്രബോധനം സത്യമാണെന്നു സമ്മതിച്ച ഏതൊരാളും മുസ്‌ലിമാണു്. അവന്റെ പക്കൽ നിന്നു വല്ലവീഴ്ചയോ പിഴവോ വന്നുപോയാലും അവൻ ഇസ്‌ലാമിൽ നിന്നു ദൂരീകൃതനല്ല. കുറ്റത്തിന്നനുസരിച്ച ശിക്ഷയ്ക്കു അവൻ പാത്രീഭവിക്കുമെന്നേയുള്ളു.

ഖാരിജീ: അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുകയെന്നതു ഇസ്ലാം മതത്തിൽ പെട്ടതാകുന്നു. അതു കൊണ്ടു അവരുടെ കല്പനകളനുസരിച്ചു പ്രവർത്തിക്കാത്തവർ, അമുസ്‌ലിംകളാണു്.

ഉമർ: അല്ലാഹുവിന്റെയും റസൂലിന്റെയും കല്പകൾ പ്രകാരം പ്രവർത്തിക്കുകയില്ലെന്നു എന്റെ മുൻഗാമികളിൽ ആരും പറഞ്ഞിരുന്നില്ല. നിർഭാഗ്യവശാൽ ആ കല്പനകളെ പൂർണ്ണമായി അനുഷ്ഠിക്കുവാൻ അവർക്കു കഴിഞ്ഞില്ലെന്നേയുള്ളു.

ഖാരിജീ: അവർ മതത്തിനു വിപരീതം പ്രവർത്തിച്ചവരാകയാൽ താങ്കൾ അവരെ വെറുക്കേണ്ടതാണു്.

ഉമർ: ഹസ്രത്ത് അബൂബക്കർ മത പരിത്യാഗികളുമായി

യുദ്ധം ചെയ്ത അവസരത്തിൽ അവരുടെ ഭാര്യമാരെയും മക്കളെയും ബന്ധനസ്ഥരാക്കിയിരുന്നുവെന്നു നിങ്ങൾക്കു അറിയാമല്ലോ.

ഖാരിജീ: അറിയാം

ഉമർ: ഹസ്രത്തു് ഉമർ തന്റെ ഭരണ കാലത്തു്, മത പരിത്യാഗികളുടെ ഭാര്യമാരെയും മക്കളെയും അടിമകളാക്കി നിർത്തുന്നതു ശരിയല്ലെന്നു കണ്ടു അവരെ പിഴ വാങ്ങി മോചിതരാക്കിയതും നിങ്ങൾ അറിയുന്നുണ്ടല്ലോ.

ഖാരിജി: അറിയുന്നുണ്ടു്.

ഉമർ: എന്നാൽ ഹസ്രത്തു് ഉമർ, ഹസ്രത്തു് അബൂബക്കറിന്റെ ആ പ്രവൃത്തി നിമിത്തം അദ്ദേഹത്തെ വെറുത്തിരുന്നുവോ?

ഖാരിജീ: ഇല്ല.

ഉമർ: ഈ പരസ്പര വിരുദ്ധങ്ങളായ പ്രവൃത്തികളാൽ ആ രണ്ടു മഹാന്മാരെ നിങ്ങൾ വെറുത്തിട്ടുണ്ടോ?

ഖാരിജീ: ഇല്ല.

ഉമർ: കവർച്ചയും, കൊലയും ന്യായാനുസൃതമാണെന്നു നിങ്ങളുടെ മുൻഗാമികളായിരുന്ന നഹ്റുവാൻകാരിൽ പെട്ട ക്രൂഫക്കാർ വിശ്വസിച്ചിരുന്നില്ല. നേരെ മറിച്ചു, അവരിൽ പ്പെട്ട ബസറക്കാർ അബ്ദുല്ലാഹിബ്നുജന്നാബിനെയും അയാളുടെ ഗർഭിണിയായിരുന്ന ഭാര്യയെയും കൊല്ലുകയുണ്ടായി. എന്നാൽ ക്രൂഫക്കാർ ഇതു നിമിത്തം അവരെ വെറുത്തിട്ടുണ്ടോ?

ഖാരിജീ: ഇല്ല.

ഉമർ: ഇതു ഭിന്നാഭിപ്രായക്കാരായ ഈ രണ്ടു സംഘക്കാരെ നിങ്ങൾ വെറുക്കുന്നുണ്ടോ?

ഖാരിജീ: ഇല്ല.

ഉമർ: നിങ്ങൾ അബൂബക്കർ, ഉമർ, ഇവരെയും ബസറ, ക്രൂഫ, ഇവിടത്തുകാരെയും സ്നേഹിക്കുകയും, എന്റെ കൂട്ടം ബത്തിലെ മാന്യന്മാരെ വെറുക്കണമെന്നു എന്നോടു നിർബ്ബ

ന്ധിക്കുകയും ചെയ്യുന്നവല്ലോ. നിങ്ങൾ മൂഢന്മാരാകുന്നു. നബിയുടെ മുമ്പാകെ സാക്ഷ്യവചനം (ശഹാദത്ത് കലിമഃ) ഉച്ചരിക്കുന്ന ഏതു മനുഷ്യന്റെയും ജീവനും ധനവും പദവിയും രക്ഷപ്പെട്ടിരുന്നു. നേരെ മറിച്ചു നിങ്ങൾ മുസ്ലിംകളെ കൊല്ലുകയും അമുസ്ലിംകളെയും ബഹു ദൈവവിശ്വാസികളെയും കൊല്ലുകയോ, അവരുടെ മുതലുകൾ കരസ്ഥമാക്കുകയോ ചെയ്യുന്നതാണു് തെറ്റെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

ഖാരിജീ: ശരി. എന്നാൽ ഒന്നു കൂടി ചോദിക്കുവാനുണ്ടു്. ഒരുവൻ സമുദായത്തിന്റെ ഭരണകർത്തൃത്വം വഹിച്ചു നീതിയായും നിഷ്പക്ഷമായും ഭരണം നടത്തുന്നുണ്ടെങ്കിലും നീതിയെയും പക്ഷപാതരാഹിത്യത്തെയും അനുഷ്ഠിക്കുവാനിടയില്ലാത്ത ഒരാൾക്കു ആ ഭരണം ഭരമേല്പിക്കുന്നതായാൽ, അവന്റെ ബാഹ്യതയെ അവൻ നിറവേറ്റിയെന്നു താങ്കൾക്കു അഭിപ്രായമുണ്ടോ?

ഉമർ: ഇല്ല.

ഖാരിജീ: എന്നാൽ ഖിലാഫത്തധികാരം താങ്കൾക്കു ശേഷം അബ്ദുൽമലിക്കു് മകൻ യസീദിനു കൊടുത്തു താങ്കളുടെ ഉത്തരവാദിത്വത്തിൽ നിന്നു മോചിതനാകുവാൻ താങ്കൾക്കു സാധിക്കുമോ? അദ്ദേഹം നീതിയെ കൈക്കൊള്ളുമെന്നു പ്രതീക്ഷിക്കുവാൻ നിവൃത്തിയില്ല.

ഉമർ: അങ്ങിനെ ചെയ്തതു ഞാനല്ല. എനിക്കു മുമ്പു ഖലീഫയായിരുന്ന സുലൈമാൻ എന്നെയും എനിക്കു ശേഷം യസീദിനെയും ഖിലാഫത്തവകാശികളായി നിയമിച്ചു.

ഖാരിജീ: സുലൈമാൻ അങ്ങിനെ ചെയ്തതു ന്യായാനുസ്യൂതമാണെന്നു താങ്കൾ വിചാരിക്കുന്നുണ്ടോ?

ഈ ചോദ്യത്തിനു ഉമറുബ്നുഅബ്ദുൽഅസീസ് മറുപടി പറയാതെ മൌനം ദീക്ഷിക്കുകയും മറുപടിക്കു രണ്ടു ദിവസത്തെ അവധി ചോദിക്കുകയുമാണു് ഉണ്ടായതു്. ഈ വാദപ്രതിവാദത്തിന്റെ ഫലമായി ഖാരിജികളുടെ ഭാഗത്ത്

വാദം നടത്തിയിരുന്ന രണ്ടു പേരിൽ ഒരാൾ അവരുടെ കൂട്ടത്തിൽ നിന്നു പിരിഞ്ഞു സന്മാർഗ്ഗത്തെ അവലംബിച്ചു. കലഹത്തിന്നൊരുങ്ങിയിരുന്ന ഖാരിജികൾ അവസാനം അതിൽ നിന്നു പിന്മാറുകയുണ്ടായി.

ഉമറിന്റെ വിയോഗം

രണ്ടു കൊല്ലവും അഞ്ചു മാസവും നാലു ദിവസവും മാത്രം ഖിലാഫത്തധികാരം വഹിച്ചു, ഹിജ്റഃ 101 റജബ് 25–ാം നു തന്റെ 39–ാം വയസ്സിൽ ഉമറുബ്നുഅബ്ദുൽഅസീസ് ദൈർസംആൻ എന്നിടത്തു വെച്ചു ചരമം പ്രാപിച്ചു. അദ്ദേഹത്തിന്നു താഴെ പറയുന്ന മൂന്നു ഭാര്യമാരുണ്ടായിരുന്നു.

1. അബ്ദുൽമലിക്കു് മകൾ ഫാത്തിമഃ. ഇസ്ഹാഖ്, യഅ്ഖൂബ്, മൂസാ എന്നീ മൂന്നു പുത്രന്മാർ ഇവരിൽ ജനിച്ചു.

2. അലിയ്യുബ്നുഹാരിതിന്റെ മകൾ ലമീസ്. അബ്ദുല്ല, ബക്കർ എന്നീ രണ്ടു പുത്രന്മാരും അമ്മാറഃ എന്ന പുത്രിയും ഇവരിൽ ജാതരായി.

3. ശുഐബ് മകൾ ഉമ്മുഉസ്മാൻ. ഇവരിൽ ഇബ്രാഹീം എന്ന ഒരു പുത്രൻ മാത്രമേ ഉണ്ടായിരുന്നുള്ളു.

അബ്ദുൽമലിക്കു്, വലീദ്, ആസിം, യസീദ്, അബ്ദുല്ല, അബ്ദുൽഅസീസ്, റയ്യാൻ എന്നീ പുത്രന്മാരും രണ്ടു പുത്രിമാരും അടിമ സ്ത്രീകളിൽ ജനിച്ചവരായിരുന്നു.

സ്വഭാവം: മരണ സമയത്തു് 21 ദീനാർ മാത്രമേ ഉമറുബ്നുഅബ്ദുൽഅസീസിന്റെ ഉടമയിൽ ഉണ്ടായിരുന്നുള്ളു. ഇതിൽ നിന്നു ഏതാനും സംഖ്യ അദ്ദേഹത്തിന്റെ ശവസംസ്കാരത്തിൽ ചെലവായി. ബാക്കിയുണ്ടായിരുന്നതു അവകാശികൾ പങ്കുവെച്ചെടുത്തു.

മുഹമ്മദുബ്നുഅബീബക്കറിന്റെ മകനായ ഖാസിമിന്റെ പുത്രൻ അബ്ദുർറഹ്മാൻ ഇങ്ങിനെ പ്രസ്താവിച്ചിരി

ക്കുന്നു. "ഉമറുബ്നുഅബ്ദുൽഅസീസിന്നു പതിനൊന്നു പുത്രന്മാരുണ്ടായിരുന്നു. ഇവരിൽ ഓരോരുത്തനു ലഭിച്ച പിതൃസ്വത്തു് ഓരോ ദീനാറായിരുന്നു. ഹിശാമുബ്നുഅബ്ദുൽമലിക്കിന്നും പതിനൊന്നു പുത്രന്മാരാണു് ഉണ്ടായിരുന്നതു്. അവക്കു പതുപ്പത്തു ലക്ഷം ദിർഹം പിതൃസ്വത്തു് സിദ്ധിച്ചു. എന്നാൽ ഉമറിന്റെ പുത്രന്മാരിലൊരാൾ യുദ്ധാവശ്യത്തിലേക്കു 100 കുതിര കൊടുത്തതും ഹിശാമിന്റെ ഒരു പുത്രൻ ജനങ്ങളുടെ പക്കൽ നിന്നു ഇരന്നു കൊണ്ടിരുന്നതും ഒരു ദിവസം ഞാൻ കാണുകയുണ്ടായി".

ആചാരം: ഹസ്രത്തു് ഉമറുബ്നുഅബ്ദുൽഅസീസു് രാജാക്കന്മാർക്കു സ്വസാധാരണമായ പദവിയും പ്രതാപവും ഇഷ്ടപ്പെട്ടിരുന്നില്ല. നേരെ മറിച്ചു അവയെ വെറുക്കുകയാണു് അദ്ദേഹം ചെയ്തിരുന്നതു്. അദ്ദേഹം തന്റെ ഭരണ കാലത്തു് ഖുലഫാഉർറാശിദീൻ ഭരണ കാലത്തെ മാതൃകാ യോഗ്യമായ നീതിയെയും സമത്വത്തെയും ഒരു തവണ കൂടി സമുദായത്തിൽ വേരുറപ്പിച്ചു. പ്രജകളുടെ ധനത്തെയും അവകാശത്തെയും അദ്ദേഹം പരിരക്ഷിച്ചു. അദ്ദേഹത്തിന്നു പ്രജകളോടു പുത്രനിർവ്വിശേഷമായ വാത്സല്യമുണ്ടായിരുന്നു. അവരുടെ ക്ഷേമത്തെ ഉദ്ദേശിച്ചു അദ്ദേഹം അവിടവിടെ സത്രങ്ങളും അതിഥി മന്ദിരങ്ങളും പണിയിച്ചു. മുൻഗാമികളായ ഭരണകർത്താക്കളുടെ ദ്രോഹങ്ങൾ നിമിത്തം ഉണ്ടായിത്തീർന്ന സർവ്വ ദോഷങ്ങളെയും അദ്ദേഹം പരിഹരിച്ചു.

അദ്ദേഹത്തിന്റെ നീതിപൂർവ്വമായ ഭരണം നിമിത്തം നാട്ടുകാർ വളരെ അഭിവൃദ്ധി പ്രാപിച്ചിരുന്നു. ജനങ്ങൾ ദാന സാധനങ്ങളുമായി ദരിദ്രന്മാരെ അന്വേഷിച്ചു നടന്നിട്ടും, വാങ്ങുവാൻ ആളുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ കാലത്തു അനേകം ദിമ്മികൾ ഇസ്ലാം മതത്തിൽ ചേർന്നു. മാവറാഅന്നഹ്റിലെ ഭരണാധിപന്മാരും സിന്ധു രാജാക്കന്മാരും ഇസ്ലാംമതം സ്വീകരിക്കുകയുണ്ടായി.

ഹസ്രത്ത് ഉമറിനെപ്പോലെ, സ്വന്തഉത്തരവാദിത്വത്തെക്കുറിച്ചു അദ്ദേഹത്തിന്നു നല്ല ബോധമുണ്ടായിരുന്നു. ഖിലാഫത്തിന്റെ ഭാരം കൈയേറ്റതോട്ടുകൂടി അദ്ദേഹം മെലിഞ്ഞുക്ഷീണിച്ചുകൊണ്ടിരിക്കുകയും രണ്ടര വർഷം പൂർത്തിയാകുന്നതിനു മുമ്പു തന്നെ നിശ്ശക്തനാകുകയും ചെയ്തതു ഖിലാഫത്തധികാരത്തിന്റെ കടമ നിർവ്വഹിക്കുന്നതിൽ ചിന്താനിമഗ്നനായതുകൊണ്ടായിരിക്കുമെന്നു ഊഹിക്കേണ്ടിയിരിക്കുന്നു.

ധനവാന്മാരെപ്പോലെ സുഖത്തോടും സന്തോഷത്തോടും കൂടിയായിരുന്നു ആദ്യ കാലത്തു അദ്ദേഹം ജീവിതം നയിച്ചിരുന്നതു്. എങ്കിലും ഖലീഫയായതോടു കൂടി അദ്ദേഹം ഒരു സന്യാസിയുടെ ജീവിതരീതി കൈക്കൊണ്ടു. അദ്ദേഹം എത്ര കണ്ടു ദൈവഭക്തനായിരുന്നുവെന്നു ഇതിൽ നിന്നു പ്രത്യക്ഷപ്പെടുന്നുണ്ടു്. അബൂ്ദുൽമലിക്കിന്റെ മകളും സ്വപത്നിയുമായിരുന്ന ഫാത്തിമത്തിനോടു അദ്ദേഹം ഇപ്രകാരം ഉപദേശിക്കാറുണ്ടായിരുന്നു. "പരലോകത്തിൽ വെച്ചു നിത്യശിക്ഷയിൽ അകപ്പെടുന്നതിനെ അപേക്ഷിച്ചു, ഇഹത്തിൽ വെച്ചു ഏതാനും ദിവസത്തെ കഷ്ടപ്പാടുകൾ സഹിക്കുകയാണു നമുക്കു എളുപ്പമായിട്ടുള്ളതു്". ക്ഷമയോടും കൃതാർത്ഥതയോടും കൂടി ആ സ്ത്രീയും സ്വഭർത്താവിന്റെ ദാരിദ്ര്യജീവിതത്തെ തൃപ്തിപ്പെട്ടു.

അദ്ദേഹത്തെ സർവ്വോപരി സഹായിച്ചു കൊണ്ടിരുന്നതു അദ്ദേഹത്തിന്റെ പതിനേഴു വയസ്സു മാത്രം പ്രായമുണ്ടായിരുന്ന മകൻ അബ്ദുൽമലിക്കായിരുന്നു. അദ്ദേഹത്തിന്നു മരണരോഗം പിടിപെട്ടപ്പോൾ ആ ബാലനോടു അന്ത്യ വസിയ്യത്തായി അദ്ദേഹം ഇപ്രകാരം പറഞ്ഞു. "മകനെ, നിന്റെ സല്ലക്ഷ്മം മൂലം നിനക്കു രക്ഷ കിട്ടുകയാണു". പിതാവിന്നു സൌഭാഗ്യ കാംക്ഷിയായിരുന്ന ആ പുത്രൻ, താൻ സ്വന്ത ആഗ്രഹത്തെ അപേക്ഷിച്ചു അദ്ദേഹത്തിന്റെ ആഗ്രഹത്തെയാണു് വിലവെക്കുന്നതു എന്നു മറുപടി പറഞ്ഞു.

ഉമറുബ്നുഅബ്ദുൽഅസീസ് വളരെ ചുരുങ്ങിയ കാലം മാത്രമേ ഖിലാഫത്ത് വഹിച്ചിരുന്നുള്ളുവെങ്കിലും, അദ്ദേഹം പല പരിഷ്കാരങ്ങളും നടപ്പിൽ വരുത്തി. മുൻഗാമികളുടെ കാലത്തു ഖിലാഫത്തധികാരം ഏതു പടിയിൽ സ്ഥിതിചെയ്തിരുന്നുവോ, ആ പടിയിലേക്കു അതിനെ അദ്ദേഹം വീണ്ടെടുത്തു.

ഹസ്രത്തു അലി (റ)യോടു ബന്യുഉമയ്യാ ഗോത്രക്കാർക്കുണ്ടായിരുന്ന ശത്രുതനിമിത്തം അമീർമുആവിയായുടെ ഭരണകാലം മുതല്ക്കു ജുമുആ പ്രാസംഗികന്മാർ ദേവാലയ പ്രസംഗപീഠങ്ങളിൽവെച്ചു അദ്ദേഹത്തെ ശപിക്കുകയും ആക്ഷേപിക്കുകയും ചെയ്തുകപതിവായിരുന്നു. ഹസ്രത്തു ഉമറുബ്നുഅബ്ദുൽഅസീസ് ഈ ദുരാചാരത്തെ നിർത്തൽ ചെയ്തു. അതിനു പകരമായി ജുമുആ പ്രസംഗങ്ങളിൽ താഴെ പറയുന്ന ഖുർആൻ വാക്യം അദ്ദേഹം നടപ്പാക്കി.

"അല്ലാഹു നീതിയെ അനുഷ്ഠിക്കുവാനും ഗുണം ചെയ്യുവാനും അടുത്ത ബന്ധുക്കൾക്കു ധർമ്മം നല്കുവാനും ആജ്ഞാപിക്കുകയും ചീത്ത സംസാരത്തെയും ദുഷ്കൃത്യത്തെയും അക്രമപ്രവൃത്തിയെയും വിരോധിക്കുകയും ചെയ്യുന്നു. നിങ്ങൾ ഓർമ്മിക്കുവാൻ വേണ്ടിയാണു അവൻ നിങ്ങളോടു ഉപദേശിക്കുന്നതു".

യസീദ് രണ്ടാമൻ

അബ്ദുൽമലിക്കിന്റെ പുത്രനായ യസീദ് ഭ്രജാതനായതു ഹിജ്റഃ 65–ലാണു. ഉമറുബ്നുഅബ്ദുൽഅസീസിനു ശേഷം ഖലീഫയാകേണ്ടതിനു സുലൈമാനുബ്നുഅബ്ദുൽമലിക്കു് അദ്ദേഹത്തെ അവകാശിയാക്കിയിട്ടുണ്ടായിരുന്നു. അതുകൊണ്ടു ഉമറുബ്നുഅബ്ദുൽ അസീസിന്റെ മരണാനന്തരം അദ്ദേഹം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. ഖലീഫ

ആയതോടുകൂടിത്തന്നെ, ഉമറുബ്നുഅബ്ദുൽഅസീസിന്റെ കാലത്തുണ്ടായ സവ്വ പരിഷ്ക്കാരങ്ങളെയും അദ്ദേഹം ഭേദപ്പെടുത്തി. അദ്ദേഹം ഇസ്ലാമിക ഭരണത്തെ വീണ്ടും ബനൂഉമയ്യാ ഗോത്രക്കാർ അനുവർത്തിച്ചിരുന്ന പഴയ സമ്പ്രദായത്തിൽ ആക്കിത്തീർത്തു. മദ്യപിക്കുവാനും സ്ത്രീകളുടെ രാഗം കേൾക്കുന്നതിൽ സമയം കളയുവാനും ഒന്നാമതായി ഒരുമ്പെട്ട ഖലീഫ അദ്ദേഹമാകുന്നു.

ഇബ്നുമുഹല്ലബിന്റെ വിപ്ലവം

ഖുറാസാൻ ഗവണ്മെന്റായിരുന്ന യസീദുബ്നുമുഹല്ലബ് കപ്പം പിരിച്ചതു, കൊടുക്കാതിരുന്നതു കൊണ്ടു ഉമറുബ്നുഅബ്ദുൽഅസീസ് അദ്ദേഹത്തെ തടവിലാക്കിയിരുന്നുവല്ലോ. ഉമറുബ്നുഅബ്ദുൽഅസീസിന്റെ അന്ത്യരോഗത്തെക്കുറിച്ചു ജയിലിൽ വിവരം കിട്ടിയപ്പോൾ, യസീദുബ്നുഅബ്ദിൽമലിക്കിന്റെ കൈയിൽ അകപ്പെട്ടുന്നതായാൽ തന്നെ അദ്ദേഹം കൊന്നുകളയുമെന്നു ഭയപ്പെട്ടു മുഹല്ലബു് ജയിലിൽ നിന്നു ചാടി ബസറയിൽ വന്നെത്തി. അദ്ദേഹം ബസറാ ഭരണ കർത്താവായിരുന്ന അദിയ്യുബ്നുഅർത്താത്തിനെ പുറത്താക്കി ആ പട്ടണം കീഴടക്കുകയും ഫാരിസും അഹ്വാസും വരെ അധികാരം സ്ഥാപിക്കുകയും ചെയ്തതിൽപ്പിന്നെ സിറിയക്കാരോടു പോരാടുവാനായി ഒരു വമ്പിച്ച സൈന്യം തയ്യാറാക്കി. തുർക്കികളോടും ദൈലമികളോടും യുദ്ധം ചെയ്യുന്നതിനേക്കാൾ മഹത്തരമായിട്ടുള്ളതു സിറിയക്കാരോടു പോരാടുന്നതാണെന്നു അദ്ദേഹം പ്രസംഗിക്കുകയുണ്ടായി. ഇമാംഹസൻബസരി അദ്ദേഹത്തിനു പ്രതികൂലിയായിരുന്നു. എങ്കിലും അദ്ദേഹം വിവരമറിഞ്ഞാൽ ഹസൻബസരിയെ കൊന്നുകളയുമെന്നു ജനങ്ങൾ ഭയപ്പെട്ടു. അവർ അദ്ദേഹത്തെ അടക്കിക്കളഞ്ഞു.

ഇബ്നുമുഹല്ലബ് മേൽ പ്രസ്താവിച്ച സൈന്യവുമായി വാസിത്തിന്റെ നേരെ ചെന്നു. അദ്ദേഹത്തോട്ടുനേരിടുവാനായി സിറിയയിൽനിന്നു യസീദുബ്നുഅബ്ദിൽമലിക്ക് സഹോദരനായ മസ്‌ലമത്തിന്റെ നായകത്വത്തിൽ ഭടന്മാരെ അയച്ചു. ഇങ്ങിനെ ഇരുകക്ഷികളും തമ്മിൽ നേരിട്ടതിനാൽ അനല്പം രക്തം പ്രവഹിച്ചു. യസീദും അദ്ദേഹത്തിന്റെ സഹോദരനായിരുന്ന ഹബീബും പോക്കളത്തിൽവെച്ചു കൊല്ലപ്പെട്ടകയും മസ്‌ലമത്തു് വിജയിയാകുകയുമാണു് ഉണ്ടായതു്.

ശേഷമുണ്ടായിരുന്ന മുഹല്ലബ് വംശക്കാർ ബസറയിൽ നിന്നു കപ്പൽമാർഗ്ഗമായി കിഴക്കുഭാഗത്തേക്കു ഓടിപ്പോയി. അവരുടെ പിന്നാലെ മസ്‌ലമത്തു് ഒരു സംഘം പട്ടാളക്കാരെ അയച്ചിട്ടുണ്ടായിരുന്നു. അവർ കർമാനിന്നടുത്ത ഒരു സ്ഥലത്തു് ഇറങ്ങി കരവഴിക്കു ഖന്താർബീൽ എന്നിടത്തു് എത്തിയപ്പോൾ പട്ടാളക്കാർ അവരുമായി നേരിട്ടു. ഇബ്നുമുഹല്ലബിന്റെ പുത്രനായിരുന്ന അബൂഉത്ത്ബത്തും പൌത്രൻ ഉസ്മാനുബ്നുമുഫസ്സലുമൊഴിച്ചു ഒരാളും കൊലയിൽ നിന്നു രക്ഷ പ്രാപിച്ചില്ല. ഉൽകൃഷ്ടസേനാനായകനും സമുദായത്തിന്നു അഭിമാനകരമായ കൃത്യങ്ങൾ നിർവ്വഹിച്ച ആളുമായിരുന്ന മുഹല്ലബിന്റെ പിൻഗാമികൾ ഇങ്ങിനെ നാശഗർത്തത്തിൽ പതിച്ചതു സമുദായത്തിന്നു ഒരു വമ്പിച്ച നഷ്ടമായിരുന്നു.

മസ്‌ലമത്തു് കുറെ ദിവസങ്ങളോളം ഇറാഖ് ഗവർണ്ണരായി ഭരണം നടത്തി. അദ്ദേഹത്തിന്നു ശേഷം അവിടെ ഗവർണ്ണരായി നിയമിതനായതു് അറുംബ്നുഹുബൈറഃഫാസാരി എന്ന ആളായിരുന്നു.

യസീദ് രണ്ടാമന്റെ വിജയങ്ങൾ.

സമർഖന്തിലെ തുർക്കികളും സഗദുകാരും ഖലീഫക്കെ

തിരായി മത്സരത്തിനു പുറപ്പെട്ടതിനാൽ അംറുബ്നുഹുബൈറഃ, സഇൗദ്ഹർശീ എന്ന ആളെ ഖുറാസാൻ ഭരണകർത്താവായി നിയമിച്ചു, സൈന്യവുമായി അയച്ചു. അദ്ദേഹം യുദ്ധം ചെയ്തു വീണ്ടും അവരെ കീഴടക്കി.

കാസ്പിയൻ തീരപ്രദേശങ്ങളിലും അർമേനിയായിലും അതിർത്തിസംരക്ഷണത്തിന്നായി നിയമിതനായിരുന്നതു തബീത്ത് നഹ്റാനീ എന്ന ആളായിരുന്നു. കാസ്പിയൻ തീരപ്രദേശങ്ങളിലെ നിവാസികൾ ഖബ്ചാഖ് മുതലായ രാജ്യക്കാരുടെ സഹായത്തോടുകൂടി മറജ്ഹിജാറയിൽവെച്ചു ആക്രമിച്ചു, മുസ്ലിം ഭടന്മാരിൽ അധികംപേരെ കൊല്ലുകയും കൊള്ളനടത്തുകയും ചെയ്തു. ഈ ശത്രുക്കളുടെ ആക്രമണത്തിൽ നിന്നു രക്ഷ പ്രാപിച്ച ഭടന്മാർ സിറിയയിൽ ഓടിയെത്തിയതിൽപ്പിന്നെ, യസീദുബ്നുഅബ്ദിൽമലിക്കു് ഒരു വലിയ സൈന്യത്തെ ജർറാഹുബ്നുഅബ്ദില്ലാ ഹക്കമിയുടെ നായകത്വത്തിൽ അവിടേക്കയച്ചു. ജർറാഹ് ബാബുഹഃ എന്നിടത്തു് എത്തിയതിൽപ്പിന്നെ കാസ്പിയൻരാജ്യങ്ങളിലേക്കു ചെന്നു.

അദ്ദേഹം കർറ് നദി കടന്നു് അവരുടെ പല സ്ഥലങ്ങളും കീഴടക്കി. ശത്രുക്കൾ തങ്ങളുടെ രാജകുമാരന്റെ കീഴിൽ പോരിനു വന്നുവെങ്കിലും പരാജിതരായി ഓടുകയാണു് ഉണ്ടായതു്. മുസ്ലിംകൾക്കു അവരുടെ മേൽ വലിയ ജയം സിദ്ധിച്ചു. അനന്തരം അവർ മുന്നോട്ടു ചെന്നു അവരുടെ ഒരു ശക്തിമത്തായ കോട്ട കൈവശപ്പെടുത്തിക്കൊണ്ടു ബലഞ്ചർ എന്ന പ്രദേശത്തെ ആക്രമിച്ചു. കഠിനസമരം നടന്നുവെങ്കിലും ദൈവകടാക്ഷത്താൽ മുസ്ലിംകൾക്കു ജയം സിദ്ധിച്ചു. ഓടിപ്പോയിരുന്ന അവിടത്തെ രാജാവിന്റെ പത്നിയെയും മക്കളെയും ജർറാഹ് രാജാവിന്റെ അടുക്കലേക്കു അയച്ചുകൊടുക്കുകയുണ്ടായി. ഈ ഔദാര്യപൂർവ്വമായ പെരുമാറ്റം നിമിത്തം രാജാവു അദ്ദേഹത്തിന്റെ അടുക്കൽ ഹാജരായി. മുസ്ലിംകളോടു്

വിശ്വസ്തതയോടെ ഇടപെടുന്നതും ശത്രുക്കളുടെ വർത്തമാനങ്ങൾ അവരെ അറിയിച്ചുകൊണ്ടിരിക്കുന്നതുമാണെന്നു കരാർ ചെയ്തു. അതുകൊണ്ട് മസ്‌ലമത്ത് അയാളുടെ മുതലുകൾ മുഴുവനും മടക്കിക്കൊടുക്കുകയും രാജ്യം അയാളെത്തന്നെ ഭരമേല്പിക്കുകയും ചെയ്തു.

സ്ഥാനാവകാശം: യസീദും രണ്ടുപേർക്കു സ്ഥാനാവകാശം നൽകി. ഒന്നാമത്തെ അവകാശിയായി സ്വ സഹോദരൻ ഹിശാമിനെയും രണ്ടാമത്തെ അവകാശിയായി മകൻ വലീദിനെയുമാണ് നിയമിച്ചിരുന്നത്.

വിയോഗം: യസീദുബ്‌നുഅബ്ദിൽമലിക്ക് ബൽഖാഅ് എന്നിടത്തുവെച്ചു ഹിജ്‌റഃ 105 ശഅ്ബാൻ 25–ാം തീയതി 38–ാം വയസ്സിൽ പരേതനായി. നാലുകൊല്ലവും ഒരു മാസവുമാണ് അദ്ദേഹം ഖിലാഫത്തധികാരം വഹിച്ചത്.

ഹിശാമുബ്‌നുഅബ്ദിൽമലിക്ക്

ഹിശാമുബ്‌നുഅബ്ദിൽമലിക്ക് ഹിജ്‌റഃ 72–ൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവായ അബ്ദുൽമലിക്ക് ഇറാഖിൽവെച്ചു മിസ്അബുബ്‌നുസുബൈറുമായി യുദ്ധം ചെയ്തിരുന്നതു ഹിശാമിന്റെ പ്രസവകാലത്തായിരുന്നു. മഖ്‌സൂമീവംശജനായ ഹിശാമുബ്‌നുഇസ്മായീലിന്റെ പുത്രി ആയിശയായിരുന്നു അദ്ദേഹത്തിന്റെ മാതാവ്. സ്വസഹോദരനായ യസീദ് നിഷ്ഠുരനായ കാലത്തു് അദ്ദേഹം ഹിംസിൽ താമസിച്ചുവരികയായിരുന്നു. ഖിലാഫത്തു വടിയും മുദ്രയും അദ്ദേഹത്തിനു തലസ്ഥാനത്തുനിന്നു തപാൽമാർഗ്ഗം അവിടേക്കയച്ചുകിട്ടുകയാണ് ഉണ്ടായതു്. അനന്തരം അദ്ദേഹം ദിമിശ്ഖിൽ വന്നു പ്രജകളുടെ ബൈഅത്ത് സ്വീകരിച്ചു. അദ്ദേഹം സഹനശീലനും ബുദ്ധിമാനുമായ ഒരു ഖലീഫയായിരുന്നു. ഒരിക്കൽ അദ്ദേഹം മാന്യന്മാരിലൊരാളെ ശകാരിച്ച

പ്പോൾ ആ മാന്യൻ ഇങ്ങിനെ പറഞ്ഞു: "ഖലീഫയായിരുന്നിട്ടും ചീത്ത പറയുന്നതിൽ താങ്കൾക്കു നാണമില്ലല്ലോ". ഇതുകേട്ട അദ്ദേഹം ഖേദിച്ചു തലതാഴ്ത്തുകയും അയാളോട് മാപ്പു ചോദിക്കുകയും ചെയ്തു.

അന്ത്യനാളുകൾ: ബനൂഉമയ്യാദഗാത്രക്കാരുടെ ഭരണകാലത്തു് ഇസ്ലാമതോത്ഭവത്തിനു മുമ്പുണ്ടായിരുന്ന വർഗ്ഗീയ പക്ഷപാതവും പരസ്പരനിന്ദയും ജനങ്ങളുടെ ഇടയിൽ പുനരാവിർഭവിച്ചു. ഹിശാമിനു അധികം സ്നേഹമുണ്ടായിരുന്നതു ഖഹ്ത്താൻ വർഗ്ഗക്കാരോടായിരുന്നതിനാൽ അദ്ദേഹം ഇറാഖിൽനിന്നു ഇബ്നുഹുബൈറത്തിനെ നീക്കി തൽസ്ഥാനത്തു ഖഹ്ത്താനീ നേതാവായിരുന്ന ഖാലിദുബ്നുഅബ്ദില്ലാഖിസ്രിയെ ഗവർണ്ണരായി നിയമിച്ചു. ഖാലിദ്, സ്വസഹോദരനായിരുന്ന അസദുബ്നുഅബ്ദില്ലയെ ഖുറാസാനിലേക്കും ജൂനൈദുബ്നു അബ്ദിർറഹ്മാനെ സിന്ധിലേക്കും കിഴക്ദ്യോഗസ്ഥന്മാരായി നിയമിച്ചയച്ചു.

അസദുബ്നുഅബ്ദില്ല ധൈര്യവാനും സിംഹമനസ്സനുമായ ഒരു നായകനായിരുന്നു. അദ്ദേഹം ഹിറാത്തിലേയും ഗൌറിലേയും മലംപ്രദേശങ്ങളിൽ വെച്ചു പല യുദ്ധങ്ങളും നടത്തി വിജയിയായി. ഹിജ്റഃ 107–ൽ അദ്ദേഹം ബൽഖിൽ ജനവാസം ചെയ്യിച്ചു് അതിനെ ഒരു പട്ടണമാക്കിത്തീർത്തു. പട്ടണത്തിനു അതിരു നിർണ്ണയിക്കുകയും എട്ടുപുകൾ പണിയിക്കുകയും ചെയ്തതു പ്രസിദ്ധ ബർമക്കീ വംശത്തിന്റെ പൂർവ്വ പിതാവായ ബർമക്കു് എന്ന ആളായിരുന്നു. എട്ടുപുകൾ പണിയിച്ചതിനുശേഷം ബൽഖാനിലുണ്ടായിരുന്ന സൈന്യപാളയം അസദുബ്നുഅബ്ദില്ലാ അവിടേക്കുമാറ്റി.

അസദുബ്നുഅബ്ദില്ല ഒരു വലിയ വർഗ്ഗീയപക്ഷപാതിയായിരുന്നു. അദ്ദേഹം ഖഹ്ത്താൻ വർഗ്ഗക്കാരുടെ ക്ഷേമകാംക്ഷിയും മുസർഗോത്രക്കാരുടെ വിരോധിയുമായി കാലംകഴിച്ചു.

മുസർഗോത്രക്കാരിൽ സുപ്രസിദ്ധ നേതാക്കന്മാരായിരു ന്ന നസ്റുബ്നുസയ്യാർ, അബ്ദുർറഹ്മാനുബ്നുഹുബൈറ, സു റത്തുബ്നുഹുർറ്, ബുഖ്ത്തരിബ്നുഅബീദിർഹം എന്നി വരെ അദ്ദേഹം ചമ്മട്ടികൊണ്ടു് അടിപ്പിക്കുകയും തലമുടി ക ളയിച്ചു, അപമാനിക്കുകയും ചെയ്തതിൽപ്പിന്നെ അവരെല്ലാവ രേയും ഇറാഖ്ഗവർണ്ണരായിരുന്ന സ്വസഹോദരൻ ഖാലിദി ന്റെ അടുക്കലേക്കയച്ചു. ഒരു ദിവസം അദ്ദേഹം ജനക്കൂട്ട ത്തിൽവെച്ചു പ്രസംഗിച്ചുകൊണ്ടിരുന്ന മദ്ധ്യേ ''കപടഹൃദയ ന്മാരും കലഹപ്രിയന്മാരും തെമ്മാടികളുമായ മുസർ ഗോത്രക്കാ രുടെ മുഖം ദർശിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല'' എന്നത ന്നെ പറയുകയുണ്ടായി.

ഹിശാമിന്നു ഈ വർത്തമാനം കിട്ടിയപ്പോൾ അദ്ദേഹം ''നിങ്ങളുടെ സഹോദരനായ അസദിനെ ഉദ്യോഗത്തിൽ നി ന്നു നീക്കിക്കളയണം'' എന്നു ഖാലിദിന്നു ഉത്തരവുകൊടുത്തു. തുടർന്നുകൊണ്ടു തൽസ്ഥാനത്തു അശ്രൂസുബ്നുഅബ്ദില്ലാസൽ മിയെ ഹിശാംതന്നെ ഖുറാസാൻ ഗവർണ്ണരായി നിയമിച്ചയ യ്ക്കുകയും ചെയ്തു. എങ്കിലും തനിക്കു എഴുതി അറിയിക്കുന്ന വർത്തമാനങ്ങൾ ഖാലിദിന്റെ മുഖേനയായിരിക്കണമെന്നു ഹിശാം അദ്ദേഹത്തോടു കല്പിച്ചിട്ടുണ്ടായിരുന്നു.

അശ്രൂസ് ശ്രേഷ്ഠനും സദാചാരനിരതനുമായിരുന്നു. അ ദ്ദേഹത്തിന്റെ സദ്ഗുണങ്ങളാൽ 'കാമിൽ' (പരിപൂർണ്ണൻ) എന്നു ഖുറാസാൻകാർ അദ്ദേഹത്തിന്നു നാമകരണം ചെയ്തവ രുന്നു. മാവറാഅന്നഹ്റിൽ ഇസ്ലാംമത പ്രചരണത്തിന്നായി, 'അബൂസൈദാഅ്സാലിഹുബ്നുതരീഫ്' എന്നയാളെ അദ്ദേ ഹം അയച്ചിട്ടുണ്ടായിരുന്നു. അബൂസൈദായുടെ പരിശ്രമ ത്താൽ അനേകം ദിമ്മികൾ ഇസ്ലാംമതം സ്വീകരിച്ചു. ഇ ങ്ങിനെ മതം സ്വീകരിച്ചവരുടെ ബഹുലതയാൽ, ജിസ്യയാ യിലഭിച്ചിരുന്ന ധനത്തിന്നു ചുരുക്കം നേരിട്ടു. ബൈത്തുൽ

മാലിൽനിന്നു (ധനകാര്യാലയം) സമർഖന്തു ഭരണാധിപനു അശ്രസ് മുഖേന താഴെ പറയുംപ്രകാരം ഒരുത്തരവുകിട്ടി.

"ഈ വർഷത്തിൽ നിങ്ങളുടെ അടുക്കൽ നിന്നു ജിസിയാ മുതലെടുപ്പു വളരെ കുറഞ്ഞുപോയിരിക്കുന്നു. സഗ്ദുകാർ ഇസ്ലാംമതം സ്വീകരിച്ചതു മനപൂർവ്വമല്ലെന്നും, നേരെ മറിച്ചു, ജിസ്യായിൽ നിന്നു മോചിതരാവാൻവേണ്ടി മാത്രമാണെന്നുമാണു് അറിയുന്നതു്. അതുകൊണ്ടു അവരുടെ ഇടയിൽ ചേലാകർമ്മം ചെയ്യപ്പെട്ടവരും ഖുർആൻ പഠിച്ചവരും മതകടമകൾ വീഴ്ചകൂടാതെ അനുഷ്ഠിച്ചുവരുന്നവരുമായി ആരെല്ലാമാണു് ഉള്ളതെന്നു പരിശോധിച്ചു അങ്ങനെയുള്ളവരുടെ ജിസ്യ മാത്രം ഉപേക്ഷിച്ചു മറ്റുള്ളവരോടു ജിസ്യ പിരിക്കേണ്ടതാണു്."

എന്നാൽ പ്രസ്തുത കല്പന അനിസ്ലാമികവും അധികാരസ്ഥന്മാരുടെ ധനമോഹത്തെ ആസ്പദിച്ചതുമായിരുന്നു. അവർ ഇസ്ലാംമത പ്രചരണത്തെ തടയുവാനാഗ്രഹിച്ചതു തുച്ഛമായ പൈസയ്ക്കു വേണ്ടിയായിരുന്നതുകൊണ്ടു ഒന്നാമതായി അബൂ സൈദാഅ് തന്നെ ഈ കല്പനയെ പ്രതിഷേധിച്ചു. ഒരിക്കലും ജിസ്യാ കൊടുക്കരുതെന്നു നവമുസ്ലിംകളോടു അദ്ദേഹം ഉപദേശിച്ചു. മറ്റു ചില ഉദ്യോഗസ്ഥന്മാരും അദ്ദേഹത്തോടു് അനുകൂലിക്കുകയുണ്ടായി.

അശ്രസിന്റെ സൈന്യനായകൻ അവരെ ബന്ധനസ്ഥരാക്കി തടവിൽ പാർപ്പിക്കുകയും, ജിസ്യാ കൊടുക്കുവാനായി സഗ്ദുകാരെ മർദ്ദിച്ചുതുടങ്ങുകയും ചെയ്തു. തന്നിമിത്തം സഗ്ദുകാർ ഇസ്ലാംമതം വെടിയുകയും മുസ്ലിംകളോടു യുദ്ധം ചെയ്വാനായി തുർക്കികളുടെ ഭാഗത്തു ചേരുകയുമുണ്ടായി. അവരോടു് നേരിടേണ്ടതിനു അശ്രസ്തന്നെ ഭടന്മാരെയുംകൊണ്ടു പുറപ്പെട്ടു. അദ്ദേഹം ആമൽ എന്ന രാജ്യത്തിനടുത്തെത്തിപ്പഴേ കടന്നതോടുകൂടി ഇരു സൈന്യങ്ങളും പരസ്പരം നേരിട്ടു.

അതി ഘോരമായ യുദ്ധമുണ്ടായതിനാൽ അനേകം മുസ്ലിംകൾ വധിക്കപ്പെട്ടു. മുസ്ലിംകൾ തോൽക്കാറായിരുന്നുവെങ്കിലും അശ്രസ് അചഞ്ചലഹൃദയത്തോടുകൂടി പോർക്കളത്തിൽ നിന്നു തെറ്റാതെ പോരാടിയതിനാൽ അവസാനം ശത്രുക്കൾ തോറ്റു ബേക്കന്തിലേക്കു ഓടി. അശ്രസ് അവരെ പിന്തുടർന്നുവെങ്കിലും തുർക്കികൾ മുസ്ലിംകൾക്കു വെള്ളം കിട്ടരുതെന്നു വെച്ചു ജലാശയം കൈവശപ്പെടുത്തിക്കളഞ്ഞതുകൊണ്ടു മുസ്ലിംകൾക്കു ദാഹത്താൽ ജീവാപായംനേരിടുമെന്ന ഘട്ടമായി. അവസാനം ഒരു സംഘം മുസ്ലിംകൾ ധൈര്യത്തോടുകൂടി ശത്രുക്കളെ വെള്ളത്തിങ്കൽനിന്നു അകറ്റി വെള്ളം കൊണ്ടുവന്നു. അനന്തരമുണ്ടായ സമരത്തിൽ മുസ്ലിംകൾതന്നെ വിജയിക്കുകയുണ്ടായി.

തങ്ങൾക്കു നേരിട്ട പരാജയവൃത്താന്തം അറിഞ്ഞു ഖാഖാൻ (തുർക്കിരാജാവ്)അക്കാലത്തു് ഖുറാസാനിൽ ഏറ്റവും വലിയ പട്ടണമായിരുന്ന കംറജയെ ആക്രമിച്ചു. കോട്ടയിലപ്പോൾ ഏതാനും മുസ്ലിംകൾ മാത്രമെ ഉണ്ടായിരുന്നുള്ളു. ഖാക്കിയുണ്ടായിരുന്നവർ സഗ്ദീ, നസഫീ, ഫർഗാനീ, അഫ്ശീനീ എന്നീ വർഗ്ഗങ്ങളിൽപ്പെട്ട ദിമ്മികളായിരുന്നു. മുസ്ലിംകൾ എണ്ണത്തിൽ ചുരുക്കമായിരുന്നുവെങ്കിലും അവർ പട്ടണത്തിലേക്കുണ്ടായിരുന്ന വഴികളെല്ലാം അടച്ചു ശത്രുക്കളോടു നേരിടുവാൻ തയ്യാറായി. സ്ത്രീകളും കുട്ടികളുമുൾപ്പെടെ അവിടെയുണ്ടായിരുന്ന സകല മുസ്ലിംകളും മുസ്ലിംഭടന്മാരുടെ കൂട്ടത്തിൽ യുദ്ധത്തിനു സന്നദ്ധരായി. ഖാഖാൻ പല പ്രകാരത്തിലും അവരെ ഭീഷണിപ്പെടുത്തിനോക്കി. എങ്കിലും തങ്ങളുടെ കൂട്ടത്തിൽ ഒരു കുട്ടിയെങ്കിലും ജീവനോടുകൂടി ഉണ്ടായിരിക്കുമ്പോൾ തങ്ങൾ എതിർക്കാതിരിക്കുന്നതല്ലെന്നു അവർ ഖാഖാനെ അറിയിച്ചു.

കോട്ട കീഴടക്കുവാൻ യാതൊരു മാർഗ്ഗവുമില്ലെന്നു കണ്ടപ്പോൾ, തങ്ങൾ പട്ടണം ആക്രമിക്കാതെ ഉപേക്ഷിച്ചു്

പോയിക്കൊള്ളാമെന്നും, പക്ഷെ മുസ്ലിംകളും ആ പട്ടണം കൈവിട്ട അവരുടെ ധനവുംസാമാനങ്ങളുമെടുത്തു ദമ്പൂസിയാഎന്നിടത്തേക്കു പോകേണ്ടതാണെന്നുമുള്ള നിശ്ചയപ്രകാരം അവരുമായി ഉടമ്പടിചെയ്വാൻ ഖാഖാൻ സന്നദ്ധനായി. മുസ്ലിംകൾ ആ കരാറു സ്വീകരിച്ചു. കരാറനുസരിച്ചു ശത്രുക്കൾ മുസ്ലിംകളുടെ അടുക്കലും മുസ്ലിംകൾ ശത്രുക്കളുടെ അധീനത്തിലും ഏതാനും ആളുകളെ പണയമായി നിർത്തിയിരുന്നു. ഖാഖാൻ മടങ്ങിപ്പോകയും മുസ്ലിംകൾ അവിടെനിന്നു പുറപ്പെട്ടു ദമ്പൂസിയായിലേക്കു പോരുകയും ചെയ്തതിൽപ്പിന്നെ പണയമായി ഏല്പിക്കപ്പെട്ടിരുന്ന ആളുകളെ ഇരുകൂട്ടരും വിട്ടയച്ചു.

ഹിജ്റഃ 111-ൽ ഖലീഫയായ ഹിശാം, അശ്റസിനെ നീക്കി തൽസ്ഥാനത്തു ജുനൈദുബ്നുഅബ്ദുറഹ്മാനെ ഖുറാസാൻ ഭരണാധികാരിയായി നിയമിച്ചു. ജുനൈദ്, ഖഹ്ത്താനികളെ മുഴുവനും ഉദ്യോഗത്തിൽ നിന്നു നീക്കി മുസർ ഗോത്രക്കാരെ തിരഞ്ഞെടുത്തു ഉദ്യോഗസ്ഥന്മാരായി നിശ്ചയിച്ചു.

അദ്ദേഹം ഹിജ്റഃ 112-ൽ 18000 പട്ടാളക്കാരെ തഖാറസ്താൻ ഭാഗത്തേക്കും 12000 ഭടന്മാരെ മറ്റു ഭാഗങ്ങളിലേക്കും അയയ്ക്കുകയുണ്ടായി. ഇതിന്നിടയിൽ സമർഖന്ദ ഭരണാധികാരിയായിരുന്ന സൈറത്തുബ്നുഹുർറ്, ഖാഖാൻ യുദ്ധത്തിന്നു പുറപ്പെട്ടിരിക്കുന്നുവെന്നും തന്റെ അടുക്കൽ അയാളെ തടുക്കുന്നതിന്നാവശ്യമായത്ര ഭടന്മാരില്ലാത്തതു കൊണ്ടു വേഗം സഹായസൈന്യം അയക്കണമെന്നും ജുനൈദിനെ അറിയിച്ചു.

ജുനൈദിന്റെ അടുക്കൽ തദവസരത്തിൽ കുറച്ചു ഭടന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളു. 50000 ഭടന്മാരില്ലാതെ അദ്ദേഹം പുഴ കടക്കുവാൻ പാടുള്ളതല്ലെന്നു ജനങ്ങൾ അദ്ദേഹത്തോടുപറഞ്ഞു. "അല്ലാഹു പരിശുദ്ധനാണു്. സൈറത്തു്

അവിടെ ആപത്തിൽ അകപ്പെട്ടിട്ടുള്ള സ്ഥിതിക്കു നാം അമ്പതിനായിരത്തെയും പ്രതീക്ഷിച്ചു ഇവിടെ നിൽക്കുകയോ?" എന്നു പറഞ്ഞു കൊണ്ടു അദ്ദേഹം യാതൊരു ആലോചനയും കൂടാതെ ജൈഹൂൻനദി കടന്നു മുന്നോട്ടുചെന്നു. സമർഖന്തുമായി നാലുകാതം അടുത്തെത്തിയ അവസരത്തിൽ ഖാഖാൻ ഒരു വമ്പിച്ച സൈന്യവുമായി വന്നു വഴി തടസ്സപ്പെടുത്തി. ജൂനൈദ് ഒരു മലയെ പിന്നിലാക്കിക്കൊണ്ടു, അവരോടു നേരിട്ടു. ഏതാനും ദിവസങ്ങൾ കഴിയുന്നതുവരെ ഘോരമായ സമരം നടന്നു. എണ്ണത്തിൽ ചുരുങ്ങിയവരായിരുന്നിട്ടും, മുസ്‌ലിംകൾ അനന്യസാധാരണമായ ധൈര്യം പ്രത്യക്ഷപ്പെടുത്തി. യുദ്ധം അതിഭയങ്കരമായി പരിണമിച്ചതുകണ്ടു ജൂനൈദ്, "സമർഖന്തിൽ നിന്നു നിങ്ങളും പുറപ്പെട്ടുവന്നു യുദ്ധം ചെയ്യണം" എന്നു സൈന്യത്തിനു ഉത്തരവു കൊടുത്തു. അങ്ങിനെ തന്റെ അധീനത്തിൽ ആകെയുണ്ടായിരുന്ന 12000 ഭടന്മാരെയും കൊണ്ടു സൈന്യത്തും വരികയുണ്ടായി. രണ്ടു മുസ്‌ലിം സൈന്യങ്ങളും തമ്മിൽ ചേരുവാൻ ഒരു കാതം മാത്രം ദൂരമായപ്പോൾ തുർക്കികൾ മദ്ധ്യത്തിൽ നിന്നു കൊണ്ടു പൊരുതി. സൈന്യത്തും അതിയായ ധൈര്യത്തോടുകൂടി സമരം ചെയ്യുകയുണ്ടായി. അവസാനം തുർക്കികൾ പരാജിതരായി പോർക്കളത്തിൽ നിന്നു മാറിക്കളഞ്ഞു. എങ്കിലും യുദ്ധക്കളത്തിൽ നിന്നു ഊക്കോടെ പൊടിപാറിക്കൊണ്ടിരുന്നതിനാൽ മുസ്ലിം ഭടന്മാർക്കു കണ്ണു മിഴിക്കുവാൻ പോലും സാധിച്ചിരുന്നില്ല. ഇരുസൈന്യങ്ങളിൽ നിന്നും അനേകം ആളുകൾ മലയിലുണ്ടായിരുന്ന ഒരു കിടങ്ങിൽ വീണു മരിച്ചു. സൈന്യത്തും കിടങ്ങിൽ വീണു പോയതിനാൽ അദ്ദേഹത്തിന്റെ തുടയെല്ലു മുറിഞ്ഞു. ചിതറിപ്പോയിരുന്ന മുസ്ലിം സൈന്യത്തിൽ അധികംപേരും തുർക്കികളാൽ വധിക്കപ്പെട്ടു. വളരെച്ചുരുക്കം ഭടന്മാർ മാത്രമേ ശേഷിച്ചുള്ളു. ജൂനൈദ് മറെറാരു ഭാഗത്തുകൂടി പോരാടി ശത്രുക്കളെ ഓടിച്ചു

സമർഖന്തിൽ പ്രവേശിക്കുകയും അവിടെയുണ്ടായിരുന്ന മുസ്ലിം സ്ത്രീകളെയും കുട്ടികളെയും വീണ്ടെടുത്തു മുറുവിലേക്കു മടങ്ങിപ്പോരുകയും ചെയ്തു.

നാലുമാസം കഴിഞ്ഞതിൽപ്പിന്നെ ഖാഖാൻ വീണ്ടും ബുഖാറയെ ആക്രമിച്ചു. എങ്കിലും ജുനൈദ് അവരെ മാഗ്ദമെന്ന വച്ചതന്നെ എതിർത്തോടിക്കുകയാണ് ഉണ്ടായതു്.

ഹിശാം ഹിജ്റ 116—ൽ ജുനൈദിനെ ഖുറാസാൻ ഭരണാധികാരത്തിൽ നിന്നു നീക്കിക്കളഞ്ഞു. ഇതിനുണ്ടായ ഏക കാരണം, അദ്ദേഹം യസീദുബ്നുമുഹല്ലബിന്റെ മകളായ ഫാസിലത്തിനെ വിവാഹം ചെയ്തതായിരുന്നു. ഈ വിവാഹത്താൽ ഹിശാമിനു അദ്ദേഹത്തോടു അതികഠിനമായ കോപമുണ്ടായി. ഹിശാം, ആസിമുബ്നുഅബ്ദുല്ലാഹിലാലിയെ ഖുറാസാൻ ഭരണകർത്താവായി നിയമിച്ചയയ്ക്കുകയും, മരണവേളയിലെങ്കിലും ജുനൈദിനെ കണ്ടു കിട്ടിയാൽ അദ്ദേഹത്തിന്റെ കഴുത്തുഞെക്കിക്കളയണമെന്നു ആസിമിനോടു ആജ്ഞാപിക്കുകയും ചെയ്തു. ദൈവഗത്യാ, ജുനൈദ്, അസൂയാലുവായ ആ ഖലീഫയുടെ പ്രതികാരത്തിനു പാത്രീഭവിക്കാതെതന്നെ പരലോകം പ്രാപിക്കുകയാണുണ്ടായതു്. ആസിം ഖുറാസാനിലെത്തിയ അവസരത്തിൽ ജുനൈദിനെ കാണാതിരുന്നതിനാൽ അദ്ദേഹത്തിന്റെ കീഴിലുണ്ടായിരുന്ന സർവ്വ ഉദ്യോഗസ്ഥന്മാരെയും തടവിലാക്കി.

ഖിലാഫത്തു തലസ്ഥാനം ഖുറാസാനിൽനിന്നു വളരെ അകലെയാകയാൽ അതിനെ ഇറാഖിനോടു ചേർക്കുകയാണു നല്ലതെന്നും ഇറാഖ് അവിടവുമായി അടുത്താകയാൽ അവിടെ നിന്നു വേണ്ടതു സഹായ സൈന്യം യഥാവസരം എത്തിച്ചേരുന്നതാണെന്നും കാണിച്ചു ആസിം, ഹിശാമിനുകത്തെഴുതി. ഹിശാം അദ്ദേഹത്തിന്റെ അഭിപ്രായത്തെ സ്വീകരിക്കുകയും ചെയ്തു. ഇതിൽപ്പിന്നെ ഹിശാം ആസിമിനെയും

നീക്കി അസദുബ്നഅബ്ദുല്ലായെത്തന്നെ ഖുറാസാനി ലേക്കയയ്ക്കുകയും അദ്ദേഹത്തെ, ഇറാഖ് ഗവണ്മെന്റും അദ്ദേഹത്തിന്റെ സഹോദരനുമായിരുന്ന ഖാലിദിന്റെ കീഴിലാക്കുകയും ചെയ്തു. തദവസരത്തിൽ ആസിം ഖലീഫയോട് മത്സരിക്കുവാനൊരുങ്ങിയെങ്കിലും ഭടന്മാർ അദ്ദേഹത്തോട് യോജിച്ചില്ല. അസദു ചെന്ന അദ്ദേഹത്തെ തടവിലാക്കുകയും തടവിൽ താമസിച്ചു വന്നിരുന്ന ജൂനൈദിന്റെ ഉദ്യോഗസ്ഥന്മാരെ വിട്ടയയ്ക്കുകയും ചെയ്തു. ഖാഖാൻ വീണ്ടും യുദ്ധത്തിനു പുറപ്പെട്ടു. അസദ്, ജുസ്ജാൻ എന്നിടത്തു വെച്ചു അയാളെ തോല്പിച്ചു് അയാളുടെ മുതലും സാമഗ്രികളുമെല്ലാം കൈവശപ്പെടുത്തി. അദ്ദേഹം തന്നെ ജനവാസം ചെയ്യിച്ചിരുന്ന ബൽഖ് പട്ടണത്തെ അദ്ദേഹം തലസ്ഥാനമാക്കി. അദ്ദേഹത്തിന്റെ ഉദ്യോഗകാലത്തു് കിഴക്കൻ രാജ്യങ്ങളിൽ ഇസ്ലാമിന്റെ പ്രാബല്യം സുസ്ഥിരമാകുകയും ജനങ്ങൾ സമാധാനത്തോടുകൂടി കാലം കഴിക്കുകയും ചെയ്തു.

ഹിജ്റഃ 119–ൽ അസദ്, ഖത്തൽ എന്ന രാജ്യത്തിലേക്കു ഭടന്മാരെ നയിച്ചു അവിടത്തെ കോട്ട കൈവശപ്പെടുത്തി. ഇതിൽപ്പിന്നെ അദ്ദേഹം അയൽപ്രദേശങ്ങളിലേക്കും ഭടന്മാരെ അയച്ചു അവിടങ്ങളിലെ ഭരണകർത്താക്കളെയും നേതാക്കളെയുമെല്ലാം കീഴടക്കി. ഹിജ്റഃ 120–ൽ അസദ്, ബൽഖിൽ വെച്ചു നിര്യാതനായി. അനന്തരം ഖുറാസാൻ ഭരണകർത്താവായതു നസ്റുബ്നസയ്യാറായിരുന്നു.

നസ്റുബ്നസയ്യാർ കിഴക്കൻ രാജ്യങ്ങളിൽ അനേകം യുദ്ധങ്ങൾ നടത്തി ഓരോന്നിലും വിജയം പ്രാപിച്ചു. നവമുസ്ലിംകളുടെ മേൽ ജിസ്യ ചുമത്തിയതിനാൽ നേരിട്ട കുഴപ്പങ്ങളെക്കുറിച്ചു മുമ്പു പറഞ്ഞുവല്ലോ. നസറ് നവമുസ്ലിംകളെ ജിസിയയിൽ നിന്നു ഒഴിവാക്കി. തന്നിമിത്തം അവിടെ ഇസ്ലാംമതം ത്വരിത ഗതിയിൽ പ്രചാരപ്പെട്ടു.

ഹിശാം, ഹിജ്റഃ 120–ൽ ഖാലിദുബ്നഅബ്ദുല്ലാ

ഖിസ്രിയെ ഇറാഖിൽ നിന്നു നീക്കി അദ്ദേഹത്തിന്റെ സ്ഥാനത്തു് യൂസുഫുബ്നു ഉമർ തഖഫി എന്ന ആളെ ഗവണ്ണരാക്കി. യൂസുഫിനു പരസ്പര വിരുദ്ധങ്ങളായ ചില ഗുണങ്ങളുണ്ടായിരുന്നു. അദ്ദേഹം ഭക്തനും വിനീതനും മധുരമായി സംസാരിക്കുന്നവനുമായിരുന്നു. പ്രാർത്ഥനാ സമയങ്ങളിൽ അദ്ദേഹം അധികമായി കരയുക പതിവായിരുന്നു. പ്രഭാത സമസ്കാരാനന്തരം ദൈവസ്തോത്രങ്ങളിൽ ഏർപ്പെട്ടാൽ പിന്നെ ഇശ്റാഖ് നമസ്കാരം കഴിഞ്ഞിട്ടായിരുന്നു നമസ്ക്കാരവിരുപ്പിൽ നിന്നു എഴുന്നീറ്റിരുന്നതു്. ഇതോടു കൂടിത്തന്നെ അദ്ദേഹം വലിയ മൂഢനും രക്തപ്രവാഹ പ്രമത്തനും വിഡ്ഢിയുമായിരുന്നു. 'മുഹാസറാത്തു്' ഗ്രന്ഥങ്ങളിൽ (അറബിസാഹിത്യത്തിലെ ഒരു വകുപ്പു) അദ്ദേഹത്തിന്റെ വിഡ്ഢിത്തങ്ങളെക്കുറിച്ചു അനേകം കഥകൾ അടങ്ങിയിട്ടുണ്ടു്.

അദ്ദേഹം വസ്ത്രം നോട്ടത്തിനു വാങ്ങിയാൽ, ഒന്നാമതായി അതിൽ മുഴുവനും കൈ നടത്തി നോക്കും. വല്ല ന്യൂനം പൊന്തി നിന്നു കൈക്കു തടയുന്ന പക്ഷം വസ്ത്രത്തിന്റെ ഉടമസ്ഥനെ ജയിലിലാക്കുകയോ, അയാളുടെ കൈ മുറിപ്പിച്ചു കളയുകയോ ചെയ്യുകയായിരുന്നു പതിവു്.

ഇമാംസൈദ്

യൂസുഫുബ്നുഉമർ തഖ്ഫീ, ഇറാഖ് ഗവണ്ണരായിരുന്ന കാലത്തു് ഹിജ്റഃ 122-ൽ, ഇമാംഹുസൈന്റെ പൌത്രനായിരുന്ന ഇമാംസൈദുബ്നുഅലി ഖലീഫയുടെ നേർക്കു മാർച്ചുചെയ്തു. കൂഫയിൽ നിന്നു 15000 ആളുകൾ ഗ്രഡമായി അദ്ദേഹത്തെ ഇമാമായി ബൈഅത്ത് ചെയ്തു. ഇമാം അബൂഹനീഫയും അദ്ദേഹത്തിന്റെ അനുകൂലികളിൽപ്പെട്ടിരുന്നു. ഇമാംസൈദ് ഈ ഉദ്യമത്തിൽ നിന്നു പിന്മാറുവാൻ വേണ്ടി ചിലർ വളരെയെല്ലാം പരിശ്രമിച്ചു നോക്കി.

കൂഫക്കാർ വിശ്വാസയോഗ്യന്മാരല്ലെന്നു അവർഅദ്ദേഹത്തോ ടു ഉപദേശിച്ചു. എങ്കിലും അദ്ദേഹം സ്വീകരിക്കുകയുണ്ടാ യില്ല.

എന്നാൽ ഗവണ്ണറായ യൂസുഫ് സൈന്യവുമായി ചെല്ലുക യും എതിർക്കേണ്ട സന്ദർഭം നേരിടുകയും ചെയ്തപ്പോൾ കൂഫ ക്കാർ ഇമാംസൈദിനെ സഹായിക്കുന്നതിനു പകരം പരീക്ഷി ക്കുവാൻ തുനിയുകയാണു് ഉണ്ടായതു്. അവരും ഇമാംസൈദു മായി നടന്ന സംഭാഷണം താഴെ വിവരിക്കുന്നു.

കൂഫക്കാർ: ശൈഖൈനിയെ (അബൂബക്കറിനെയും ഉമ റിനെയും) സംബന്ധിച്ചു താങ്കൾ എന്തു പറയുന്നു?

ഇമാംസൈദ്: അല്ലാഹു അവരെ കടാക്ഷിക്കുകയും അ വർക്കു പൊറുത്തു കൊടുക്കുകയും ചെയ്യട്ടെ. എന്റെ കുടുംബ ക്കാരിൽ ഒരാളും അവരെപ്പറ്റി ദുരഭിപ്രായം പറഞ്ഞതായി ഞാൻ കേട്ടിട്ടില്ല. ഖിലാഫത്തിന്റെ അവകാശികൾ ഞ ങ്ങളായിരുന്നു. അവർ ഞങ്ങളെക്കുറിച്ചു ഗൌനിക്കാതെ, ആ അധികാരം എടുത്തു കളഞ്ഞു. ഇത്രമാത്രമേ ഞങ്ങളുടെ സംഘക്കാർ അവരെക്കുറിച്ചു ആക്ഷേപം പറയുന്നുള്ളു. എ ന്നാൽ, ഞങ്ങളുടെ അവകാശം കരസ്ഥമാക്കിയതു കൊണ്ടു അവർ ഇസ്ലാമിൽ നിന്നു അകന്നിട്ടില്ല. എന്തുകൊണ്ടെ ന്നാൽ, അവർ നീതിയെയും ന്യായത്തെയും കൈക്കൊള്ളുക യും കിത്താബിന്നും സുന്നത്തിന്നും (വിശുദ്ധഖുർആനും റസൂൽ കരീമിന്റെ മാർഗ്ഗത്തിന്നും) അനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടു്.

കൂഫക്കാർ: ഖിലാഫത്തു് നിങ്ങളിൽ നിന്നു കരസ്ഥമാ ക്കിയതു കൊണ്ടു അവർ അക്രമികളായിട്ടില്ലെങ്കിൽ, ബന്യുഉ മയ്യാ ഗോത്രക്കാരോടു യുദ്ധം ചെയ്യാൻ എന്തിനാണു് താ ങ്കൾ ഞങ്ങളെ ക്ഷണിക്കുന്നതു"?

ഇമാംസൈദ്: ഇവർ അവരെപ്പോലെയല്ല. ഇവർ

ഞങ്ങൾക്കും നിങ്ങൾക്കും എന്നുവേണ്ട, തങ്ങൾക്കു തന്നെയും ദ്രോഹമാണു് ചെയ്യുകൊണ്ടിരിക്കുന്നതു്. അല്ലാഹുവിന്റെ വേദത്തിനും റസൂൽ തിരുമേനിയുടെ മാർഗ്ഗത്തിനുമനുസരിച്ചു പ്രവർത്തിക്കുവാനാണു് ഞാൻ നിങ്ങളെ ക്ഷണിക്കുന്നതു്. നിങ്ങൾ എന്റെ ഭാഗത്തു് ചേരുന്നുവെങ്കിൽ, അതായിരിക്കും നിങ്ങൾക്കു ഉത്തമായിട്ടുള്ളതു്. അല്ലാത്ത പക്ഷം നിങ്ങളോടുണ്ടാകുന്ന വിചാരണക്കു ഉത്തരവാദികൾ നിങ്ങൾ തന്നെയായിരിക്കും.

ഇതു കേട്ട കൂഫക്കാർ ബൈഅത്തു് പിൻവലിച്ചു കൊണ്ടു അദ്ദേഹത്തെ വെടിഞ്ഞു കളഞ്ഞു. തന്നിമിത്തം ഇമാം സൈദ് അവരെക്കുറിച്ചു റാഫിസീ (വെടിഞ്ഞവർ) എന്നു പറയുകയും അന്നു മുതൽക്കു അതു അവരുടെ പേരായിത്തീരുകയും ചെയ്തു.

ഒടുവിൽ ഇമാംസൈദിന്റെ അടുക്കൽ 200 ആളുകൾ മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളു. തന്നിമിത്തം അദ്ദേഹം വധിക്കപ്പെടുകയാണു് ഉണ്ടായതു്. യൂസുഫ് അദ്ദേഹത്തിന്റെ ശവം മറവു ചെയ്യപ്പെട്ടതിനു ശേഷം അതു ഖബറിൽ നിന്നെടുത്തു കഴുമരത്തിൽ നാട്ടുകയും ശിരസ്സു് ഛേദിച്ചു ഹിശാമിന്റെ അടുക്കലേക്കു അയയ്ക്കുകയും ചെയ്തു. ഹിശാം അതു ദമിശ്ഖ് പട്ടണവാതിലിനരികെ കെട്ടിത്തൂക്കിച്ചു. യമനിൽ ഒരു സംഘം ആളുകൾ ഇമാംസൈദിന്റെ അനുഗാമികളായിരുന്നു. സൈദികൾ എന്നാണു് അവർക്കു പേർ പറയപ്പെട്ടുന്നതു്.

അർമേനിയായിലും ആദർബീജാനിലും സേനാനായകത്വം വഹിച്ചിരുന്നതു ജർറാഹുബ്നുഅബ്ദുല്ലയായിരുന്നു. അദ്ദേഹം ബലഞ്ചർ വരെയുള്ള രാജ്യങ്ങൾ കീഴടക്കി. ഹിജ്റഃ 107–ൽ ഹിശാം അദ്ദേഹത്തെ നീക്കി പകരം സ്വസഹോദരനായ മസ്ലമത്തിനെ അവിടേക്കയച്ചു. മസ്ലമത്തു് ഹാരിസുബ്നുതായിയെന്ന ഭൃത്യനെ തന്റെ പ്രതിനിധി

യാക്കി അതിർത്തിയിൽ നിർത്തി. ഹാരിസ് പലരാജ്യങ്ങളും കീഴടക്കുകയുണ്ടായി. ഹിജ്റഃ 110-ൽ മസ്ലമത്ത് തന്നെ സൈന്യവുമായിച്ചെന്നു ലാൻ എന്ന പ്രദേശത്തിനടുത്തുവച്ച് തുർക്കികളോട് നേരിട്ട് അവരെ തോല്പിച്ചു. ഹിജ്റഃ 111-ൽ ഹിശാം മസ്ലമത്തിനെ മടക്കി വിളിച്ചു ജർറാഹിനെത്തന്നെ വീണ്ടും അവിടേക്കയച്ചു. ജർറാഹ് തഫ്ലീസിൽക്കൂടിച്ചെന്നു കാസ്പിയൻ രാജ്യങ്ങളും ആക്രമിച്ചു.

കാസ്പിയൻ രാജ്യക്കാർ ഏകോപിച്ചു കൊണ്ടു ജർറാഹിനോടു എതിർത്തു. അവരെ സഹായിക്കുവാനായി തുർക്കികളും വന്നിട്ടുണ്ടായിരുന്നു. അതി കഠിനമായ സമരം നടന്നു. അവസാനം ജർറാഹ് അർദബീൽ എന്നിടത്തുവെച്ചു വധിക്കപ്പെടുകയും അദ്ദേഹത്തിന്റെ ഭടന്മാർ തോറ്റോടുകയുമാണുണ്ടായതു്. ഈ ജയം നിമിത്തം കാസ്പിയൻ പ്രദേശക്കാർക്കു ധൈര്യം വർദ്ധിച്ചു. അവർ മുസ്ലിംകൾ കൈവശപ്പെട്ടുത്തിയിരുന്ന രാജ്യങ്ങളും ഓരോന്നോരോന്നായികീഴടക്കിക്കൊണ്ടു മുസ്ലിമിന്റെ നേർക്കു വന്നു. തന്നിമിത്തം ഇസ്ലാം ലോകത്തു് വലിയ അസ്വാസ്ഥ്യമുണ്ടായി.

ഹിശാം, മുമ്പു ഖുറാസാൻ ഭരണകർത്താവായിരുന്ന സയീദ് ഹറശിയെന്ന ആളെ ഒരു വലിയ സേനയുമായി അവരുടെ നേർക്കു അയച്ചു. പിന്നീടു സഹായ സൈന്യത്തെ അയച്ചു കൊണ്ടിരിക്കുകയും ചെയ്തു. സയീദ് ജർറാഹിന്റെ കീഴിലുണ്ടായിരുന്നവരും തോറ്റോടിയവരുമായ ഭടന്മാരെ അർസൻ എന്നിടത്തുവെച്ചു കണ്ടുമുട്ടിയതിനാൽ അവരെയും ഒരുമിച്ചു കൂട്ടി. അദ്ദേഹം ഓരോ പട്ടണത്തിൽ നിന്നും കോട്ടയിൽ നിന്നും ശത്രുക്കളെ പുറത്താക്കിക്കൊണ്ടു അർദബീൽ വരെ എത്തി. ശത്രുക്കളുടെ ഒരു സേന എതാനും കാതം അകലെ നില്പുണ്ടെന്നും അവരുടെ അധീനത്തിൽ 5000 മുസ്ലിം തടവുകാരുണ്ടെന്നും അവിടെ നിന്നു അദ്ദേഹത്തിന്നു

വത്തമാനം കിട്ടി. അദ്ദേഹം രാത്രിസമയം യാദൃശ്ചികമായി എതിത്തതിനാൽ ശത്രുക്കളിൽ ഒരാൾ പോലും കൊലയിൽ നിന്നു രക്ഷപ്പെട്ടില്ല. മുസ്‌ലിം തടവുകാർ മുഴുവനും മോചിതരായി. സയീദ് അവരെയും കൊണ്ടു ബാജർവാൻ എന്നിടത്തു ചെന്നു താമസിച്ചു. കാസ്പിയൻ രാജ്യക്കാർ വീണ്ടും സംഘം ശേഖരിച്ചു പോരിനു വന്നുവെങ്കിലുംസയീദ് അവരോടു മുഖ്യം എതിത്തതു കൊണ്ടു അവർ മുസ്‌ലിംകളിൽ നിന്നു കരസ്ഥമാക്കിയ സർവ്വ പ്രദേശങ്ങളെയും ഉപേക്ഷിച്ചു ഓടിപ്പോയി.

ഹിശാം വീണ്ടും സയീദിന്റെ സ്ഥാനത്തേക്കു മസ്‌ലമത്തിനെത്തന്നെ ഭരണകർത്താവാക്കി അയച്ചു. മസ്‌ലമത്തി നോടുപോരാടുവാനായി കാസ്പിയൻ പ്രദേശക്കാർസംഘം കൂടി വരികയുണ്ടായി. മുസ്‌ലിം സൈന്യത്തിൽ വളരെ ചുരുക്കം ആളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. തന്നിമിത്തം മസ്‌ലമത്ത് ധനവും സാമഗ്രികളും തമ്പുകളുമെല്ലാം ഉപേക്ഷിച്ചു, സ്ത്രീകളെയും കുട്ടികളെയും മുന്നിലും ഭടന്മാരെ പിന്നിലുമാക്കിക്കൊണ്ടു ദിവസേന ഈരണ്ടു ദിവസത്തെ വഴി നടന്നു ദർബന്തിൽ എത്തിച്ചേർന്നു. അവിടെ എത്തിയതോടു കൂടിത്തന്നെ അദ്ദേഹം നിര്യാതനായി.

ഹിജ്‌റഃ 114–ൽ മർവാനുബ്നുമുഹമ്മദിനെ 120000 ഭടന്മാരോടു കൂടി ഹിശാം, ബലഞ്ചറിലേക്കയച്ചു. അദ്ദേഹത്തിന്റെ സൈന്യബലം കണ്ടു, കാസ്പിയൻ പ്രദേശങ്ങളിലെ ഭരണാധികാരികളുംനേതാക്കളും യുദ്ധം ചെയ്യാനിടയാക്കാതെ അദ്ദേഹത്തിന്റെ അടുക്കൽ വന്നു സംഖ്യ ഉടമ്പടി ചെയ്തു. ഇങ്ങിനെ കുഴപ്പങ്ങളെല്ലാം പരിഹരിക്കപ്പെട്ടു.

വടക്കു ഭാഗത്തു റോമക്കാരുമായും തുടച്ചയായി യുദ്ധം നടന്നു കൊണ്ടിരുന്നു. ഉഷ്ണകാലത്തു സായിഫാ സൈന്യവും ശൈത്യകാലത്തു ശാത്തിയാ സൈന്യവും അവരുടെ നേരെ

അയക്കപ്പെട്ടുകൊണ്ടിരുന്നു. ഈ യുദ്ധങ്ങളിൽ മിക്കപ്പോഴും സേനാനായകത്വം വഹിച്ചിരുന്നതു, മസ്‌ലമത്തുബ്‌നുഅബ്ദുൽമലിക്കു്, മർവാനുബ്‌നുമുഹമ്മദ്, അബ്ബാസുബ്‌നുവലീദ്, മുആവിയത്തുബ്‌നുഹിശാം, സയീദുബ്‌നുഹിശാം, സുലൈമാനുബ്‌നുഹിശാം ആദിയായ ഖിലാഫത്ത് വംശജന്മാർ തന്നെയായിരുന്നു. ഇവർ റോമക്കാരോടു പല സമരങ്ങളും നടത്തിവിജയം നേടി. അബ്ദുല്ലാഹിബ്‌നുഅലത്താൽ എന്ന ആൾ ഈ യുദ്ധങ്ങളിൽ സർവ്വോപരി കീർത്തി സമ്പാദിച്ചു. അദ്ദേഹത്തെ അബ്ദുൽമലിക്കു്, ജസീറ, സിറിയ ഇവിടത്തുകാരായ 10000 ഭടന്മാരുടെ നേതാവാക്കി തന്റെ മകൻ മസ്‌ലമത്തിന്റെ മുൻ സൈന്യത്തിൽ നിയമിച്ചിട്ടുണ്ടായിരുന്നു. അബ്ദുൽവഹാബുബ്‌നുബുഖ്ത്തു് എന്ന ധൈര്യപരാക്രമിയായ ഒരു പടനായകനും അദ്ദേഹത്തിന്റെ ഒരുമിച്ചുണ്ടായിരുന്നു. ഈ നായകന്മാരുടെ വീര കൃത്യങ്ങളാൽ റോമക്കാരുടെ ധൈര്യം ക്ഷയിച്ചു പോയി. ഇവരുടെ പേർ കേട്ടാൽ അവർ നടുങ്ങിപ്പോകുകയായിരുന്നു പതിവു്. ഇവരെക്കുറിച്ചു അവരുടെ ഇടയിൽ ആശ്ചര്യകരങ്ങായ പല വർത്തമാനങ്ങളും പ്രചരിപ്പെട്ടു. അബ്ദുൽവഹാബ് ഹിജ്‌റഃ 113-ലും ബത്താൽ 122-ലും വധിക്കപ്പെട്ടു. അമീർഹംസഃ എന്ന കഥാപുസ്തകത്തെപ്പോലെ ഈ രണ്ടു ധൈര്യവാന്മാരുടെ കഥകളും "ദുൽഹമഃ" എന്ന നാമധേയത്തിൽ അറബി ഭാഷയിൽ ഒരു കഥാഗ്രന്ഥമായി എഴുതപ്പെട്ടിരിക്കുന്നു.

നാവികസൈന്യവും ശരിക്കു യുദ്ധത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്നു. മുആവിയത്തുബ്‌നു ഖുദൈജ് മകൻ അബ്ദുർറഹ്മാനായിരുന്നു അവരുടെ നായകൻ.

ആഫ്രിക്കയിൽ ബന്യുഉമയ്യാ ഖലീഫമാരുടെ ഏറ്റവും വലിയ സേനാനായകൻ അബ്ദുല്ലാഹിബ്‌നു അഖബത്തായിരുന്നു. സ്പെയിൻകാര്യങ്ങൾ അദ്ദേഹമായിരുന്നു നിർവ്വ

ഹിച്ചുവന്നതു്. ഹിജാസ് ഗവണ്മെന്റായിരുന്നതു മഖ്സൂമീവംശജനായ മുഹമ്മദുബ്നുഹിശാം എന്ന ആളായിരുന്നു. ഹാജിമാരുടെ നേതൃത്വം മിക്കവർഷങ്ങളിലും അദ്ദേഹം വഹിച്ചുവന്നു.

ഹിശാമിന്റെ ഖിലാഫത്തുകാലത്തു് ഇസ്ലാം സാമ്രാജ്യത്തിന്റെ സ്ഥിതി വളരെ തൃപ്തികരമായിരുന്നു. ഇസ്ലാമിന്റെ പ്രതാപത്തെക്കുറിച്ചു അതിർത്തി പ്രദേശക്കാർക്കു വലിയ ഭയമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് ഇസ്ലാമിക ഭണ്ഡാരം നിബിഡമായിത്തീരുകയും പ്രജകൾ സന്തുഷ്ടരായി കാലം കഴിക്കുകയും ചെയ്തു. അറബി ഗോത്രങ്ങളിൽ ഇസ്ലാമിനു മുമ്പുണ്ടായിരുന്ന വർഗ്ഗീയപക്ഷപാതത്തെ ഹിശാം പുനർജ്ജീവിപ്പിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്തു. ഹിശാമിന്റെ ഭരണകാലത്തു് പുനരാവിർഭവിച്ചു ഏറ്റവും ഭയങ്കരമായ ആപത്തു അതായിരുന്നു. ആ വർഗ്ഗീയ പക്ഷപാതമായിരുന്നു അല്പകാലം കഴിഞ്ഞപ്പോഴേക്കു ബനൂഉമയ്യാഖിലാഫത്തിനു നാശഹേതുകമായി ഭവിച്ചതു്.

സ്ഥാനാവകാശം: യസീദുബ്നുഅബ്ദുൽമലിക്കിന്റെ മരണപത്രമനുസരിച്ചു, ഹിശാമിനു ശേഷം ഖിലാഫത്തവകാശി വലീദുബ്നു യസീദായിരുന്നുവല്ലോ. എന്നാൽ അദ്ദേഹത്തെ നീക്കി സ്വപുത്രനെ സ്ഥാനാവകാശിയാക്കണമെന്നായിരുന്നു ഹിശാമിന്റെ അഭിലാഷം. ഇക്കാര്യത്തിൽ പല ഉദ്യോഗസ്ഥന്മാരെയും അദ്ദേഹം പാട്ടിലാക്കിയിരുന്നുവെങ്കിലും അഭിലാഷം സാധിച്ചില്ല. അവസാനം കോപാന്ധനായിത്തീർന്ന അദ്ദേഹം വലീദിനോടു അന്യായമായ വിധത്തിൽ വർത്തിച്ചു തുടങ്ങി. തന്നിമിത്തം അതേ വിധ കോപവിദ്വേഷങ്ങൾ വലീദിലും ആവിർഭവിച്ചു.

വിയോഗം: ഹിജ്റഃ 125 റബീഉൽആഖിർ 6–ാംനു ഹിശാം കാലഗതി പ്രാപിച്ചു. അദ്ദേഹം ഖിലാഫത്തധി

കാരം വഹിച്ചതു 19 വർഷവും 6 മാസവും 11 ദിവസവുമായിരുന്നു.

വലീദ് രണ്ടാമൻ

വലീദ് രണ്ടാമന്റെ പിതാവ് അബ്ദുൽമലിക്കുബ്നുമർവാന്റെ പുത്രനായ യസീദും, മാതാവ് മുഹമ്മദുബ്നുയൂസുഫ് തഖ്ഫിയുടെ പുത്രിയായ ഉമ്മുൽഹജ്ജാജുമാകുന്നു. ഹിശാമിന്റെ മരണാനന്തരം ഖലീഫയായതോട്ടുകൂടി, സ്വ ഗോത്രക്കാരായ മുൻഗാമികളുടെ പതിവനുസരിച്ച് വലീദും തന്റെ വിരോധികളോടു പകരം വീട്ടുവാനാരംഭിച്ചു. ഒന്നാമതായിത്തന്നെ അദ്ദേഹം ഹിശാമിന്റെ ഭാര്യയുടേയും മക്കളുടേയും സ്വത്തുക്കൾ പിടിച്ചടക്കുകയാണു് ഉണ്ടായതു്. അതിനുശേഷം തന്റെ സ്ഥാനാവകാശത്തെ ദുർബ്ബലപ്പെടുത്തുന്ന കാര്യത്തിൽ ഹിശാമിന്റെ അഭിപ്രായത്തോടു യോജിച്ചിരുന്ന ഉദ്യോഗസ്ഥന്മാരുടെ നേരെ തിരിഞ്ഞു. മദീനാ ഭരണകർത്താവായിരുന്ന ഹിശാമുബ്നുഇസ്മായീൽ മഖ്സൂമിയുടെ പുത്രന്മാരായ മുഹമ്മദു്, ഇബ്രാഹിം എന്നീ രണ്ടു പേരെയും ബന്ധനസ്ഥരാക്കി കൊരടാവുകൊണ്ടു അടിപ്പിക്കുകയും കൂടുതൽ ശിക്ഷയ്ക്കായി ഇറാഖുഗവർണ്ണരായിരുന്ന യൂസുഫുബ്നുഉമർതഖ്ഫിയെ ഭരമേല്പിക്കുകയും ചെയ്തു. യൂസുഫിന്റെ ദ്രോഹം നിമിത്തം അവർ രണ്ടു പേരും മരിച്ചുപോയി. സുലൈമാനുബ്നു ഹിശാമിനെ കൊരടാവുകൊണ്ടു നൂറു അടി അടിപ്പിക്കുകയും അദ്ദേഹത്തിന്റെ തലയും താടിയും വരണ്ടിക്കുകയും ചെയ്തുകൊണ്ടു വലീദ് അദ്ദേഹത്തെ സിറിയയിൽ നിന്നു ഉമ്മാനിലേക്കു (ഓമൻ) നാടുകടത്തി. യസീദുബ്നു ഹിശാമിനെയും അബ്ദുൽമലിക്കിന്റെ ചില പുത്രന്മാരെയും തടവിലാക്കുകയും റൗഹുബ്നു വലീദിനെ അദ്ദേഹത്തിന്റെ ഭാര്യയുമായി അകറ്റിത്താമസിപ്പിക്കുകയും ചെയ്തു. ഖാലിദുബ്നു ഖിസ്രിയെയും ബന്ധനസ്ഥനാക്കി ഇറാഖു ഗവർണ്ണറായിരുന്ന യൂസുഫ്ബ്നു

ഉമറിന്റെ അടുക്കലേക്കു അയച്ചു. യൂസുഫ് ദ്രോഹിച്ചു ദ്രോഹിച്ചു അദ്ദേഹത്തെയും കൊന്നുകളഞ്ഞു.

വലീദിന്റെ ഇത്തരം ദ്രോഹങ്ങളാൽ ഖുറാഅ ഗോത്രക്കാക്കും യമൻകാക്കും അദ്ദേഹത്തോടു ഇഷ്ടമില്ലാതായി. സൈന്യത്തിൽ ഭൂരിഭാഗം അവരായിരുന്നു. കൂടാതെ, സ്വജനങ്ങളായ ബനൂഉമയ്യാ ഗോത്രക്കാർ തന്നെയും അദ്ദേഹത്തിന്റെ വിരോധികളായിച്ചമഞ്ഞു. അവർ അദ്ദേഹത്തെക്കുറിച്ചു പലവിധ വർത്തമാനങ്ങൾ പരത്തുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ സഹോദരനും വലീദുബ്നുഅബ്ദുൽമലിക്കിന്റെ പുത്രനുമായ യസീദായിരുന്നു അദ്ദേഹത്തെ സർവ്വോപരി ദുഷിച്ചിരുന്നതു്. യസീദ് സദാചാരനിരതനും ത്യാഗിവര്യനുമായിരുന്നതുകൊണ്ടു അദ്ദേഹത്തിന്റെ വാക്കുകൾ ജനങ്ങളെ ആകർഷിക്കാതിരുന്നില്ല. ഇങ്ങിനെ പ്രധാനികളും പാമരന്മാരുമായ സകല ജനങ്ങളും വലീദിന്റെ ശത്രുക്കളായിത്തീർന്നു. അവർ ഗൂഢമായി പ്രസ്തുത യസീദിനെ ഖലീഫയായി തിരഞ്ഞെടുത്തുകൊണ്ടു അദ്ദേഹത്തെ സഹായിച്ചതിനാൽ യസീദ് ഖിലാഫത്ത് തലസ്ഥാനത്തെ പെട്ടെന്നു കീഴടക്കി. വലീദ് സ്വവസതിയിൽ രോധനം ചെയ്യപ്പെട്ടു. രോധനം ചെയ്യപ്പെട്ടയവസരത്തിൽ അദ്ദേഹം വിശുദ്ധ ഖുർആൻ തുറന്നു പാരായണം ചെയ്തുതുടങ്ങുകയും, ദ്രോഹിതനായ ഖലീഫഹസ്രത്ത് ഉസ്മാനു സംഭവിച്ച ദുരവസ്ഥയാണു് തനിക്കും നേരിട്ടിട്ടുള്ളതെന്നു പറഞ്ഞുകൊണ്ടു സ്വയം സമാധാനിക്കുകയുമാണു് ഉണ്ടായതു്. ജനങ്ങൾ അകത്തു പ്രവേശിച്ചു അദ്ദേഹത്തിന്റെ ശിരസ്സു ഛേദിക്കുകയും അതു കുന്തത്തിന്മേൽ നാട്ടി പട്ടണം ചുറ്റിക്കുകയും ചെയ്തു. ഈ വധം നടന്നതു ഹിജ്റാ 126 ജമാദുൽ ആഖിർ 28–ാംനു-യായിരുന്നു. വലീദിന്റെ ഖിലാഫത്തുകാലം ഒരു കൊല്ലവും മൂന്നുമാസവുമാണു്. വലീദിന്റെ കൊലയോടുകൂടി ബനൂഉമയ്യാ ഗോത്രത്തിനു നാശവാതിൽ തുറക്കപ്പെട്ടു.

യസീദ് മൂന്നാമൻ

യസീദ്, അബ്ദുൽമലിക്കുബ്നുമർവാന്റെ പൌത്രനാകുന്നു. പാർസിരാജാവായിരുന്ന യസ്ദഗർദ് മകൻ ഫൈറൂസിന്റെ പുത്രിയായിരുന്ന അദ്ദേഹത്തിന്റെ മാതാവു്. അവരുടെ പേർ ശാഹ്ആഫരീദ് എന്നായിരുന്നു. വലീദിന്റെ വധത്തിന്നുശേഷം യസീദ് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. വലീദ് പട്ടാളക്കാക്കു വർദ്ധിപ്പിച്ചിരുന്ന ശമ്പളം അദ്ദേഹം ചുരുക്കിയതിനാൽ അദ്ദേഹത്തിന്നു യസീദ്നാഖിസ്(ശമ്പളം ചുരുക്കിയ യസീദ്) എന്നു പേർ സിദ്ധിച്ചു.

യസീദ് ഉത്തമ വിചാരക്കാരനായിരുന്നുവെങ്കിലും, ബന്യുഉമയ്യാ ഗോത്രക്കാർ വലീദിന്റെ കൊലപാതകത്തെ അദ്ദേഹത്തിന്റെ മേൽ ഒരു വലിയ കുറ്റമായിത്തന്നെ ചുമത്തി. അബ്ദുല്ലാഹിബ്നുഅബ്ദുൽമലിക്കിന്റെ പുത്രനും ഹിംസ്ഭരണകർത്താവുമായിരുന്ന മർവാൻ വലീദിനെ കൊന്നതിന്നു പകരം വീട്ടുവാൻ ഉത്സാഹിപ്പിച്ചുകൊണ്ടു യസ്ദുബ്നുഹസീൻ മകൻ മുആവിയത്തിന്റെ നായകത്വത്തിൽ ഹിംസുകാരെ ഖിലാഫത്തു തലസ്ഥാനത്തേക്കയച്ചു. യസീദ്, വർത്തമാനമറിഞ്ഞപ്പോൾ യഅ്ഖൂബുബ്നുഹാനി എന്ന ദൂതൻ മുഖേന ഹിംസുകാക്കു ഇപ്രകാരം അറിവു കൊടുത്തു. "ഖിലാഫത്തധികാരം എനിക്കു തന്നെ വേണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. പൊതുജനസമ്മതത്തോടുകൂടി ആർ തിരഞ്ഞെടുക്കപ്പെടുന്നുവോ അയാളെ ഖലീഫയായി സ്വീകരിക്കുവാൻഞാൻ സന്നദ്ധനാണു". നിങ്ങൾ പരസ്പരം കലഹത്തിൽ നിന്നു പിന്മാറേണ്ടതാണു"". എങ്കിലും ഹിംസുകാർ അദ്ദേഹത്തിന്റെ വാക്കു സ്വീകരിച്ചില്ല. അവർ വലീദിന്റെ കൊലയ്ക്കു പകരം വീട്ടുവാൻ തന്നെ തുനിയുകയാണു് ഉണ്ടായതു്. അവസാനം അവരുടെ നേരെ സുലൈമാനുബ്നുഹിശാമിന്റെ നേതൃത്വത്തിൽ സൈനിക നടപടി അനുവർത്തിക്കുവാൻ യസീദ് നിർ

ബ്ധിതനായി. തന്നിമിത്തം ഹിംസുകാരിൽ അധികംപേർ കൊല്ലപ്പെട്ടകയും ശേഷിച്ചവർ യസീദിനെ ഖലീഫയായി സ്വീകരിക്കുകയും ചെയ്തു. ഫലസ്തീൻകാരും ഹിംസുകാരെ അനുകരിക്കുകയുണ്ടായി. അവർ അവിടത്തെ ഭരണാധികാരിയെ പുറത്താക്കി, സുലൈമാനുബ്നുഅബ്ദുൽമലിക്കിന്റെ മകനായ മുഹമ്മദിനെ ഭരണകർത്താവായി നിയമിച്ചു. അദ്ദേഹവും ഫലസ്തീൻകാരെ പിൻപറ്റി നിന്നു. ഇങ്ങനെ രണ്ടു രാജ്യങ്ങളിൽ നിന്നുമായി മുഹമ്മദുബ്നുഅബ്ദുൽമലിക്കിന്റെ നായകത്വത്തിൽ, 84000 ഭടന്മാർ പ്രതികാര നടപടിക്കു സന്നദ്ധരായി. എങ്കിലും അവരുടെ ഇടയിൽ അന്തഃഛിദ്രം ആവിർഭവിച്ചതിനാൽ അവക്കും പരാജയം നേരിട്ടു. അവസാനം അവരും യസീദിനെത്തന്നെ ഖലീഫയായി സ്വീകരിക്കുവാൻ നിർബ്ബന്ധിതരായി. സിറിയായിൽ പൊട്ടിമുളച്ച അന്തഛിദ്രം മാത്രമാണ് മേൽ പ്രസ്താവിച്ചിട്ടുള്ളതു്. കിഴക്കൻ രാജ്യങ്ങളിലെ സ്ഥിതി ഇതിനേക്കാൾ ആപല്ക്കരമായിരുന്നു. യസീദ് കൂഫാ ഭരണാധികാരിയായിരുന്ന യൂസുഫുബ്നുഉമറിനെ നീക്കി തൽസ്ഥാനത്തു് മൻസൂറുബ്നുജൂംഹൂറിനെ നിയമിച്ചിട്ടുണ്ടായിരുന്നു. ഇറാഖുകാരെക്കൊണ്ടു് യസീദിനെ ഖലീഫയായി തിരഞ്ഞെടുപ്പിച്ചതിനുശേഷം മൻസൂർ തന്നെ കിഴക്കൻ പ്രദേശങ്ങളിലേക്കു വേണ്ട ഉദ്യോഗസ്ഥന്മാരെ നിയമിച്ചയച്ചു. തദവസരത്തിൽ ഖുറാസാൻ ഭരണകർത്താവായിരുന്നനസ്റുബ്നുസയ്യാർ സ്വാതന്ത്ര്യം പ്രഖ്യാപിച്ചുകൊണ്ടു മൻസൂറിന്റെ ഉദ്യോഗസ്ഥന്മാരെ മടക്കിഅയച്ചു. യമൻകാരുടെ നേതാവും കമ്മാനിൽ ജനിച്ചതുകൊണ്ടു കർമ്മാനീ എന്ന നാമധേയത്തിൽ കീർത്തിപ്രാപിച്ചവനുമായിരുന്ന ജുദൈഉബ്നുഅലി, ഖുറാസാൻ ഭരണാധികാരിയായ മേൽ പറഞ്ഞ നസ്റുബ്നു സയ്യാറിനോടു മത്സരിക്കുവാൻ സന്നദ്ധനായി. ഖഹ്ത്താൻ ഗോത്രക്കാർ അദ്ദേഹത്തിന്റെ ഭാഗത്തു ചേർന്നു. മു

സർ ഗോത്രക്കാർ വഗ്ഗീയ പക്ഷപാതത്താൽ നസ്റിന്റെ പക്ഷത്തും ചേരുകയുണ്ടായി. നസ്റ്, കമ്മാനിയെ പിടിച്ചു തടവിലാക്കിയെങ്കിലും ഖഹ്ത്താൻ ഗോത്രക്കാർ അദ്ദേഹത്തെ വിട്ടുവിച്ചു കൊണ്ടുപോയി. ഇരുകക്ഷികളും തമ്മിൽ യുദ്ധമുണ്ടാകുവാൻ സമീപിച്ചിരുന്നുവെങ്കിലും ഒട്ടുവിൽ ചിലർ ഇടയിൽ പ്രവേശിച്ചു പരിശ്രമിച്ചതിനാൽ പരസ്പരം സന്ധി നടന്നു. പക്ഷെ ആ സന്ധി മൂലം അവർ തമ്മിൽ നിഷ്കളങ്കമായ സ്നേഹവിശ്വാസങ്ങൾ ഉണ്ടായിട്ടില്ലായിരുന്നു.

സ്ഥാനാവകാശം: യസീദ് ഒന്നാമതായി സ്വസഹോദരൻ ഇബ്റാഹീമിനെയും, രണ്ടാമതായി ഹജ്ജാജ് ബ്നുഅബ്ദുൽമലിക്ക് മകൻ അബ്ദുൽഅസീസിനെയും സ്ഥാനാവകാശികളാക്കി.

വിയോഗം: യസീദ് 5 മാസവും 22 ദിവസവും മാത്രം ഖിലാഫത്തു് വഹിച്ചതിനുശേഷം ഹിജ്റഃ 126 ദുൽഹജ്ജ് 21-ാംനു ചരമം പ്രാപിച്ചു. യസീദിന്റെ വസിയ്യത്തനുസരിച്ചു ഇബ്റാഹീം ഖലീഫയായി. എങ്കിലും ജസീറാഭരണകർത്താവായിരുന്ന മർവാനുബ്നുമുഹമ്മദ് അദ്ദേഹത്തിന്റെ ഖിലാഫത്തിനു അനുകൂലിയായില്ല. മർവാൻ ഭടന്മാരെയും കൊണ്ടു സിറിയയുടെ നേർക്കു യുദ്ധത്തിനു ചെന്നു. ഹിംസും ഖിൻസരീനും കീഴടക്കിയതിനു ശേഷം ദിമിശ്ഖിലേക്കു ഗമിച്ചു. ഒരു ചെറു സമരം നടത്തി ദിമിശ്ഖും കൈവശപ്പെടുത്തിയതിൽപ്പിന്നെ താൻ തന്നെയാണു് ഖലീഫയെന്നുഘോഷിച്ചുകൊണ്ടു് പ്രൈഅത്ത് ചെയ്യിച്ചു. ഇബ്രാഹീം ഭയവിഹ്വലനായി ഓടിക്കളഞ്ഞു. മർവാൻ അദ്ദേഹത്തിനു അഭയം നല്കുകയാണു് ഉണ്ടായതു്. മർവാന്റെ വിരോധം നിമിത്തം ഇബ്റാഹിമിന്റെ ഖിലാഫത്തു് വാസ്തവത്തിൽ നിലവിൽ വന്നിട്ടില്ലെന്നു പറഞ്ഞുകൊണ്ടു അധികം ചരിത്രകാരന്മാരും അദ്ദേഹത്തെ ഖലീഫമാരുടെ കൂട്ടത്തിൽ എണ്ണിയിട്ടില്ല.

മർവാൻ രണ്ടാമൻ

മർവാനുബ്നുഹക്കമിന്റെ മകനായ മുഹമ്മദിന്റെ പുത്രനാണ് ഈ മർവാൻ രണ്ടാമൻ. കുർദിസ്ഥാൻകാരിയായിരുന്ന ഒരടിമയാണ് മർവാന്റെ മാതാവ്. ആ അടിമ ആദ്യം ഇബ്റാഹീം അശ്തറിന്റെ അധീനത്തിലായിരുന്നു. ഇബ്രാഹീം വധിക്കപ്പെട്ടതിനു ശേഷം മുഹമ്മദ് അവരെ വാങ്ങി. മർവാൻ ഭ്രജാതനായതു ഹിജ്റഃ 70–ലാണ്. അദ്ദേഹം വളരെ ശക്തനും കായബലമുള്ളവനുമായിരുന്നു. അദ്ദേഹത്തിന്റെ പരിശ്രമശീലം നിമിത്തം ജനങ്ങൾ അദ്ദേഹത്തിനു ഹിമാർ എന്നു നാമകരണം ചെയ്തു. അദ്ദേഹം ധൈര്യത്തിലും സൈനികസാമർത്ഥ്യത്തിലും ബനൂഉമയ്യാ ഗോത്രക്കാരിൽ വെച്ചു അസാധാരണനായിരുന്നു. പല യുദ്ധങ്ങളിലും അദ്ദേഹം വിജയിയായിട്ടുണ്ട്. അദ്ദേഹത്തിന്റെ പരിശ്രമത്താൽ കാസ്പിയൻ രാജ്യങ്ങളിൽ മുഴുവനും ഇസ്ലാമിന്റെ ആധിപത്യം സ്ഥാപിതമായി.

ഹിജ്റ 127–ൽ ഇബ്രാഹീമിനെ ജയിച്ചു ദിമിശ്ഖിൽ പ്രവേശിച്ചപ്പോഴായിരുന്ന അദ്ദേഹം ഖലീഫയായി സ്വീകരിക്കപ്പെട്ടതു്. അദ്ദേഹത്തിന്റെ ഭരണം ആരംഭിച്ചതു മുതൽ അവസാനം വരെയും നാടൊട്ടുക്കു കലഹവും പ്രക്ഷോഭണവും നടന്നുകൊണ്ടിരുന്നു. തന്നിമിത്തം ബനൂഉമയ്യാ ഗോത്രക്കാരിൽ നിന്നു തന്നെ ഖിലാഫത്തധികാരം നഷ്ടപ്പെട്ടു.

ജഅ്ഫറുബ്നുഅബീതാലിബ് മകൻ അബ്ദുല്ലയുടെ പുത്രനായ മുആവിയത്ത് മകൻ അബ്ദുല്ല ക്കൂഫയിൽ, ഇമാമത്ത്വാദവുമായി പുറപ്പെട്ടു. മർവാന്റെ നേരെ ഒന്നാമതായി ഉണ്ടായ മത്സരം ഇതായിരുന്നു. അബ്ദുല്ലയുടെ ഭാഗത്തു ശീയികളിൽ ഒരു വമ്പിച്ച ജനസംഘമുണ്ടായിരുന്നു. അന്നു ഇറാഖ്ഗവർണ്ണരും, ഉമറുബ്നുഅബ്ദിൽഅസീസിന്റെ മകനു

മായിരുന്ന അബ്ദുല്ലയോട് ജനങ്ങൾക്ക് വളരെ സ്നേഹവും ബഹുമാനവുമുണ്ടായിരുന്നു. അദ്ദേഹം മേൽ പ്രസ്താവിച്ച അബ്ദുല്ലാഹിബ്നു മുആവിയത്തിനെ തോല്പിച്ചു ബന്ധനസ്ഥനാക്കുകയും ഇറാഖിൽനിന്നു പുറത്താക്കുകയും ചെയ്തു.

സിറിയയിൽ ബന്യുഉമയ്യാ നായകന്മാരുടെ പ്രക്ഷോഭണത്താൽതന്നെ മർവാന്റെ നേരെ അടിക്കടി ലഹളകളുണ്ടായിക്കൊണ്ടിരുന്നു. ഒന്നാമതായി ഹിംസുകാർ അദ്ദേഹത്തിന്റെ നേരെ യുദ്ധത്തിനു ചെന്നു. വളരെ രക്തപ്രവാഹം നടന്നതിൽപ്പിന്നെ മർവാനു അവരുടെ മേൽ ജയം സിദ്ധിച്ചു. അനന്തരം ഗൂത്താ നിവാസികൾ മത്സരത്തിനു പുറപ്പെട്ടു. അവക്കും അനേകം കഷ്ടനഷ്ടങ്ങൾ നേരിടുകയാണുണ്ടായതു്. ഇതിൽപ്പിന്നെ ഫലസ്തീൻകാർ കലഹം നടത്തിയതിനാൽ അവർക്കും നഷ്ടം നേരിട്ടു. അവസാനം ഹിശാമുബ്നു അബ്ദിൽമലിക്കിന്റെ പുത്രൻ സുലൈമാൻ ഖിലാഫത്ത് വാദവുമായി പുറപ്പെട്ടു. സിറിയക്കാരിൽ അധികം പേരും അദ്ദേഹത്തിന്റെ ഭാഗത്തു ചേർന്നു. തദവസരത്തിൽ മർവാൻ ഖർഖീസായിലായിരുന്നു. അദ്ദേഹം അവിടെനിന്നു സുലൈമാന്റെ നേർക്കു വന്നപ്പോൾ സുലൈമാൻ പരാജിതനായി 30,000 ശവങ്ങൾ പോർക്കളത്തിൽ ഉപേക്ഷിച്ചുകൊണ്ടു ഹിംസിലേക്കു ഓടി. മർവാൻ അദ്ദേഹത്തിന്റെ പിന്നാലെ ചെന്നുവെങ്കിലും അദ്ദേഹം തദംറിലേക്കുപോയിക്കളഞ്ഞതിനാൽ അദ്ദേഹത്തെ പിടികിട്ടിയില്ല.

ഖാരിജികൾ: സിറിയയിൽ ഈ കലഹങ്ങൾ നടന്നുകൊണ്ടിരുന്ന തക്കം നോക്കി ഇറാഖിൽ ഖാരിജികൾ തല ഉയർത്തി. അവരുടെ നേതാവു് ളഹാക്കുബ്നുഖൈസ് ശൈബാനീ എന്ന ആളായിരുന്നു. ളഹാക്കു കൂഫ കരസ്ഥമാക്കി. തദവസരത്തിൽ അവിടെ ഗവർണ്ണരായിരുന്ന അബ്ദുല്ലാഹിബ്നുഉമറുബ്നു അബ്ദിൽഅസീസ് അവി

ടെനിന്നു ഓടി വാസിത്തിൽ അഭയം പ്രാപിച്ചു. എങ്കിലും ള ഹാക്കു അവിടെ വന്നു അദ്ദേഹത്തെ പിടിക്കുകയുംഅദ്ദേഹ ത്തോട്ട നിർബ്ബന്ധപൂർവ്വം ബൈഅത്ത് വാങ്ങുകയും ചെയ്തു. മർവാനാൽ തോല്പിക്കപ്പെട്ട സുലൈമാനുബ്നുഹിശാമും ള ഹാക്കിന്റെ ഭാഗത്തു ചേർന്നതിനാൽ അദ്ദേഹത്തിന്നു പ്രാബ ല്യം വർദ്ധിച്ചു. അനന്തരം ളഹാക്കു് മൂസലിനെ ആക്രമിച്ചു. മർവാൻ ജസീറാ ഭരണ കർത്താവായിരുന്ന സ്വപുത്രനായ അ ബ്ദുല്ലക്കു ളഹാക്കിന്റെ ആഗമനത്തെ തടയുവാൻ ഉത്തര വു കൊടുത്തു. അബ്ദുല്ല 7000 ഭടന്മാരെയുംകൊണ്ടു നസീ ബീനിലേക്കു വന്നു. ളഹാക്കിന്റെ കൂടെ ഒരു ലക്ഷം ഭടന്മാ രുണ്ടായിരുന്നു. അദ്ദേഹം നസീബീൻ രാജ്യം വളഞ്ഞിരിക്കു ന്നുവെന്നു വർത്തമാനം കിട്ടിയപ്പോൾ തന്റെ അടുക്കലുണ്ടായി രുന്ന സർവ്വ ഭടന്മാരെയുംകൊണ്ടു മർവാനും വന്നെത്തി. കഠി നസമരം നടന്നതിൽ ളഹാക്കു് കൊല്ലപ്പെട്ടു. അനന്തരം ഖാരിജികൾ സയീദുബ്നുബഹ്ദൽ എന്ന ആളെ സേനാനായകനാക്കി. സയീദു്, മർവാന്റെ ഭടന്മാരെ ആ ക്രമിച്ചു മദ്ധ്യസൈന്യത്തെ തോല്പിച്ചുകൊണ്ടു അദ്ദേഹത്തി ന്റെ തമ്പിന്നടുത്തെത്തിയെങ്കിലും അവിടെ വെച്ചു വധിക്ക പ്പെടുകയാണു് ഉണ്ടായതു്.

ഇതിന്നുശേഷം ശൈബാനുബ്നു അബ്ദിൽ അസീസ് എന്ന ആൾ ഖാരിജീസൈന്യത്തിന്റെ നേതൃത്വം വഹിച്ചു. എങ്കിലും ജനങ്ങൾ കൂടക്കൂടെ അദ്ദേഹത്തിന്റെ സംഘത്തിൽ നിന്നു പിരിയുന്നതു കണ്ടു അദ്ദേഹം മൂസലിലേക്കു പോന്നു. മർവാനും അദ്ദേഹത്തെ പിന്തുടർന്നു. അങ്ങിനെ മൂസലിൽ വെ ച്ചു ആറുമാസം വരെ യുദ്ധം നടന്നു.

ഇതിന്നിടയിൽ മർവാൻ ഉമറുബ്നുഹുബൈരത്തിന്റെ മകൻ യസീദിനെ ഇറാഖ് ഗവർണ്ണറായി നിയമിച്ചയച്ചു. യ സീദു് ഖാരിജികളെ അവിടെനിന്നു പുറത്താക്കി അവരുടെ മുതലുകൾ പിടിച്ചടക്കുകയും ശൈബാനോടു നേരിടേണ്ടതിന്നു

ഒരു സൈന്യത്തെ അയയ്ക്കുകയും ചെയ്തു. ഈ വർത്തമാനം കേട്ടപ്പോൾ ഇറാഖ് സൈന്യത്തിന്റെയും സിറിയാ സൈന്യത്തിന്റെയും മദ്ധ്യത്തിൽ അകപ്പെട്ടുപോകുമെന്നു ഭയപ്പെട്ട ശൈബാൻ, മൂസൽ ഉപേക്ഷിച്ചു ഫാരിസിലേക്കു പോന്നു. എങ്കിലും, വഴിമദ്ധ്യേ ജൈറഫത്തു് എന്നിടത്തു വെച്ചു ഇറാഖു സൈന്യം അദ്ദേഹവുമായി നേരിട്ടതിനാൽ അദ്ദേഹം പരാജിതനായി സീസ്താനിലേക്കു ഓടുകയും ഹിജ്റഃ 130–ൽ അവിടെവെച്ചു തന്നെ മരിക്കുകയുമാണു് ഉണ്ടായതു്.

ഈ കാലത്തു തന്നെ, ഓഫ്അസ്ദിയുടെ മകനായിരുന്ന അബൂഹംസാമുഖ്ത്താർ എന്ന ആളും മർവാന്റെ വിരോധിയായിച്ചമഞ്ഞു. ഹസർമൗത്തു് നേതാവായിരുന്ന അബ്ദുല്ലാഹിബ്നുയഹ്യാ എന്ന ആൾ അദ്ദേഹത്തിന്റെ ഭാഗത്തു ചേർന്നു. അബൂഹംസഃ ഒന്നാമതായി മദീനാപട്ടണം കൈവശപ്പെടുത്തി. അനന്തരം സിറിയയുടെ നേരെ ചെന്നപ്പോൾ മർവാൻ, ഇബ്നുഅത്തിയ്യ സഅ്ദീ എന്ന ആളെ നാലായിരം അശ്വഭടന്മാരോടുകൂടി അദ്ദേഹത്തിന്റെ നേരെ അയച്ചു. വാദിഖുറാ എന്നിടത്തുവെച്ചു ഇരു സൈന്യങ്ങളും പോരാടിയ അവസരത്തിൽ അബൂഹംസഃ കൊല്ലപ്പെട്ടു. അനന്തരം ഇബ്നുഅത്തിയ്യഃ, അബ്ദുല്ലാഹിബ്നുയഹ്യായെ ശിക്ഷിക്കുവാനായി യമനിലേക്കു വന്നു. അദ്ദേഹം അബ്ദുല്ലയെ കൊല്ലുകയും തല മുറിച്ചെടുത്തു മർവാന്റെ അടുക്കലേക്കു അയയ്ക്കുകയുമുണ്ടായി.

പര്യവസാനം: ബന്ധുഅബ്ബാസ്ഗോത്രക്കാരും അവരുടെ പക്ഷക്കാരും കുറെ കാലമായി, അബ്ബാസിയാ ഖിലാഫത്തിന്നുവേണ്ടി പ്രചാരവേല നടത്തിവരികയായിരുന്നു. ബന്ധുഉമയ്യാ ഗോത്രത്തിൽ ഉൽഭൂതമായ അന്തഃഛിദ്രവും ഖാരിജികളുടെ വിപ്ലവങ്ങളും അവർക്കു സഹായകരങ്ങളായി ഭവിച്ചു. ബന്ധുഅബ്ബാസ് പക്ഷക്കാരിൽ പ്രഥമഗണനീയനായിരുന്ന

അബ്ബാസ്‌ലിംഖുറാസാനി ഖുറാസാൻ രാജ്യത്തെ പൂണ്ണമായി കീഴടക്കിയതിൽപ്പിന്നെ ഖഹ്ത്തബത്തുബ്നശബീബിനെ കൂഫയിലേക്കയച്ചു. അവിടെവെച്ചു ഹിജ്റഃ 132 റബീഉൽ അവ്വൽമാസത്തിൽ ബന്യഅബ്ബാസ് ഗോത്രത്തിൽ പ്രഥമ ഖലീഫയായ അബുൽഅബ്ബാസുബ്ന സഫാഹിന്റെ തിരഞ്ഞെടുപ്പും ഖിലാഫത്ത പ്രഖ്യാപനവും നടത്തപ്പെട്ടു. അബുൽഅബ്ബാസ്, അബ്ദുല്ലാഹിബ്നഅലിയ്യിന്റെ നായകത്വത്തിൽ ഒരു വമ്പിച്ചസേനയെ മർവാന്റെ നേക്കയച്ചു. സാബ്നദിയിൻകരയിൽവച്ചു ഈ സൈന്യം മർവാന്റെ സേനയുമായി നേരിട്ടപ്പോൾ മർവാൻ പരാജിതനായി ഈജിപ്തിലേക്കുപോയി. സാലിഹബ്നഅലി എന്ന ആൾ അദ്ദേഹത്തെ പിന്തുടർന്നു. ഈജിപ്തിൽ ബൂസീർ എന്ന ഗ്രാമത്തിലെ കനീസയിലായിരുന്ന മർവാൻ ചെന്നു കൂടിയതു്. സാലിഹ് അവിടെ ചെന്നു അദ്ദേഹത്തെ പിടിക്കുകയും ഹിജ്റഃ 132 ദുൽഹജ്ജ് 28–ാംനു അദ്ദേഹത്തെ കൊല്ലുകയും ചെയ്തു. അന്നാണു് ബന്യഉമയ്യാ ഖിലാഫത്ത് അവസാനിക്കുകയും ബന്യഅബ്ബാസ് ഖിലാഫത്ത് ആരംഭിക്കുകയും ചെയ്ത ദിവസം.

"ദൈവമെ, നീ ഉദ്ദേശിക്കുന്നവക്കു നീ രാജത്വം നൽകുകയും നീ വിചാരിക്കുന്നവരിൽ നിന്നു നീ രാജത്വം എടുത്തുകളയുകയും നീ ഉദ്ദേശിക്കുന്നവരെ നീ ശ്രേഷ്ഠരാക്കുകയും നീ വിചാരിക്കുന്നവരെ നീ താഴ്ത്തിക്കളയുകയും ചെയ്യുന്നു. അനുഗ്രഹം നിന്റെ പക്കലാണു്. നിശ്ചയമായും നീ സർവ്വശക്തനാകുന്നു എന്നു പറയുക". ഖു. ശ.

ബന്യഉമയ്യാ ഖിലാഫത്തിന്റെ നാശകാരണങ്ങൾ.

1. ബന്യഉമയ്യാ ഗോത്രക്കാർ ഖിലാഫത്തധികാരസ്ഥന്മാരായതു സമുദായത്തിന്റെ തൃപ്തിയോടും ആനുകൂല്യത്തോടും കൂടിയായിരുന്നില്ല. നേരെ മറിച്ചു, ശക്തിയും സ്വാധീനത

യും പ്രയോഗിച്ചു സമുദായത്തെ അവർ കീഴടക്കുകയാണു് ചെയ്തിരുന്നതു്. അമീർ മുആവിയ സിറിയാ സൈന്യങ്ങളുടെ സഹായത്തോടു കൂടി ഇറാഖുകാരെക്കൊണ്ടും ഹിജാസുകാരെക്കൊണ്ടും തന്നെ ഖലീഫയായി തിരഞ്ഞെടുപ്പിച്ച അവസരത്തിൽ, പ്രത്യക്ഷത്തിൽ എല്ലാവരും അദ്ദേഹത്തെ ഖലീഫയായി സമ്മതിച്ചിരുന്നുവെങ്കിലും, പരോക്ഷമായി പല ഹൃദയങ്ങളിലും വിരോധാഗ്നി ആണ്ടു കിടന്നിരുന്നു. സമുദായത്തിൽപ്പെട്ട ഖാരിജീ, ശീയി എന്നീ രണ്ടു സംഘങ്ങൾ അദ്ദേഹത്തിന്റെ കഠിന വിരോധികളായിരുന്നു.

ഒന്നാമതു പ്രസ്താവിച്ച കൂട്ടർ സമരസന്നദ്ധരും നിർഭയന്മാരും തങ്ങളുടെ വാദങ്ങൾക്കായി ജീവപരിത്യാഗം ചെയ്യാൻ സന്നദ്ധരുമായിരുന്നു. രണ്ടാമത്തെ സംഘക്കാർ ഇറാഖിലായിരുന്ന അധികമുണ്ടായിരുന്നതു്. അഹ്ലുബൈത്തിന്നാണു് ഖിലാഫത്തധികാരം വേണ്ടതെന്നും തങ്ങൾ അവരുടെ സഹായികളാണെന്നുമായിരുന്നു ഇവരുടെ വാദം. അഹ്ലുബൈത്തു്, നബിയുമായുള്ള അടുത്ത ബന്ധുത്വത്താൽ ശ്രേഷ്ഠരായതു കൊണ്ടു, ഇക്കൂട്ടർക്കു സമുദായത്തിൽ നിന്നു അനേകം ആളുകളെ പ്രയാസമെന്യേ വശീകരിക്കുവാൻ സാധിച്ചു.

സ്ഥിതിഗതികൾ ഇങ്ങിനെയായിരിക്കെ തങ്ങളുടെ ഖിലാഫത്തിനെ നിലനിർത്തേണ്ടതിന്നു ബന്യുഉമയ്യാഗോത്രക്കാർ വളരെ സൂക്ഷ്മതയും ദീർഘാലോചനയും അനുഷ്ഠിക്കേണ്ടതായിരുന്നു. തങ്ങളെക്കുറിച്ചു ജനഹൃദയങ്ങളിൽ മതിപ്പും സ്നേഹവും ഉളവാകുവാനും, എതിരാളികളുടെ വിരോധത്താലോ, പ്രക്ഷോഭണത്താലോ തങ്ങളുടെ ഖിലാഫത്തിന്റെ അടിത്തറക്കുഇളക്കം സംഭവിക്കാതിരിക്കുവാനുമായി നീതിയേയും നിഷ്പക്ഷപാതിത്വത്തെയും പ്രജാ വാത്സല്യത്തേയും അനന്യസാധാരണമായ വിധത്തിൽത്തന്നെ കൈക്കൊള്ളേണ്ടതായിരുന്നു. എന്നാൽ അമീർ മുആവിയക്കു മാത്രമേ അവരുടെകൂട്ടത്തിൽ ഈ പരമാർത്ഥത്തെക്കുറിച്ചു ബോധമുണ്ടായിരുന്നുള്ളു. അദ്ദേ

ഹം ബന്ധുഹാശിം നേതാക്കന്മാരോടും ശീയി നായകന്മാരോടും ഔദായ്യപൂർവ്വം വർത്തിക്കുകയും അവരുടെ അഭീഷ്ടങ്ങൾ നിവർത്തിച്ചു അവരെ ആകർഷിക്കുകയും ചെയ്തിരുന്നതു കൊണ്ടു അവരുടെ മത്സരം ശാന്തമാകുകയും വെറുപ്പു കുറയുകയുമുണ്ടായി.

എന്നാൽ ഇതുയെല്ലാം സഹനശീലവും ദീർഘാലോചനയും ഉണ്ടായിരുന്നിട്ടുകൂടി ജുമുആ പ്രസംഗപീഠങ്ങളിൽപ്പോലും ഹസ്രത്തു് അലിയെ ശപിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്ന സമ്പ്രദായം അദ്ദേഹം നടപ്പാക്കി. ആ സമ്പ്രദായം രാജ്യഭരണതന്ത്രത്തിനു വിപരീതമായ ഒരു വമ്പിച്ച അപരാധമായിരുന്നുവെന്നു പറയാതെ നിവൃത്തിയില്ല. അതുമൂലം അഭിലഷണീയമായ യാതൊരു ഗുണവും ഉണ്ടാകാതിരുന്നതോടു കൂടി, ജനങ്ങളുടെ, പ്രത്യേകിച്ചു ശീയികളുടെ ഹൃദയങ്ങളിൽ കോപവും താപവും കൂടെക്കൂടെ ജ്വലിച്ചു കൊണ്ടിരുന്നു. ആ അധിക്ഷേപം കേട്ടു സഹിക്കാൻ സാധിക്കാതിരുന്നതു കൊണ്ടായിരുന്നു ഖലീഫമാരോടും ഉദ്യോഗസ്ഥന്മാരോടും ചിലരെല്ലാം മത്സരിച്ചു കൊണ്ടിരുന്നതു്. മത്സരിക്കുന്നവർക്കു ശിക്ഷ ലഭിച്ചുകൊണ്ടിരുന്നു. അതു കൊണ്ടും ജനങ്ങളുടെ വിദ്വേഷം വർദ്ധിച്ചതേയുള്ളു.

ഇനി രാജ്യതന്ത്രപരമായ മയ്യാദഇരിക്കട്ടെ. മതപരമായി നോക്കുന്നതായാലും ഈ ആചാരം ന്യായരഹിതമായിരുന്നുവെന്നു തെളിയുന്നതാണു്. മരിച്ചുപോയ ഒരാളെയും അധിക്ഷേപിക്കുവാൻ മതം അനുവദിക്കുന്നില്ല. എന്നിരിക്കെ ഇസ്ലാംമതത്തിന്റെ ആവിർഭാവം മുതല്ക്കേ അതിനെ സഹായിച്ചു കൊണ്ടിരുന്ന ഹസ്രത്തു് അലിയെപ്പോലെയുള്ള ഒരു സമുദായ നേതാവിനെ അധിക്ഷേപിക്കുന്നതു ഇസ്ലാംമതം എങ്ങിനെയാണു് നീതീകരിക്കുക?

അമീർമുആവിയയുടെ വിയോഗാനന്തരം അദ്ദേഹത്തിന്റെ പിൻഗാമികൾ പദവിയിലും പ്രതാപത്തിലും വഞ്ചി

തരായതിനാൽ വിരോധികളെ വശത്താക്കുവാൻ തീരെ ഉത്സാഹിച്ചില്ല. നേരെ മറിച്ചു, അവർ എല്ലായ്പ്പോഴും ബലവും കയ്യൂക്കും ഉപയോഗിച്ചു വിരോധികളെ ദ്രോഹിച്ചുകൊണ്ടിരിക്കുകയാണു് ഉണ്ടായതു്. ഒന്നാമതായി ഇമാംഹുസൈനും പിന്നീടു് ഇമാംസൈദ്, അബ്ദുല്ലാഹിബ്നുസുബൈർ ഇവരും കൊല്ലപ്പെട്ടു. ഈ കൊലപാതകങ്ങളാൽ ശീയികളിൽ പ്രതികാരേച്ഛ കത്തിജ്വലിച്ചു.

2. ഇസ്ലാമിനുമുമ്പു അറബിഗോത്രങ്ങളിലുണ്ടായിരുന്ന വർഗ്ഗീയ പക്ഷപാതത്തെ ഇസ്ലാം നിശ്ശേഷം നശിപ്പിച്ചിരുന്നു. ബന്യുഉമയ്യാഗോത്രക്കാർ പ്രത്യേകിച്ചു, ഹിശാം എന്ന ഖലീഫ ഈ വർഗ്ഗീയ പക്ഷപാതത്തെ പുനർജ്ജീവിപ്പിച്ചു. ഒന്നാമതായി അതു പ്രത്യക്ഷപ്പെട്ടതു മർവാൻ ഒന്നാമന്റെ ഭരണകാലത്തായിരുന്നു. മറ്ജുറാഹിത്തിൽ ഒരു ഭാഗത്തു ളഹാക്കിന്റെ കൂടെ ഖൈസ്ഐലാൻ ഗോത്രക്കാരും മറുഭാഗത്തു് മർവാന്റെ ഒരുമിച്ചു ബന്യുകൽബ് ഗോത്രക്കാരും നിന്നു പരസ്പരം നേരിട്ടപ്പോൾ മർവാനായിരുന്നു ജയിച്ചതു്. എന്നാൽ അദ്ദേഹം ഖലീഫയായതിൽപ്പിന്നെ മുഖ്താറുബ്നു അബീ ഉബൈദിന്റെ നേർക്കു ഇബ്നുസിയാദിന്റെകൂടെ ഇറാഖിലേക്കു ഭടന്മാരെ അയച്ച അവസരത്തിൽ ആ സൈന്യത്തിലെ ഇടസൈന്യനായകനായിരുന്നതു ഖൈസ്ഐലാൻ ഗോത്രത്തിൽപ്പെട്ട ഉമറുബ്നു ഹബ്ബാബ് സൽമിയായിരുന്നതിനാൽ, ഇബ്നുസിയാദ് ജയിക്കാറായ സന്ദർഭത്തിൽ ഉമറുബ്നുഹബ്ബാബ് വർഗ്ഗീയ മത്സരത്താൽ പോക്കളം വിട്ടു കളഞ്ഞു. മറ്ജുറാഹിത്തിൽ വെച്ചു തന്റെ ഗോത്രക്കാരെ കൊന്ന ഘാതകന്മാരുടെ ഭാഗത്തു് താൻ യുദ്ധം ചെയ്യുന്നതല്ലെന്നാണു് അദ്ദേഹം പ്രസ്താവിച്ചതു്. തൽഫലമായി ഇബ്നുസിയാദിനു ജയത്തിനു പകരം പരാജയം നേരിടുകയും അദ്ദേഹവും മിക്കസിറിയാക്കാരും വധിക്കപ്പെടുകയുമുണ്ടായി.

അക്കാലത്തെ കവികളായിരുന്ന ജൂരൈർ, ഫറസ്ദഖ്,

അഖ്ത്തൽ മുതലായവർ ഈ അനിസ്ലാമിക പക്ഷപാത ത്തെ ജ്വലിപ്പിക്കേണ്ടതിന്നു തങ്ങളുടെ കവിതകൾ വഴിയാ യി സഹായിച്ചിരുന്നുവെന്നും ഭിന്നതപ്പിശാചായിരുന്ന അവ രുടെ നാവുകൾ കൊണ്ടു സംസാരിച്ചിരുന്നതെന്നും അവരുടെ കാവ്യങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ട്.

വഗ്ലീയസ്പർദ്ധ അധികമുണ്ടായിരുന്നതു ഖുറാസാനിലായി രുന്നു. അവിടെ വെച്ചു ഖഹ്ത്താനീ, നിസാരീ എന്നീ അറബി ഗോത്രങ്ങൾ പരസ്പരം മത്സരിച്ചു കൊണ്ടിരുന്നു. പിന്നീട്ട നിസാരിയിൽ നിന്നുത്ഭവിച്ച റബീഅത്ത്, മുസർ എന്നീ ശാഖകൾ തമ്മിലും, അതിൽപ്പിന്നെ ഖൈസ്ഐലാൻ, തമീം എന്നീ മുസർ ശാഖകൾ തമ്മിലും ശത്രുത ഉത്ഭവിച്ചു. ഖലീഫമാരും ഉദ്യോഗസ്ഥന്മാരും അവരുടെ രാ ഷ്ട്രീയ കായ്സാദ്ധ്യത്തിന്നായി ഈ മഹാമാരിയെ പ്രോത്സാ ഹിപ്പിക്കുവാനാണ് പരിശ്രമിച്ചു കൊണ്ടിരുന്നതു്. ഒരു യമൻകാരൻ ഭരണകർത്താവായി നിയമിക്കപ്പെട്ടാൽ അയാൾ നിസാർ ഗോ ത്രക്കാരെ പുറത്താക്കും. പിന്നീട്ട അയാളെക്കുറിച്ചു വല്ല സം ശയവുമുണ്ടാകുമ്പോൾ അയാൾക്കു പകരം ഒരു നിസാർ ഗോ ത്രക്കാരനെയോ, മുസർ ഗോത്രക്കാരനെയോ, ഭരണാധികാരി യായി അയക്കുമ്പോൾ തന്റെ വിദ്വേഷികളായ ഗോത്രക്കാ രെ അവരും സംഹരിച്ചു കളയും. അനിസ്ലാമികമായ ഈ വഗ്ലീയ മത്സരത്തെ ഉണ്ടാക്കിത്തീർക്കുന്നതു കൊണ്ടു ഖിലാ ഫത്തിന്റെ പ്രതാപത്തെയും അറബികളുടെ പ്രാബല്യത്തെ യുമാണു് നശിപ്പിക്കുന്നതെന്നു അവർ ഓർത്തിരുന്നില്ല.

3. ബന്യുഉമയ്യാ ഗോത്രക്കാർ സ്ഥാനാവകാശികളെ നി യമിക്കുന്നതിന്നു അംഗീകരിച്ച രീതിയും അവരുടെ നാശത്തി ന്നു ഒരു വലിയ കാരണമായിത്തീർന്നു. മിക്കഖലീഫമാരും ഒ രാൾക്കു പകരം രണ്ടാളെ വഴിക്കു വഴിയായി സ്ഥാനാവകാ ശികളാക്കി. തൽഫലമായി ഒന്നാമത്തെ അവകാശി ഖലീ ഫയായാൽ, രണ്ടാമത്തെ അവകാശിയെ നീക്കി തൽസ്ഥാന ത്തു് സ്വപുത്രനെയോ, സ്വവാത്സല്യഭാജനമായ മറ്റാരെയെ

ങ്കിലുമോ അവകാശിയാക്കുവാനായിരിക്കും അയാളുടെ മോഹം. ഇങ്ങിനെ ബന്യുഉമയ്യാ ഗോത്രത്തിൽത്തന്നെ അന്തഃഛിദ്രം ആവിർഭവിച്ചു.

രണ്ടു സ്ഥാനാവകാശികളെ നിയമിച്ച പ്രഥമഖലീഫമർവാൻ ഒന്നാമനാകുന്നു. അബ്ദുൽമലിക്ക്, അബ്ദുൽഅസീസ് എന്നീ രണ്ടു പേരെ അവകാശികളാക്കി. അബ്ദുൽമലിക്കു് ഖിലാഫത്ത് സിംഹാസനത്തിൽ ആഗതനായപ്പോൾ അബ്ദുൽഅസീസിനെ നീക്കി ആ സ്ഥാനത്തു് സ്വപുത്രനായ വലീദിനെ അവകാശിയാക്കുവാൻ ആഗ്രഹിച്ചു. ഈ ആഗ്രഹം പൂർത്തീകരിക്കാൻ ആലോചിച്ചു കൊണ്ടിരുന്നപ്പോഴാണു് അബ്ദുൽഅസീസ് കാലഗതി പ്രാപിച്ചതു്. രണ്ടുപേരെ അവകാശികളാക്കിയതു കൊണ്ടുണ്ടായ ദോഷം കണ്ടറിഞ്ഞ അബ്ദുൽമലിക്കിന്നും അതൊരു പാഠമായിത്തീർന്നില്ല. വലീദ്, സുലൈമാൻ ഇങ്ങിനെ രണ്ടുപേരെ അദ്ദേഹവും അവകാശികളായി നിയമിച്ചു. വലീദ് ഖലീഫയായപ്പോൾ അദ്ദേഹം സുലൈമാന്നു പകരം തന്റെ മകനെ അവകാശിയാക്കുവാൻ വിചാരിച്ചു. പക്ഷെ ഈ ആഗ്രഹം നിവർത്തിക്കുവാൻ കഴിയാതെ അദ്ദേഹം മരിച്ചു പോയതിനാൽ സുലൈമാൻ തന്നെ ഖലീഫയായി. സുലൈമാനും, മുൻസംഭവങ്ങൾ ഗൌനിക്കാതെ തനിക്കുശേഷം ഖിലാഫത്ത് വഹിക്കേണ്ടതിന്നു ഉമറുബ്നുഅബ്ദുൽ അസീസിന്നും യസീദുബ്നുഅബ്ദുൽമലിക്കിന്നും അവകാശം നല്കി.

ഉമറുബ്നുഅബ്ദുൽഅസീസ് ഖലീഫയായപ്പോൾ യസീദിന്റെ പക്കൽനിന്നു് എന്നുവേണ്ടേ, ബന്യുഉമയ്യാഗോത്രത്തിൽ നിന്നു തന്നെ, ഖിലാഫത്തധികാരത്തെ വേർപെട്ടത്തണമെന്നു അദ്ദേഹം വിചാരിച്ചു. അദ്ദേഹം അങ്ങിനെ ചെയ്കകളയുമെന്നു ഭയപ്പെട്ടതിനാൽ ബന്യുഉമയ്യാഗോത്രക്കാർ ബദ്ധപ്പെട്ട അദ്ദേഹത്തിന്റെ ഭക്ഷണത്തിൽ വിഷം ചേർത്തു കളഞ്ഞതു കൊണ്ടായിരുന്നു അദ്ദേഹം നിര്യാതനായതെന്നു

ചില ചരിത്രകാരന്മാർ പറഞ്ഞിട്ടുള്ളതിൽ അത്ഭുതപ്പെട്ട വാനൊന്നുമില്ല.

യസീദും ഇതേ പിഴവിനെത്തന്നെ ആവർത്തിക്കയാണുണ്ടായതു്. അദ്ദേഹം ഹിശാമിനെയും ഹിശാമിനുശേഷം ഖലീഫയാകേണ്ടതിനു സ്വപുത്രനായ വലീദിനെയും അവകാശികളാക്കി. ഹിശാം ഖലീഫയായപ്പോൾ വലീദിനു പകരം സ്വന്തപുത്രനെ നിശ്ചയിക്കുവാൻ ആഗ്രഹിക്കുകയും തന്നിമിത്തം ഇരുപേരും തമ്മിൽ മത്സരം ഉത്ഭവിക്കുകയും ചെയ്തു. ഇങ്ങിനെ വലീദ് ദേഷ്യസ്വഭാവിയായിത്തീർന്നതിനാൽ ഖലീഫയായപ്പോൾ ആ ദേഷ്യത്തിന്റെ ദുഷിച്ച ഭാഗങ്ങൾ അദ്ദേഹത്തിന്റെ പക്കൽ നിന്നു പ്രത്യക്ഷപ്പെടുകയുണ്ടായി.

4. ബന്യുഉമയ്യാഗോത്രക്കാർ തങ്ങളുടെ പ്രതികാരേച്ഛനിമിത്തം ഉദ്യോഗസ്ഥന്മാരും സമുദായനേതാക്കന്മാരുമായിരുന്ന പലരോടും അന്യായമായ വിധത്തിൽ വർത്തിക്കുകയും സമുദായത്തിൽ കീർത്തിപ്രാപിച്ച സേനാനായകന്മാരെയും അസാധാരണ ധൈര്യവാന്മാരുമായിരുന്ന പല ആളുകളെയും തങ്ങളുടെ താന്തോന്നിതത്വത്തിനു ബലികഴിക്കുകയും ചെയ്തു. സുലൈമാനുബ്നുഅബ്ദുൽമലിക്കിന്റെ സ്ഥാനാവകാശത്തെദുർബ്ബലപ്പെടുത്തുന്നതിനെ സംബന്ധിച്ചു ഹജ്ജാജ് വലീദിനോടുയോജിച്ചതിനാൽ, സുലൈമാനുണ്ടായ കോപം നിമിത്തം, അദ്ദേഹം ഖലീഫയായപ്പോൾ ഹജ്ജാജിന്റെ ബന്ധുക്കളും കീഴുദ്യോഗസ്ഥന്മാരുമായിരുന്ന സർവ്വരെയും ശിക്ഷിക്കുകയുണ്ടായി. സിന്ധുരാജ്യം കീഴടക്കിയ മുഹമ്മദുബ്നുഖാസിമിനെ അദ്ദേഹം കൊന്നുകളഞ്ഞു. ഇപ്രകാരംതന്നെ യൂറോപ്പിൽ പോയി ഇസ്ലാമിന്റെ കൊടിനാട്ടിയ ആ ഖിലാഫത്തു് ശ്രുശ്രൂഷകനായ മൂസബ്നു നസീറിനോടും അദ്ദേഹം നിർദ്ദയമായി ഇടപെട്ടു. മൂസക്കുവഹിക്കുവാനും സഹിക്കുവാനുംകഴിയാത്ത സംഖ്യ സുലൈമാൻഅദ്ദേഹത്തിന്റെ മേൽ പിഴചുമത്തുകയും അദ്ദേഹത്തെ ശിക്ഷിക്കുകയും

ചെയ്തു. ഇതുകൊണ്ടും തൃപ്തിപ്പെടാതെ, സ്പെയിൻ ഗവണ്ണറായിരുന്ന ആ മഹാന്റെ മകനായ അബ്ദുൽ അസീസിന്റെ ശിരസ്സു ഛേദിപ്പിച്ചു തന്റെ മുമ്പിൽ വരുത്തിയതിനുശേഷം അതു ഒരു പടിക്കത്തിലാക്കി ദ്രോഹിതനായ ആ സേനാനായകന്റെ മുമ്പിൽ വെച്ചു കൊടുത്തു.

യസീദുബ്നുഅബ്ദുൽമലിക്കിനു ഖിലാഫത്തു് കിടഞ്ഞാൺ കരസ്ഥമായപ്പോൾ അദ്ദേഹം ഹജ്ജാജിന്റെ കുട്ടംബക്കാരെ സഹായിക്കുകയും, ഒരു പേരെടുത്ത സേനാനായകനായിരുന്ന മുഹല്ലബുബ്നുഅബീസഫ്റത്തിന്റെ കുട്ടംബത്തെ നിശ്ശേഷം നശിപ്പിക്കുകയും ചെയ്തു. വലീദുബ്നു യസീദ് ഖലീഫയായിരുന്ന കാലത്തു് സ്വന്തമകനെ സ്ഥാനാവകാശിയാക്കേണ്ടതിനു സഹായിക്കുവാൻ ഖാലിദുബ്നു അബ്ദില്ലാഖിസ്രിയോടു അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. ഇതു സ്വീകരിക്കാതിരുന്ന ഏകകാരണത്താൽ ഖാലിദുബ്നു അബ്ദില്ലാ ഖിസ്രിയെ അദ്ദേഹത്തിന്റെ പ്രാണവിരോധിയായിരുന്ന യൂസുഫുബ്നുഉമർതഖ്ഫീക്കു അഞ്ചുകോടി ദിഹ്മിനു വലീദ് വിറ്റു കളഞ്ഞു. യൂസുഫ് അദ്ദേഹത്തെ ഒരു പീഡനയന്ത്രത്തിലാക്കുകയും അദ്ദേഹത്തിന്റെ നെഞ്ചത്തു അരംകൊണ്ടുരാകി അദ്ദേഹത്തെ ദ്രോഹിക്കുകയും ചെയ്തു. നിസ്സഹായനായിരുന്ന ആ മഹാൻ ഒരു വാക്കുപോലും പുറപ്പെടുവിക്കാതെ ഈ കഠിനഭേദ്യം അനുഭവിച്ചു കാലഗതി പ്രാപിച്ചു. അദ്ദേഹം ഖഹ്ത്താൻ വംശത്തിലെ ഏറ്റവും വലിയ നേതാവും യമനിലെ വിവിധഗോത്രങ്ങൾക്കെല്ലാം നായകനുമായിരുന്നു. പതിനഞ്ചുകൊല്ലത്തോളം ഇറാഖുഗവണ്ണറായി ഖിലാഫത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി അദ്ദേഹം പരിശ്രമിച്ചിരുന്നു. ഇത്തരം അപമാനവും ദ്രോഹവും നിമിത്തം ജനങ്ങൾ ബന്യുഉമയ്യാഖലീഫമാരെ വെറുത്തിരുന്നു.

ഖലീഫമാക്കു പുറമെ സിയാദ്, ഇബ്നുസിയാദ്, ഹജ്ജാജ്, യൂസുഫുബ്നുഉമർ തുടങ്ങി അവരുടെ കാലത്തു

ണ്ടായിരുന്ന ചില ഉദ്യോഗസ്ഥന്മാരും, ജനദ്രോഹവും രക്ത പ്രവാഹവും നടത്തിക്കൊണ്ടിരുന്നതിനാൽ അമവിയ്യാ ഖിലാഫത്തു് തന്നെ ജനങ്ങൾക്കു അസഹനീയമായിത്തീർന്നിരുന്നു.

5. ബന്യുഉമയ്യാഗോത്രക്കാർ തന്നെയും പരസ്പരം മത്സരിച്ചു പോരാടിക്കൊണ്ടിരുന്നു. യസീദ് മൂന്നാമന്റെ നേർക്കു, സിറിയായിലെ സകല ജില്ലകളിൽ നിന്നും സൈനികനടപടി നടത്തിയ സവ്വ് ഉദ്യോഗസ്ഥന്മാരും ബന്യുഉമയ്യാഗോത്രക്കാരായിരുന്നു. അനന്തരം നാലുഭാഗങ്ങളിൽ നിന്നുമായി വന്ന മർവാൻ രണ്ടാമനോട് പോരാടിയതും ഇക്കൂട്ടർ തന്നെയായിരുന്നു. ഇങ്ങിനെ അന്തഃഛിദ്രങ്ങൾ കൊണ്ടു ആ ഗോത്രത്തിന്റെ ശക്തി നശിച്ചുപോയിരുന്നു.

6. മേൽ വിവരിച്ച പ്രകാരം ബന്യുഉമയ്യാ ഗോത്രത്തിൽ ഉത്ഭവിച്ച അന്തഃഛിദ്രംമൂലം, ആദ്യം മുതല്ലേ അവരുടെ വിരോധികളും അവരുടെ ഖിലാഫത്തിനെ ഉൻമൂലനം ചെയ്വാൻ തരം നോക്കിക്കൊണ്ടിരുന്നവരുമായ ശീയികൾക്കു തങ്ങളുടെ ആഗ്രഹസാദ്ധ്യത്തിനു പൂർണ്ണസന്ദർഭം ലഭിച്ചു. അലിയ്യുബ്നഅബീതാലിബിന്റെ മകൻ മുഹമ്മദിന്റെ പുത്രനായ അബൂഹാശിം നിയ്യാതനായപ്പോൾ അദ്ദേഹത്തിനു പിന്തുടർച്ചാവകാശി ഇല്ലാതിരുന്നതിനാൽ അദ്ദേഹത്തിന്റെ വിയോഗാനന്തരം അബ്ദുല്ലാഹിബ്നു അബ്ബാസ് മകൻ അലിയ്യിന്റെ പുത്രനായ മുഹമ്മദിനെ ഇമാമാക്കുവാൻ അദ്ദേഹം വസിയ്യത്തു് ചെയ്തിട്ടുണ്ടെന്നു ബന്യുഅബ്ബാസ് ഗോത്രക്കാർ പറഞ്ഞു പരത്തി. തന്നിമിത്തം ശീയികളിൽ കൈസാനിയ്യാ എന്ന വഗ്ഗക്കാർ അവരുടെ പക്ഷക്കാരായിത്തീർന്നു.

മേൽപ്രസ്താവിച്ച മുഹമ്മദുബ്നുഅലി തന്റെ ഇമാമത്തിനെ പ്രബോധനം ചെയ്വാനായി ഒരു ഗൂഢസംഘം സ്ഥാപിക്കുകയും താഴെ പറയുന്ന 12 അംഗങ്ങളെ പ്രബോധകന്മാരായി (നഖീബുമാരായി) നിയമിക്കുകയും ചെയ്തു.

1. സുലൈമാനുബ്നുകതീർഖുസായീ.
2. മാലിക്കുബ്നുഹൈതം
3. തൽഹത്തുബ്നുസുറൈഖ്.
4. അംറുബ്നുആയുൻ
5. ഈസബ്നുആയുൻ.
6. ഖഹ്ത്തബത്തുബ്നുശബീബ്തായീ.
7. ലാഹിസുബ്നുഖുറൈസ്തമീമീ.
8. മൂസബ്നുകഅ്ബ്.
9. ഖാസിമുബ്നുമുജാശിഅ്.
10. അബൂദാവുദ് ഖാലിദുഖ്നു ഇബ്രാഹീംശൈ-
11. അബൂഅലീഹർദീശിബ്ലീ. [ബാനീ
12. ഉംറാനുബ്നുഇസ്മായീൽ.

ഇവരുടെ കീഴിലും ഉപദേശമനുസരിച്ചും പ്രവൃത്തി നടത്തുവാനായി 70 പേരെ വേറെയും തിരഞ്ഞെടുത്തു. കൂഫ, ഖുറാസാൻ എന്നീ രണ്ടു രാജ്യങ്ങളെ പ്രചാരവേലയുടെ കേന്ദ്രസ്ഥാനങ്ങളായി നിശ്ചയിച്ചു. കൂഫാ പട്ടണം ശീയികളുടെ ഉത്ഭവസ്ഥാനമായതുകൊണ്ടാണ് അതിനെ കേന്ദ്രമായി തിരഞ്ഞെടുത്തതെന്നു പറയേണ്ടതില്ലല്ലോ. ഖുറാസാൻ രാജ്യത്തെ കേന്ദ്രമായി സ്വീകരിച്ചതു താഴെ പറയുന്ന മൂന്നു കാരണങ്ങളാലായിരുന്നു.

1. ഖുറാസാൻ രാജ്യം ഖിലാഫത്തു് തലസ്ഥാനവുമായി വളരെ അകലെ സ്ഥിതി ചെയ്തിരുന്നതുകൊണ്ടു ബന്യുഉമയ്യാ ഗോത്രക്കാർക്കു അവിടെ നടക്കുന്ന വർത്തമാനങ്ങൾ കിട്ടുവാൻ എളുപ്പമുണ്ടായിരുന്നില്ല.

2. അവിടത്തെ നിവാസികൾക്കു രാഷ്ട്രീയ കാര്യങ്ങളിൽ യാതൊരു അവകാശവും നൽകപ്പെടാതിരുന്നതിനാൽ, അന്നത്തെ ഭരണത്തിനു ഒരു പരിവർത്തനം സംഭവിക്കണമെന്നു അവർക്കു ആഗ്രഹമുണ്ടായിരുന്നു.

3. അവിടത്തെ ജനങ്ങൾ നവമുസ്ലിംകളായിരുന്നതു കൊണ്ടു ഇസ്‌ലാമിക സ്വാതന്ത്ര്യത്തെയും പ്രജാധിപത്യത്തെയുംകുറിച്ചു അവക്കു ബോധമുണ്ടായിരുന്നില്ല. അവിടത്തെ പൂർവ്വരാജാക്കന്മാരുടെ രാജകീയ വാഴ്ചകളുടെ ചരിത്രങ്ങൾ നാട്ടുകാരുടെ പക്കലുണ്ടായിരുന്നതുകൊണ്ടു അവയെ മുൻനിർത്തിക്കൊണ്ടു, പ്രവാചകവയ്യന്റെ വിയോഗാനന്തരം അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കൾ പിന്തുടർച്ചക്കാരായിരിക്കേണ്ടതാണെന്നു അവരെ ധരിപ്പിക്കുവാൻ വളരെ എളുപ്പമുണ്ടായിരുന്നു.

ഈ ഉപദേഷ്ടാക്കളെ യാത്ര അയച്ച അവസരത്തിൽ മുഹമ്മദുബ്‌നു അലി ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു. ""കൂഫയിലെയും പരിസരങ്ങളിലെയും നിവാസികൾ ഹസ്രത്ത് അലിയുടെയും അദ്ദേഹത്തിന്റെ സന്തതികളുടെയും സംഘക്കാരാകുന്നു. ബസറക്കാർ മുഴുവനും ഉസ്മാൻ പക്ഷക്കാരാകുന്നു. ജസീറക്കാർ ഖാരിജികളായതോടുകൂടി നാമമാത്ര മുസ്ലികളും ആചാരങ്ങളിൽ ക്രിസ്ത്യാനികളുമാകുന്നു. സിറിയക്കാർ ബനൂഉമയ്യാ ഗോത്രക്കാരെയല്ലാതെ അറിയുകപോലും ചെയ്യുന്നില്ല. മക്കക്കാരിലും മദീനക്കാരിലും അബൂബക്കറിനെയും ഉമറിനെയും കുറിച്ചുള്ള വിശ്വാസം ബലപ്പെട്ടിരിക്കുന്നു. നിങ്ങൾ ഖുറാസാനിലേക്കു പോയിക്കൊൾവിൻ. അവിടത്തെ ആളുകൾ സഹൃദയന്മാരും കായബലമുള്ളവരും സംഖ്യാധിക്യമുള്ളവരുമാണു"".

പ്രബോധനം ചെയ്യുമ്പോൾ ആരുടേയും പേർ നിർജ്ജീവമാത്രം ബൈഅത്തു് ചെയ്യിച്ചാൽ മതിയെന്നും അദ്ദേഹം അവരോടു ആജ്ഞാപിച്ചു. ഈ പ്രചാരകന്മാർ പ്രത്യക്ഷത്തിൽ വ്യാപാരികളുടെ വേഷം കൈക്കൊണ്ടു ഖുറാസാനിൽ ചുറ്റി നടക്കുകയും ഗൂഢമായി ബനൂഹാശിം ഖിലാഫത്തിനെ പ്രബോധനം ചെയ്തുകൊണ്ടിരിക്കുകയുമാണു് ഉണ്ടായതു്.

ഹിജ്റഃ 126–ൽ മുഹമ്മദുബ്നുഅലി കാലഗതി പ്രാപിച്ചതിൽപ്പിന്നെ, അദ്ദേഹത്തിന്റെ മകൻ ഇബ്രാഹീം അദ്ദേഹത്താൽ ഇമാമത്തിന്നുവസിയ്യത്തു് ചെയ്യപ്പെട്ടവനായി ഗണിക്കപ്പെട്ടു. സ്ഥൈര്യധൈര്യാദി ഗുണങ്ങളെക്കൊണ്ടു ഖുറാസാനിൽ അതിമഹാനായിരുന്ന അബൂമുസ്ലിം എന്ന യുവാവിനെ ഇബ്രാഹീമിന്നു സഹായിയായി ലഭിച്ചു. ഇബ്രാഹീം അദ്ദേഹത്തെ ഖുറാസാനിലെ ശീയികൾക്കു അമീറായി നിയമിച്ചു. പ്രചാരകന്മാർ ദീർഘ കാലത്തെ പരിശ്രമംകൊണ്ടു ഖുറാസാൻ രാജ്യത്തിന്റെ ഓരോ കോണിലും ഇമാമത്തു് പ്രബോധനം ചെയ്തതിന്റെ ഫലമായി അവിടത്തെ ഭൂരിഭാഗംജനങ്ങളും, അനേകം നേതാക്കന്മാരും അവക്കു വശംവദരായി. പ്രബോധകന്മാരുടെ രഹസ്യം ചിലപ്പോഴൊക്കെ പ്രത്യക്ഷപ്പെടാതിരുന്നില്ല. അവക്കു ശിക്ഷയും കിട്ടിക്കൊണ്ടിരുന്നു. അസദുബ്നുഅബ്ദില്ലാ ഖിസ്രിയുടെ ഉദ്യോഗകാലത്തു പ്രത്യേകിച്ചും അവർ ശിക്ഷിക്കപ്പെട്ടുകയുണ്ടായി. അസദിന്നു അവരോടു വലിയ ദ്വേഷ്യമുണ്ടായിരുന്നതിനാൽ അദ്ദേഹം തനിക്കു പിടികിട്ടുന്നവരെ കൊല്ലുകയോ, അവരുടെ കൈമുറിച്ചുകളയുകയോ ചെയ്തിരുന്നു. എന്നാൽ ആ ശിക്ഷകൾ മൂലം അവരുടെ പ്രവൃത്തിക്കു ഭംഗം നേരിട്ടുകയോ യഥാർത്ഥവിവരം ഉദ്യോഗസ്ഥന്മാക്കു മനസ്സിലാകുകയൊ ചെയ്തിരുന്നില്ല.

ഇവിടെ ഖുറാസാൻ ഉദ്യോഗസ്ഥന്മാരിൽ പരസ്പരമത്സരവുംവർഗ്ഗീയപക്ഷപാതവും പിടിപെട്ടിരിക്കുന്നുവെന്നും, അവിടെ ബന്യുഉമയ്യാ ഗോത്രക്കാർ അന്യോന്യം കലഹത്തിലേപ്പെട്ടിരിക്കുന്നുവെന്നും അബൂമുസ്ലിം അറിഞ്ഞതിനാൽ അദ്ദേഹം പരസ്യമായും ഊജ്ജിതമായും പ്രചാരവേല ആരംഭിച്ചു. ഒന്നാമതായിത്തന്നെ അദ്ദേഹം മുറുവിന്നടുത്തുണ്ടായിരുന്ന സഫീദങ്കോട്ട കൈവശപ്പെടുത്തി. നാനാപ്രദേശങ്ങളിൽനിന്നുമായി ഇമാമത്തു് പ്രബോധനം സ്വീകരിച്ചിരുന്ന സുവ്

ജനങ്ങളെയും അദ്ദേഹം അവിടെ ക്ഷണിച്ചുവരുത്തി. അവർ രണ്ടു ലക്ഷം ആളുകളുണ്ടായിരുന്നു. അബ്ബാസിയാ ഗോത്രക്കാരുടെ ആചാരമനുസരിച്ചു എല്ലാവരും കറുപ്പുവസ്ത്രമായിരുന്നു ധരിച്ചിരുന്നതു്. അന്നത്തെ ഇമാമിന്റെ അടുക്കൽനിന്നു അബൂമുസ്ലിമിനു അയച്ചുകിട്ടിയിരുന്നതും സില്ല് എന്നും സഹാബ് എന്നും നാമകരണം ചെയ്യപ്പെട്ടിരുന്നതുമായ രണ്ടു കൊടികൾ ഇമാമത്ത് സംരക്ഷണയുടെ പേരിൽ അവിടെ നാട്ടപ്പെട്ടു.

ഖുറാസാൻ ഭരണകർത്താവായിരുന്ന നസ്റുബ്നുസയ്യാറും കമ്മാനിയും തമ്മിൽ വിരോധമുണ്ടായിരുന്നതിനാൽ, അബൂമുസ്ലിം കമ്മാനിയെ സ്വപക്ഷത്തു് ചേർത്തു. നസ്റ്സ്വയ്യത്തിനാണെന്നു പറഞ്ഞുകൊണ്ടു കർമ്മാനിയെ വിളിച്ചുവരുത്തി കൊന്നുകളഞ്ഞു. തദവസരത്തിൽ അബൂമുസ്ലിം കർമ്മാനിയുടെ മകൻ അലിയെ, പിതാവിന്റെ കൊലപാതകത്തിനു നസ്റിനോടു പകരം വീട്ടുവാൻ പ്രേരിപ്പിക്കുകയും അദ്ദേഹത്തെ സഹായിക്കേണ്ടതിനു ഭടന്മാരെ അയച്ചുകൊടുക്കുകയും ചെയ്തു. നസ്റ് പരാജിതനായി സാവാ എന്നിടത്തേക്കോടുകയും വഴിയിൽവെച്ചു മരിക്കുകയുമാണു് ഉണ്ടായതു്. ഇങ്ങിനെ ഖുറാസാൻ രാജ്യം മുഴുവനും അബൂമുസ്ലിമിന്റെ കൊടിയിൻ കീഴിലായി.

ഇമാം ഇബ്രാഹീം അതിനിടയ്ക്കു മരിച്ചുപോയതിനാൽ അദ്ദേഹത്തിന്റെ സ്ഥാനത്തു് അബ്ദുല്ലാ അബുൽഅബ്ബാസ് സഫാഹ് എന്ന ആൾ പിൻഗാമിയായി നിയമിക്കപ്പെട്ടിരുന്നു. അദ്ദേഹം കൂഫയിൽ വന്നു താമസിച്ചുവരികയായിരുന്നു. അബൂമുസ്ലിമിനു ബലവും സ്വാധീനവും വർദ്ധിച്ചപ്പോൾ കൂഫയിലേക്കു ഒരു പ്രതിനിധിയെ അയച്ചു. ഇങ്ങിനെ ഹിജ്റഃ 122-ൽ കൂഫയിൽ വെച്ചു മേൽപ്രസ്താവിച്ച അബുൽഅബ്ബാസ് സഫാഹ് ഖലീഫയായി പ്രഖ്യാപനം ചെയ്യപ്പെട്ടു.

7. ആദ്യകാലത്തു ബന്യുഉമയ്യാ ഖലീഫമാർ നാട്ടിലെ ആഭ്യന്തരകായ്യങ്ങൾ അനേഷിച്ചറിയേണ്ടതിന്നു ചാരന്മാരെ നിയമിക്കുക പതിവായിരുന്നു. എങ്കിലും അവരുടെ ഭരണാന്ത്യകാലത്തു ഈ ഉദ്യോഗം നിത്തൽ ചെയ്തിരുന്നതു നിമിത്തം അവരുടെ ഖിലാഫത്തധികാരത്തെ സംഹരിക്കാനായി കാൽനൂറ്റാണ്ടുകാലം നടന്നുകൊണ്ടിരുന്ന ബന്യുഅബ്ബാസ്സ്ഗോത്രക്കാരുടെയും അവരുടെ പക്ഷക്കാരുടെയും ആഭ്യന്തരപ്രക്ഷോഭണങ്ങളും പ്രവൃത്തികളും അവർ അറിഞ്ഞില്ല. അവസാനം ഖുറാസാനിലെ അറബികളെയെല്ലാം കൊന്നുകളയണമെന്നു കാണിച്ചു ഇമാം ഇബ്രാഹീം അബൂമുസ്ലിമിന്നയച്ചിരുന്ന ഒരു കത്തു മർവാൻരണ്ടാമന്റെ കയ്യിൽ കിട്ടിയ അവസരത്തിലാണ് അദ്ദേഹം വിവരം അറിഞ്ഞതു്. തദവസരത്തിൽ അദ്ദേഹം ഇബ്രാഹീമിനെ തടവിലാക്കിയതിനാൽ അദ്ദേഹം തടവിൽ വച്ചു തന്നെ മരിച്ചു. എങ്കിലും അപ്പോഴേക്കു കിഴക്കൻപ്രദേശങ്ങളിൽ അബൂമുസ്ലിമിന്റെ പ്രാബല്യം മികച്ചുപോയിരുന്നതിനാൽ കായ്യം മർവാന്റെ അധീനത്തിൽനിന്നു വിട്ടകഴിഞ്ഞിരുന്നു.

ബന്യുഉമയ്യാഭരണവും ഇസ്ലാമികനാഗരികതയും.

ഈ വിഷയത്തെക്കുറിച്ചു അല്പം എഴുതുന്നതിന്നു മുമ്പായി ഒരു കായ്യം പ്രത്യേകം പ്രസ്താവിക്കേണ്ടതുണ്ടു്. ബന്യുഅബ്ബാസ്സ്ഗോത്രക്കാർ ബന്യുഉമയ്യാഗോത്രക്കാരുടെ കഠിനവിരോധികളും അവരിയ്യാ ഭരണത്തെ നശിപ്പിച്ചു കരസ്ഥമാക്കിയവരുമായിരുന്നതിനാൽ അബ്ബാസിയാ ദർബ്ബാറുകളിൽ വെച്ചു അവരുടെ സഹചരന്മാർ, ബന്യുഉമയ്യാ ഗോത്രക്കാരുടെ കുറവുകൾ വർണ്ണിച്ചു പറയുക പതിവായിരുന്നു. അക്കൂട്ടർ ബന്യുഉമയ്യാഗോത്രക്കാരുടെ മഹത്തരങ്ങളായ നേട്ടങ്ങളെല്ലാം മറച്ചുവെക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നവരുമാണു്. ബന്യുഉമയ്യാ

ഗോത്രക്കാരോട് മതപരമായി വൈരമുണ്ടായിരുന്ന ചില കക്ഷികളും അവരെ അതിർ കവിഞ്ഞു അധിക്ഷേപിച്ചുവന്നു. ചരിത്ര ഗ്രന്ഥങ്ങൾ അബ്ബാസിയാഗോത്രക്കാരുടെ ഭരണകാലത്താണ് എഴുതപ്പെട്ടത്. തന്നിമിത്തം ബനൂഉമയ്യാ ഗോത്രക്കാരുടെ വിരോധികൾ കഥിച്ചതും, അബ്ബാസിയാ ഖലീഫമാരുടെ സാമീപ്യം സിദ്ധിക്കേണ്ടതിന്നു അവരുടെ കൂട്ടാളികൾ കെട്ടിച്ചമച്ചതുമായ അനേകം വൃത്താന്തങ്ങൾ ചരിത്ര ഗ്രന്ഥങ്ങളിൽ സ്ഥലം പിടിച്ചു. അതുകൊണ്ടു ബനൂഉമയ്യാ ഗോത്രക്കാരെക്കുറിച്ചു ഒരു പക്ഷക്കാർ വിവരിച്ച ചരിത്രം മാത്രമേ നമുക്കു ലഭിച്ചിട്ടുള്ള. അതിൽ നിന്നു ഗ്രാഹ്യമായ സംഗതികളാണ് ഇവിടെ എഴുതുന്നത്.

ബനൂഉമയ്യാ ഖിലാഫത്തു് ആരംഭിച്ചതു, അമീർമുആവിയ ഐകകണ്ഠ്യേന ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ട ദിവസവും, അഥവാ, ഹിജ്റഃ 41 റബീഉൽഅവ്വൽ 25-ാംനു-യും അവസാനിച്ചതു മർവാൻ രണ്ടാമൻ കൊല്ലപ്പെട്ട ദിവസവു (ഹിജ്റഃ 132 ദുൽഹജ്ജു് 27-ാംനു-) മാകയാൽ, ഈസംഘത്തിൽ ഖിലാഫത്തധികാരം സ്ഥിതിചെയ്തതു 91 കൊല്ലവും ഒമ്പതു മാസവുമാണെന്നു തീർച്ചപ്പെട്ടു.

ഖിലാഫത്തു്: ബനൂഉമയ്യാ ഭരണകാലത്തു് ഇസ്ലാമികഖിലാഫത്തു് രാജത്വപദവിയെയും പ്രതാപത്തെയും കൈക്കൊണ്ടു. ഖുലഫാഉർറാശിദുകൾ ദേഹരക്ഷാഭടന്മാരെയും വീട്ടുകാവൽ സൈന്യത്തെയും നിർത്തിയിരുന്നില്ല. നേരെ മറിച്ചു, ബനൂഉമയ്യാ ഖലീഫമാർ ജാമിഅ്മസ്ജിദുകളിൽ പോലും തങ്ങൾക്കു വേണ്ടി മുറികൾ പണിയിച്ചു. അവർ നമസ്കരിച്ചിരുന്നപ്പോൾ ഇടത്തും വലത്തും ആയുധപാണികളായ ഭടന്മാർ നില്ക്കുക പതിവായിരുന്നു.

തന്റെ പക്കൽ ആരെങ്കിലും വല്ല പിഴവും കണ്ടാൽ അതു ശരിപ്പെടുത്തിക്കൊടുക്കണമെന്നായിരുന്നു ഹസ്രത്ത് ഉമർ

തന്റെപ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നതു്. എന്നാൽ അമവിയ്യാ ഖലീഫയായിരുന്ന അബ്ദുൽമലിക്കു് പ്രസംഗ പീഠത്തിൽ നിന്നുകൊണ്ടു പറഞ്ഞ വാക്കു, ഇതിന്നു നേരെ വിപരീതമായിരുന്നു. ''ഇന്നു മുതൽ ഇവിടെ വെച്ചു അല്ലാഹുവിനെ ഭയപ്പെട്ടുക എന്നു എന്നോടു പറയുന്നവനെ ഞാൻ കൊന്നുകളയും'' എന്നായിരുന്നു അദ്ദേഹം പ്രസ്താവിച്ചതു്.

ഖുലഫാഉമർറാശിദുകൾ സാധാരണ ജനങ്ങളെപ്പോലെ അങ്ങാടികളിൽ ചുറ്റി നടക്കുകയും അവരുടെ ഒരുമിച്ചു പള്ളികളിൽ പോയി നമസ്കരിക്കുകയും അവരുടെ കൂട്ടത്തിൽ ഇരിക്കുകയും ചെയ്തിരുന്നു. എന്നാൽ വലീദുബ്നുഅബ്ദുൽമലിക്കു് മസ്ജിദുന്നബവി കാണ്മാൻ ചെന്ന അവസരത്തിൽ ആ പള്ളിയിലുണ്ടായിരുന്ന സകല ജനങ്ങളെയും പുറത്താക്കുകയാണല്ലോ ഉണ്ടായതു്. മദീനയിലെ പണ്ഡിതശ്രേഷ്ഠനായിരുന്ന ശൈഖ്സയീദിന്റെ പദവിയെയും ശ്രേഷ്ഠതയെയും ഓർത്തിരുന്നില്ലെങ്കിൽ അദ്ദേഹത്തെയും അവർ അവിടെ ഇരിക്കുവാൻ അനുവദിക്കുമായിരുന്നില്ല.

ഖുലഫാഉർറാശിദുകൾക്കു യാതൊരു പ്രത്യേക അടയാളവുമുണ്ടായിരുന്നില്ല. ബന്യുഉമയ്യാക്കളുടെ ഭരണ ചരിത്രം തുടങ്ങിയപ്പോൾ ഖിലാഫത്തു് വടിയെക്കുറിച്ചും ഖിലാഫത്ത് മുദ്രയെപ്പറ്റിയും നാം കേട്ടു തുടങ്ങി.

ഖുലഫാഉർറാശിദുകൾ സാധാരണന്മാരായ പ്രജകളെപ്പോലെയായിരുന്ന ജീവിതം നയിച്ചതു്. ബൈത്തുൽ മാലിനെ സ്വന്ത ധനത്തേക്കാൾ അവർ സൂക്ഷിച്ചുവന്നു. ഖിലാഫത്ത് വഹിച്ചതുകൊണ്ടു പരലോക ശിക്ഷയും പ്രതിഫലവും രണ്ടും ഉണ്ടാകാതെ കഴിഞ്ഞു കൂടിയാൽ തന്നെ, വലിയ വിജയമാണെന്നു എന്നിട്ടും അവർ പറഞ്ഞിരുന്നു. അമവിയ്യാ ഖലീഫമാർ രാജാക്കന്മാരുടെ പദവിയോടു കൂടി കാലം കഴിക്കുകയും ബൈത്തുൽമാലിനെ സ്വന്ത സ്വത്തായി

ഗണിക്കുകയും ചെയ്യ. ഇതിനു പുറമെ, അവരിൽപ്പെട്ട യസീദുബ്നുഅബ്ദിൽമലിക്ക്, വലീദുബ്നുയസീദ് മുതലായ ചില ഖലീഫമാർ മദ്യപിക്കുകയും, സ്ത്രീകളുടെ രാഗംകേട്ടരസിക്കുകയും ചെയ്യുവെന്ന വസ്തുതയും നാം കേൾക്കേണ്ടിവന്നു.

ഖുലഫാഉർറാശിദുകളുടെ ഭരണം കിതാബിനും സുന്നത്തിനും അനുസൃതമായിരുന്നു. ബന്ധുഉമയ്യാ ഗോത്രക്കാരുടെ കാലത്തു് ബലവും കയ്യൂക്കും പ്രയോഗിച്ചുകൊണ്ടുള്ള ഭരണം നടപ്പായി. അബ്ദുൽമലിക്കുബ്നുമർവാൻ യാതൊരു സങ്കോചവും കൂടാതെ ജനങ്ങളോടു ഇപ്രകാരം പറഞ്ഞിരുന്നു. "ഞങ്ങൾ നിങ്ങളെ ശൈഖൈനിയുടെ മാർഗ്ഗമനുസരിച്ചു ഭരിക്കണമെന്നു ആഗ്രഹിക്കുവാൻ നിങ്ങൾക്കു എന്തു ന്യായമാണു് ഉള്ളതു്? ഒന്നാമതായി നിങ്ങൾ, അവരുടെ കാലത്തുണ്ടായിരുന്ന ജനങ്ങളെപ്പോലെ ആയിത്തീരുവിൻ".

എന്നാൽ മേല്പറഞ്ഞ ദോഷങ്ങളൊക്കെ ഉണ്ടായിരുന്നുവെങ്കിലും, ബന്ധുഉമയ്യാ ഗോത്രക്കാർ അറബികളുടെ സാമുദായിക പ്രത്യേകതയെ നില നിറുത്തിപ്പോന്നു. അറബികളുടെ അനാഡംബരത്വത്തെയും അവർ ഒരു വിധം പരിരക്ഷിക്കുകയുണ്ടായി. ഇതര രാജ്യക്കാരുടെ ആചാരങ്ങളും ദോഷങ്ങളും അവരിൽ കടന്നുകൂടിയിരുന്നില്ല. അവരുടെ ഭരണത്തിനു തന്ത്രമോ രാഷ്ട്രീയസാമർത്ഥ്യമോ അടിസ്ഥാനമായില്ല. നേരെ മറിച്ചു ശക്തിയും പ്രതാപവുമായിരുന്നു അവരുടെ ആസ്പദം. എങ്കിലും, ഒരു ശതവർഷത്തോളമുണ്ടായ അവരുടെ ഭരണകാലത്തു് ഇസ്ലാം രാജ്യങ്ങളെയെല്ലാം ഏക കൊടിക്കൂറയ്ക്കു കീഴിലാക്കുവാൻ അവക്കു സാധിച്ചു. ഈ സ്ഥിതിയെ ഒരു ദിവസമെങ്കിലും പരിരക്ഷിക്കുവാൻ ബന്ധുഅബ്ബാസ് ഖലീഫമാർക്കു കഴിഞ്ഞിട്ടില്ല.

ഖലീഫയുടെ തിരഞ്ഞെടുപ്പ്: ഖുലഫാഉർറാശിദുകളുടെ തിരഞ്ഞെടുപ്പു രീതികൾ പരസ്പര ഭിന്നങ്ങളായി

രുന്നുവെങ്കിലും, പ്രജാധിപത്യത്തിന്റെ സാക്ഷാൽ ജീവനായ ആലോചനയും പൊതുജനാനുകൂല്യവും അവ ഓരോന്നിലും ഉണ്ടായിരുന്നു. എന്നാൽ ബന്യുഉമയ്യാ ഖലീഫമാർ സ്വകുടുംബത്തിൽനിന്നും ഇഷ്ടമുള്ള ആളെ ഖിലാഫത്തിനു അവകാശിയാക്കുകയായിരുന്നു പതിവു്. ആ ഗോത്രത്തിൽ നിന്നു ഖിലാഫത്ത് വഹിച്ച പതിമൂന്നാളുകളിൽ ഒമ്പതു പേരും ഇങ്ങിനെ ഖിലാഫത്തധികാരം സിദ്ധിച്ചവരായിരുന്നു. ശേഷമുണ്ടായിരുന്ന അമീർ മുആവിയ, മർവാനുബ്നുഹക്കം, യസീദുബ്നുവലീദ്, മർവാനുബ്നുമുഹമ്മദ് എന്നീ നാലു പേർ ശക്തിയും കയ്യൂക്കും ഉപയോഗിച്ചു ഖിലാഫത്ത് കരസ്ഥമാക്കിയവരാണു്. തിരഞ്ഞെടുപ്പുസമ്പ്രദായം ഇങ്ങിനെ അലങ്കോലപ്പെട്ടതുകൊണ്ടു ബന്യുഉമയ്യാ ഭരണത്തിൽ സേച്ഛാധികാരത്തിന്റെ ഛായ തെളിഞ്ഞു കാണുമാറായി.

സൈന്യം: അമവിയ്യാക്കളുടെ ഭരണകാലത്തു് ആദ്യം മുതൽ അവസാനം വരെയും ഇസ്ലാമിനു ജയവും പ്രാബല്യവും സിദ്ധിച്ചുകൊണ്ടിരുന്നുവെന്നുള്ളതു ആ ഭരണത്തിന്റെ ഒരു പ്രത്യേകതയാകുന്നു. അവരുടെ ഭരണകാലത്തു് ആഭ്യന്തരകലഹങ്ങൾ ധാരാളം ഉണ്ടായിക്കൊണ്ടിരുന്നു. ശീയികളും ഖാരിജികളും പലപ്പോഴും മത്സരത്തിനു പുറപ്പെട്ടു. എങ്കിലും സൈനിക ശക്തി വേണ്ടതുപോലെ ഉണ്ടായിരുന്നതുകൊണ്ടു, ഈ കുഴപ്പങ്ങളെല്ലാം ഉണ്ടായിരുന്നിട്ടും, അന്യരുടെ മേൽ അവർക്കു തുടച്ചയായി ജയം സിദ്ധിച്ചുകൊണ്ടിരുന്നു.

വലീദുബ്നുഅബ്ദുൽമലിക്കിന്റെ ഭരണകാലത്തു് ആഭ്യന്തര കലഹങ്ങളിൽ നിന്നു അല്പം മോചനം ലഭിച്ചതിനാൽ ഇസ്ലാം സാമ്രാജ്യം പെട്ടെന്നു വിസ്തൃതമായി. കിഴക്കു സിന്ധ്, ചൈനാ, തുർക്കിസ്ഥാൻ ഇവയും വടക്കു കാസ്പിയൻരാജ്യങ്ങളും, ആദർബീജാൻ, അർമേനിയ, റൂം പ്രദേശങ്ങളും ഇവയും പടിഞ്ഞാറു സ്പെയിനും ഇസ്ലാമികഭരണത്തിനു കീഴ്പ്പെട്ടു.

അവർ യുദ്ധം ചെയ്യുകൊണ്ട് ഭരണം നടത്തിയിരുന്നവരായതി നാൽ അവരുടെ കാലത്തു യോഗ്യതയും കീർത്തിയും സമ്പാദി ച്ചവരും, എന്നേക്കും സ്മർത്തവ്യങ്ങളായ കൃത്യങ്ങൾ നിർവ്വ ഹിച്ചവരുമായ അനേകം വീര സേനാനായകന്മാർ ഉണ്ടാ യിത്തീർന്നു. ആ സേനാനായകന്മാരിൽ ഓരോരുത്തനെക്കുറി ച്ചും വിസ്തീർണ്ണമായി മുമ്പ് എഴുതിയിട്ടുണ്ടെങ്കിലും, സന്ദർ ഭോചിതമായിരിക്കുമെന്നു കരുതി അവരുടെ ഒരു പട്ടിക ഇ വിടെ ചേർത്തുകൊള്ളുന്നു.

1. മുഹല്ലബുബ്നുഅബീസഫ്റ: ഇദ്ദേഹം ഇറാഖി ലുംഫാരിസിലും വെച്ചു ഖാരിജികളുമായുണ്ടായ യുദ്ധങ്ങളിൽ, വലിയ പദവിയും കീർത്തിയും സമ്പാദിക്കുകയും അസാധാര ണ ധൈര്യവാനാണെന്നു തെളിയിക്കുകയും ചെയ്തിട്ടുണ്ട്.

2. ഖത്തീബത്തുബ്നു മുസ്ലിംബാഹിലീ: മാവറാ അന്നഹ്റു കൈവശപ്പെടുത്തിയ അവസരത്തിൽ ഇദ്ദേഹം മ ഹത്തായ കൃത്യങ്ങൾ നിർവ്വഹിക്കുകയുണ്ടായി.

3. യസീദുബ്നുമുഹല്ലബ്: ഇദ്ദേഹം ജൂർജ്ജാനി ലും തബറസ്താനിലും വെച്ചു പല യുദ്ധങ്ങൾ നടത്തി വിജയി യായി. ഇദ്ദേഹം തന്റെ പിതാവായ പ്രസിദ്ധപ്പെട്ട മുഹല്ല ബിനേക്കാളും ധൈര്യവാനായിരുന്നു. ഒരു യുദ്ധത്തിലും ഇ ദ്ദേഹം പിന്തിരിയുകയുണ്ടായിട്ടില്ല.

4. അസദുബ്നുഅബ്ദില്ലാഖിസ്രീ: മാവറാഅന്നഹ് റിൽ ഇദ്ദേഹത്തിനു സിദ്ധിച്ച വിജയം മൂലം അവിടത്തെ തലവന്മാർ മലിക്കുൽഅറബ് (അറബി രാജാവ്) എന്നു ഇ ദ്ദേഹത്തെ നാമകരണം ചെയ്തിരുന്നു.

5. മുഹമ്മദുബ്നുഖാസിം തഖ്ഫീ: ഇദ്ദേഹം പതി നേഴാം വയസ്സിൽ സിന്ധുരാജ്യം കീഴടക്കിയ സേനാനായക നാകുന്നു. ചരിത്രത്തിൽ ഇദ്ദേഹം അദ്വിതീയനാണ്.

6. മുഹമ്മദുബ്നുമർവാൻ: അർമേനിയയിലും ആദർ ബീജാനിലും നടന്ന സമരങ്ങളിൽ ശത്രുക്കളുടെ മേൽ പല

വിജയങ്ങളും സമ്പാദിച്ചതു ഇദ്ദേഹമായിരുന്നു.

7. ജർറാഹുബ്നുഅബ്ദുല്ലാഹക്കമീ: ഇദ്ദേഹം കാസ്പിയൻ പ്രദേശങ്ങളിൽ യുദ്ധം നടത്തി പല രാജ്യങ്ങളും കീഴടക്കുകയും അവിടെ വെച്ചു തന്നെ കൊല്ലപ്പെട്ടുകയും ചെയ്തു.

8. മസ്ലമത്തുബ്നുഅബ്ദിൽമലിക്ക്: ഇദ്ദേഹം ബന്യൂഉമയ്യാ ഗോത്രത്തിൽ സർവ്വോപരി ധൈര്യവാനായിരുന്നു. മസ്ലമത്ത് കോൺസ്റ്റാൻറിനോപ്പിളും പട്ടണത്തോടു യുദ്ധം നടത്തുകയും റൂംരാജ്യങ്ങളിലും കാസ്പിയൻ പ്രദേശങ്ങളിലും യുദ്ധം നടത്തി ജയം നേടുകയും ചെയ്തു. ഇദ്ദേഹത്തിൻെറ മാതാവ് അടിമസ്ത്രീയായിരുന്നു. ബന്യൂഉമയ്യാ ഭരണത്തിൻെറ ആരംഭകാലത്തു്, അടിമസ്ത്രീകളുടെ സന്താനങ്ങൾക്കു ഖിലാഫത്ത് വഹിക്കുവാൻ അർഹതയില്ലെന്നു ഗണിക്കപ്പെട്ടിരുന്നില്ലെങ്കിൽ ഇദ്ദേഹം തീച്ചയായും ഖലീഫ ആകുമായിരുന്നു.

9. മർവാനുബ്നുമുഹമ്മദ്: ബന്യൂഉമയ്യാ ഗോത്രത്തിലെ അവസാനഖലീഫയായിരുന്ന ഇദ്ദേഹം അർമേനിയയും കാസ്പിയൻ തീരങ്ങളും കീഴടക്കി.

10. അബുദ്ദുല്ലാബത്താൽ: ഇദ്ദേഹത്തിൻെറ പേർകേട്ടാൽ, റോമക്കാർ ഭയപ്പെട്ടിരുന്നു. അമീർഹംസഃ എന്ന കഥാപുസ്തകംപോലെ ഇദ്ദേഹത്തെക്കുറിച്ചുള്ള വർത്തമാനങ്ങൾ "ദുൽഹമഃ" എന്ന പേരിൽ ശ്രുതിപ്പെട്ടിരിക്കുന്നു.

11. അബ്ബാസുബ്നുവലീദ്: ഇദ്ദേഹം മസ്ലമത്തുബ്നുഅബ്ദിൽമലിക്കിനെപ്പോലെതന്നെ യോഗ്യനായ ഒരു സേനാനായകനായിരുന്നു. റോമക്കാരെ ഇദ്ദേഹം പല പ്രാവശ്യം തോല്പിച്ചിട്ടുണ്ടു്.

12. അഖബത്തുബ്നുനാഫിഅ്: ഇദ്ദേഹം മൊറോക്കോ കൈവശപ്പെടുത്തിയ ആളും ഖൈറുവാനിലെ സേനാനായകനുമായിരുന്നു. ഇദ്ദേഹം തൻെറ കുതിരയെ അത്ലാന്തിക്ക് സമുദ്രത്തിൽ ഇട്ടുകളഞ്ഞ വിവരം മുമ്പു പറഞ്ഞുവല്ലോ. ഇദ്ദേഹം ബർബ്ബർ രാജ്യക്കാരുമായി നടത്തിയ

സമരങ്ങൾ സുപ്രസിദ്ധങ്ങളാകുന്നു. ബർബ്ബർ പ്രദേശത്തുവെച്ചുതന്നെയായിരുന്ന ഇദ്ദേഹം വധിക്കപ്പെട്ടതും.

13. സ്പെയിൻ കൈവശപ്പെടുത്തിയ മൂസബ്നുനസീർ.

14. മൂസബ്നുനസീറിന്റെ അടിമയായിരുന്ന താറഖ് ബ്നുസിയാദ്: ഒന്നാമതായിത്തന്നെ സ്പെയിനിൽപ്പോയി 12000 ഭടന്മാരെക്കൊണ്ട് റാഡ്രിക്കിന്റെ ഒരു ലക്ഷം പട്ടാളക്കാരെ തോല്പിച്ചതു ഇദ്ദേഹമായിരുന്നു.

ഇവർക്കുപുറമെ ധൈര്യപരാക്രമങ്ങൾ പ്രദർശിപ്പിച്ചവരായി വേറെ ചില സേനാനായകന്മാരും ഉണ്ടായിരുന്നു. എങ്കിലും അവർ ഇവരെപ്പോലെ കീർത്തിപ്പെട്ടവരായിരുന്നില്ല.

പട്ടാളക്കാരുടെ എണ്ണം എല്ലാ സംസ്ഥാനങ്ങളിലും പ്രത്യേകിച്ചു, ആഫ്രിക്കയിലും വിദ്ധിപ്പിച്ചിരുന്നു. ഇറാഖും സിറിയയും സൈനിക കേന്ദ്രങ്ങളായിട്ടാണ് സ്ഥിതിചെയ്തിരുന്നതു്. കരസൈന്യത്തിനു പുറമെ നാവികസൈന്യവും വളരെ അഭിവൃദ്ധി പ്രാപിച്ചിരുന്നു. അമീർമുആവിയയുടെ കാലത്തുതന്നെ 1700 യുദ്ധക്കപ്പലുകളും അവയിലേക്കു വേണ്ടുന്ന ആയുധങ്ങളും തയ്യാറായിരുന്നു. അദ്ദേഹത്തിനു ശേഷവും നാവികശക്തി വർദ്ധിച്ചുകൊണ്ടിരുന്നു. അബ്ദുല്ലാഹിബ്നു ഖൈസ്ഹാരിദി, ജനാദത്തുബ്നുഅബീഉമയ്യഃ ഇവർ നാവികയുദ്ധങ്ങളിൽ വളരെ കീർത്തി പ്രാപിക്കുകയും സമുദ്രത്തിൽവെച്ചു റോമക്കാരെ പല പ്രാവശ്യം തോല്പിക്കുകയും, സൈപ്രസ്സ്, റോഡസ്, ക്രീറ്റ് എന്നീ ദ്വീപുകൾ കൈവശപ്പെടുത്തുകയും കോൺസ്റ്റാന്റിനോപ്പിളിനു നേരെ പല പ്രാവശ്യം യുദ്ധം നടത്തുകയും ചെയ്തു. സമുദ്ര തീരപ്രദേശങ്ങളുടെ രക്ഷയ്ക്കായി ആഫ്രിക്കയിലും ഒരു നാവിക സൈന്യത്തെ നിത്യേയിട്ടുണ്ടായിരുന്നു.

ഭരണാധികാരങ്ങളും, കരസൈന്യത്തിന്റെയും നാവിക സൈന്യത്തിന്റെയും നായകത്വവുമെല്ലാം അറബികളുടെ കൈവശം തന്നെയായിരുന്നു സ്ഥിതി ചെയ്തിരുന്നതു്.

ഈപ്രത്യേകത ബന്ധുമയ്യാഭരണം അവസാനിക്കുന്നതുവരെയും നിലനില്ക്കുകയുണ്ടായി.

ഉദ്യോഗസ്ഥന്മാർ: അമവിയ്യാ ഉദ്യോഗസ്ഥന്മാർ പൊതുവിൽ മുസ്ലിമെന്നും അമുസ്ലിമെന്നുമുള്ള വ്യത്യാസം കൂടാതെ പ്രജകളെ സ്നേഹിക്കുകയും അവരോട് ഔദാര്യപൂർവ്വം ഇടപെടുകയും ചെയ്തു. മുഹമ്മദുബ്നുഖാസിം സിന്ധിൽനിന്നു കീഴടങ്ങിയ ഹിന്ദുരാജാക്കന്മാരെ തന്റെ ഇരിപ്പിടത്തോട് തുല്യമായ സ്ഥലത്തു ഇരുത്തി ആദരിക്കുകയുണ്ടായി. തൽഫലമായി അവർ അദ്ദേഹത്തെ സഹായിച്ചു. അദ്ദേഹം മുൽത്താൻ രാജ്യത്തോട് യുദ്ധംചെയ്ത അവസരത്തിൽ അദ്ദേഹത്തിന്റെ സവ്യസൈന്യാധിപൻ ദാഹിർ രാജാവിന്റെ പിതൃസഹോദരനായിരുന്ന കാക്കുസാ രാജാവായിരുന്നു.

ഖുറാസാൻ ഭരണകർത്താവായിരുന്ന ഖത്തീബത്തിന്റെ പ്രജാവാത്സല്യത്താൽ സഗ്ദിലെയും തുറാനിലെയും ഇതരസമുദായ നേതാക്കന്മാർപോലും അദ്ദേഹത്തിന്റെ സൈന്യത്തിൽ ചേരുകയുണ്ടായി. നീസക്കിലെ നേതാവ് മുസ്ലിംകൾക്കു മഹത്തായ സഹായംചെയ്ത വിവരം മുമ്പു എഴുതിയിട്ടുണ്ടല്ലൊ. പരസ്പര ഭിന്നിപ്പുമൂലം വക്കീഅ്, ഖത്തീബത്തിനെ കൊന്ന അവസരത്തിൽ ഒരു ഖുറാസാൻ നേതാവു് ഇങ്ങിനെ പറയുകയുണ്ടായി. ''മുസ്ലിംകളെ, നിങ്ങളുടെകൂട്ടത്തിലുള്ളമഹാന്മാരെ നിങ്ങൾ വിലവെക്കുന്നില്ല. ഇന്നു വരെ ഒരാൾക്കുംചെയ്യാൻ കഴിയാത്ത മഹത്തായ പ്രവൃത്തികൾ ഖത്തീബത്തു് ചെയ്തിട്ടുണ്ടു്. അദ്ദേഹം ഞങ്ങളുടെ കൂട്ടത്തിൽപെട്ട ആളായിരുന്നുവെങ്കിൽഞങ്ങൾ അദ്ദേഹത്തിന്റെ വിയോഗാനന്തരംമൃതശരീരം പെട്ടിയിലാക്കി സൂക്ഷിക്കുകയും വല്ല യുദ്ധത്തിനും പോകുമ്പോൾഅതുമുന്നിൽകൊണ്ടുപോയിഅതിന്റെഅനുഗ്രഹംകൊണ്ടു വിജയമുണ്ടാകുമെന്നു കാംക്ഷിക്കുകയും ചെയ്യുമായിരുന്നു.''

കാസ്പിയൻ രാജ്യങ്ങളിൽ നിയമിതനായിരുന്ന ജർറാഹ്ഹക്കമീ, ബലഞ്ചർ കൈവശപ്പെടുത്തിയ അവസരത്തിൽ

അവിടെ നിന്നു ഓടിപ്പോയിരുന്ന രാജാവിന്റെ പത്നിയേയും മക്കളേയും സുഖത്തോടും ബഹുമാനത്തോടുംകൂടി അയാളുടെ അടുക്കലേക്കു എത്തിച്ചുകൊടുത്തു. ജർറാഹിന്റെ ഈ ഔദാര്യം നിമിത്തം രാജാവ് തന്നെ അദ്ദേഹത്തിന്റെ അടുക്കൽ ഹാജരായി. ശത്രുക്കൾ ആ വഴിക്കു മുസ്ലിംകളുടെ നേരെ യുദ്ധത്തിനു സന്നാഹം കൂട്ടുമ്പോൾ അറിവുകൊടുക്കണമെന്ന ഏക നിബന്ധനയോടുകൂടി ജർറാഹ് അയാളുടെ പട്ടണവും രാജ്യവും അയാൾക്കു മടക്കിക്കൊടുത്തു.

മൂസബ്നുനസീറിന്റെ ഔദാര്യപൂർവ്വമായ പെരുമാറ്റം നിമിത്തം ആഫ്രിക്കയിലെ ബർബരികൾ അദ്ദേഹത്തിന്റെ അനുഗാമികളായിത്തീർന്നു. എന്നു മാത്രമല്ല, അവർ മതത്തിൽ അദ്ദേഹത്തിന്റെ സഹോദരങ്ങളായിത്തീരുകയും ചെയ്തു. സമുദ്രത്തിന്റെ മറുകരയിലുള്ള രാജ്യങ്ങൾ അവരുടെ സഹായത്തോടുകൂടിയായിരുന്നു അദ്ദേഹം കീഴടക്കിയതു്.

സാമ്രാജ്യവിഭാഗങ്ങൾ: ബന്യൂഉമയ്യാ ഖലീഫമാർ, രാജ്യഭരണസംബന്ധമായ പൂർണ്ണ അധികാരവും സ്വാതന്ത്ര്യവും നൽകി സംസ്ഥാന ഭരണകർത്താക്കന്മാരെ നിയമിച്ചു ഓരോ സംസ്ഥാനത്തിലേക്കും പ്രതിനിധികളെ അയയ്ക്കുകയായിരുന്നു പതിവു്. അതായതു സംസ്ഥാനങ്ങളെസ്സംബന്ധിച്ചു, സർവ്വ അധികാരവും ഈ ഉദ്യോഗസ്ഥന്മാർക്കുണ്ടായിരുന്നു. അതായതു സംസ്ഥാനങ്ങളിലേക്കു വേണ്ട കീഴുദ്യോഗസ്ഥന്മാരെ ഈ ഉദ്യോഗസ്ഥന്മാർ തന്നെയായിരുന്നു നിയമിച്ചിരുന്നതു്. അമവിയ്യാഖലീഫമാരുടെ കാലത്തു് ഇസ്ലാംസാമ്രാജ്യം താഴെ പറയുംപ്രകാരം ആറുസംസ്ഥാനങ്ങളായി വിഭജിക്കപ്പെട്ടിരുന്നു.

1. ഹിജാസ് അഥവാ മക്കാ, മദീനാ, തായിഫ് മുതലായപ്രദേശങ്ങൾ. യമൻരാജ്യത്തെ ചിലപ്പോൾ ഹിജാസിനോടുചേർക്കുകയും ചിലകാലങ്ങളിൽ അവിടേക്കു പ്രത്യേകമായിത്തന്നെ ഭരണകർത്താവിനെ നിയമിച്ചയയ്ക്കുകയുമായിരുന്നുപതിവു്.

2. ഇറാഖ്. കൂഫാ പട്ടണം തുടങ്ങിയുള്ള സവ്വ് കിഴക്കൻ പ്രദേശങ്ങളും ഈ സംസ്ഥാനത്തിൽ ഉൾപ്പെട്ടിരുന്നു. ഖുറാസാനും ചില കാലങ്ങളിൽ ഈ സംസ്ഥാനത്തിന്റെ കീഴിലായിരുന്നു. ചിലപ്പോൾ ഖലീഫതന്നെ അവിടേക്കു ഒരാളെ ഭരണ കർത്താവായി നിയമിച്ചു വന്നു. യമാമാപ്രദേശങ്ങളും ചില കാലങ്ങളിൽ ഹിജാസിനോടും മറ്റു ചില കാലങ്ങളിൽ ഇറാഖിനോടുമായിരുന്നു ചേർക്കപ്പെട്ടിരുന്നതു്.

3. ജസീറയും അർമേനിയയും. മൂസൽ മുതൽ ആദർബീജാൻ, അർമേനിയ ഈ രാജ്യങ്ങൾവരെയുള്ള പ്രദേശങ്ങളും മുഴുവനും ഈ സംസ്ഥാനത്തിൽ ഉൾപ്പെട്ടവയായിരുന്നു.

4. അർദ്ദൻ, ഹിംസ്, ദിമിശ്ഖ്, ഖിൻസരീൻ ഈ നാലു ജില്ലകളുൾപ്പെടെയുള്ള സിറിയാ.

5. ഈജിപ്ത്. വടക്കെ ആഫ്രിക്കയും ഈ സംസ്ഥാനത്തിൽ ഉൾപ്പെട്ടിരുന്നു. ചിലപ്പോൾ ഇതിനെ രണ്ടുഭാഗമാക്കി മിസ്രിലും ഇഫ്രിഖിയാനിലും ഓരോ ഉദ്യോഗസ്ഥനെ നിയമിച്ചു വന്നു.

6. സ്പെയിൻ. ചില കാലങ്ങളിൽ പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടിയ ഉദ്യോഗസ്ഥനും മറ്റു കാലങ്ങളിൽ ഇഫ്രിഖിയാൻ ഭരണാധികാരി തന്റെ കീഴിൽ നിയമിച്ചയയ്ക്കുന്ന ആളും ഈ സംസ്ഥാനം ഭരിച്ചു വന്നു.

എല്ലാ സംസ്ഥാന ഭരണ കർത്താക്കളും തങ്ങളുടെ സംസ്ഥാന കാര്യങ്ങളിൽ സ്വതന്ത്രന്മാരായിരുന്നു. അവർ വിദേശങ്ങളെ സംബന്ധിച്ച രാഷ്ട്രീയകാര്യങ്ങളിൽ മാത്രമേ ഖലീഫമാരുടെ സമ്മതം വാങ്ങേണ്ടതുണ്ടായിരുന്നുള്ളു. ഈ സംസ്ഥാന ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ കൂടുതൽ അധികാരം സിദ്ധിച്ചിരുന്നതു് ഹജ്ജാജ്ബ്നുയൂസുഫിനായിരുന്നു. അദ്ദേഹം ഇറാഖ് ഗവർണ്ണരും പൂവ്വ് പ്രദേശങ്ങളിലെ മന്ത്രിയുമായിരുന്നു. ഖലീഫമാർക്കു അദ്ദേഹത്തിന്റെ മേൽ പൂർണ്ണ വിശ്വാസമുണ്ടായിരുന്നു.

ഭരണകായ്യാലയങ്ങൾ: ഇവ താഴെ വിവരിക്കും പ്രകാരം മൂന്ന ഇനങ്ങളായിരുന്നു.

1. പട്ടാള കായ്യാലയം: ഹസ്രത്തു് ഉമറിന്റെ ഭരണകാലത്തു് അദ്ദേഹത്തിന്റെ കല്പന പ്രകാരം ഹസ്രത്തു് അഖീലുബ്നു അബീതാലിബ്, മഖ്റമത്തുബ്നുനൌഫൽ, ജുബൈറുബ്നുമുത്തു്ഇം(റ)എന്നീ മഹാന്മാർ പട്ടാളക്കാരുടെ റജിസ്റ്റർ തയ്യാറാക്കി. തന്നിമിത്തം സൈനിക റിക്കാർഡുകൾ ആരംഭം മുതല്ലേ അറബി ഭാഷയിലായിത്തീർന്നു.

2. ഭരണാധിപന്മാക്കും ഉദ്യോഗസ്ഥന്മാക്കും, ഉത്തരവുകളും കത്തുകളും അയച്ചിരുന്ന ആഫീസ്: ഉത്തരവുകളും കത്തുകളുമെല്ലാം അറബി ഭാഷയിൽ തന്നെയായിരുന്നു നടന്നിരുന്നതു്.

3. ധന കായ്യാലയം: ധന സംബന്ധമായ കണക്കുകൾ സൂക്ഷിച്ചു വന്നിരുന്നതു് ഇവിടെയായിരുന്നു.

പേഷ്യയിലെ പിരിവു സംബന്ധമായ റിക്കാർഡുകൾ പേഷ്യൻ ഭാഷയിലും സിറിയായിലെ റിക്കാർഡുകൾ സുർയാനീ ഭാഷയിലും ഈജിപ്തിലെ റിക്കാർഡുകൾ ഖിബ്ത്തീ ഭാഷയിലുമായിരുന്നു. ആദ്യകാലത്തു് മുസ്ലിംകൾ ഈ ഭാഷകൾ അറിഞ്ഞിരുന്നില്ല. തന്നിമിത്തം ഇവിടങ്ങളിലെ റിക്കാർഡുകൾ മുൻസ്ഥിതിയിൽ നിർത്തുകയും അതാതു പ്രദേശങ്ങളിൽ നിന്നു തന്നെ ഉദ്യോഗസ്ഥന്മാരെ നിയമിച്ചു ജോലി നടത്തിക്കുകയും ചെയ്തു. ഇറാഖ് ഗവർണ്ണരായിരുന്ന ഹജ്ജാജുബ്നു യൂസുഫിന്റെ ആഫീസ്സിൽ സാലിഹ് എന്നു പേരായ ഒരു യുവാവായിരുന്നു ജോലി നടത്തി വന്നതു്. സാലിഹിന്റെ പിതാവായിരുന്ന അബ്ദുർറഹ്മാൻ സീസ്താൻ യുദ്ധത്തിൽ മുസ്ലിംകൾ ബന്ധനസ്ഥരാക്കിയിരുന്ന തടവുകാരിൽ ഉൾപ്പെട്ട ഒരാളായിരുന്നു. അറബി, ഫാരിസി എന്നീ രണ്ടു ഭാഷകളും സാലിഹ് അറിഞ്ഞിരുന്നതിനാൽ അദ്ദേഹം

ഹജ്ജാജിന്റെ ആജ്ഞയനുസരിച്ചു റിക്കാർഡുകൾ ഫാരിസീഭാഷയിൽ നിന്നു അറബി ഭാഷയിലേക്കു വിവർത്തനം ചെയ്തു. തദവസരത്തിൽ പേർഷ്യക്കാരായ ഉദ്യോഗസ്ഥന്മാർ ഒരു ലക്ഷം ദിഹ്കാൻകൊണ്ടു വന്നു അദ്ദേഹത്തിന്റെ മുമ്പിൽ വെച്ചു കൊണ്ടു, "ഈ പ്രവൃത്തിക്കു ഇതിലധികം സമ്മാനം അമീർ നിങ്ങൾക്കു തരുന്നതല്ല. അതുകൊണ്ടു ഈ സംഖ്യ എടുത്തുകൊള്ളുകയും അറബിയിൽ ഭാഷാന്തരം ചെയ്യാൻ സാധിക്കുകയില്ലെന്നു അദ്ദേഹത്തോടു പറയുകയും ചെയ്യുവിൻ" എന്നു ഉപദേശിച്ചു. എങ്കിലും സാലിഹ് അവരുടെ ഉപദേശം സ്വീകരിക്കുകയുണ്ടായില്ല. അദ്ദേഹം ഇങ്ങിനെ ഭാഷാന്തരം ചെയ്ത കാലം മുതൽ പേർഷ്യയിലെ റിക്കാർഡ് അറബി ഭാഷയിലായിത്തീർന്നു. "അല്ലാഹു സാലിഹിനു ഗുണം ചെയ്യട്ടെ! അദ്ദേഹം ഇസ്ലാമിക ഭരണത്തിനു വലിയ ഉപകാരമാണു ചെയ്തിട്ടുള്ളതു". എന്നു മന്ത്രി അബ്ദുൽ ഹമീദുബ്നുയഹ്യാ പറയാറുണ്ടായിരുന്നു.

വലീദിന്റെ കാലത്തു് സുലൈമാനുബ്നുസയീദ് എന്ന എഴുത്തുകാരൻ സിറിയായിലെ റിക്കാർഡും അറബിയിലേക്കു വിവർത്തനം ചെയ്തു. ആഫീസ്സിലെ പ്രധാന ഉദ്യോഗസ്ഥനും റോമക്കാരനുമായിരുന്ന സർജ്ജൂൻ എന്ന ആൾക്കു സുലൈമാന്റെ പരിഭാഷ മുഴുവനും ശരിയായിട്ടുണ്ടെന്നു മനസ്സിലായ അവസരത്തിൽ ആഫീസിലുണ്ടായിരുന്ന റോമക്കാരായ ഉദ്യോഗസ്ഥന്മാരോടു അയാൾ ഇപ്രകാരം വിളിച്ചു പറഞ്ഞു. "ഇന്നു മുതല്ലു റിക്കാർഡ് നിങ്ങളുടെ കൈയിൽ നിന്നു വിട്ടുപോയിരിക്കുന്നു. ഇനി നിങ്ങളുടെ ജീവിതത്തിനു മറ്റു വല്ല മാർഗ്ഗവും അന്വേഷിച്ചു കൊൾവിൻ"

വലീദിന്റെ കാലത്തു് ഈജിപ്തു ഗവർണ്ണരായിരുന്ന അബ്ദുല്ലാഹിബ്നുഅബ്ദിൽമലിക്കു് ഹിജ്റഃ 83–ൽ ഹിംസ്കാരനായിരുന്ന ഇബ്നുയർബൂഅ് ഫസാരി എന്ന ഉദ്യോഗസ്ഥനെക്കൊണ്ടു, അവിടത്തെ റിക്കാഡുകളും ഖിബ്ത്തി ഭാഷ

യിൽ നിന്നു അറബിയിലേക്കു ഭാഷാന്തരം ചെയ്യിച്ചു. ഇങ്ങിനെ ഇസ്ലാമിക ഭരണം സംബന്ധിച്ച സവ്വ് റിക്കാഡുകളും അറബിഭാഷയിലായിത്തീർന്നു.

നീതിന്യായവകുപ്പ്: ഖുലഫാഉർറാശിദീൻ ഭരണകാലത്തെപ്പോലെ ബന്യുഉമയ്യാ ഭരണകാലത്തും ഈ വകുപ്പു വളരെ ആഡംബര രഹിതമായിട്ടാണു് സ്ഥിതി ചെയ്തിരുന്നതു്. ന്യായാധിപന്മാരുടെ നിയമനാധികാരം മിക്കവാറും സംസ്ഥാന ഗവർണ്ണർമാക്കായിരുന്നു. എന്നാൽ ഖലീഫമാർ തന്നെ ന്യായാധിപന്മാരെ നിയമിച്ചയയ്ക്കുന്ന പതിവും ഉണ്ടാകാതിരുന്നില്ല. ഖിലാഫത്തു് തലസ്ഥാനത്തു് ന്യായാധിപനെ നിയമിച്ചിരുന്നതു ഏതു കാലത്തും ഖലീഫമാർ തന്നെയായിരുന്നു. പക്ഷെ ഇതര ന്യായാധിപന്മാരെ അപേക്ഷിച്ചു യാതൊരു പ്രത്യേകതയും ആ തലസ്ഥാന ന്യായാധിപന്മാക്കുണ്ടായിരുന്നില്ല.

അക്കാലത്തു് കമ്മശാസ്ത്ര നിയമങ്ങൾ ഗ്രന്ഥങ്ങളായി രൂപീകരിക്കപ്പെട്ടകയോ, ഗവമേണ്ടു തന്നെ, പൊതു നിയമങ്ങൾ നിർമ്മിക്കുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല. തന്നിമിത്തം ന്യായാധിപന്മാർ മുഫ്തിക്കളുടെ (മതവിധികർത്താക്കൾ) സഹായത്തോടുകൂടി മത കല്പനകൾ ആരാഞ്ഞറിഞ്ഞു് കേസ്സുകളിൽ വിധി കല്പിച്ചുവന്നു. ഈ വിഷയത്തിൽ അവക്കു പൂർണ്ണസ്വാതന്ത്ര്യവുമുണ്ടായിരുന്നു. ന്യായാധിപന്മാക്കു കൊല്ലത്തിൽ 120 മുതൽ 200 വരെ ദീനാർ ശമ്പളം കിട്ടിവന്നു. മതസ്ഥാപനങ്ങൾ, അനാഥക്കുട്ടികളുടെ സ്വത്തു് ഇവയുടെ മേൽനോട്ടവും ന്യായാധിപന്മാക്കായിരുന്നു. കൊല, കൈ മുറിക്കുക തുടങ്ങിയുള്ള ശിക്ഷകൾ നടപ്പിൽ വരുത്തിക്കുവാനുള്ള അധികാരം ഖലീഫമാക്കും ഗവർണ്ണർമാക്കും മാത്രമേ ഉണ്ടായിരുന്നുള്ളു.

ഇസ്ലാംമതപ്രചരണം: ഖുലഫാഉർറാശിദുകളുടെകാലത്തു് പേർഷ്യ, സിറിയ, ഈജിപ്ത് ഇവിടങ്ങളിലെ

ജനസമുദായങ്ങളിൽ പൊതുവെ ഇസ്ലാംമതം പ്രചരിച്ചിരുന്നു. ബന്യുഉമയ്യാ ഭരണ കാലത്തു് ഇസ്ലാമിന്നു കീഴ്പ്പെട്ട രാജ്യങ്ങളിലും ഇങ്ങിനെതന്നെ ഇസ്ലാംമതം പ്രചാരപ്പെട്ടു. ഖുറാസാൻ, മാവറാഅന്നഹ്ർ, കാസ്പിയൻതീരങ്ങൾ ഇവിടങ്ങളിലെയും പടിഞ്ഞാറെ പ്രദേശങ്ങളിൽ തുർക്കോളി, തുനിസ്, മൊറോക്കോ മുതലായ ദിക്കുകളിലെയും നിവാസികൾ ധാരാളമായി ഇസ്ലാംമതം അനുഷ്ഠിച്ചു. പ്രത്യേകിച്ചു ഉമറുബ്നു അബ്ദിൽഅസീസിന്റെ ഭരണകാലത്തു് സഗ്ദിനേതാക്കന്മാരും സിന്ധുരാജാക്കന്മാരും ഇസ്ലാംമതം കൈക്കൊണ്ടു. തന്നിമിത്തം ജിസ്യയായി ഗവർമ്മെൻറിലേക്കുണ്ടായിരുന്ന ആദായം കുറഞ്ഞുപോയതിനാൽ, ജിസ്യയിൽനിന്നു മോചിതരാവാൻ വേണ്ടിയാണു് ജനങ്ങൾ ഇസ്ലാംമതം സ്വീകരിക്കുന്നതെന്നും അതുകൊണ്ടു ഖത്ന ചെയ്യിച്ചിട്ടുള്ളവരും ഖുർആൻ പഠിച്ചിട്ടുള്ളവരും മതകടമകൾ ശരിയായി നിർവ്വഹിച്ചുവരുന്നവരുമായ ആളുകൾക്കു മാത്രം വിട്ടുകൊടുത്തു, മറ്റുള്ളവരിൽനിന്നു ജിസ്യ പിരിക്കേണ്ടതാണെന്നും സമർത്ഥ ഭരണാധികാരിക്കു കല്പന കിട്ടി. പ്രസ്തുത കല്പന ഇസ്ലാം മതനിബന്ധനയ്ക്കു വിപരീതമായിരുന്നതിനാൽ, അവിടെ മതപ്രബോധകനായിരുന്ന നസ്റുബ്നു സയ്യാർ, ഒന്നാമതായിത്തന്നെ അതിനെ പ്രതിഷേധിച്ചു. ഒട്ടുവിൽ കുഴപ്പം വർദ്ധിച്ചതിനാൽ ഖുറാസാൻ ഭരണാധികാരി നവമുസ്ലിംകൾക്കു മുഴുവനും ജിസിയഃ വിട്ടുകൊടുക്കേണ്ടിവന്നു. പിന്നീടു ഫർഗാനീ, അഫ്ശീനീ, തുറാനീ എന്നീ വർഗ്ഗക്കാരിൽ അധികമാളുകളും ഇസ്ലാം മതം സ്വീകരിച്ചു.

പടിഞ്ഞാറെ പ്രദേശങ്ങളിൽ ബർബരികൾ മുഴുവനും ഇസ്ലാം മതം കൈക്കൊള്ളുകയുണ്ടായി. എങ്കിലും അവർ കൂടക്കൂടെ മതപരിത്യാഗം ചെയ്യുക പതിവായിരുന്നു. പതിനൊന്നു പ്രാവശ്യം മതപരിത്യാഗം ചെയ്തതിൽപ്പിന്നെ പന്ത്രണ്ടാം പ്രാവശ്യം അവർ മൂസബ്നുനസീറിന്റെ ഉദ്യോഗ

കാലത്തു് ഇസ്‌ലാംമതം സ്വീകരിച്ചു. അതോടുകൂടി അവർ ഇസ്‌ലാമിൽ സ്ഥിരചിത്തന്മാരായിത്തീർന്നു. മൂസ അവരുടെ സഹകരണത്തോടു കൂടിയായിരുന്നു സ്‌പെയിനും പോർത്തു ഗൽരാജ്യവും കൈവശപ്പെട്ടത്തിയതു്.

പ്രജാക്ഷേമവും സമാധാനവും: അമവിയ്യാ ഭരണ കാലത്തു നാട്ടിൽ ആഭ്യന്തര കലഹങ്ങൾ ഉത്ഭവിക്കുകയും വി ദേശങ്ങളുമായി യുദ്ധം നടക്കുകയും ചെയ്തുകൊണ്ടിരുന്നുവെങ്കി ലും, ഉദ്യോഗസ്ഥന്മാരുടെ ഭരണനൈപുണ്യത്താൽ ക്ഷേമവും സമാധാനവും സർവ്വത്ര നിലനിന്നു. മോഷണവും കവർച്ചയും വളരെ ദുർല്ലഭമായിരുന്നു. ഗതാഗതമാർഗ്ഗങ്ങൾ സുരക്ഷിതങ്ങ ളായിരുന്നതു കൊണ്ടു യാത്രക്കാർക്കും വ്യാപാര സഞ്ചാരികൾ ക്കും യാതൊരു ആപത്തും ഏറ്റിരുന്നില്ല.

പ്രജാക്ഷേമവും സുഖവും അഭിവൃദ്ധിപ്പെട്ടു് ഏറ്റവും ഉ യർന്നനിലയെ പ്രാപിച്ചിരുന്നു. ഉമറുബ്‌നുഅബ്ദുൽ അസീ സിന്റെ കാലത്തു ജനങ്ങൾ ദാനം ചെയ്യാനായി സ്വർണ്ണ നാ ണയങ്ങൾ സഞ്ചികളിലാക്കി ആവശ്യക്കാരെ തെരഞ്ഞു നട ന്നിട്ടു, വാങ്ങുവാൻ ആളുണ്ടായിരുന്നില്ല.

സിയാദ്, ഹജ്ജാജ് മുതലായ ഇറാഖു ഗവർണ്ണർമാർ അ നവധി രക്തം പ്രവഹിപ്പിച്ചിട്ടുള്ളവരാണല്ലൊ. എങ്കിലും അ വർ അധികമായി ദ്രോഹിച്ചിരുന്നതു അവരുടെ വിരോധി കളെ മാത്രമായിരുന്നു. രാജ്യസംരക്ഷണത്തിൽ അവക്കുണ്ടാ യിരുന്ന ശ്രദ്ധയെ ആർക്കും നിഷേധിക്കുവാൻ കഴിയുന്നതല്ല. ഒരുവന്നു എത്രതന്നെ ധനം മോഷ്ടിക്കപ്പെട്ടുപോയാലും, ആ നഷ്ടപ്പെട്ട ധനം അവൻ സഭസന്നിധിയിൽ ചെന്നു വാങ്ങി ക്കൊള്ളട്ടെ എന്നു സിയാദ് കൂഫയിൽ പരസ്യപ്പെടുത്തിയിട്ടു ണ്ടായിരുന്നു. അദ്ദേഹം ഗവർണ്ണരായിരുന്ന കാലത്തു പ്രക്ഷോ ഭണങ്ങൾക്കെല്ലാം കേന്ദ്രമായിരുന്ന ആ കൂഫയിൽ ഭവനങ്ങള ടേയും പീടികകളുടേയും വാതിലുകൾ രാത്രി സമയങ്ങളിൽ പോലും ജനങ്ങൾ അടച്ചിരുന്നില്ല.

ഹജ്ജാജ് ദ്രോഹത്തിനു കേൾവിപ്പെട്ട ഉദ്യോഗസ്ഥനാണല്ലൊ. എന്നാൽ ഇബ്നുഅശ്അതിന്റെ കലാപകാലത്തു കൂഫാ ഭരണം അദ്ദേഹത്തിന്റെ കൈയിൽ നിന്നു വിട്ടുപോയിരുന്നു. അനന്തരം കുറെ ദിവസങ്ങൾക്കുശേഷം അദ്ദേഹം കൂഫയെ രണ്ടാമതു കൈവശപ്പെട്ടുത്തിയ അവസരത്തിൽ, തനിക്കുശേഷം കൂഫയിൽ നടന്ന ഭരണസമ്പ്രദായത്തെ കുറിച്ചു ഇമാംശഅ്ബിയോടു അദ്ദേഹം അന്വേഷിച്ച അവസരത്തിൽ, "നിങ്ങൾക്കുശേഷം ഞങ്ങൾ ഭയമാകുന്ന വിരുപ്പിൽ കിടന്നുറങ്ങുകയും ഉറക്കമില്ലായ്മ എന്ന സുഗമ കണ്ണിലിടുകയുമാണു് ചെയ്തിരുന്നതു്" എന്നായിരുന്നു ശഅ്ബീ മറുപടി പറഞ്ഞതു്.

വിദ്യകൾ: അമീർമുആവിയയുടെ ചരിത്രത്തിൽ വളരെ പ്രതിപത്തിയുണ്ടായിരുന്നു. അദ്ദേഹം പ്രത്യേകം ആളുകളെ നിയമിച്ചു അവരെക്കൊണ്ടു പൂർവ്വസംഭവങ്ങൾ പറയിക്കുകപതിവായിരുന്നു. ഉബൈദത്തുബ്നുശർബത്തു് എന്ന യമൻകാരൻ അദ്ദേഹത്തിന്റെ കല്പനപ്രകാരം, പ്രാചീന കാലത്തു് നടന്ന സംഭവങ്ങൾ ഒരു ഗ്രന്ഥമായി രൂപീകരിച്ചു. ബനൂഉമയ്യാഗോത്രത്തിൽ യസീദു് ഒന്നാമന്റെ മകനായിരുന്ന ഖാലിദ് വലിയ വിദ്വാനും വിദ്യാതല്പരനുമായിരുന്നു. അദ്ദേഹം ഗ്രീക്കു ശാസ്ത്രങ്ങൾ അഭ്യസിച്ചു രസതന്ത്രത്തിലും വൈദ്യവിഷയത്തിലും ചില ചെറുഗ്രന്ഥങ്ങൾ രചിക്കയുണ്ടായി.

അല്ലാമാഇബ്നുജുബൈർ, അബ്ദുൽ മലിക്കിന്റെ അപേക്ഷയനുസരിച്ചു ഖുർആൻ വ്യാഖ്യാനം എഴുതി. ഒന്നാമത്തെ ഖുർആൻ വ്യാഖ്യാനഗ്രന്ഥം അതാകുന്നു. മൂസബ്നു അഖബത്തു്, വഹബുബ്നുമുനബ്ബഹ് മുതലായ മറ്റു മഹാന്മാരും ഗ്രന്ഥങ്ങൾ നിർമ്മിക്കുകയുണ്ടായി. ഹസ്രത്ത് ഉമറു ബ്നു അബ്ദുൽഅസീസിന്റെ കാലത്തു് അദ്ദേഹത്തിന്റെ കല്പനപ്രകാരം പണ്ഡിതന്മാർ, പ്രവാചകവയ്യന്റെ വചന

ങ്ങൾ ശേഖരിച്ചു ഗ്രന്ഥങ്ങളാക്കി. ഹജ്ജാജ്ബ്ന യൂസുഫ്, അറബികളല്ലാത്തവരുടെ ഖുർആൻ പാരായണത്തിൽ വന്നിരുന്ന പിഴവുകൾ പരിഹരിക്കുവാനായി ഖുർആൻ ഗ്രന്ഥങ്ങളിൽ പുള്ളികളും സ്വരചിഹ്നങ്ങളും എഴുതിച്ചു. ഹിശാമുബ്ന അബ്ദുൽ മലിക്ക് പേർഷ്യൻ ചരിത്രം ഫാരിസിഭാഷയിൽ നിന്നു അറബിലേക്കു ഭാഷാന്തരം ചെയ്യിച്ചു.

വിദ്യാഭ്യാസം: രാജ്യങ്ങൾ കീഴടക്കുന്നതിലും യുദ്ധകാര്യങ്ങളിലും ഏർപ്പെട്ടതിനാൽ അമവിയ്യാഖലീഫമാർക്കു വിദ്യാഭ്യാസ കാര്യത്തിൽ അധികം ശ്രദ്ധപതിക്കുവാൻ സാധിച്ചില്ല. എങ്കിലും അവരുടെ കാലത്തു പണ്ഡിതന്മാരും മതനായകന്മാരുമായിരുന്ന അനേകം ആളുകൾ സാമ്രാജ്യത്തിന്റെ ഓരോ കോണിലും ഈ വിഷയകമായ കടമയെ ഉത്സാഹപൂർവ്വം നിർവ്വഹിക്കുകയുണ്ടായി. മക്കയിൽ അത്താഉബ്നുരിബാഹ്, മദീനയിൽ സയീദുബ്നുമുസയ്യബും, സിറിയയിൽ ഇമാംമക്ഹൂലും, ബസ്രയിൽ ഇമാം ഹസൻബസരിയും, കൂഫയിൽ ഇമാംശഅ്ബി, ഇബ്രാഹീംനഖ്ഈ ഇവരും പ്രത്യേകം കീർത്തി പ്രാപിച്ചവരായിരുന്നു.

മഹാനായ ഇമാം അബൂഹനീഫ മത കർമ്മശാസ്ത്രം രചിച്ചു. ഇമാംഖലീലുബ്നുഅഹ്മദ് കാവ്യശാസ്ത്രവും അബുൽഅസ്വദ് അറബി വ്യാകരണവും നിർമ്മിച്ചു. അബ്ബാസിയാ ഖലീഫമാരുടെ കാലത്തു അഭിവൃദ്ധി പ്രാപിച്ച ഇസ്ലാമിക വിജ്ഞാനം, ബനൂഉമയ്യാ ഖലീഫമാരുടെ കാലത്തുതന്നെ ആരംഭിച്ചുകഴിഞ്ഞിരുന്നുവെന്നു ഇതുകൊണ്ടൊക്കെ തെളിയുന്നുണ്ട്. ജൂറൈർ, ഫറസ്ദഖ്, അഖ്ത്തൽ മുതലായ ഇസ്ലാം ചരിത്രത്തിലെ പ്രസിദ്ധ കവികൾ ബനൂഉമയ്യാ ഖലീഫമാരുടെ ദർബ്ബാറുകളിലാണു വളർന്നിരുന്നതു്.

പൊതുമരാമത്തുകൾ: അമീർമുആവിയയുടെ കാലത്തു് അദ്ദേഹത്തിന്റെ കല്പനപ്രകാരം ആണികൾ വെട്ടിച്ചു

മദീനയിലേക്കു വെള്ളംകൊണ്ടുവരികയും മലകളുടെ താഴ്വര കളിൽ വെള്ളംവന്നുകൂടിയിരുന്ന ഇടങ്ങളിൽ ചിറകൾ കെട്ടി ക്കുകയുംചെയ്തു. ഈ ചിറകളിൽ നിന്നു കൃഷിസ്ഥലങ്ങളിലേ ക്കും ഈത്തപ്പനത്തോട്ടങ്ങളിലേക്കും വെള്ളം എടുത്തുവന്നു.

വലീദ്, ദിമിശ്ഖ്പള്ളി പണിയിക്കുകയും മസ്ജിദുഅ ഖ്സായും (ബൈത്തുൽമുഖദ്ദസ്പള്ളി) മദീനാപള്ളിയും വ ലുതാക്കി നിർമ്മിക്കുകയും ചെയ്തു. അക്കാലത്തു് ഇസ്ലാം രാജ്യ ങ്ങളിലെങ്ങും എടുപ്പുണ്ടാക്കുന്നതിൽ ജനങ്ങൾക്കു വലിയ പ്ര തിപത്തിയുണ്ടായിരുന്നു. ഉദ്യോഗസ്ഥന്മാരും ധനവാന്മാരും, പട്ടണങ്ങളിൽ വലിയ വലിയ ഭവനങ്ങൾ പണിയിച്ചു. വലീദ് പട്ടണങ്ങളിലെ വഴികൾ നന്നാക്കിച്ചു അപകടസ്ഥല ങ്ങളെ സുരക്ഷിതമാക്കേണ്ടതിനു വേണ്ടുന്ന ഏർപ്പാടുകൾ ചെ യ്തു. അദ്ദേഹം യാത്രക്കാക്കുവേണ്ടി സത്രങ്ങൾ പണിയിക്കുകയും കിണറുകൾ കുഴിപ്പിക്കുകയുമുണ്ടായി. പട്ടണങ്ങളിൽ അദ്ദേഹം അതിഥിമന്ദിരങ്ങളും ചികിത്സാലയങ്ങളും സാധുക്കൾക്കായി അഗതിമന്ദിരങ്ങളും ഏർപ്പെടുത്തി. അദ്ദേഹം കുരുടന്മാക്കുവഴി കാട്ടികളേയും അംഗഭംഗംവന്നവക്കും കുഷ്ഠരോഗികൾക്കുമാ യി ശുശ്രൂഷകന്മാരെയും നിയമിക്കുകയും അവക്കു സഹായധ നം കൊടുത്തുവരികയും ചെയ്തു.

ഹിശാമിന്റെ ഭരണകാലത്തു് ഹിജാസ് സന്ദർശകന്മാ ക്കും, ഹാജിമാക്കും വെള്ളം കുടിക്കാനായി വഴികളിൽ അവി ടവിടെ തടാകങ്ങൾ വെട്ടിക്കുകയും കിണറുകൾ കുഴിപ്പിക്കുക യുംചെയ്തു.

ബന്യൂഉമയ്യാ ഭരണകാലത്തു് പല പുതിയ പട്ടണങ്ങൾ ഉണ്ടായിത്തീർന്നു. അഖബത്തുബ്നുനാഫിഅ് ഖൈറുവാനി ലും, ഹജ്ജാജ് വാസിത്തിലും, അസദുബ്നുഅബ്ദില്ല ബൽഖി ലും, സുലൈമാനുബ്ന അബ്ദിൽമലിക്കു് റംലയിലും ജനവാ സം ചെയ്യിച്ചു.

നാണയം: ഖുലഫാഉർറാശിദുകളിൽപ്പെട്ട ഹസ്രത്തു ഉമറും പിന്നീട് ഹസ്രത്തു ഉസ്മാനും അവരുടെ ഭരണ കാലത്തു് പേർഷ്യാ നാണയങ്ങളുടെ ആകൃതിയിൽ ഇസ്ലാമിക ചിത്രങ്ങളോടുകൂടി നാണയങ്ങൾ അടിപ്പിച്ചു. അമീർമുആവിയയുടെ ഭരണകാലത്തു് അദ്ദേഹം ദിർഹമിന്റെ ഘനം കുറയ്ക്കുകയും അതിന്റെ ആകൃതി ഭേദപ്പെടുത്തുകയും ചെയ്തു. അദ്ദേഹം സ്വർണ്ണനാണയമായ ദീനാറിന്റെ ഒരു പുറത്തു്, കഴുത്തിൽ വാൾ തൂക്കിയിട്ടുള്ള മനുഷ്യന്റെ രൂപമുണ്ടാക്കി. അബ്ദുല്ലാഹിബ്നു സുബൈർ മക്കയിൽവെച്ചും അദ്ദേഹത്തിന്റെ സഹോദരൻ മിസ്അബു്, ഇറാഖിൽവെച്ചും വ്യത്യാകാരത്തിലുള്ള നാണയങ്ങൾ അടിപ്പിച്ചു.

ഹിജ്റഃ 76-ൽ അബ്ദുൽ മലിക്കു് വളരെ സൂക്ഷ്മതയോടുകൂടി ദിർഹമിന്റെയും ദീനാറിന്റെയും തൂക്കം ശരിക്കു ക്രമമാക്കി പുതിയ നാണയങ്ങൾ അടിപ്പിക്കുകയുണ്ടായി. ദീനാറിന്മേൽ രൂപമുണ്ടായിരുന്നതിനാൽ അതു മദീനയിൽ എത്തിയപ്പോൾ, അവിടെ അന്നു ജീവനോടുകൂടിയുണ്ടായിരുന്ന സഹാബികൾക്കു തൃപ്തികരമായില്ല. എന്നാൽ മദീനയിലെ പ്രസിദ്ധ പണ്ഡിതനായിരുന്ന സയീദുബ്നുമുസയ്യബ് അതിനെക്കുറിച്ചു യാതൊരു ആക്ഷേപവും പറഞ്ഞില്ല. അദ്ദേഹം ആ നാണയങ്ങൾ തന്നെ ഇടപാടുകളിൽ ഉപയോഗിച്ചിരുന്നു.

പിന്നീടു് ഇറാഖു്, വാസിത്തു്, ജസീറഃ ഇവിടങ്ങളിലൊക്കെ നാണയങ്ങളടിക്കാനുള്ള യന്ത്രങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. അവയിലായിരുന്നു ഇസ്ലാമിക നാണയങ്ങൾ അടിക്കപ്പെട്ടിരുന്നതു്.

4254

N
147

ERNAKULAM

4954

MUSLIMS ONLY